സത്യം നീതി പ്രാമാണം


# അൽഫനാർ

No 25

ഹി.1436 റ. ആഖിർ– ജ. ആഖിർ
2015 ഫെബ്രുവരി – 2015 മെയ്

**വരിസംഖ്യ**

| | | |
|---|---|---|
| ഒറ്റ പ്രതി | : | 30 രൂപ |
| വർഷം | : | 120 രൂപ |
| ദ്വിവർഷം | : | 240 രൂപ |
| വിദേശം | : | 550 രൂപ |



10

## ജോത്സ്യന്മാർ രഹസ്യ ജ്ഞാനികളോ?

## മാസപ്പിറവി നബിചര്യയിലും ശാസ്ത്രത്തിലും

42

## കള്ളഹദീസുകൾ കൊണ്ടുള്ള കൊള്ളലാഭം

57

## ഇബ്‌ലീസുമായി ഒരു കൂടിക്കാഴ്ച

68

മുസ്‌ലിംകൾക്ക് ഖുർആൻ മതിയാകില്ലേ? .......... 13
പ്രവാചകനു സിഹ്ർ ബാധിച്ചെന്നോ? .......... 16
മുസ്ലിം സ്ത്രീകളും കറുത്ത പർദ്ദയും .......... 22
മുബാഹല നടത്തിയതും പാളീസായി .......... 28
സ്ത്രീകളുടെ മേൽ പുരുഷ മേധാവിത്വം .......... 31
ദൈവ മനുഷ്യനും മനുഷ്യ ദൈവവും .......... 36
എന്തുകൊണ്ട് ഇസ്ലാമിൽ ജന്മദിനാഘോഷം ഇല്ലാതായി? .......... 40
സത്യവിശ്വാസി .......... 41
പ്രജ്ഞയും വാക്കും .......... 48
ഖത്മുന്നുബുവ്വത്തിൽ പ്രവാചകന് തന്നെ സംശയം! .......... 50
ഒരു പ്രത്യുപകാരത്തിന്റെ കഥ .......... 53
മത, ഭരണ സമന്വയം .......... 60
യഥാർത്ഥ ക്രൈസ്തവ ഗ്രിഗ്വറി ഇസ്ലാമിക കലണ്ടർ! .......... 66
ശാഫി ഫിഖ്ഹിലൂടെ മുജാഹിദ് അടിത്തറ മാന്തുന്നവർ .......... 70
ദ്വിദിന ലൂണാർ കലണ്ടർ എക്സിബിഷനും പഠനവേദിയും .......... 72
ഗിന്നസിലേക്ക് ഉയരുന്ന കേരളധൂർത്തുകൾ .......... 73




## മാസപ്പിറവി വസ്തുതകളും വാസ്തവങ്ങളും

61

Vol: 1 Issue: 11 Reg. No. KERMAL 14999/11/1/2012-TC RNI No. 2012/45754 Price Rs. 30/-

ചീഫ് എഡിറ്റർ
പ്രഫ. ഡോ. ടി.വി. കോയക്കുട്ടി ഫാറൂഖി

Mail: alfanarmagazine@gmail.com
hitechdtp@gmail.com
drkkfarooqui@gmail.com

അൽഫനാർ
ഫാറൂഖ് കോളേജ് പി.ഒ.
കോഴിക്കോട് 673 632
കേരള, ഇന്ത്യ.
0495– 2441429, 9446258195

ഡി.റ്റി.പി & ലേഔട്ട്: ഹൈടെക് ചുങ്കം: 9947 41 46 47




**കത്തുകൾ**

# ബുഖാരിയുടെ അപ്രമാദിത്വം

**അ**ബ്ദുറഹിമാൻ ഇരിവേറ്റിയുടെ 'ഈ ഹദീസ് നിങ്ങളെടുക്കുമോ' എന്ന പരമ്പരയിൽ ഉദ്ധരിച്ചു കൊണ്ടിരിക്കുന്ന, ബുഖാരി ഇമാമിനെ കഠിനമായി ചോദ്യം ചെയ്യുന്ന വിധമുള്ള പരാമർശങ്ങൾ മതവിഷയത്തിൽ ഗുരുതരമായ ഭവിഷ്യത്ത് വരുത്തുകയില്ലേ. ബുഖാരി പെരുംകള്ളനാണെന്നും ജൂതായിസത്തിന്റെ നേതാവാണെന്നുമൊക്കെയുള്ള ചേകന്നൂർ പ്രഭൃതികളുടെ വ്യാജാരോപണത്തെ ഇതിലൂടെ പിന്തുണക്കുകയാണോ? ഏതാനും ഹദീസുകൾ മാത്രം പെറുക്കിയെടുത്ത് വിമർശന വിധേയമാക്കുമ്പോൾ വിശുദ്ധ ഖുർആനിനു ശേഷം ഏറ്റവും പ്രാമാണിക ഗ്രന്ഥം എന്ന മുസ്ലിം ലോകത്തിന്റെ ചോദ്യം ചെയ്യപ്പെടാത്ത ഐക്യവീക്ഷണത്തെ തല്ലിത്തകർക്കുകയല്ലേ? ഹദീസു ശേഖരം, ശുദ്ധീകരണം, തലമുറയിലേക്കത് പകർത്തിയത് മുതൽ എല്ലാം അതിഗംഭീര ത്യാഗങ്ങളായിരുന്നുവല്ലോ. വിശുദ്ധ ഖുർആനിന്റെ സംരക്ഷണ ചുറ്റുമതിലാണ് പ്രവാചക വചനങ്ങൾ. അവയുടെ സമാഹാര ചരിത്രത്തിലെ ഉജ്വല സൂര്യനായ ത്യാഗിവര്യനായ ഇമാം ബുഖാരിയെക്കുറിച്ചുള്ള സർവ്വ ബഹുമാനാദരവുകളും മതിപ്പും തകർക്കുന്ന പണിയല്ലേ ഇത്? നമ്മുടെ മുൻഗാമികളായ നവോത്ഥാന മഹാ പണ്ഡിതന്മാർ ഈ ഹദീസുകളെല്ലാം കണ്ടിട്ടും മനസ്സിലാക്കിയിട്ടും അതൊക്കെ പൊതുജനങ്ങൾക്കു വിഴുപ്പലക്കത്തക്ക വിധം തെരുവിലേക്കിറക്കിയിരുന്നില്ല. താളുകളിൽ മറഞ്ഞു കിടക്കുന്ന യാഥാർത്ഥ്യങ്ങൾ ജനങ്ങളെ പഠിപ്പിക്കുക എന്ന സദുദ്ദേശ്യം അൽഫനാറിനുണ്ടായിരിക്കാം. പക്ഷെ, കലക്കു വെള്ളത്തിൽ വലയെറിയുന്ന ദുഷ്ട ഹൃദയർ ഇതൊക്കെ പൊക്കിക്കൊണ്ടു വന്ന് ദുരുപയോഗപ്പെടുത്തുന്നുണ്ടല്ലോ. ഏതെങ്കിലും ചില ഹദീസുകൾ വി.ഖുർആനിന്റെ പ്രത്യക്ഷ പരാമർശങ്ങൾ ക്കെതിരാണെങ്കിൽ തന്നെ അതു സമാഹാര പ്രക്രിയയിൽ മനുഷ്യ സഹജമായി വന്നു ഭവിച്ച തെറ്റായിരിക്കാമെന്ന സദ്ചിന്തയോടെ ബുഖാരി ഇമാമിനു മാപ്പു കൊടുക്കാവുന്നതും അദ്ദേഹത്തിനു തെറ്റു പറ്റിയിട്ടുണ്ടെങ്കിൽ പൊറുത്തു കൊടുക്കാൻ പ്രാർത്ഥിക്കുകയും ചെയ്യാം. ഏതായാലും തുടർന്നും ലേഖകൻ സൂക്ഷ്മത പുലർത്തണമെന്നുണർത്തുന്നു. അൽഫനാറിന്റെ സുതാര്യതയെ മറക്കുന്നുമില്ല. സ്നേഹാദരവുകളോടെ.

*(ഡോ. ബക്കർ. എ.റഹ്മാൻ)*

**കു**റിപ്പുകാരൻ പറഞ്ഞ ചില അടിസ്ഥാന കാര്യങ്ങളോടു യോജിക്കുന്നു. എന്നാൽ ഇരിവേറ്റി ബുഖാരിയെ വിമർശിക്കുവാനോ ക്രൂശിക്കുവാനോ ഇടിച്ചു താഴ്ത്താനോ അല്ല ഇവ ഉദ്ധരിക്കുന്നതെന്നാണ് അൽഫനാറിനു മനസ്സിലായിട്ടുള്ളത്. വിശുദ്ധ ഖുർആൻ കഴിഞ്ഞാൽ പിന്നെ തെറ്റു പറ്റാത്ത അപ്രമാദിത്വമുള്ള മഹാ കൃതിയാണ് ബുഖാരി എന്ന അവകാശ വാദത്തെയാണ് നാം വിചിന്തന വിധേയമാക്കുന്നത്. നാം കണ്ടില്ലേ, വിശുദ്ധ ഖുർആനിന്റെ കിറു കൃത്യമായ പരാമർശങ്ങളെ പരസ്യമായി തല്ലിത്തകർക്കുന്ന ചില ഹദീസുകൾ ഇരിവേറ്റി പുറത്തെടുത്തത്? ഇനിയും ആ പരമ്പരയിൽ പലതും വരാനുണ്ട്. യുക്തിവാദികളും നിരീശ്വര ഭൗതിക ഓറിയന്റലിസ്റ്റുകളും ഒക്കെ നൂറ്റാണ്ടുകളായി മുസ്ലിം ലോകത്തെ തെറിവിളിക്കാനും കഠിനമായി അക്ഷേപിക്കാനുമൊക്കെ പൊക്കിക്കൊണ്ടു വന്നിട്ടുള്ള ഹദീസുകൾ തന്നെയാണ് ഇരിവേറ്റിയും ഇവിടെ ചർച്ചക്കിട്ടിട്ടുള്ളത്. ബുഖാരിക്കു ലഭിച്ചതെല്ലാം അദ്ദേഹം നമുക്കു കൈമാറി. ആ ഹദീസുകളെക്കുറിച്ചു കുറിപ്പുകാരനു എന്താണു പറയാനുള്ളത്? നബി(സ)ക്കു സിഹ്ർ ബാധിച്ചിട്ടുണ്ടെന്ന കാഫിറുകളുടെ വാദം ഖുർആൻ നിഷേധിക്കുന്നു. എന്നാൽ ബുഖാരിയിൽ നബിക്കു സിഹ്ർ ബാധിച്ചെന്നു സ്ഥിരീകരിക്കുന്നു. മലക്കുൽ മൗത്തിന്റെ കണ്ണ് മൂസാനബി(അ) അടിച്ചു പൊട്ടിച്ചെന്നു ബുഖാരിയിലെ ഒരു ഹദീസിലുണ്ട്.

സൈനബിന്റെ തുട കണ്ട് സൗന്ദര്യത്തിൽ ആകൃഷ്ടനായി നബി(സ) അവരെ വിവാഹം ചെയ്തെന്ന് ഒരു ഹദീസിൽ പറയുന്നു. സത്യത്തിൽ നബിക്കിഷ്ടമില്ലാഞ്ഞിട്ടും അല്ലാഹുവാണ് നബി(സ)ക്ക് ആ വിവാഹം ചെയ്തു കൊടുത്തതെന്ന് ഖുർആൻ പറയുന്നു. പോറ്റുപുത്ര ഭാര്യയെ പോറ്റുപ്പക്കു വിവാഹം ചെയ്യുന്നതിൽ വിലക്കില്ല എന്ന മഹാപാഠം ലോകത്തെ പഠിപ്പിക്കാനാണ് അല്ലാഹു നബിയെക്കൊണ്ടത് ചെയ്യിപ്പിച്ചത്. സുലൈമാൻ നബി(അ) ഒരൊറ്റ ദിനം നൂറോളം

സ്ത്രീകളെ സമീപിച്ചെന്നും 'ഇൻശാഅല്ലാ' പറയാതെ ഒരു പെണ്ണിനു ഗർഭമുണ്ടാക്കിയെന്നും അതിൽ ജനിച്ച കുട്ടി അപൂർണ്ണ വളർച്ചയായിയെന്നും ആ കുഞ്ഞിനെ സുലൈമാൻ നബി(അ) യുടെ സിംഹാസനത്തിൽ കൊണ്ടു പോയി ഇട്ടു എന്നുമൊക്കെ ഹദീസിൽ പറയുമ്പോൾ, അത്തരം ഹദീസുകളെക്കുറിച്ച് മുസ്ലിം ലോകം അതിന്റെ സത്യത എന്തെന്നറിയുക തന്നെ വേണമല്ലോ. നമ്മുടെ മഹാനായ പ്രവാചകന്റെ വിശുദ്ധിക്കു യോജിക്കാത്ത പരാമർശങ്ങളിലെ നെല്ലും പതിരും വേർപ്പെടുത്തുന്ന പ്രക്രിയ അൽഫനാർ ഇനിയും തുടരുവാനാണ് ആഗ്രഹിക്കുന്നത്. ഹദീസ് മാത്രമല്ലല്ലോ വിശുദ്ധ ഖുർആനിനെത്തന്നെ കഠിനമായി ആക്ഷേപിക്കുന്നവരില്ലേ. ദുരുദ്ദേശ്യക്കാർ ചെയ്യുന്ന പാപത്തിനു നാമാരും ശിക്ഷിക്കപ്പെടുകയില്ല. നമ്മുടെ ഉദ്ദേശ്യശുദ്ധിയിലേക്കാണ് അല്ലാഹു നോക്കുന്നത്. ആരോഗ്യകരമായ ചർച്ചകൾ തുടരട്ടെ. തുറന്നെഴുതിയ കുറിപ്പുകാരനും അഭിനന്ദനങ്ങൾ.

*(എഡിറ്റർ, അൽഫനാർ)*

---

# തടിയൂരാൻ വിടുവങ്കത്തം

**'ഈ** ഹദീസ് നിങ്ങളെടുക്കുമോ' എന്ന തലക്കെട്ടിൽ 'അൽഫനാറിലൂടെ' ഞാനെഴുതുന്ന ലേഖനങ്ങൾ തെളിവിന്റെ അടിസ്ഥാനത്തിൽ നിരത്തുന്ന സത്യവസ്തുതകൾ ഉൾക്കൊള്ളുന്നവയാണ്. സ്വ.ബുഖാരി, സ്വ.മുസ്ലിം അടക്കം എല്ലാ ഹദീസ് ഗ്രന്ഥങ്ങളിലും ഖുർ-ആൻ വിരുദ്ധം, പ്രവാചകനിന്ദ, മാതൃനിന്ദ, പ്രകൃതി വിരുദ്ധത, പരസ്പര വിരുദ്ധത, ബുദ്ധിശൂന്യത എന്നിവ ഉൾക്കൊള്ളുന്ന ഹദീസുകളുണ്ട്. അവ പുറത്തു കൊണ്ടു വരികയാണ് ഉദ്ദേശ്യം. അവയ്ക്ക് ഞാൻ പറയുന്ന വ്യാഖ്യാനങ്ങളല്ല ഉള്ളതെങ്കിൽ പണ്ഡിതന്മാർ ശരിയായ വ്യാഖ്യാനങ്ങൾ പറയട്ടെ. അപ്പോൾ എന്റെ വാദങ്ങൾ പിൻവലിച്ച് ഖേദപ്രകടനം നടത്തുന്നതാണ്. പ്രത്യേകിച്ചും പണ്ഡിതനല്ലാത്ത സാധാരണക്കാരനായ എനിക്ക് തെറ്റ് പറ്റാനുള്ള സാധ്യത അംഗീകരിക്കുന്നു. പക്ഷെ, അതോടൊപ്പം ചില കാര്യങ്ങൾ പറയട്ടെ. "ഇയാളെക്കാൾ വലിയ പണ്ഡിതന്മാർ ഇത് കണ്ടില്ലേ? ഇത് ചേകനൂരാണ്, സി-എന്നാണ്, ബുദ്ധിക്ക് യോജിക്കാത്തതൊക്കെ തള്ളുകയാണ്" തുടങ്ങിയ വിടുവങ്കത്തങ്ങൾ പറഞ്ഞ് തടിയൂരാൻ ആരും ശ്രമിക്കേണ്ടതില്ല. ഇത് ചേകനൂരും സി.എന്നും, ബുദ്ധിക്ക് കൊള്ളാത്തതിനെ നിഷേധിക്കലും ഒന്നും അല്ല. ഖുർആന് വിരുദ്ധമായ, പ്രവാചകനെ നിന്ദിക്കുന്ന ഹദീസുകളെ പ്രമാണമായി സ്വീകരിയ്ക്കാൻ പറ്റില്ല എന്ന ഉറച്ച നിലപാടാണ് ഉള്ളത്. എന്റെ ബുദ്ധിയെ അല്ല അടിസ്ഥാനമാക്കുന്നത്.

ഈ ഹദീസുകൾ വിശകലനം ചെയ്യുമ്പോൾ അത് മുഹദ്ദീസുകളെ പ്രതികൂലമായി ബാധിക്കുമെന്ന കാരണത്താൽ 'നാം അതിനൊന്നും മുതിരേണ്ട, പേജ് മറിച്ചിട്ടങ്ങ് പോയേക്കാം' എന്ന് മുമ്പാരെങ്കിലും കരുതിയെങ്കിൽ 'അവരൊന്നും കണ്ടില്ലേ' യെന്ന് വിലപിച്ചിട്ട് കാര്യമില്ല. ഇത് കാലം വേറെയാണ്. മറിച്ചിട്ട് ഒളിച്ചു വെക്കാൻ കഴിയില്ല. ഏത് മിത്രത്തിന്റെയും ശത്രുവിന്റെയും വിരൽതുമ്പുകളിൽ ഇന്ന് ഖുർആനും ഹദീസ് ഗ്രന്ഥങ്ങളുമെല്ലാം ലഭ്യമാണ്. അവരെല്ലാം അതുപയോഗിക്കുകയും ചെയ്യുന്നു. മുസ്ലീംകളെന്ന നിലക്ക് ഒന്നാം പ്രമാണവും "ഒന്നാം പ്രമാണം" പോലത്തെ രണ്ടാം പ്രമാണവുംഎന്ത് പറയുന്നു എന്ന് എല്ലാവരോടും വിശദീകരിക്കുവാൻ നമുക്ക് ബാധ്യതയുണ്ട്. ആ ബാധ്യത നിറവേറ്റുവാൻ സഹായിക്കുന്നതിലപ്പുറം ഈ പരമ്പരക്ക് മറ്റു യാതൊരു ഉദ്ദേശ്യവുമില്ല.

## ബുഖാരിക്കും തെറ്റു പറ്റാം

**ക**ഴിഞ്ഞ ലക്കം 'അൽഫനാർ' കിട്ടി. നന്ദി. അതിൽ അൽഖാഫ് കൊപ്പം എന്നു പറയുന്ന ഒരാളുടെ കുറിപ്പ് കണ്ടു. എന്താണദ്ദേഹം കുറിപ്പിൽ പറയുന്നതെന്ന് വായിച്ചിട്ട് മനസ്സിലാവുന്നില്ല. വ്യഭിചാരത്തിലെ ശിക്ഷയല്ലല്ലോ എന്റെ ലേഖനത്തിലെ വിഷയം. ഖുർ-ആനിൽ അവതരിച്ച ഒരായത്ത് നഷ്ടപ്പെട്ടു എന്ന് ഇമാം ബുഖാരി രേഖപ്പെടുത്തുമ്പോൾ അദ്ദേഹം ഖുർ-ആന്റെ പൂർണതയെക്കുറിച്ചുള്ള അല്ലാഹുവിന്റെ വാഗ്ദാനത്തെക്കുറിച്ച് ചിന്തിച്ചിരുന്നുവോ എന്നതാണ്. വ്യഭിചാരത്തിന് ശിക്ഷിക്കപ്പെട്ടയാൾ ഉമർ(റ)യുമായി തർക്കിക്കുന്ന കല്പിത കഥ പറയുന്ന 'കൊപ്പം' കാരൻ അത് ആടു തിന്നു പോയി എന്നതിനെക്കുറിച്ച് പ്രതികരിക്കുന്നില്ല! ഇമാം ബുഖാരിക്കും മുസ്ലിമിനും തെറ്റ് പറ്റുകയില്ലെന്ന ചിന്ത ബാധിച്ചിട്ടുള്ള കുറിപ്പുകാരനോട് സഹതപിക്കുകയേ വഴിയുള്ളൂ. 'അറിവുള്ളവർ' പറയാനാണല്ലോ നിങ്ങളീ ഹദീസ് സ്വീകരിക്കുന്നുണ്ടോ എന്ന് ഞാൻ ചോദിക്കുന്നത്. ഇനി ഞാൻ കൊപ്പത്ത് പോയി നേരിട്ട് ചോദിക്കണോ?

***അബൂറഹ്മാൻ ഇരിവേറ്റി***



എഡിറ്റോറിയൽ

# ഇസ്ലാമിന്റെ വിശാലതയിലേക്കൊരു ക്ഷണം

ഇന്ന് കേരള മുസ്ലിം സമൂഹം വല്ലാത്തൊരു പ്രതിസന്ധിയിലാണ്. നവോത്ഥാന പ്രസ്ഥാനങ്ങളുടെ തുടക്കത്തിൽ കേരളത്തിൽ അതിന്റെ നേതാക്കൾക്കും പണ്ഡിതന്മാർക്കും നിസ്വാർത്ഥ സേവന മനസ്ഥിതിയും ത്യാഗവും നിഷ്കളങ്ക വിശ്വാസവും ഉണ്ടായിരുന്നു. അന്ന് ഇന്നീ കാണുന്ന സംഘടനകളുണ്ടായിരുന്നില്ല. അവർ ഖുർആനിൽ നിന്നും സുന്നത്തിൽ നിന്നും സലഫീ മാതൃകയിൽ നിന്നും ഇസ്ലാമിനെ വക്രതയില്ലാതെ തനിമയോടെ ഗ്രഹിച്ചു. സ്വാർത്ഥതയേതുമില്ലാതെ അതപ്പടി സമുദായത്തിനു പകർന്നു കൊടുത്തു. അന്നത്തെ മുസ്ലിം സാമാന്യ ജനങ്ങളും ധനികന്മാരും യാഥാസ്ഥിതിക പണ്ഡിതന്മാരും നിഷ്കളങ്ക ഹൃദയരായിരുന്നു. ശുദ്ധഗതിക്കാരുമായിരുന്നു. നവോത്ഥാന പണ്ഡിതന്മാരുടെ പ്രമാണ നിബദ്ധമായ തെളിവുകൾ കേട്ടപ്പോൾ പണ്ഡിത, പാമര വ്യത്യാസമന്യേ സ്വാർത്ഥതകൾക്കടിപ്പെടാതെ സത്യം സ്വീകരിക്കാൻ മുന്നോട്ടു വന്നു. (പിന്നീടാണ് സംഘടനകൾ ഉണ്ടാക്കപ്പെടുന്നത്- കെ.ജെ.യു, സമസ്ത, കെ.എൻ.എം. തുടങ്ങിയവ). ഇന്നത്തേതിന്റെ തൊട്ട തലമുറ അതായിരുന്നു. അവരിൽ നിന്ന് നവോത്ഥാനത്തെ പാദം മുതൽ മൂർദ്ദാവു വരെ സ്വീകരിച്ചവരുണ്ടായി. ഇന്നുണ്ടായ നവോത്ഥാനത്തിന്റെ മുഴുവൻ നന്മകളുടെയും സാക്ഷാൽ അവകാശികൾ അവരത്രെ. മുൻ ധാരണകളോ സംഘടനാ ചട്ടക്കൂടുകളോ സങ്കുചിത പാർട്ടി താൽപര്യങ്ങളോ അധികാര മോഹങ്ങളോ അവരെ തളച്ചിടുകയോ വേട്ടയാടുകയോ ചെയ്തിരുന്നില്ല. മത നിയമങ്ങളോടവർക്ക് ആദരവും മതിപ്പുമുണ്ടായിരുന്നു. അതിനാലാണ് തങ്ങൾക്ക് ജീവിതത്തിൽ എന്തെന്തു നാശനഷ്ടങ്ങളും കഷ്ടപ്പാടുകളും വന്നു ചേർന്നാലും ബോധ്യപ്പെട്ട സത്യത്തിനായി അവർ ഉറച്ചു നിന്നു പോരാടിയത്. പാരമ്പര്യമായി വിശ്വസിച്ചാചരിച്ചനുഷ്ഠിച്ചു വന്ന ശിർക്കൻ ആചാരങ്ങളും അന്ധവിശ്വാസാചാര കർമ്മങ്ങളും പൂർണ്ണമായും സധൈര്യം അവർ ഉപേക്ഷിക്കാൻ തയ്യാറായി.

കാലം പിന്നിട്ടപ്പോൾ എല്ലാം സംഘടനാവൽക്കരിക്കപ്പെട്ടു. ഈ നിഷ്കളങ്ക സമീപനങ്ങളാകെ മാറി മറഞ്ഞു. സമുദായത്തെ സ്വാർത്ഥംഭരികളായ ഒരു കൂട്ടം പണ്ഡിതന്മാരും നേതാക്കളും ധനാഢ്യന്മാരും രാഷ്ട്രീയക്കാരും ഹൈജാക്ക് ചെയ്തു ഭാഗം വെച്ചെടുത്തു. ജനങ്ങളുടെ നാവുകൾ സീൽ വച്ചു. അവരുടെ ഹൃദയങ്ങൾ കൊള്ള ചെയ്തു. മസ്തിഷ്ക്കങ്ങളെ പ്രക്ഷാളനം ചെയ്തെടുത്തു. അവരുടെ താൽപര്യങ്ങൾക്കൊത്തു ഇസ്ലാമിനെ വളച്ചൊടിച്ചു. ചുരുട്ടി ഒതുക്കി കൈകളിൽ വച്ചു കൊടുത്തു. ജനങ്ങൾ ആദർശത്തെ നേതാക്കൾക്കും സംഘടനകൾക്കും തീരെഴുതിക്കൊടുത്തു. സംഘടന എന്തു പറഞ്ഞാലും അതായിരിക്കും സത്യം. നേതാക്കൾക്കായി അനുയായികൾ ജീവിതം കാഴ്ച വച്ചു. മഹാ ചിന്തകനായിരുന്ന 'ജോർജ് ഓർവൽ' പറഞ്ഞതു പോലെ 'ഒടുവിൽ രണ്ടും രണ്ടും അഞ്ചാണെന്ന് പാർട്ടി

പറയും. നീയത് അനുസരിക്കേണ്ടി വരും' എന്നിടത്ത് അനുയായികളും എത്തിച്ചേർന്നിരിക്കുന്നു.

ആരാധനാനുഷ്ഠാനത്തിൽ പ്രമാണനുസൃതമായ സത്യം വ്യക്തമായപ്പോൾ അതനുസരിച്ച് കർമ്മം ചെയ്തവനെ സംഘടന ശക്തമായി താക്കീതു നൽകി. അപ്പോൾ, 'സംഘടനയേക്കാൾ സത്യമല്ലേ വലുത്' എന്നു വിനീതമായി ചോദിച്ച് നേതൃത്വത്തെ ഉത്തരം മുട്ടിച്ചപ്പോൾ നേതാക്കൾ തൽക്കാലം നിശബ്ദരായി. പിന്നീടയാളെ സംഘടനയിൽ നിന്ന് എന്നന്നേക്കുമായി പുകച്ചു ചാടിച്ചു. അയാളുടെ അതുവരെയുള്ള ജീവിതകാല സേവനങ്ങളെല്ലാം ഒന്നടങ്കം കുഴിച്ചു മൂടി. നന്ദി കെട്ട നേതൃത്വം!

സംഘടനയെ അനുസരിക്കാത്തവനെ നിലക്കു നിർത്താൻ വീടാക്രമണം, ഭീഷണി, അപവാദപ്രചരണം, വ്യക്തിഹത്യ. സംഘടനയെ പൂജിക്കുന്നവൻ എന്തഴിമതികളും ഹീനകൃത്യങ്ങളും സാമ്പത്തിക കുറ്റവും ചെയ്താലും പൂർണ്ണ സംരക്ഷണം. മതസംഘടന പറഞ്ഞാലും കൊല്ലും. തല്ലും. ആക്രമിക്കും. സമ്പത്തടക്കം എന്തും നശിപ്പിക്കും. അർപ്പിക്കും. അങ്ങനെ വേണമെന്ന് നേതൃത്വം പഠിപ്പിച്ചിട്ടുണ്ടാകും. അതു സംഘടനാ കൂറും ഗുണകാംക്ഷയുമെന്ന് ബോധ്യപ്പെടുത്തിയിട്ടുണ്ടാകും. അവ അനീതിക്കും അസത്യത്തിനും മേധാവിത്വത്തിനും അധികാരത്തിനുമായിരിക്കുകയും ചെയ്യും. അതാണിന്നു സംഭവിച്ചു കൊണ്ടിരിക്കുന്നത്.

പള്ളിപ്പണം കൊള്ള ചെയ്ത 'മഹാപണ്ഡിതനെ' സംഘടന ശിക്ഷിക്കാനൊരുങ്ങിയപ്പോഴേക്കും അയാൾ വേറൊരു സംഘടനയുണ്ടാക്കി മുസ്ലിം സംഘശക്തി നെടുകെ പിളർത്തി മുസ്ലിം ഐക്യത്തിന്നായി രക്തമടക്കം ചിന്തി സ്ഥാപിച്ചു വളർത്തി പന്തലിച്ച ഇസ്ലാഹീ പ്രസ്ഥാനത്തെ അറബിപ്പണത്തിനും നവയാഥാസ്ഥിതികതക്കും സലഫി സൂഫിസത്തിനുമായി പലതായി പിളർത്തി. അധികാരം, പണക്കൊഴുപ്പ്, മേധാവിത്വം, കീർത്തീ എന്നീ ദുർഗുണ പാഠശാലകളാണ് ഓരോ സംഘടനയും സ്പോൺസർ ചെയ്തെടുക്കുന്നത്. ഖുർആൻ, സുന്ന, സലഫികളെന്നു പറയുന്നവർ തന്നെ അഞ്ചു തുരുത്തുകൾ പണിത് പരസ്പരം ചെളി വാരിയെറിഞ്ഞ് ശക്തി തെളിയിച്ചു കൊണ്ടിരിക്കുകയാണ്. സമസ്ത സുന്നികളുടെ സംഘടനാ ബാഹുല്യം കൊണ്ട് മുസ്ലിം സമൂഹം ശ്വാസം മുട്ടിക്കഴിയുകയാണ്.

ഗ്രൂപ്പുകൾ, ഗ്രൂപ്പുകൾക്കുള്ളിൽ ഗ്രൂപ്പുകൾ. പണത്തിന്റെ പേരിൽ, സ്ഥാപനങ്ങളുടെ പേരിൽ, അധികാര സ്ഥാപനങ്ങളുടെ പേരിൽ, വ്യക്തികളുടെ പേരിൽ പരസ്പരം പാരവെപ്പും അട്ടിമറിയും തേജോവധവും, കള്ളക്കേസുകളും പണ്ഡിതന്മാർക്കിടയിൽ പോലും പതിവായിരിക്കുന്നു. രാഷ്ട്രീയത്തിൽ പോലുമില്ലാത്ത മാതൃകകൾ. അല്ലാഹുവിനേക്കാൾ ആരെയാണിവർ ഭയപ്പെടുന്നത്? ഇല്ല ആരെയും ഭയമില്ല. മത നിയമങ്ങൾക്കു പകരം ഇവരെ നയിക്കുന്ന വ്യവസ്ഥിതികളെന്താണ്? പൊങ്ങച്ചത്തിന്റെ വീപ്പകളാണിവരിൽ അധികപേരും.

ഏറ്റവും കേളി കേട്ടൊരു പണ്ഡിത നേതാവ്. ജനാധിപത്യ മതേതര സോഷ്യലിസ്റ്റ് ഇന്ത്യയിൽ ഇസ്ലാമിനെ രാഷ്ട്രീയമായി സമർപ്പിച്ചു. അടിസ്ഥാനം തന്നെ ഭീമാബദ്ധമായിരുന്നു. പ്രമാണങ്ങൾ പരമാവധി ദുർവ്യാഖ്യാനിച്ചു വശം കെട്ടു. വഴി കെട്ടു. അക്കാര്യം നൂറു ശതമാനം ബോധ്യപ്പെട്ടിട്ടും അണികൾ അതു തിരുത്താനോ മാറിച്ചിന്തിക്കുവാനുമോ തയ്യാറായില്ല. സമുദായത്തോട് മാപ്പു പറയാനവരുടെ നേതാക്കളുടെ വലുപ്പത്തരത്തിന്റെ അഹങ്കാരം സമ്മതിക്കുന്നില്ല. എന്നിട്ടും അവരിവിടെ ഇസ്ലാമിസ്റ്റുകൾ തന്നെയായി വിരാചിക്കുന്നു. സ്ഥാപനങ്ങളിലുള്ള താപ്പാനകളെ നമ

സ്കരിച്ച് ഗ്രൂപ്പിനുള്ളിൽ ഗ്രൂപ്പു കളിച്ച് പല തട്ടുകളുണ്ടാക്കി നേതാക്കളെ പൂവിട്ടു പൂജിക്കുന്ന അനുസരണ ശിർക്കിലാണവർ മേയുന്നത്. **"എന്നാൽ അവർ കക്ഷികളായിപ്പിരിഞ്ഞു തങ്ങളുടെ കാര്യത്തിൽ പരസ്പരം ഭിന്നിച്ച് തല തല്ലുകയാണ്. എല്ലാ പാർട്ടിക്കാരും അവരവരുടെ ആദർശങ്ങളിൽ പുളകം കൊള്ളുകയാണ്." (വി.ഖു: 23:53).**

ഇനിയുമുണ്ടൊരു കൂട്ടർ. മഹാരഥന്മാരായ മുഹദ്ദീസുകളെയും ത്യാഗീവര്യന്മാരായ സലഫുകളിലെ മഹാ പണ്ഡിതന്മാരെയും പുഛിച്ചും അവരുടെ ത്യാഗങ്ങളെ മറന്ന് നിഷേധിച്ചും മോഡേണുകളായവർ. ഈർക്കിലിയേക്കാൾ നേരിയ ആ സംഘടനയും പിളർന്ന് തെറിപ്പൂരം അച്ചടിച്ചും പരസ്പരം വിഴുപ്പലക്കിയും കഴിഞ്ഞു കൂടുന്നു. എന്തെല്ലാം വേഷം കെട്ടിയാടുന്ന ത്വരീഖത്തു ഗ്രൂപ്പുകൾ ഇതിനപ്പുറം. ദിക്റുകളും ദുആകളുമടക്കം വിൽപനച്ചരക്കാക്കി എണ്ണിക്കണക്കാക്കുന്നവരാണ്. മഹാ മേളകളിലൂടെ കുഞ്ഞാടുകളെ മൈതാനങ്ങളിലേക്കാട്ടിത്തെളിച്ച് പാവപ്പെട്ട മുസ്ലിം സാധാരണക്കാരെ പകൽക്കൊള്ള നടത്തുകയാണവർ. എല്ലാവരുടെയും റബ്ബ് ഒന്ന്. നബി ഒന്ന്. ദീനൊന്ന്. ഖുർആനൊന്ന്. ആദർശവും ഒന്ന്. എന്നിട്ടും അവരും പല വർണ വൈവിദ്ധ്യങ്ങളുള്ള ഓന്തു ഗ്രൂപ്പുകളായി നടക്കുന്നു. അവരുടെ അകങ്ങളിൽ അല്ലാഹുവോ റസൂലോ ഖുർആനോ ഇസ്ലാമോ അൽപം പോലുമില്ല എന്നാണ് നിഷ്പക്ഷർക്കു മനസ്സിലാകുന്നത്.

തബ്ലീഗ് എന്നാൽ നാടുചുറ്റലും പള്ളികൾ കയറിയിറങ്ങലും ദീനെന്നാൽ ആകപ്പാടെ നമസ്കാരവും ദിക്റ് തസ്ബീഹുകളും മജൂസി വേഷവുമാണെന്ന പൊതുധാരണയിൽ നടക്കുന്നവരുണ്ട്. മറ്റു വിഭാഗങ്ങളോടുള്ള അവരുടെ മനോഭാവം അതീവ ഗുരുതരമാണ്. അവരല്ലാത്ത സർവ്വരും പിഴച്ചവരും ദീനില്ലാത്തവരും! അവർ പരസ്പരം എന്തു സഹായവുമാകും. നവോത്ഥാന പ്രസ്ഥാനക്കാരെ കണ്ടു കൂടാ. കെട്ടുകഥകളും കള്ള ഹദീസുകളും കെട്ടുകഥകളാക്കി വാചാലമായി തമാശക്കഥകളും ഉപമാലങ്കാരങ്ങളും മേമ്പൊടി ചേർത്ത് കോർവയാക്കി അവതരിപ്പിച്ച് സാധുക്കളെ ചാക്കിലാക്കാൻ മിടുക്കന്മാരാണ്. ബിദ്അത്തും സുന്നത്തും തിരിച്ചറിയാത്ത ഇവർ ഇസ്ലാമിനെ വളരെക്കൂടുതൽ തെറ്റിദ്ധരിപ്പിക്കുന്നുണ്ട്. സംഘടനാ സങ്കുചിതത്വം ഒട്ടും കുറവില്ല താനും.

വമ്പൻ മുതലെടുപ്പുമായി ഇതെല്ലാം എണ്ണിപ്പെറുക്കി മുസ്ലിം ലോകം മുഴുവൻ മഹാ അപകടത്തിൽ, രക്ഷാമാർഗ്ഗം ഒരു പുതിയ പ്രവാചകന്റെ വരവാണ്, ഒരു നബിക്കല്ലാതെ ഇനി ലോകത്തെ രക്ഷിക്കാനാവില്ല. ആ നബി ഇതാ വന്നിരിക്കുന്നു. മീർസാഗുലാം എന്ന മസീഹു മൗഊദ് എന്ന വാഗ്ദത്ത മസീഹായ ഈസ ഞാനാകുന്നുവെന്നു പറഞ്ഞ് രംഗത്തു വന്ന വ്യാജ പ്രവാചകൻ കാലഗതി അടഞ്ഞിട്ട് ഒരു നൂറ്റാണ്ടായിട്ടും മേൽ പറഞ്ഞ ജീർണ്ണതകളെല്ലാം പതിന്മടങ്ങ് വർദ്ധിച്ചിട്ടേയുള്ളൂ. ലോക ഖലീഫയും അഖില ലോക ചാനലുമുള്ള ഖാദിയാനി ഭാഷയിൽ ലോകമുസ്ലിംകൾ മുഴുവനും മീർസയെ തള്ളിയതിനാൽ കാഫിറുകളാണ്. മുർത്തദ്ദുകളുമാണ്.

മേൽ പ്രസ്താവിച്ചവരുടെയെല്ലാം ഉള്ളുകള്ളികളും മനസ്സിലിരിപ്പുകളും വ്യക്തമായി അറിയുന്ന അനേകായിരം മുസ്ലിം സഹോദരങ്ങളുണ്ട്. അവർ അല്ലാഹുവിനെ ഭയപ്പെടുന്നു. ഇസ്ലാമിനെ ഏതാണ്ടു ഉൾക്കൊണ്ടവർ. പ്രവാചകനോടും ഈ ഉമ്മത്തിനോടും കൂറുള്ള ഗുണകാംക്ഷികൾ. പക്ഷെ, അവർ നിസ്സഹായരും അസംഘടിതരുമാണ്. ഈ സംഘടനകളുടെ തമ്മിലടിയിൽ മനം നൊന്ത് റബ്ബിനെ വിളിച്ചു കണ്ണീരൊഴുക്കുന്നവരാണവർ. അവരുടെ

ദ്വന്ദയുദ്ധങ്ങളിൽ കണ്ണിചേരാനാഗ്രഹിക്കാത്തവരും സംഘടനാ സങ്കുചിതത്വങ്ങളിൽ വേദനിക്കുന്നവരുമാണ്. ഈ ഭിന്നിപ്പിൽ, വാശിയിൽ, മൽപിടുത്തത്തിൽ ഒട്ടും താൽപര്യമില്ലാത്ത ഇവർ ദുഃഖം ഉള്ളിലൊതുക്കി സംഘടനകളെ ശപിക്കുന്നവരാണ്. ഇതിലെല്ലാം അടിസ്ഥാനമാറ്റം കൊതിക്കുന്ന ഇവരാണ് സാമാന്യ മുസ്ലിംകൾ എന്നതാണു സത്യം.

സംഘടനാ സ്പിരിറ്റ് തലയിൽ കയറിയവർ തങ്ങളുടെ സംഘടനക്കു വേണ്ടി പരിപാടികൾ ഗംഭീരമാക്കിക്കൊടുക്കാൻ വിയർപ്പു ചിന്തും. നേതാക്കളുടെ മുമ്പിൽ പഞ്ചപുഛമടക്കി ഓശാന പാടും. ഇതിലൂടെ തങ്ങളുടെ ദുൻയാവും ആഖിറവും ഒരുമിച്ചു നഷ്ടപ്പെടുത്തുന്നുവെന്നവർ ഓർക്കുന്നില്ല. ഇതിൽ അല്ലാഹുവും റസൂലും ഇസ്ലാമും നിരപരാധിയാണ്. എന്നാൽ മേൽപറഞ്ഞ സഹൃദയർക്ക് ഒരത്താണിയുമില്ല. അവരുടെ വേദനകൾക്കന്ത്യമില്ലാത്ത പോലെ ഒന്നും ചെയ്യാൻ കഴിയുന്നുമില്ല. സംഘടനാ സങ്കുചിതത്വത്തിന്റെ മുസ്വീബത്തുകൾ ബോധ്യമായിട്ടും എന്തു ചെയ്യാമെന്നറിയാതെ ഉഴലുകയാണ്. ശരി മനസ്സിലായിട്ടും മിണ്ടാനാകുന്നില്ല. കൃത്യമായി വഴികാട്ടാൻ ആരെയും കാണുന്നുമില്ല. പുതിയ ഖുർആനോ നബിയോ അദൃശ്യ ലോക ദിവ്യബോധമോ വരാനുമില്ല.

ഈ പ്രതിസന്ധിയിൽ, നിഷ്കൃഷ്ടമായി ദീനിനെ പുണർന്ന് ഇസ്ലാമിന്റെ സഹിഷ്ണുതയിലേക്കും വിശാലതയിലേക്കും സഞ്ചരിക്കാനേ പാടുള്ളൂ. സത്യവും നീതിയും ധർമ്മവും വിശ്വാസവും വിശുദ്ധ ഖുർആനിൽ നിന്നും കുറ്റമറ്റ പ്രവാചക സുന്നത്തിൽ നിന്നും നേരിട്ടു മനസ്സിലാക്കേണ്ടിയിരിക്കുന്നു. ആ വഴിയിൽ ചെന്നെത്താൻ ആഗ്രഹിക്കുന്നവർക്ക് ഒരത്താണിയുണ്ടാകേണ്ടതുണ്ട്. ആരു കെട്ടും ആ പൂച്ചക്ക് മണി എന്നാണു ചോദ്യം. സമാന മനസ്ഥിതിക്കാരുടെ ഒരു കൂട്ടായ്മ രൂപപ്പെടേണ്ടതുണ്ട്. അതൊരു പുത്തൻ സംഘടന ആകാതിരിക്കുകയും വേണം. അതിനെക്കുറിച്ചുള്ള ഉള്ളു തുറന്ന ചർച്ച അനിവാര്യമാണ്. സുമനസ്സുകളിൽ നിന്നത് ക്ഷണിച്ചു കൊള്ളുന്നു. സംഘടനാ മുസ്വീബത്തിൽ നിന്നെങ്ങനെ സമുദായം മോചിതമാകും? ഈ ദുരന്തത്തിന്റെ ഗൗരവം ഉൾക്കൊള്ളുന്ന കുറിപ്പുകളും ലേഖനങ്ങളും നിർദ്ദേശങ്ങളും പ്രതിവിധികളും പ്രായോഗിക നടപടികളും ചർച്ചയിൽ വരട്ടെ. അൽഫനാറിന്റെ കവാടം അതിനായി തുറന്നു വെച്ചിരിക്കുന്നു. നമുക്കൊന്നായി പ്രാർത്ഥിക്കാം.

"അല്ലാഹുമ്മ ലാ തുസിഗ് ഖുലൂബനാ ബഅ്ദ ഇദ്
ഹദൈത്തനാ വ ഹബ്ലനാ മിൻ ലദുൻക റഹ്മത്തൻ
ഇന്നക്ക അൻതൽ വഹ്ഹാബ്."

**(നാഥാ, നീ ഞങ്ങളുടെ ഹൃദയങ്ങളിൽ സന്മാർഗ്ഗം സന്നിവേശിപ്പിച്ച ശേഷം ഞങ്ങളുടെ മനസ്സുകൾ വ്യതിചലിപ്പിക്കരുതേ. നിന്റെ പക്കൽ നിന്നുള്ള സന്മാർഗ്ഗാനുഗ്രഹം ഞങ്ങൾക്ക് ദാനമായി നൽകേണമേ. നീ മഹാ ഔദാര്യവാനല്ലോ.)**

റസൂൽ(സ) പ്രാർത്ഥിച്ചു: "ജിബ്രീലിന്റെയും മീക്കാഈലിന്റെയും ഇസ്രാഫീലിന്റെയും രക്ഷകാ. ആകാശങ്ങളുടെയും ഭൂമിയുടെയും നാഥാ. ദൃശ്യാദൃശ്യ ലോകജ്ഞാനിയായവനേ. ഞങ്ങളുടെ ഹൃദയങ്ങളെ ഭിന്നതയുള്ള വിഷയങ്ങളിൽ നിന്റെ ഉത്തരവു പ്രകാരം സന്മാർഗ്ഗത്തിലേക്കു നയിക്കേണമേ. ഏറ്റവും നേരായ പാതയിലേക്ക് ഞങ്ങളെ നീ നയിച്ചാലും."

**(ഇബ്നു അബീഹാതീം)**

നാമും ഈ പ്രാർത്ഥന നടത്തുക. അല്ലാഹു അനുഗ്രഹിക്കട്ടെ.

**എഡിറ്റർ**

**ഖുർആൻ ചിന്തകൾ**

**അബുൽ ബനാത്ത്, കുറ്റിച്ചിറ**

# ജോത്സ്യന്മാർ രഹസ്യജ്ഞാനികളോ?

أَمَّن يُجِيبُ ٱلْمُضْطَرَّ إِذَا دَعَاهُ وَيَكْشِفُ ٱلسُّوٓءَ وَيَجْعَلُكُمْ خُلَفَآءَ ٱلْأَرْضِ ۗ أَءِلَٰهٌ مَّعَ
ٱللَّهِ ۚ قَلِيلًا مَّا تَذَكَّرُونَ ﴿٦٢﴾ قُل لَّا يَعْلَمُ مَن فِى ٱلسَّمَٰوَٰتِ وَٱلْأَرْضِ ٱلْغَيْبَ إِلَّا ٱللَّهُ ۚ وَمَا
يَشْعُرُونَ أَيَّانَ يُبْعَثُونَ ﴿٦٥﴾

***62. "കഷ്ടപ്പെട്ടവൻ വിളിച്ചു പ്രാർത്ഥിച്ചാൽ അവന്നു ഉത്തരം നൽകുന്നതും നിങ്ങളെ ഭൂമിയിൽ പ്രതിനിധികളാക്കിയതും അല്ലാഹുവാണോ അതല്ല അവരുടെ ദൈവങ്ങളോ? അല്ലാഹുവോടൊപ്പം മറ്റു വല്ല ദൈവങ്ങളുമുണ്ടോ? കുറച്ചു മാത്രമേ നിങ്ങൾ ഗ്രഹിക്കുന്നുള്ളൂ.!"***

***63. പറയു: അല്ലാഹു അല്ലാതെ ആകാശങ്ങളിലും ഭൂമിയിലും ഉള്ളവരാരും അദൃശ്യകാര്യം അറിയുകയില്ല. തങ്ങൾ എന്നാണ് മരണാനന്തര പുനരുത്ഥാനം ചെയ്യപ്പെടുകയെന്നും അവർക്കറിയില്ല." (സൂറ:നംല്. 27 : 62, 65)***

---

ഭൂമിയിൽ വസിക്കുന്ന മനുഷ്യരുടെ ഭാഗ്യനിർഭാഗ്യങ്ങൾക്കും ക്ഷാമക്ഷേമ ഐശ്വര്യങ്ങൾക്കും ജനന മരണങ്ങൾക്കുമെല്ലാം കാരണഭൂതൻ ആകാശത്തിലെ നക്ഷത്രങ്ങളും ഗ്രഹങ്ങളും മറ്റുമാണെന്ന വിശ്വാസം പ്രാചീനകാലം മുതൽ നിലനിന്നു വരുന്നൊരു വിശ്വാസമാണ്. ജോത്സ്യന്മാർ നക്ഷത്രഫല പ്രവചനത്തെ ജനങ്ങളെ വരുതിയിൽ നിർത്താൻ ഉപയുക്തമാക്കിയിരുന്നു. സാമ്പത്തികചൂഷണം, അധികാരാരോഹണവരോഹണം, രോഗാരോഗ്യകൈമാറ്റങ്ങൾ തുടങ്ങി നാളും ശകുനദുഃശ്ശകുനങ്ങളുമെല്ലാം ചില നക്ഷത്രങ്ങളുടെയും ഗ്രഹങ്ങളുടെയും നിലയും സഞ്ചാരഗതിവിഗതികൾക്കുമൊക്കെ അനുസരിച്ചാണെന്ന് അനേക കോടി മനുഷ്യർ ഇന്നും വിശ്വസിച്ചു പോരുന്നു. ചില ഭരണാധികാരികളും മത പുരോഹിത വർഗ്ഗവും ജോത്സ്യ ശാസ്ത്ര വിശാരദന്മാരും പ്രഭു വർഗ്ഗങ്ങളും ചമച്ചുണ്ടാക്കിയ വ്യാജശാസ്ത്രമാണിതെന്ന് ബഹുഭൂരിപക്ഷ മനുഷ്യരും മനസ്സിലാക്കുന്നില്ല. ഈ അജ്ഞത മുതലെടുത്താണ് ലോകമെമ്പാടും ഈ അന്ധവിശ്വാസാനാചാരകർമ്മ പ്രചാരകർ വിലസുന്നത്. ഒരു ദീർഘകാല ശാസ്ത്രീയ പഠനാനന്തരം 'ജേർണൽ ഓഫ് കോൺഷ്യസ്നസ് സ്റ്റഡീസ്. (മനസ്സാക്ഷി പഠന ശാസ്ത്ര ജർണൽ) 2003 ആഗസ്റ്റ് ലക്കത്തിൽ ഒരു പഠന റിപ്പോർട്ട് സമർപ്പിച്ചിരുന്നു. അനേകം ശാസ്ത്രജ്ഞന്മാർ ശാസ്ത്രീയമായി വിശകലനം ചെയ്തു കൊണ്ടുള്ളതാണാ പഠനഫലം.

ആസ്ട്രേല്യക്കാരനായ ജ്യോഫ്രേഡിൻ എന്ന നക്ഷത്രഫല ശാസ്ത്രജ്ഞനും കനഡാ സസ്കാറ്റ് ചിവാൻ യൂനിവേഴ്സ്റ്റി മനഃശാസ്ത്രജ്ഞൻ ഇവാൻ കെല്ലിയുമാണ് പഠനറിപ്പോർട്ട് തയ്യാറാക്കിയത്. സൂര്യ ചന്ദ്ര നക്ഷത്രങ്ങൾ മനുഷ്യ ജന്മ ജാതകത്തിൽ അവന്റെ ഭാവി വർത്തമാന ഭൂതകാല സ്വാധീനം ചെലുത്തുന്നുവെന്ന വിശ്വാസത്തെ ആ റിപ്പോർട്ട് കടപുഴക്കിയെറിയുന്നുണ്ട്. ഒരേ സമയത്ത് ജനിച്ച രണ്ടായിരം പേരുടെ ജീവിതം 45 വർഷങ്ങളോളം പഠന വിധേയമാക്കിയാണീ ഗവേഷണ നിഗമനം തയ്യാറാക്കിയത്. 1982 മാർച്ചിൽ ലണ്ടനിലെ ആശുപത്രികളിൽ ഒരേ

രാശിയിൽ ജനിച്ച രണ്ടായിരം പേരെ പഠനത്തിനു തെരഞ്ഞെടുത്തു. ഇവരുടെയൊക്കെ ജീവിത ഗതിവിഗതികൾ, തൊഴിൽ, ഐക്യൂ, ഇക്യൂ തുടങ്ങി ഓരോ സ്വഭാവ ചലന വ്യത്യാസങ്ങളും 44 കൊല്ലം പിന്തുടർന്നാണ് ഗവേഷണ നിരീക്ഷണം നടത്തിയത്. ഒരേ രാശി ജന്മക്കാരെല്ലാം ഒരേ പോലെ ആയിരിക്കേണ്ടിയിരുന്നു. എന്നാൽ ഒരേ രാശി സഹോദരന്മാരൊന്നും ഒരേ പോലെയായിരുന്നില്ലെന്നു മാത്രമല്ല വളരെ വലിയ വൈരുദ്ധ്യങ്ങളിലായിരുന്നു നിലകൊണ്ടത്.

ഗവേഷണഫലം പുറത്തായതോടെ നക്ഷത്രഫല ശാസ്ത്രജ്ഞരെന്ന ചൂഷക പൗരോഹിത്യസേന ഉറഞ്ഞുതുള്ളുന്നതാണു ലണ്ടനിൽ പിന്നെ കാണാനിടയായത്. വാനശാസ്ത്രത്തെ അപകീർത്തിപ്പെടുത്തുകയാണെന്നും പറഞ്ഞ് മാഗസിൻ പത്രാധിപർക്കെതിരിൽ നക്ഷത്രഫല പ്രവചന സംഘത്തലവൻ റോയി ഗില്ലെറ്റ് കേസു കൊടുത്തു. ലോകത്തു പലയിടങ്ങളിലും ഇത്തരം സംരംഭങ്ങൾ നടത്തപ്പെടുന്നുവെങ്കിലും എല്ലാം തകർക്കപ്പെടുകയാണു പതിവ്. ഇന്ത്യയിൽ ഇതു വിശ്വാസത്തിന്റെ ഭാഗമായതിനാൽ കോടതികൾ പോലും കൈകാര്യം ചെയ്യാൻ ഭയപ്പെടുന്നു. മാത്രമല്ല അനേകം ബുദ്ധിജീവികളും ശാസ്ത്രജ്ഞന്മാരും മതമേധാവികളും ഭരണാധികാരികളും ഈ ദുർബല വിശ്വാസത്തിന്റെ അപ്പോസ്തലന്മാരാണ്. പിന്നെയെങ്ങനെ മാറ്റമുണ്ടാകും?

പ്രപഞ്ച സ്രഷ്ടാവും സംരക്ഷകനും സർവ്വജ്ഞനും നിയന്താവുമായ ദൈവം മാത്രം അറിയുന്ന അവന്റെ മഹാവിജ്ഞാനത്തിലും കേൾവിയിലും കാഴ്ചയിലും നിയന്ത്രണത്തിലുമുള്ള ജനന, മരണ, ഭാവി, ഭൂത, വർത്തമാനങ്ങളെല്ലാം അവന്റെ തന്നെ സൃഷ്ടികളായ നക്ഷത്രങ്ങളും ഗ്രഹങ്ങളുമാണ് കൈകാര്യം ചെയ്യുന്നത് എന്ന കടുത്ത അജ്ഞതയാണ് ഇതിനു പിന്നിൽ. നക്ഷത്രഫല പ്രവചനത്തിനു ശാസ്ത്രീയമാനം നൽകുകയാണിതിന്റെ വക്താക്കൾ ചെയ്യുന്നത്. ആസ്ട്രോണമിയാണ് - ഗോളശാസ്ത്രം-യഥാർത്ഥ ശാസ്ത്രം. ആസ്ട്രോളജി (ജോൽസ്യശാസ്ത്രം) തനി അന്ധവിശ്വാസത്തിലും ദുർബല ചിന്തയിലും അധിഷ്ഠിതമാണ്. അതിൽ ശാസ്ത്രമില്ല. എന്നാൽ സൂര്യ ചന്ദ്ര, നക്ഷത്ര ഗോളങ്ങളെല്ലാം കൃത്യമായ കണക്കിനനുസൃമായതിനാൽ അതിന്റെ ഗണനത്തിനു ശാസ്ത്രീയതയുണ്ട്. അതുപയോഗിച്ച് വിശ്വാസവുമായി ബന്ധിപ്പിച്ച് ശാസ്ത്രീയ അകമ്പടി നൽകുകയാണ് നക്ഷത്രഫല പ്രവചന വിശാരദന്മാർ ചെയ്തു വരുന്നത്.


**കക്ഷികളുടെ താൽപ്പര്യം മനസ്സിലാക്കി പ്രവചനക്കാർ പല പ്രാവശ്യം പറയുന്നതിൽ 50 ശതമാനമെങ്കിലും ശരിയാകുമല്ലോ. വെറും ഊഹം മാത്രമാണിതിന്റെ മുതൽ മുടക്ക്. അനേകായിരങ്ങളുടെ ജീവിതാനുഭവങ്ങളുമായി നക്ഷത്രഫലം പ്രവചിക്കപ്പെടുന്നതു പോലെ സംഭവിക്കുന്നില്ല എന്ന യാഥാർത്ഥ്യം തമസ്സീകരിക്കുകയാണ്.**

ഇസ്‌ലാം ജോത്സ്യത്തെ തനി ബഹുദൈവത്വവും അന്ധവിശ്വാസവുമായിട്ടാണ് പ്രഖ്യാപിച്ചിട്ടുള്ളത്. നേരത്തെ സൂചിപ്പിച്ച പഠന റിപ്പോർട്ട് മുഹമ്മദ് നബി(സ)യുടെ ദർശനവും ദിശാബോധവും സന്മാർഗ്ഗ ഉപദേശവുമായി നൂറു ശതമാനം യോജിക്കുന്നു. ഹസ്തരേഖാ ശാസ്ത്രവും പക്ഷി സൂചനാ ശാസ്ത്രവുമൊക്കെ ഇത്തരം അന്ധാനുകരണത്തിന്റെ ഫലമാണ്. ഒരാൾ ജോത്സ്യനെ സമീപിക്കുന്നതു പോലും ദൈവാരാധനയിൽ സൃഷ്ടികളെ പങ്കു ചേർക്കുന്നതിനു സമാനമായാണ് പ്രവാചകൻ പഠിപ്പിച്ചത്. ഇന്നയിന്ന നക്ഷത്രരാശികളാൽ ഞങ്ങൾക്കു മഴ ലഭിച്ചുവെന്ന് പറയരുത്. ദൈവാനുഗ്രഹത്താൽ മഴ കിട്ടി എന്നേ പറയാവൂ എന്നു പ്രവാചകൻ അരുളി. നക്ഷത്രഫല ശാസ്ത്രത്തിനു ഈ അത്യാധുനിക ശാസ്ത്രയുഗത്തിനു കൂടുതൽ പിന്തുണയും വിശ്വാസവും കൂടിവരുന്നതായാണ് കാണുന്നത്. മനുഷ്യ ഹൃദയങ്ങളിലെ മൃദുലവികാരങ്ങളെ ഇക്കിളിപ്പെടുത്തിയും പേടിപ്പിച്ചും പ്രചാരം നൽകിയും ഇന്നത്തെ ദൃശ്യ, ശ്രാവ്യ, ചിത്ര, മാധ്യമങ്ങളെല്ലാം അമിത പ്രാധാന്യം നൽകി വരുന്നതിനാൽ ഇതിന്റെ വിശ്വാസികൾ വർദ്ധിക്കുകയാണ് ചെയ്യുന്നത്. അമ്പത് കൊല്ലം മുമ്പ് നക്ഷത്രഫല പ്രവചന ശാസ്ത്ര വിശ്വാസികൾ വെറും പതിമൂന്നു ശതമാനമായിരുന്നു. ഇന്നത് 60%

ആയി വർദ്ധിച്ചിരിക്കുന്നുവെന്നാണ് പുതിയ പഠനങ്ങൾ പറയുന്നത്. ഇന്നിത് വൻ വ്യാപാരമായി മാറിയിരിക്കുന്നു.

കക്ഷികളുടെ താൽപ്പര്യം മനസ്സിലാക്കി പ്രവചനക്കാർ പല പ്രാവശ്യം പറയുന്നതിൽ 50 ശതമാനമെങ്കിലും ശരിയാകുമല്ലോ. വെറും ഊഹം മാത്രമാണിതിന്റെ മുതൽ മുടക്ക്. അനേകായിരങ്ങളുടെ ജീവിതാനുഭവങ്ങളുമായി നക്ഷത്രഫലം പ്രവചിക്കപ്പെടുന്നതു പോലെ സംഭവിക്കുന്നില്ല എന്ന യാഥാർത്ഥ്യം തമസ്സ്കരിക്കുകയാണ്.

നന്മതിന്മകൾ ആത്യന്തികമായി ദൈവവിധിയിലാണ് അധിഷ്ഠിതം. എന്നാൽ ഭൂരിപക്ഷവും മനുഷ്യരുടെ പ്രവർത്തനങ്ങളാണ് അവന്റെ ഭാഗിനേയം തീരുമാനിക്കുന്നത്. മനുഷ്യൻ പൂർണസ്വതന്ത്രനും വിവേകിയും വിവേചന ബോധ്യമുളളവനും അനേകമനേകം സിദ്ധികൾ നൽകപ്പെട്ടവനുമാണ്. അവന്റെ ഇംഗിതങ്ങളും തിരഞ്ഞെടുപ്പുകളും തീരുമാനങ്ങളും ഇച്ഛാശക്തികളും തന്നെയാണ് ഒട്ടുമിക്ക പ്രവർത്തനങ്ങളെയും നിർണയിക്കുന്നത്. പ്രപഞ്ചത്തിലെ അസംഖ്യം ചലനങ്ങളെല്ലാം ക്ലിപ്തവും നിർണ്ണിതവും സുഭദ്രവും ശാസ്ത്രീയവുമാണ്. മനുഷ്യന്റെ ഭാഗ്യനിർഭാഗ്യങ്ങളുമായി അതിനൊന്നും യാതൊരു ബന്ധവുമില്ല. പണത്തിനും അധികാരത്തിനും മേധാവിത്വത്തിനും വേണ്ടി വിശ്വാസികളെ കഠിനമായി ചൂഷണം ചെയ്യുകയാണ് ആൾദൈവങ്ങളും രാശി പ്രവചനക്കാരും. മാരണവിദ്യയും ഗൗളിശാസ്ത്രവും പക്ഷി പ്രവചന ശാസ്ത്രവും



നക്ഷത്രരാശി പ്രവചനവുമെല്ലാം അചഞ്ചലമായ വിശ്വാസികളിൽ യാതൊരു ചലനവും ഉണ്ടാക്കുന്നില്ല. സൂര്യ, ചന്ദ്ര, നക്ഷത്ര ഗോളങ്ങളുടെയെല്ലാം ബാഹ്യമായ ഭൗതിക സ്വാധീനങ്ങൾ കൊണ്ടുണ്ടാകുന്ന സ്വാഭാവികമായ സ്വാധീനങ്ങളല്ലാതെ അഭൗതികവും ആത്മീയവും അദൃശ്യവും ദിവ്യവുമായ ഫലസിദ്ധികളോ നന്മ തിന്മകളോ ഉണ്ടാക്കാൻ സ്രഷ്ടാവ് ഇവയെ നിയോഗിച്ചിട്ടില്ല. അത്തരം ദുർബല വിശ്വാസങ്ങളെ മുഴുക്കയും നിഷേധിക്കുകയും നിരാകരിക്കുകയുമാണ് മേൽ പറഞ്ഞ ദൈവവചനം.

കഷ്ടപ്പെട്ടവന്റെ ഹൃദയനൊമ്പരങ്ങൾ അറിയുന്നവനും അവന്റെ പ്രാർത്ഥന കേൾക്കുന്നവനും അല്ലാഹു മാത്രമാണ്. കാരണം അവനാണ് മനുഷ്യരെയും അവന്റെ ആത്മാവിനെയും മനസ്സിനെയും ജീവനെയും നിയന്ത്രിക്കുന്നവനും സൃഷ്ടിച്ചവനും പരിപാലിക്കുന്നവനും. ഭൂമിയിൽ മനുഷ്യരെ വിന്യസിച്ചവനും ജീവിപ്പിക്കുന്നവനും മരിപ്പിക്കുന്നവനും ദൈവം മാത്രമാണ്. അവന്റെ അധികാരാവകാശങ്ങളായ പ്രാർത്ഥനകൾ കേൾക്കുക, ദൃശ്യാദൃശ്യങ്ങൾ കാണുക, പ്രതിവിധികൾ ചെയ്തുകൊടുക്കുക തുടങ്ങിയ സർവ്വവും ദൈവത്തിൽ മാത്രം നിക്ഷിപ്തമാണ്. അതിനാൽ അവയിലൊന്നിലും ആർക്കും പങ്കില്ല. ആകാശങ്ങളിലും ഭൂമിയിലും ഉള്ളവരാരും മനുഷ്യരോ ഭൂതവർഗ്ഗങ്ങളോ മാലാഖമാരോ പ്രവാചകന്മാരോ ദിവ്യപുരുഷന്മാരെന്നവകാശപ്പെടുന്നവരോ ആരും ഈ പ്രപഞ്ച രഹസ്യങ്ങൾ ദൃശ്യമോ-അദൃശ്യമോ-സൂക്ഷ്മമായി അറിയുന്നില്ല. അതിനാൽ പ്രപഞ്ചത്തിലെ ഒരൊറ്റ വസ്തുവിന്റെ മുമ്പിലും ആരാധനയുടെ മർമ്മമായ പ്രാർത്ഥനയും ആത്യന്തിക വിനയവും അർപ്പണവും നേർച്ച വഴിപാടുകളുമൊന്നും അർപ്പിക്കാവതല്ല. അതൊന്നും അവ അർഹിക്കുന്നുമില്ല.

തിരുമൊഴിപ്പൊരുൾ

നിദാഉർറഹ്മാൻ. വി.ടി

# മുസ്‌ലിംകൾക്ക് ഖുർആൻ മതിയാകില്ലേ?

**"ഇബ്നു അബ്ബാസ് പറയുന്നു: നിങ്ങളെന്തിനെക്കുറിച്ചും ചോദിക്കാൻ വേദക്കാരുടെയടുത്തേക്ക് പോകുന്നതെന്തിനാ? അല്ലാഹുവിന്റെ തിരുദൂതർക്ക് പുതുപുത്തനായി അവതരിപ്പിക്കപ്പെട്ടതും നിങ്ങൾ പാരായണം ചെയ്യുന്ന കൃത്രിമങ്ങളില്ലാത്തതുമായ ദൈവിക ഗ്രന്ഥം ഉണ്ടായിരിക്കെ? അവരാകട്ടെ വേദഗ്രന്ഥങ്ങളിൽ അട്ടിമറി നടത്തി മാറ്റി മറിച്ചിട്ടുണ്ട്. സ്വന്തം രചിച്ച് ഇതു ദൈവത്തിന്റേതു തന്നെ എന്നു പറഞ്ഞ് തുഛം ഭൗതികനേട്ടം കൊയ്യുന്നുണ്ട്. ഈ യാഥാർത്ഥ്യം വിശുദ്ധ ഖുർആനിലൂടെ നിങ്ങളെ തെര്യപ്പെടുത്തിയിട്ടുമുണ്ട്. നിങ്ങൾക്ക് ലഭിച്ച വിജ്ഞാനമുണ്ടായിരിക്കെ അവരോട് ചോദിക്കുന്നതിൽ നിന്ന് നിങ്ങളെ വിലക്കിയിട്ടില്ലേ? അവരാകട്ടെ നിങ്ങൾക്കിറക്കപ്പെട്ടതിനെപ്പറ്റി എന്തെങ്കിലും ചോദിക്കാനായി നിങ്ങളിലേക്ക് വരുന്നുമില്ലല്ലോ!" (ബുഖാരി).**

അത്യന്തം ഗൗരവതരമാണീ പ്രതിപാദ്യം. ഈ സമുദായത്തിന്റെ വിജ്ഞാന ഭണ്ഡാരമൊന്നും വിശുദ്ധ ഖുർആനിന്റെ ആധികാരിക വാക്താവെന്നും വ്യാഖ്യാതാവെന്നും മുഹമ്മദ് നബി(സ) വിശേഷിപ്പിച്ച മഹാരഥനാണ് അബ്ദുല്ലാഹി ഇബ്നു അബ്ബാസ്ബ്നു അബ്ദുൽ മുത്വലിബ്. എല്ലാ മതങ്ങളിലും അവരുടെ വേദഗ്രന്ഥങ്ങളിലുമുള്ളതെല്ലാം ഖുർആനിനു സമാന്തരമായോ തുല്യമായോ ഒപ്പിക്കാൻ പാടുപെടുന്നവർക്കു താക്കീതാണ്. സർവ്വ മത സമത്വം, സർവ്വ വേദ സമന്വയം, മതമേതായാലും മനുഷ്യൻ നന്നായാൽ മതി എന്നിങ്ങനെ സുന്ദരമായ മുദ്രാവാക്യങ്ങൾ വാതോരാതെ പറയുകയും എഴുതുകയും ചെയ്യുന്നവർ പ്രത്യേകമായി ശ്രദ്ധിക്കേണ്ട പ്രസ്താവനയാണീ ഹദീസ്. **"നാം ഈ ഖുർആനിൽ മനുഷ്യർക്കായി സർവ്വത്തിന്റെയും മാതൃകകൾ അവതരിപ്പിച്ചിരിക്കുന്നു. പക്ഷെ അധിക മനുഷ്യരും നിഷേധിക്കാൻ മാത്രമാണ് ഒരുങ്ങുന്നത്" (വി.ഖുർആൻ 17:89) "ചിന്തിച്ചു ഉൾക്കൊള്ളാനായി ഈ ഖുർആനിൽ കാര്യങ്ങളെല്ലാം നാം വിവിധ രൂപേണ വിവരിച്ചിട്ടുണ്ട്. എന്നാൽ അവർക്കത് അകൽച്ചയാണുണ്ടാക്കുന്നത്!" (17:41).**

ഖുർആനിന്റെ അനശ്വര പ്രഖ്യാപനമാണിത്. മനുഷ്യ ജീവിതത്തിലെ ഇരുലോകത്തുമുള്ള എല്ലാ അവസ്ഥകളും സമ്പൂർണ്ണമാകാനുതകുന്ന നിയമങ്ങളും വിധികളും മാർഗ്ഗദർശനങ്ങളും വിലക്കുകളും കൽപനകളും താക്കീതുകളും ഉപദേശങ്ങളും എല്ലാം സമഗ്രമായും എന്നാൽ സംക്ഷിപ്തമായും വിശുദ്ധ ഖുർആൻ കൈകാര്യം ചെയ്തിരിക്കുന്നു. അതിൽ ഗുപ്തമായിക്കിടന്ന ആശയങ്ങളും പ്രായോഗിക ജീവിതത്തിൽ അത് നടപ്പിലാക്കേണ്ടതെങ്ങനെയെന്നും അതിന്റെ ഒന്നാമത്തെ സംബോധകനായ മുഹമ്മദ് നബി(സ) തന്റെ 23 കൊല്ലക്കാല ജീവിതത്തിൽ പ്രവർത്തിച്ചും പറഞ്ഞും അംഗീകാരം നൽകിയും പൂർണ്ണമാക്കിത്തന്നു. അതിനു തന്നെയാണ് നബിയെ നിയോഗിച്ചതെന്നും അദ്ദേഹത്തെ നിരുപാധികം സർവ്വാത്മനാ അനുസരിക്കണമെന്നും

അല്ലാഹു അനേകം വചനങ്ങളിലൂടെ-ഖുർആനിലൂടെ-ശക്തമായി ആഹ്വാനവും ചെയ്തു.

ജൂത, ക്രൈസ്തവ, അവിശ്വാസി സമൂഹങ്ങൾ ദൈവിക നിയമങ്ങളുടെ വൃത്തത്തിൽ നിന്ന് ഊരിച്ചാടാൻ പല അടവുകളും പയറ്റുകയുണ്ടായി. തോറയും ഇഞ്ചീലും ദൈവത്തിങ്കൽ നിന്നു തന്നെ ഉള്ളതെങ്കിൽ അതും ഖുർആനും ഒന്നുതന്നെയല്ലേ. പിന്നെയെന്തിനു വേറൊരു ഗ്രന്ഥം. തൗറാത്തിൽ നിർണ്ണയിച്ച ശിക്ഷാവിധികളിൽ വല്ല മാറ്റവും വിശുദ്ധ ഖുർആനിലുണ്ടോ എന്നറിയാൻ അവർ വെമ്പൽ കൊണ്ടു. അവരുടെ കുതന്ത്രം മനസ്സിലാക്കിയ പ്രവാചകൻ തൗറാത്തനുസരിച്ച് ശിക്ഷ തന്നെ അവരോട് നടപ്പിലാക്കാനാവശ്യപ്പെട്ടപ്പോൾ അവർ കുരുക്കിലായി. തൗറാത്തിലും ഇഞ്ചീലിലും പ്രതിപാദിച്ച നിയമങ്ങളിൽ ചിലത് ഖുർആൻ മാറ്റമില്ലാതെ അംഗീകരിച്ചിട്ടുണ്ട്. ചിലതിൽ ഭേദഗതികൾ വരുത്തി. ചിലത് ദുർബലപ്പെടുത്തി. അവരുടെ സാക്ഷാൽ ഗ്രന്ഥത്തെ ഖുർആൻ ശരിവെച്ചെങ്കിലും അവരിലേക്കു പ്രവാചകൻ വന്നപ്പോൾ അവർ നിഷേധിച്ചു. ദൈവഗ്രന്ഥത്തെ അവഗണിച്ച് പുറകോട്ടെറിഞ്ഞു. പല സത്യങ്ങളും മറച്ചു വെച്ചു. ഭൗതിക താൽപര്യത്തിനായി വേദഗ്രന്ഥത്തെ അട്ടിമറിച്ചു. ഭേദഗതികൾ വരുത്തി. കൃത്രിമങ്ങൾ പലതും നടത്തി. അല്ലാഹുവിന്റെ പല കൽപനകളും ലംഘിച്ചു. വളച്ചൊടിച്ചും ദുർവ്യാഖ്യാനിച്ചും മറച്ചുവെച്ചും വിശ്വാസികളെ പിന്തിരിപ്പിച്ചു. മത നിയമങ്ങളെ തമാശയും വിനോദവുമാക്കി നിന്ദിച്ചു. ചുരുക്കത്തിൽ ഖുർആനിന്നെതിരിൽ മനുഷ്യരെ അണി നിരത്താൻ തീവ്ര ശ്രമത്തിലേർപ്പെട്ടു.

> **മുഹമ്മദ് നബി(സ) ലോകത്തിന്റെ അന്ത്യനാൾ വരെയുള്ള, ജനതകൾക്കെല്ലാമുള്ള, യുഗപ്രഭാവനായ അന്തിമ ദൂതനും വിശുദ്ധ ഖുർആൻ മാനവർക്കാകമാനമുള്ള അന്തിമ വേദഗ്രന്ഥവുമാകുന്നു. ഇരുളടഞ്ഞ മുക്കുമൂലകളിലേക്ക് നക്ഷത്ര തുല്യങ്ങളായി ചൂട്ടേന്തിയ മാർഗ്ഗദർശകരായ ഒറ്റപ്പെട്ട ദൂതന്മാർ! മുഹമ്മദ് നബി(സ) കൊണ്ടു വന്ന ഖുർആൻ സൂര്യനു തുല്യം. അതോടെ മറ്റെല്ലാ നക്ഷത്രങ്ങളും അവസാനം വിളങ്ങിനിന്ന തൗറാത്തും ഇഞ്ചീലുമാകുന്ന ചന്ദ്രന്മാരും സൂര്യോദയത്തോടെ അസ്തമിച്ചു. പ്രഭയറ്റ് എങ്ങോ പോയിമറഞ്ഞു. സൂര്യനുദിച്ചു. വിളക്കുകളണക്കാം.**

ഖുർആനാകട്ടെ അവരുടെ മുഴുവൻ ചതി പ്രയോഗങ്ങളെയും വഞ്ചനയെയും അട്ടിമറിയെയും പുറത്തു കൊണ്ടുവന്നു. മാറ്റി മറിക്കപ്പെട്ട തൗറാത്തും ഇഞ്ചീലുമാണ് നിങ്ങളുടെ പക്കൽ ഇപ്പോഴുള്ളത്. അതുതന്നെ സത്യാസത്യങ്ങൾ കൂട്ടിക്കലർത്തപ്പെട്ടവയാണെന്ന് പ്രഖ്യാപിച്ചു. അതിലുള്ള തത്വങ്ങളോ നിയമങ്ങളോ വിധി വിലക്കുകളോ ഒന്നും നഷ്ടപ്പെടാതെ അവയും അതിനുമപ്പുറമുള്ള സർവ്വ സത്യങ്ങളും ഉൾക്കൊണ്ട ഖുർആൻ മുറുകെപ്പിടിക്കണമെന്നാഹ്വാനം ചെയ്തു. മനുഷ്യ ജീവിത പുരോഗതിക്കാവശ്യമായ സർവ്വകാര്യങ്ങളും ഇതിൽ വ്യക്തമാക്കപ്പെട്ടതിനാൽ ഖുർആൻ ഒരു സമ്പൂർണ്ണമായ കുറ്റമറ്റ ലക്ഷണമൊത്ത വേദഗ്രന്ഥമാണെന്ന് അതിശക്തമായ ഭാഷയിൽ അല്ലാഹു ഉണർ ത്തി. അതിനു തത്തുല്യ കൃതി കൊണ്ടു വരാനാകുമെങ്കിൽ കൊണ്ടു വരുവീൻ എന്നു വെല്ലുവിളിച്ചു.

ഏട്ടിലെ പുല്ലു തിന്നാത്ത പശുവെപ്പോലെയല്ല വിശുദ്ധ ഖുർആനെന്നും മനുഷ്യരുടെ പച്ചയായ ജീവിതത്തിന്റെ സർവ്വമാന മേഖലകളെയും അതുൾക്കൊണ്ട, ഒരു ജനതയെത്തന്നെ ഖുർആനിന്റെ ജീവിക്കുന്ന പതിപ്പായി പ്രവാചകനിലൂടെ സമർപ്പിതമാക്കി. ജീവിത ഗന്ധിയായ സർവ്വ സമ്പൂർണ്ണമായ, എല്ലാ മത വേദ ഗ്രന്ഥങ്ങളുടെയും മൂല ഗ്രന്ഥമായ, മേൽനോട്ടക്കാരനായിത്തീർന്നു ഖുർആൻ. അങ്ങനെയുള്ള വിശുദ്ധ ഖുർആൻ നിലവിലുണ്ടായിരിക്കെ പിന്നെയെന്തിനു വേദക്കാരുടെ അടുത്തേക്ക് മതവിധികൾ അന്വേഷിച്ച് ചെല്ലണം എന്നാണ് മഹാനായ ഇബ്നു അബ്ബാസ് സവിനയം ചോദി

ക്കുന്നത്.

ബൈബിൾ പുതിയ/പഴയ നിയമങ്ങളെയും ഗീത, രാമായണം പോലെയുള്ള ഗ്രന്ഥങ്ങളെയും മറ്റു പുരാണേതിഹാസ കൃതികളെയുമൊക്കെ നിഷ്പ്രഭവും അപ്രസക്തവുമാക്കി മാനവരുടെ മനസ്സുകളോട് ലളിത സുന്ദരമായി, വക്രതകളോ അവ്യക്തതകളോ ഒട്ടുമില്ലാതെ സംവദിച്ച വിശുദ്ധ ഖുർആൻ വിശ്വാസികളുടെ മുമ്പിലുണ്ടാകുമ്പോൾ വേദക്കാരെന്നവകാശപ്പെടുന്നവരുടെ മതനിയമങ്ങളും തത്വശാസ്ത്രവും തേടിപ്പോകേണ്ടതില്ല എന്നാണദ്ദേഹം ഉണർത്തുന്നത്. അല്ലാഹു പറഞ്ഞു: **“ഈ ഖുർആനും നാമവതരിപ്പിച്ച നന്മ നിറഞ്ഞ ഗ്രന്ഥമത്രെ. അതിനെ നിങ്ങൾ പിൻപറ്റുകയും സൂക്ഷ്മത പാലിക്കുകയും ചെയ്യുക. നിങ്ങൾക്ക് കാരുണ്യം ലഭിച്ചേക്കാം.” (6:115).**

തൗറാത്തും ഇഞ്ചീലും അംഗീകരിച്ചും സത്യമാക്കിയുമാണ് ഖുർആൻ അവതരിപ്പിച്ചതെങ്കിൽ പിന്നെയെന്തിനു ഖുർആൻ എന്ന് അറബികളായ ജനതകൾ ചോദിച്ചിരുന്നു. അതിനു ബുദ്ധിപരവും യുക്തിസഹവുമായി പറഞ്ഞതാണ് മേൽവചനം. മാത്രമല്ല പരലോക വിചാരണാവസരത്തിൽ അവർ പറഞ്ഞേക്കും ‘അറബികളായ ഞങ്ങൾക്ക് ഞങ്ങളുടെ ഭാഷയിൽ ഒരു വേദവും നൽകപ്പെട്ടിരുന്നില്ല. ജൂത, ക്രൈസ്തവ വിഭാഗങ്ങളുടെ വേദം ഞങ്ങൾക്ക് പരിചിതവുമല്ല. അതിനാൽ ഞങ്ങളെ ശിക്ഷിക്കരുതേ.’ ഇങ്ങനെയുള്ള ന്യായവാദത്തിനു അവർക്കു അവസരമുണ്ടാകാതിരിക്കാൻ കൂടിയാണ് പുതിയ വേദഗ്രന്ഥാവതരണം എന്നു അല്ലാഹു ഉണർത്തുകയാണിവിടെ.

എല്ലാ വേദഗ്രന്ഥങ്ങളെയും തുല്യമായിക്കാണുന്ന ചിലർ പറയാറുണ്ട്, ‘ഞങ്ങൾ അവയിൽ നിന്നെല്ലാമുള്ള ഏറ്റവും നല്ലതിനെ തെരഞ്ഞെടുക്കുകയാണ്. എല്ലാം ദൈവം അവതരിപ്പിച്ചതാണല്ലോ’ എന്ന്. ഇത്തരം വാദക്കാർക്കും നൽകുന്ന മറുപടിയാണ് ഇബ്നു അബ്ബാസിന്റേത്. മുഹമ്മദ് നബി(സ)ക്ക് മുമ്പുള്ള പ്രവാചകന്മാർ ഏതെങ്കിലുമൊരു ജനതക്കോ നാട്ടിനോ വിഭാഗത്തിനോ മാത്രമുള്ളവരായിരുന്നു. അവർക്കു ലഭിച്ച വേദഗ്രന്ഥത്തിനു സ്ഥലകാല പരിധിയുമുണ്ടായിരുന്നു. എന്നാൽ മുഹമ്മദ് നബി(സ) ലോകത്തിന്റെ അന്ത്യനാൾ വരെയുള്ള, ജനതകൾക്കെല്ലാമുള്ള, യുഗപ്രഭാവനായ അന്തിമ ദൂതനും വിശുദ്ധ ഖുർആൻ മാനവർക്കാകമാനമുള്ള അന്തിമ വേദഗ്രന്ഥവുമാകുന്നു. ഇരുളടഞ്ഞ മുക്കുമൂലകളിലേക്ക് നക്ഷത്ര തുല്യങ്ങളായി ചൂട്ടേന്തിയ മാർഗ്ഗദർശകരായ ഒറ്റപ്പെട്ട ദൂതന്മാർ! മുഹമ്മദ് നബി(സ) കൊണ്ടുവന്ന ഖുർആൻ സൂര്യനു തുല്യം. അതോടെ മറ്റെല്ലാ നക്ഷത്രങ്ങളും അവസാനം വിളങ്ങി നിന്ന തൗറാത്തും ഇഞ്ചീലുമാകുന്ന ചന്ദ്രന്മാരും സൂര്യോദയത്തോടെ അസ്തമിച്ചു. പ്രഭയറ്റ് എങ്ങോ പോയി മറഞ്ഞു. സൂര്യനുദിച്ചു. വിളക്കുകളണക്കാം.

മറ്റു വേദക്കാർ ഖുർആനിനോടുള്ള സമീപനത്തിന്റെ ചിത്രമാണ് ഇബ്നു അബ്ബാസ് അവസാനമായി ഉണർത്തുന്നത്. മറ്റു വേദ ഗ്രന്ഥങ്ങളിലെ പൊരുളുകൾ തേടിയിറങ്ങുന്ന നിങ്ങളെപ്പോലെ മറ്റു വേദക്കാർ ഇങ്ങോട്ടു വരുന്നതു കാണുന്നില്ലല്ലോ. അതിൽ നിന്ന് അവരുടെ സങ്കുചിതത്വവും ഹൃദയ ശൂന്യതയും നിങ്ങൾക്കു മനസ്സിലാകുന്നില്ലേ? അവരാരും ഖുർആനിലെ വെളിച്ചം തേടി വരാത്ത വിധം അന്ധരും ഊമരും ബധിരരുമാണ്. സദുദ്ദേശ്യപരമല്ല അവരുടെ സമീപനം. നിങ്ങൾ അങ്ങനെ ആകാൻ പാടില്ല. നിങ്ങളുടെ ഗ്രന്ഥത്തെക്കുറിച്ചുള്ള അജ്ഞതയകറ്റി പൂർണ്ണവെളിച്ചവും സന്മാർഗ്ഗവും ഇതിൽ തന്നെ കണ്ടെത്താവുന്നതാണ്. അങ്ങനെ കണ്ടെത്തി മനസ്സുകളിൽ വെളിച്ചം നിറച്ചാൽ മറ്റൊന്നും തേടി അലയേണ്ടി വരികയില്ല. അല്ലാഹു പറഞ്ഞതാണ് സത്യം.

**“ഞങ്ങൾക്കും ഒരു വേദ ഗ്രന്ഥം അവതരിപ്പിച്ചു കിട്ടിയിരുന്നെങ്കിൽ ഞങ്ങൾ അവരെക്കാൾ സന്മാർഗ്ഗികളാകുമായിരുന്നു എന്ന് നിങ്ങൾ പറഞ്ഞേക്കുമല്ലോ! അപ്പോൾ, നിങ്ങൾക്കിതാ നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്ന് വ്യക്ത പ്രമാണവും മാർഗ്ഗദർശനവും കാരുണ്യവും വന്നെത്തിയിരിക്കുന്നു. എന്നിട്ടും അല്ലാഹുവിന്റെ തെളിവുകളെ നിഷേധിച്ചു തള്ളുകളും തിരിഞ്ഞോടുകയും ചെയ്തവനേക്കാൾ കടുത്ത അക്രമി ആരുണ്ട്? നമ്മുടെ തെളിവുകളിൽ നിന്ന് തിരിഞ്ഞു കളയുന്നവർക്ക് അതിനാൽ തന്നെ കടുത്ത ശിക്ഷ നാം നൽകുന്നതാണ്.”**

**(വി.ഖു: 6:157)**

**കവർ സ്റ്റോറി**

**എം. എ. മാറഞ്ചേരി**

# പ്രവാചകനു സിഹ്ർ ബാധിച്ചെന്നോ?

**ദൗർഭാഗ്യകരമെന്നു പറയട്ടെ മുജാഹിദുകളിൽ ചിലർ ഇപ്പോൾ പുറപ്പെട്ടിരിക്കുന്നു മന്ത്രവാദവുമായി! ജിന്നിനോട് സഹായം തേടുന്നു. സിഹ്റു ചെയ്യുന്നവർ! അതുകൊണ്ടു തന്നെ ജിന്നിനോട് സഹായം ചോദിക്കൽ ശിർക്കല്ലായെന്നൊരു ഫത്‌വയും അവർ പുറപ്പെടുവിച്ചിരിക്കുന്നു! ജിന്നുസേവാ കേന്ദ്രങ്ങളുണ്ടാക്കി സാമ്പത്തിക ചൂഷണം ടത്താമെന്ന മോഹത്തോടു കൂടി കടന്നു വന്നവരും മുജാഹിദ് പ്രസ്ഥാനത്തെ തകർക്കാൻ കച്ച കെട്ടി ഇറങ്ങിയവരുമാണ് ഇതിന്റെയെല്ലാം പിന്നിൽ നിലകൊള്ളുന്നത്!**

സിഹ്ർ ഇന്നുമൊരു ചർച്ചാ വിഷയമാണ്. നബി(സ)ക്കു പോലും സിഹ്ർ ബാധിച്ചിട്ടുണ്ടെന്ന് മന്ത്രവാദികൾ പറഞ്ഞു കൊണ്ടിരിക്കുന്നു. അതിന്നു വേണ്ടി ഖുർആനും ഹദീസും ദുർവ്യാഖ്യാനത്തിനു വിധേയമാക്കുന്നു.

തൗഹീദുമായി പ്രവാചകന്മാർ കടന്നു വന്നപ്പോൾ അവരെക്കുറിച്ച് ശത്രുക്കൾ പ്രചരിപ്പിച്ചത് സിഹ്ർ ബാധിച്ചവരാണെന്നും സിഹ്ർ ചെയ്യുന്നവരുമാണെന്നുമാണ്. സ്വാലിഹ് നബി (അ)യെക്കുറിച്ചു ശത്രുക്കൾ പറഞ്ഞത് ഖുർആനിൽ വിവരിക്കുന്നുണ്ട്.

قَالُوٓا۟ إِنَّمَآ أَنتَ مِنَ ٱلْمُسَحَّرِينَ

**“അവർ പറഞ്ഞു. നീ സിഹ്ർ ബാധിച്ചവരിൽപ്പെട്ട ഒരാൾ മാത്രമാണ്.” (26:153)** ശുഐബ് നബിയെക്കുറിച്ചും ഇതേ ആരോപണം തന്നെയാണ് ശത്രുക്കൾ ഉന്നയിച്ചത്. മൂസാ നബി(അ) ദൃഷ്ടാന്തങ്ങളുമായി വന്നപ്പോഴും നിഷേധികൾ പറഞ്ഞ വാക്യവും മറ്റൊന്നായിരുന്നില്ല.

فَلَمَّا جَآءَتْهُمْ ءَايَٰتُنَا مُبْصِرَةً
قَالُوا۟ هَٰذَا سِحْرٌ مُّبِينٌ

**“അങ്ങനെ കണ്ണു തുറപ്പിക്കത്തക്ക നിലയിൽ നമ്മുടെ ദൃഷ്ടാന്തങ്ങൾ അവർക്കു വന്നെത്തിയപ്പോൾ അവർ പറഞ്ഞു: ഇതു സ്പഷ്ടമായ സിഹ്ർ തന്നെയാകുന്നു.” (27:13)** മുഹമ്മദ് നബി(സ)യെ സംബന്ധിച്ചും ശത്രുക്കൾ പറഞ്ഞത് ഖുർആൻ പഠിപ്പിക്കുന്നുണ്ട്

أَوْ يُلْقَىٰٓ إِلَيْهِ كَنزٌ أَوْ تَكُونُ لَهُۥ
جَنَّةٌ يَأْكُلُ مِنْهَا ۚ وَقَالَ ٱلظَّٰلِمُونَ
إِن تَتَّبِعُونَ إِلَّا رَجُلًا مَّسْحُورًا

**“അല്ലെങ്കിൽ എന്തുകൊണ്ട് ഇയാൾക്ക് ഒരു നിധി ഇട്ടു കൊടുക്കപ്പെടുന്നില്ല. അല്ലെങ്കിൽ ഇയാൾക്ക് (കായ്കനികൾ) എടുത്തു തിന്നാൻ പാകത്തിൽ ഒരു തോട്ടമുണ്ടാക്കുന്നില്ല? (റസൂലിനെപ്പറ്റി) അക്രമികൾ പറഞ്ഞു: സിഹ്ർ ബാദിച്ച ഒരാളെ മാത്രമാകുന്നു നിങ്ങൾ പിൻപറ്റുന്നത്.”(25:8).** മുശ്‌രിക്കുകളാണ് നബി മസ്ഹൂറാണെന്ന് (മാരണം ബാധിച്ചവനാണെന്ന്) പറഞ്ഞത്. അല്ലാഹു അവരുടെ ആരോപണങ്ങൾക്ക് മറുപടി പറയുന്നു.

أَنظُرْ كَيْفَ ضَرَبُواْ لَكَ ٱلْأَمْثَـٰلَ فَضَلُّواْ فَلَا يَسْتَطِيعُونَ سَبِيلًا

**“(നബിയേ) താങ്കളെക്കുറിച്ച് അവർ ചിത്രീകരിച്ചത് എങ്ങനെയെന്ന് നോക്കുക. അവർ വഴിപിഴച്ചു പോയിരിക്കുന്നു. അതിനാൽ യാതൊരു മാർഗ്ഗവും അവർക്ക് കണ്ടെത്തുവാൻ സാധിക്കുകയില്ല.” (25:9)** മുഹമ്മദ് നബി(സ)യെക്കുറിച്ച് മാരണം ബാധിച്ചവനാണെന്ന് പറഞ്ഞ മുശ്‌രിക്കുകൾ വഴിപിഴച്ചു പോയിരിക്കുന്നുവെന്നും സന്മാർഗ്ഗം പ്രാപിക്കുവാൻ അവർക്ക് കഴിയുകയില്ലാ എന്നും അല്ലാഹു പഠിപ്പിക്കുന്നു. സൂറത്തു ഇസ്‌റാഇലെ 47, 48 വചനങ്ങളിലും ഇതു തന്നെ വ്യക്തമാക്കിയിട്ടുണ്ട്. **നബി(സ)ക്ക് മാരണം ബാധിച്ചുവെന്ന് ആരോപിച്ചവർ അബുജഹലും വലീദുബ്നുമുഗ്വീറയുമാണെന്ന് ഇമാം ഖുർത്തുബി രേഖപ്പെടുത്തിയിട്ടുണ്ട്.** ഖുർആൻ വളരെ വ്യക്തമായി വിശദീകരിച്ചിട്ടും നബി(സ) മസ്ഹൂറാണെന്ന് ശത്രുക്കൾ പറഞ്ഞത് ശത്രുത കൊണ്ടാണെന്ന് മനസ്സിലാക്കാം. എന്നാൽ മുസ്ലിം പണ്ഡിതന്മാരിൽ ചിലർ നബി മസ്ഹൂറാണെന്ന് പ്രചരിപ്പിക്കുന്നത് എന്തു കൊണ്ടാണ്?

ഖുർആൻ വീണ്ടും വിവരിക്കുന്നു.

وَلَا يُفْلِحُ ٱلسَّاحِرُ حَيْثُ أَتَىٰ

**“മാരണക്കാരൻ എവിടെച്ചെന്നാലും വിജയിക്കുകയില്ല.” (ത്വാഹാ:69)**

ഇതിനെക്കുറിച്ച് ഇമാം റാസി രേഖപ്പെടുത്തിയിരിക്കുന്നു.

**يدلّ أنّ الساحر لا يحصل مقصوده خيرا كان أو شرا (تفسير الكبير طه 69)**

“നന്മയാകട്ടെ തിന്മയാകട്ടെ മാരണക്കാരന് അവന്റെ ലക്ഷ്യത്തിലെത്താൻ സാദ്ധ്യമല്ലായെന്നാണ് ഈ വചനം കുറിക്കുന്നത്.”

*(തഫ്സീറുൽ കബീർ റാസി)*

മാരണക്കാരന് എവിടെച്ചെന്നാലും വിജയമോ രക്ഷയോ ഇല്ലെന്ന് ഇമാം ഖുർത്തുബിയും ഇതിന് വിശദീകരണം നൽകിയിട്ടുണ്ട്. സിഹ്ർ ഒരിക്കലും ആർക്കും ബാധിക്കുകയില്ല. എന്നാൽ അതിൽ വിശ്വസിക്കുന്നവർക്ക് ഉൾഭയം മൂലം മാനസികമായ ചില പ്രയാസങ്ങൾ ഉണ്ടായേക്കാം. വെറുതെ സിഹ്ർ ചെയതുവെന്ന് പറഞ്ഞാൽ തന്നെ വിശ്വസിക്കുന്നവർ തല കറങ്ങി വീഴും. ഒരു തരം തട്ടിപ്പും വഞ്ചനയുമാണത്. തട്ടിപ്പിന്നും വഞ്ചനക്കും മാനസികമായി നബി(സ) വിധേയനായിയെന്നു പറയുന്നത് ഒരിക്കലും വിശ്വസിക്കുവാൻ പാടില്ല. നബി(സ) മനുഷ്യരുടെ ഉപദ്രവങ്ങളിൽ നിന്നും സുരക്ഷിതനാണ്. ഖുർആനാണ്

وَٱللَّهُ يَعْصِمُكَ مِنَ ٱلنَّاسِ

**“അല്ലാഹു താങ്കളെ മനുഷ്യരുടെ (ഉപദ്രവങ്ങളിൽ) നിന്നും സുരക്ഷിതനാക്കിയിരിക്കുന്നു” (മാഇദ: 67).** അല്ലാഹു, നബി സുരക്ഷിതനാണെന്നു പറയുമ്പോൾ മുസ്‌ലിം പണ്ഡിതന്മാരിൽ ചിലർ–മന്ത്രവാദികൾ– പറയുന്നു നബിക്ക് മാരണം ബാധിച്ചുവെന്ന്! നബി മസ്ഹൂറാണെന്ന് പറയുന്നവൻ മുശ്‌രിക്കുകളുടെ സംഘത്തിൽ ഉൾപ്പെടുമെന്ന് ഓർക്കണം!

അല്ലാഹുവിന്റെ വചനം മാത്രം മതി നബിയുടെ പേരിലുള്ള ആരോപണം നിഷേധിക്കുവാൻ. മക്കയിലെ മുശ്‌രിക്കുകളും മദീനയിലെ കാഫിറുകളുമെല്ലാം പറഞ്ഞു പ്രചരിപ്പിച്ച ആരോപണങ്ങൾ ഇന്നും ഉന്നയിക്കുന്നവർ ഇസ്ലാമിന്റെ മിത്രങ്ങളാണോ?

**നബി(സ)ക്ക് മാരണം ബാധിച്ചുവെന്ന് ആരോപിച്ചവർ അബുജഹലും വലീദുബ്നുമുഗ്വീറയുമാണെന്ന് ഇമാം ഖുർത്തുബി രേഖപ്പെടുത്തിയിട്ടുണ്ട്. ഖുർആൻ വളരെ വ്യക്തമായി വിശദീകരിച്ചിട്ടും നബി(സ) മസ്ഹൂറാണെന്ന് ശത്രുക്കൾ പറഞ്ഞത് ശത്രുത കൊണ്ടാണെന്ന് മനസ്സിലാക്കാം. എന്നാൽ മുസ്ലിം പണ്ഡിതന്മാരിൽ ചിലർ നബി മസ്ഹൂറാണെന്ന് പ്രചരിപ്പിക്കുന്നത് എന്തു കൊണ്ടാണ്?**

ഹദീസുകളും നമുക്ക് പരിശോധിക്കാവുന്നതാണ്. നബിക്ക് സിഹ്റു ബാധിച്ചുവെന്ന് പറയുന്ന ഒരു ഹദീസ് ബുഖാരി രേഖപ്പെടുത്തിയിട്ടുണ്ട്. അതു ഇപ്രകാരമാണ്.

“ഹിശാം തന്റെ പിതാവിൽ നിന്ന്. അദ്ദേഹം ആയിശ (റ) യിൽ നിന്നു റിപ്പോർട്ടു ചെയ്യുന്നു. ഹിശാം പറഞ്ഞു: റസൂൽ (സ)ക്ക് സിഹ്ർ ബാധിച്ചു. അദ്ദേഹം ഭാര്യമാരുടെ അടുത്ത് പോയതായി അദ്ദേഹത്തിന് തോന്നുമായിരുന്നു. വാസ്തവത്തിൽ പോയിരിക്കില്ല. സുഫ്യാൻ പറയുന്നു. ഇങ്ങനെയെങ്കിൽ അത് സിഹ്റിന്റെ കൂട്ടത്തിൽ കൂടുതൽ കഠിനമായതാണ്. നബി(സ) പറഞ്ഞു: ആയിശാ, ഞാൻ ഫത്വ ചോദിച്ച വിഷയത്തിൽ അല്ലാഹു എനിക്ക് വിധി നൽകിയത് നീ അറിഞ്ഞോ? എന്റെ അടുത്ത് രണ്ട് പുരുഷന്മാർ വന്നു. ഒരാൾ എന്റെ തലയുടെ ഭാഗത്തും മറ്റെയാൾ കാൽക്കലും ഇരുന്നു. തലക്കടുത്തിരുന്ന മറ്റെയാളോട് ചോദിച്ചു. ഇദ്ദേഹത്തിന്റെ സ്ഥിതി എന്താണ്? അപരൻ, സിഹ്ർ ബാധിതനാണ്. ഒന്നാമൻ: ആരാണീ സിഹ്ർ ചെയ്തത്? മറ്റെയാൾ: ലബീദ്ബ്നു അഅ്സം, യഹൂദരുടെ സഖ്യ കക്ഷിയായ ബനൂസുറൈഖ് ഗോത്രത്തിലെ ഒരാൾ. അയാൾ കപട വിശ്വാസിയായിരുന്നു. എന്തിലാണ് സിഹ്ർ ചെയ്തത്? ചീർപ്പിലും ചീകുമ്പോൾ വീഴുന്ന മുടിയിലും. ഒന്നാമൻ: എവിടെ? ഈത്തക്കുലയുടെ ആൺകുലക്കൂമ്പോളയിൽ. ദർവാൻ കിണറ്റിലെ ഒരു പാറക്കല്ലിന്നടിയിൽ ഉണ്ട്. ആയിശ(റ) പറഞ്ഞു: നബി(സ) കിണറിനടുത്ത് ചെന്ന് അതു പുറത്തെടുത്തു. എന്നിട്ട് അവിടുന്ന് പ്രസ്താവിച്ചു. ഇതാണ് ഞാൻ കണ്ട കിണർ. അതിലെ വെള്ളം മൈലാഞ്ചി നീരു പോലെയും ഈത്തപ്പനമരം പിശാചുക്കളുടെ തല പോലെയും ഇരിക്കുന്നു. സുഫ്യാൻ പറഞ്ഞു. അങ്ങനെ അതും പുറത്തെടുത്തു. ആയിശ പറയുകയാണ്. ഞാൻ ചോദിച്ചു. പിന്നെ എന്തുകൊണ്ട് ആ സിഹ്ർ ദുർബലപ്പെടുത്തിയില്ല. അവിടുന്ന് പറഞ്ഞു: അല്ലാഹുവാണ് സത്യം അവൻ എന്നെ സുഖപ്പെടുത്തിയിരിക്കുന്നു. ജനങ്ങളിൽ ആരുടെ നേരെയും നാശം കുത്തിപ്പൊക്കുന്നത് ഞാൻ വെറുത്തു”

*(ബുഖാരി)*

ബുഖാരി റിപ്പോർട്ട് ചെയ്ത ഈ ഹദീസ് ഉർവ്വയുടെ മകൻ ഹിശാമിൽ നിന്നാണ്. നിവേദക പരമ്പരയിൽ ഖബറുൽ വാഹിദായ (ഒരാളുടെ മാത്രം റിപ്പോർട്ട്) ഹദീസ് വിശ്വാസ കാര്യങ്ങളിൽ അംഗീകൃതമല്ല. മാത്രമല്ല, ഖുർആനിന്റെ അടിസ്ഥാന ആശയങ്ങൾക്ക് വിരുദ്ധവുമാണ്. അതിനാൽ ഈ ഹദീസിന് യാതൊരു വിധ ന്യൂനതകൾ ഇല്ലെങ്കിലും അംഗീകരിക്കുവാൻ പാടില്ല.

എന്നാൽ ഹദീസുകൾ വേറെയുമുണ്ട്.

عن أبيِ موس أنّ النبي (صلعم) قال ثلاثة لا يدخلون الجنة مدمن خمر، وقاطع رحم، ومصدّق بالسّحر (أحمد)

**“നബി(സ) പറഞ്ഞു: മൂന്നു വിഭാഗമാളുകൾ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല. മുഴുകുടിയന്മാർ, കുടുംബബന്ധം വിച്ഛേദിക്കുന്നവർ, സിഹ്റിനെ സത്യപ്പെടുത്തുന്നവർ എന്നിവരാണിവർ.” (അഹ്മദ്).** ‘സിഹ്റിൽ വിശ്വസിക്കുന്നവർ’ എന്ന് മറ്റൊരു ഹദീസിലുമുണ്ട്. “വല്ലവനും മാരണക്കാരന്റെയോ ജോത്സ്യന്റെയോ അടുക്കൽ ചെന്ന് അവർ പറയുന്നതു വിശ്വസിച്ചാൽ നബി(സ)ക്ക് ഇറക്കപ്പെട്ടതിൽ അവൻ അവിശ്വസിച്ചു.'' (ബസ്സാർ) എന്ന ഹദീസും പഠനാർഹമാണ്.

സിഹ്ർ സത്യപ്പെടുത്തിയവരും വിശ്വസിച്ചവരും സിഹ്ർ ചെയ്യുന്ന മന്ത്രവാദിയുടെയോ ജ്യോതിഷത്തിന്റെയോ വാക്കുകൾ വിശ്വസിച്ചവരുമെല്ലാം സ്വർഗ്ഗത്തിൽ പ്രവേശിക്കുവാൻ കഴിയാത്ത നിർഭാഗ്യവാന്മാരാണ്. ഇങ്ങനെ ഹദീസുകളിൽ വ്യക്തമാക്കിയിട്ടും നബി(സ)ക്ക് സിഹ്റു ബാധിച്ചുവെന്ന് പ്രചരിപ്പിക്കുന്ന പണ്ഡിതന്മാരെക്കുറിച്ച് എന്തു പറയണം?

മന്ത്രവാദികൾ സിഹ്റ് ഫലിക്കുമെന്ന് തെളിയിക്കുവാൻ ഒരു ഹദീസുദ്ധരിക്കാറുണ്ട്. മഹാപാപങ്ങളിൽ സിഹ്റും ഉൾപ്പെടുത്തിയ ഹദീസാണത്. സിഹ്റ് മഹാപാപമായി ഗണിക്കുന്നത് അതിന്റെ ദോഷങ്ങൾ ബാധിക്കുന്നതു കൊണ്ടാണെന്ന് അവർ പറയാറുണ്ട്. എന്നാൽ യാഥാർത്ഥ്യം ഗ്രഹിക്കാത്തതു കൊണ്ടുള്ള ജൽപനമാണത്. സിഹ്റിന്റെ പണിക്കാരായ മന്ത്രവാദികളും ജോത്സ്യന്മാരും സിദ്ധന്മാരും അച്ചന്മാരും തങ്ങന്മാരും മുസ്ല്യാക്കന്മാരുമെല്ലാം ജിന്നിനോടും പിശാചിനോടും സഹായം ചോദിച്ചു കൊണ്ടാണ് മന്ത്രവാദങ്ങൾ നടത്തുന്നത്. മാത്രമല്ല, ഇവരിൽ ചിലർ ബിംബാരാധനകളും നടത്തുന്നുണ്ട്. ജിന്നിനേയും പിശാചിനെയും ആവാഹിച്ചാൽ മന്ത്ര

വാദികൾ വിചാരിക്കുന്നത് നടക്കുമെന്നാണ് ഇവർ വിശ്വസിപ്പിക്കുന്നത്. അന്ധവിശ്വാസികൾ അത് വിശ്വസിക്കുകയും ചെയ്തു വരുന്നു. ഇവരുടെ പ്രവർത്തനമഖിലവും ശിർക്കുമായി ബന്ധപ്പെട്ടതാണ്. അതുകൊണ്ടാണ് സിഹ്ർ മഹാപാപങ്ങളിൽ ഉൾപ്പെട്ടത്. ഫലം ഉള്ളതു കൊണ്ടല്ല.

മാത്രമല്ല, ചൂഷണവും വഞ്ചനയും കളവുകളും സിഹ്ർ പണിയിലുമുണ്ട്. മനുഷ്യരെ വിശ്വസിപ്പിക്കുവാൻ മാജിക്കുകളും ഇവർ പ്രയോഗിക്കാറുണ്ട്. സിഹ്ർ മാജിക്കു തന്നെയാണ്. മാജിക്കിലൂടെ പല തട്ടിപ്പു വീരന്മാരും ആൾദൈവങ്ങളായി നമ്മുടെ നാട്ടിൽ വിലസിക്കൊണ്ടിരിക്കുന്ന ദുഃഖകരമായ കാഴ്ചകളും നാം കാണുന്നുണ്ടല്ലോ? "ആൾദൈവങ്ങൾക്ക് വളക്കൂറുള്ള മണ്ണാണ് ഭാരതം! നഗ്ന സന്യാസിമാരുടെ മുമ്പിൽ കുമ്പിട്ടു നിൽക്കുന്ന നേതാക്കൾ ഒട്ടനവധിയുണ്ട്! തെരഞ്ഞെടുപ്പ് വരുമ്പോൾ മന്ത്രവാദികൾക്ക് കൊയ്ത്തു കാലമാണ്! എല്ലാ സ്ഥാനാർത്ഥികളോടും വിജയിക്കുമെന്ന് പറയും. ജയിച്ച സ്ഥാനാർത്ഥി ജോത്സ്യന്മാരുടെ സഹായത്തോടെയാണ് ജയിച്ചത് എന്ന് വിശ്വസിക്കുകയും ചെയ്യും. തോറ്റ സ്ഥാനാർത്ഥിയോടും ജോത്സ്യന്മാർ വിജയിക്കുമെന്നു പറഞ്ഞ വിവരം ആരും അറിയുന്നുമില്ല! അന്ധവിശ്വാസികൾ ഉള്ള കാലത്തോളം മന്ത്രവാദികൾക്ക് ആനന്ദമാണ്! കൊയ്ത്തുമാണ്.

ഹദീസിന്റെ പിൻബലവും മന്ത്രവാദത്തിന് തെളിവായിട്ടില്ല. പണ്ഡിതന്മാരുടെ അഭിപ്രായങ്ങളും വീക്ഷണങ്ങളും പഠന വിധേയമാക്കാവുന്നതാണ്.

സൂറത്തുന്നിസാഇലെ 51-ാം വചനത്തിൽ പരാമർശിച്ച ജിബ്ത്തിനെക്കുറിച്ച് ഇബ്നു കസീർ രേഖപ്പെടുത്തിയിരിക്കുന്നു. "ആയത്തിൽ പറഞ്ഞ ജിബ്ത്തു കൊണ്ടുദ്ദേശിക്കുന്നത് സിഹ്റാണ്." ഉമർ(റ), ഇബ്നു അബ്ബാസ്(റ), അബുൽ ആലിയ(റ), മുജാഹിദ്(റ), ഇക്രിമ(റ), സഈദുബ്നുൽ ജുബൈർ(റ), ശഅ്ബി(റ), ഹസൻ(റ), ഇസ്ഹാഖ്(റ), സുദ്ദീ(റ) എന്നിവരൊക്കെ അപ്രകാരമാണ് പറഞ്ഞിട്ടുള്ളത്." (ഇബ്നു കസീർ). അമാനി മൗലവി വിശദീകരിക്കുന്നു: "ഒരു നന്മയുമില്ലാത്ത മിഥ്യയായത്, ഒന്നിനും കൊള്ളാത്തത്, ദുഷ്ടമായത്, ക്ഷുദ്രം എന്നൊക്കെ അർത്ഥം നൽകാവുന്ന പദമാണ് ജിബ്ത്ത്. സിഹ്ർ (ആഭിചാരം) ആഭിചാരി, പ്രശ്നം നോക്കൽ, പ്രശ്നക്കാരൻ, വിഗ്രഹം, ആദിയായ അടിസ്ഥാന രഹിതങ്ങളായ പലതിനും ജിബ്ത്ത് എന്നു പറയാറുണ്ട്. (വി.ഖുർആൻ വിവരണം: വാ: 1, പേ:679)

**മന്ത്രവാദികൾ സിഹ്റ് ഫലിക്കുമെന്ന് തെളിയിക്കുവാൻ ഒരു ഹദീസുദ്ധരിക്കാറുണ്ട്. മഹാപാപങ്ങളിൽ സിഹ്റും ഉൾപ്പെടുത്തിയ ഹദീസാണത്. സിഹ്റ് മഹാപാപമായി ഗണിക്കുന്നത് അതിന്റെ ദോഷങ്ങൾ ബാധിക്കുന്നതുകൊണ്ടാണെന്ന് അവർ പറയാറുണ്ട്. എന്നാൽ യാഥാർത്ഥ്യം ഗ്രഹിക്കാത്തതു കൊണ്ടുള്ള ജൽപനമാണത്. സിഹ്റിന്റെ പണിക്കാരായ മന്ത്രവാദികളും ജോത്സ്യന്മാരും സിദ്ധന്മാരും അച്ഛന്മാരും തങ്ങന്മാരും മുസ്ല്യാക്കന്മാരുമെല്ലാം ജിന്നിനോടും പിശാചിനോടും സഹായം ചോദിച്ചുകൊണ്ടാണ് മന്ത്രവാദങ്ങൾ നടത്തുന്നത്. മാത്രമല്ല, ഇവരിൽ ചിലർ ബിംബാരാധനകളും നടത്തുന്നുണ്ട്. ജിന്നിനേയും പിശാചിനെയും ആവാഹിച്ചാൽ മന്ത്രവാദികൾ വിചാരിക്കുന്നത് നടക്കുമെന്നാണ് ഇവർ വിശ്വസിപ്പിക്കുന്നത്.**

ഒരു നന്മയുമില്ലാത്ത മിഥ്യയായ ആഭിചാരമാണ് ജിബ്ത്ത് എന്ന് പണ്ഡിതന്മാർ വ്യക്തമാക്കുന്നു. ഈ വിവരണങ്ങളിൽ നിന്നും സിഹ്ർ യാഥാർത്ഥ്യമില്ലാത്തതാണെന്നും മിഥ്യയാണെന്നും ഗ്രഹിക്കുവാൻ കഴിയുന്നു. യാഥാർത്ഥ്യമില്ലാത്ത മിഥ്യയായ സിഹ്ർ നബി(സ)ക്കു ബാധിച്ചുവെന്ന് വിശ്വസിക്കൽ കുഫ്റാണ്. സൂറത്തുൽ ബഖറയിലെ 102-ാം വചനം വിശദീകരിച്ചു കൊണ്ട് ഇബ്നു കസീർ പറയുന്നു:

ومن تعلمه بإعتقاد جوازه أو أنه ينفعه كفر، وكذا من اعتقد أنّ الشياطين تفعل ما يشاء فهو كافر (مختصر ابن كثير 10/1)

"സിഹ്ർ അനുവദനീയമാണെന്ന് വിശ്വസിച്ചു കൊണ്ട് വല്ലവനും അത് പഠിപ്പിക്കുകയോ വിശ്വസിക്കുകയോ ചെയ്യുന്ന പക്ഷം അവൻ നിഷേധിയായിത്തീരുന്നു. അതുപോലെ സാഹിർ ഉദ്ദേശിക്കുന്ന വിധം പിശാച് പ്രവർത്തിക്കുമെന്ന് വിശ്വസിച്ചാലും അവൻ കാഫിറായി." (മുഖ്തസർ ഇബ്നു കസീർ). സിഹ്റിന്ന് യാഥാർത്ഥ്യമില്ലെന്ന് പണ്ഡിതന്മാർ പറയുന്നു. അതു വിശ്വസിക്കുന്നതും അതുമായുള്ള പ്രവർത്തനങ്ങൾ അഖിലവും സത്യനിഷേധങ്ങളാണെന്നും പണ്ഡിതന്മാർ രേഖപ്പെടുത്തുന്നു.

മറ്റൊരു പണ്ഡിതന്റെ ഉദ്ധരണിയും ശ്രദ്ധേയമാണ്: "ശിഹാബ് പറയുന്നു: നബി(സ)ക്ക് സിഹ്റു ബാധിച്ചു എന്ന ഹദീസ് ഖുർആനിന്റെ വ്യക്തമായ കൽപനകൾക്ക് വിരുദ്ധവും അല്ലാഹുവിനെത്തന്നെ കളവാക്കുന്ന വിധത്തിലുള്ളതുമാണ്. അടിസ്ഥാനരഹിതമായ ഈ റിപ്പോർട്ട് എങ്ങനെ സാധൂകരിക്കുവാൻ കഴിയും എന്ന് ഇമാം റാസി, ഖാളി(റ)വിൽ നിന്നും ഉദ്ധരിച്ചിരിക്കുന്നു. അല്ലാഹു പറയുന്നു: **"ജനങ്ങളിൽ നിന്ന് അല്ലാഹു താങ്കളെ രക്ഷിക്കുന്നതാണ്." (മാഇദ 67).** ത്വാഹാ 69-ാം വചനത്തിൽ അല്ലാഹു അരുളി: "സാഹിർ എവിടെച്ചെന്നാലും വിജയം കൈവരിക്കുന്നതല്ല."

**ശിർക്കൻ വിശ്വാസങ്ങൾ ചെറിയ ചെറിയ പഴുതുകളിലൂടെ കടന്നു വരുമെന്നു പറഞ്ഞത് വളരെ സത്യമാണ്. ഇത് തിരിച്ചറിയുന്ന യഥാർത്ഥ മുജാഹിദുകളും കേരളത്തിലുണ്ട്. അവർ ജാഗ്രതയിലാണ്. ഖുർആൻ ഉയർത്തിപ്പിടിച്ചു കൊണ്ട് അവർ മുന്നോട്ട് പോകുന്നു. വിജയം മുവഹ്ഹിദുകൾക്കാണ്.**
**സിഹ്റിന്റെ പേരിൽ നടത്തപ്പെടുന്ന തട്ടിപ്പുകൾ പുറത്തു കൊണ്ടു വരാൻ മുജാഹിദുകൾ മുന്നിട്ടിറങ്ങണം.**

(നവവി മജ്മൂഅ് ശറഹുൽ മുഅദ്ദബ്. 19/243). ഈ വചനങ്ങളിലും സിഹ്റിന്റെ അർത്ഥ ശൂന്യതയാണ് തെളിഞ്ഞു കാണുന്നത്. ഇമാം നവവി പറയുന്നു.

قول الإمام الغزالي حديث السحر خبر آحاد ولا يستدلّ به الإعتقاد، وقال الغزالي في المستصفى ما من أحد من الصّحابة إلا وقد رد خبر الآحاد (المجموع شرح المهذب 244/15)

''സിഹ്റിന്റെ ഹദീസ് പരിമിതമായ റിപ്പോർട്ടർമാരിലൂടെ വന്നതിനാൽ വിശ്വാസപരമായ കാര്യങ്ങളിൽ തെളിവാക്കപ്പെടുത്തുന്നതല്ല" ഇമാം ഗസ്സാലി മുസ്ഥസ്ഫ എന്ന ഗ്രന്ഥത്തിൽ പ്രസ്താവിച്ചു. വിശ്വാസപരമായ കാര്യങ്ങളിൽ ഒരു സ്വഹാബിയും ഖബർ ആഹാദുമായി വന്നിട്ടുള്ള ഹദീസുകളെ തള്ളിക്കളയാതിരുന്നിട്ടില്ല. (മജ്മുഅ് ശറഹുൽ മുഹദ്ദുബ്). സിഹ്റിനെക്കുറിച്ചു വന്ന ഹദീസിന്റെ പ്രാമാണികതയാണ് ഇവിടെ പരാമർശിച്ചിട്ടുള്ളത്. ഖബർ ആഹാദായ ഹദീസുകൾ വിശ്വാസകാര്യങ്ങളിൽ സ്വഹാബികൾ തള്ളിക്കളയുകയായിരുന്നുവെന്നാണ് ഗസ്സാലി മുസ്തസ്ഫയിൽ രേഖപ്പെടുത്തിയതെന്ന് സൂചിപ്പിക്കുകയാണിവിടെ. അതുകൊണ്ട് ബുഖാരി ഉദ്ധരിച്ച ഈ ഹദീസ് പ്രമാണ യോഗ്യമല്ലായെന്നു വരുന്നു. നബിക്ക് സിഹ്റു ബാധിച്ചുവെന്ന് പറയപ്പെടുന്ന ഹദീസ് തള്ളിക്കളയേണ്ടതാണ്.

അബൂബക്കർ ജസ്സാസ് എന്ന പ്രമുഖ ഹനഫീ പണ്ഡിതന്റെ വാക്കുകളും പഠനാർഹമാണ്.

ومثل هذه الاخبار من وضع الملحدين بابطال. معجزات الأنبياء مع قوله تعالى "ولا يفلح السّاحر حيث أتى" (أحكام القرآن 490/1)

**"നബി(സ)ക്ക് സിഹ്റു ബാധിച്ചുവെന്നത് പോലുള്ള വാർത്തകൾ പ്രവാചകന്മാരുടെ മുഅ്ജിസത്തുകൾ നിഷ്ഫലമാക്കിത്തീർക്കുവാൻ വേണ്ടി ചില നിരീശ്വരവാദികൾ നിർമ്മിച്ചുണ്ടാക്കിയവയാണ്. 'മാരണക്കാരൻ ഒരിക്കലും വിജയിക്കുന്നതല്ല' എന്ന വച**

**നവും അല്ലാഹു ഇതിനോടൊപ്പം ഖുർആനിൽ വ്യക്തമാക്കിയിട്ടുണ്ട്." (അഹ്കാറുൽ ഖുർആൻ 1/490).** ഹനഫീ പണ്ഡിതന്റെ വാക്കുകൾ വളരെ ഗൗരവമേറിയതാണ്. പ്രവാചകന്മാരുടെ അമാനുഷികതകളെ നിഷേധിക്കുവാൻ വേണ്ടി യുക്തിവാദികളും നിരീശ്വര വാദികളും പ്രചരിപ്പിച്ചതാണ് സിഹ്ർ ബാധ! മുഹമ്മദ് നബി മാനസിക രോഗിയായിരുന്നുവെന്ന് ആധുനിക യുക്തിവാദികളും പ്രചരിപ്പിച്ചു കൊണ്ടിരിക്കുന്നുണ്ട്. അവർക്ക് അനുകൂലമായ ഒരു തെളിവു കൂടി നൽകലാണ് നബിയുടെ പേരിലുള്ള സിഹ്ർ ബാധയും! നബി(സ)യോട് ഏറ്റവും സ്നേഹമുള്ളവരാണെന്ന് അവകാശപ്പെടുന്നവരാണ് സിഹ്റിന്റെ പ്രവാചകന്മാരും!

ശാഫിഈ പണ്ഡിതനായ ഉസ്തർബാദി സിഹ്റിന്ന് യാഥാർത്ഥ്യമില്ലായെന്ന അഭിപ്രായക്കാരനായിരുന്നുവെന്ന് ഇബ്നു ഹജർ ഫത്ഹുൽ ബാരിയിൽ രേഖപ്പെടുത്തിയിരിക്കുന്നു.

ഇമാം ശൗകാനിയുടെ അഭിപ്രായവും കാണാവുന്നതാണ്.

**فذهبت المعتزلة وأبو حنيفة إلى أنه**
**خداع لا أصل له ولا حقيقته (فتح القدير)**

"മുഅ്തസലികളും അബുഹനിഫയും അഭിപ്രായപ്പെടുന്നത് തീർച്ചയായും സിഹ്ർ വഞ്ചനയാണ്. അതിന്ന് യാതൊരു അടിത്തറയും യാതൊരു യാഥാർത്ഥ്യവുമില്ലായെന്നാണ്." (ഫത്ഹുൽ ഖദീർ)

ഖുർആനിന്റെയും ഹദീസിന്റെയും വീക്ഷണങ്ങളിലൂടെ നിരീക്ഷണ പഠനങ്ങൾ നടത്തിയ പ്രമുഖ പണ്ഡിതന്മാർ 'നബി മസ്ഹൂർ' ആണെന്നു പറയുന്നില്ല. വിശ്വസിക്കുന്നില്ല. മാത്രമല്ല, നബി(സ) മനുഷ്യരുടെ ഇത്തരം വഞ്ചനയിൽ നിന്നും സംരക്ഷിക്കപ്പെടുകയും ചെയ്തിരിക്കുന്നുവെന്ന് രേഖപ്പെടുത്തി വെക്കുകയും ചെയ്തിരിക്കുന്നു.

ശാസ്ത്രീയപരമായും ബുദ്ധിപരമായും സിഹ്ർ ഒരു തട്ടിപ്പാണെന്ന് മനസ്സിലാക്കാൻ സാധിക്കുന്നതാണ്. മന്ത്രവാദികളായ സിദ്ധന്മാരും തങ്ങന്മാരും മുസ്ല്യാക്കന്മാരും സ്വാമിമാരും അച്ചന്മാരുമെല്ലാം ചെപ്പടിവിദ്യകൾ പ്രയോഗിക്കുന്നു. അന്ധവിശ്വാസികളായ മനുഷ്യർ ഇതിൽ വീഴുകയാണ്. മാജിക്കിലൂടെ മനുഷ്യരെ എളുപ്പത്തിൽ ഇവർ വലയിൽ കുടുക്കുന്നു. അങ്ങനെയാണ് മന്ത്രവാദികൾ സമൂഹത്തിൽ സ്വാധീനം നേടുന്നത്. വൻകിട തട്ടിപ്പു വീരന്മാരെ പിടിക്കുവാൻ കഴിയാറില്ല. ചെറുകിട മന്ത്രവാദികളാണ് പലപ്പോഴും പിടിക്കപ്പെടാറ്. സംഘടനാ സ്വാധീനവും രാഷ്ട്രീയ ഇടപെടലുകളും പണത്തിന്റെ ശക്തിയുമെല്ലാം മന്ത്രവാദികൾക്ക് രക്ഷപ്പെടുവാൻ സൗകര്യമാണ്. ഉന്നതങ്ങളിൽ പിടിയുള്ളവർ 'ആൾദൈവങ്ങ'ളായി പ്രത്യക്ഷപ്പെട്ടു കൊണ്ടിരിക്കുന്നു! ഇതിന്റെയെല്ലാം പിന്നിൽ ഒരു വലിയ ദുശ്ശക്തിയുണ്ട്. മയക്കു മരുന്നു ലോബികൾ വരെ 'മന്ത്രവാദി'കളുടെ സംഗമത്തിലുണ്ടെന്ന് പറയപ്പെടുന്നു! കേരളം ചെറുതാണെങ്കിലും മന്ത്രവാദികൾ ധാരാളമുള്ള നാടാണ്. സാമ്പത്തിക ചൂഷണത്തിന് മതവും ഉപയോഗിക്കപ്പെടുന്നുവെന്നതിന്റെ വലിയ ഉദാഹരണമാണ് മന്ത്രവാദ ചികിത്സാ രീതികൾ.

ഇവിടെയാണ് ജിഹാദ് വേണ്ടത്. ആയുധമേന്തിയ ജിഹാദ് അല്ല. ആശയം കൊണ്ടുള്ള ജിഹാദ്! വിശുദ്ധ ഖുർആൻ കൊണ്ടുള്ള ജിഹാദ്! ദൗർഭാഗ്യകരമെന്നു പറയട്ടെ മുജാഹിദുകളിൽ ചിലർ ഇപ്പോൾ പുറപ്പെട്ടിരിക്കുന്നു മന്ത്രവാദവുമായി! ജിന്നിനോട് സഹായം തേടുന്നു. സിഹ്റു ചെയ്യുന്നവർ! അതു കൊണ്ടു തന്നെ ജിന്നിനോട് സഹായം ചോദിക്കൽ ശിർക്കല്ലായെന്നൊരു ഫത്വയും അവർ പുറപ്പെടുവിച്ചിരിക്കുന്നു! ജിന്നുസേവാ കേന്ദ്രങ്ങളുണ്ടാക്കി സാമ്പത്തിക ചൂഷണം നടത്താമെന്ന മോഹത്തോടു കൂടി കടന്നു വന്നവരും മുജാഹിദ് പ്രസ്ഥാനത്തെ തകർക്കാൻ കച്ച കെട്ടി ഇറങ്ങിയവരുമാണ് ഇതിന്റെയെല്ലാം പിന്നിൽ നിലകൊള്ളുന്നത്!

ശിർക്കൻ വിശ്വാസങ്ങൾ ചെറിയ ചെറിയ പഴുതുകളിലൂടെ കടന്നു വരുമെന്നു പറഞ്ഞത് വളരെ സത്യമാണ്. ഇത് തിരിച്ചറിയുന്ന യഥാർത്ഥ മുജാഹിദുകളും കേരളത്തിലുണ്ട്. അവർ ജാഗ്രതയിലാണ്. ഖുർആൻ ഉയർത്തിപ്പിടിച്ചു കൊണ്ട് അവർ മുന്നോട്ട് പോകുന്നു. വിജയം മുവഹ്ഹിദുകൾക്കാണ്.

സിഹ്റിന്റെ പേരിൽ നടത്തപ്പെടുന്ന തട്ടിപ്പുകൾ പുറത്തു കൊണ്ടു വരാൻ മുജാഹിദുകൾ മുന്നിട്ടിറങ്ങണം. പ്രയാസങ്ങളും പ്രതിസന്ധികളും തരണം ചെയ്യേണ്ടി വരും. ക്ഷമ അവലംബിച്ചു കൊണ്ട് മുന്നോട്ടു പോകുക. അല്ലാഹു സഹായിക്കട്ടെ.

കർമ്മഭൂമിക

**എ.എ. സുല്ലമി**



# മുസ്ലിം സ്ത്രീകളും കറുത്ത പർദ്ദയും

**കവർസ്റ്റോറി**

**പ്രത്യേക രീതിയിലും നിറത്തിലുമുള്ള വസ്ത്രരീതി തന്നെ സ്ത്രീകൾ സ്വീകരിക്കണമെന്ന് ഇസ്ലാം നിർദ്ദേശിക്കുന്നില്ല. ഇന്ന് നാം കാണുന്ന പർദ്ദ ധരിക്കുന്ന സമ്പ്രദായം മാത്രമാണ് ഇസ്ലാമികം, മറ്റുള്ളവയെല്ലാം അനിസ്ലാമികമാണെന്ന് കൽപിക്കുന്നവർ അവലംബമാക്കുന്ന തെളിവുകളെക്കുറിച്ച് ആദ്യമായി നമുക്ക് ചർച്ച ചെയ്യാം.**

ഒരു കാലത്ത് കേരളത്തിലെ മുസ്ലിം സ്ത്രീകളുടെ വേഷം അടിപ്പാവാട ധരിക്കാതെ കാറ്റിൽ നീങ്ങിയാൽ തുട രണ്ടും കാണുന്ന ഒരു വെളുത്ത തുണിയും പെങ്കുപ്പായവും കാതും കഴുത്തും തലമുടിയും കാണുന്ന തട്ടവുമായിരുന്നു. അടിപ്പാവാട ധരിക്കൽ ഹിന്ദു സ്ത്രീകളുടെ വേഷമായിട്ടാണ് കണ്ടിരുന്നത്. ഇസ്ലാഹീ പ്രസ്ഥാനം ഈ തുണിക്കു പകരം അടിപ്പാവാടയും സാരിയും ധരിക്കുവാൻ ഉപദേശിച്ചപ്പോൾ അത് അമുസ്ലീംകളുടെ വേഷമായി യാഥാസ്ഥിതികർ പ്രഖ്യാപിച്ചു. എന്നാൽ കാലം മുന്നോട്ടു നീങ്ങിയപ്പോൾ മുസ്ലിം സ്ത്രീകൾ സാരിയും അടിപ്പാവാടയും മുഖമക്കനയും ധരിക്കുവാൻ തുടങ്ങി. ഇപ്പോൾ മുസ്ലിം സ്ത്രീകൾ സാരി ധരിക്കുവാൻ പാടില്ല, മുസ്ലിം സ്ത്രീകളുടെ ഇസ്ലാമിക വേഷം പർദ്ദ മാത്രമാണ്, അതുതന്നെ കറുത്ത പർദ്ദയുമായിരിക്കണം, മുഖമൂടിയിടുകയും വേണം എന്നെല്ലാം ചിലർ ഇസ്ലമിന്റെ പേരിൽ ജൽപിക്കുവാൻ തുടങ്ങിയിരിക്കുന്നു.

യഥാർത്ഥത്തിൽ ഇസ്ലാം സ്ത്രീകളോട് കൽപിക്കുന്നത് അവർ അന്യപുരുഷന്റെ മുന്നിൽ പ്രത്യക്ഷപ്പെടുമ്പോൾ മുഖവും കൈപടങ്ങളും കാൽപാദങ്ങളും ഒഴികെ മറ്റുള്ള ഭാഗങ്ങൾ പൂർണമായും മറയ്ക്കണമെന്നാണ്. എന്നാൽ യുദ്ധക്കളത്തിലും പാടത്ത് കൃഷി

ചെയ്യുമ്പോഴും ജോലി സ്ഥല ങ്ങളിലും മറ്റും അവർ നിർബ ന്ധിതമായി വെളിവാക്കേണ്ടി വരുന്ന ഭാഗങ്ങൾ വെളിവാ ക്കേണ്ടി വരുന്നു. അപ്പോൾ പുരുഷന്മാർ അവരുടെ സൗന്ദര്യം ചൂഷണം ചെയ്യാ തെ തന്റെ കണ്ണിനെ നിയന്ത്രി ക്കുക.

പ്രത്യേക രീതിയിലും നിറ ത്തിലുമുളള വസ്ത്രരീതി തന്നെ സ്ത്രീകൾ സ്വീകരിക്ക ണമെന്ന് ഇസ്ലാം നിർദ്ദേശിക്കു ന്നില്ല. ഇന്ന് നാം കാണുന്ന പർദ്ദ ധരിക്കുന്ന സമ്പ്രദായം മാത്രമാണ് ഇസ്ലാമികം, മറ്റു ളളവയെല്ലാം അനിസ്ലാ മികമാണെന്ന് കൽപിക്കുന്ന വർ അവലംബമാക്കുന്ന തെളിവുകളെക്കുറിച്ച് ആദ്യ മായി നമുക്ക് ചർച്ച ചെയ്യാം. ഒരായത്ത് മാത്രമാണ് ഇവർ പർദ്ദ തന്നെ മുസ്ലിം സ്ത്രീ കൾ ധരിക്കണമെന്നതിന് ഇതുവരെ തെളിവായി ഉദ്ധ രിച്ച് കാണുന്നത്. അതു താഴെ വിവരിക്കുന്നു.

അല്ലാഹു പറയുന്നു: **"അല്ലയോ പ്രവാചകരേ! താങ്കൾ പറയുക: താങ്കളുടെ ഭാര്യമാരോടും പുത്രിമാ രോടും സത്യ വിശ്വാസിക ളുടെ സ്ത്രീകളോടും അവ രുടെ ജിൽബാബ് അവരുടെ ശരീരത്തിൽ താഴ്ത്തിയിട്ടു കൊളളണമെന്ന്." (സൂറ: അഹ്സാബ്:59).** ഈ ആയ ത്താണ് ഇന്നത്തെ പർദ്ദാ രീതി നിർബന്ധമാക്കുവാനും സുന്നത്താക്കുവാനും ഇവർ തെളിവ് പിടിക്കാറുളളത്.

**മറുപടി:** ജിൽബാബ് എന്നാണ് വിശുദ്ധ ഖുർആൻ ഇവിടെ പ്രയോഗിക്കുന്നത്. എന്നാൽ, മുഖവും ഇരു കൈപടങ്ങളും ഇരുകാൽപാ ദങ്ങളും ഒഴികെ മറയ്ക്കുന്ന രീതിയിൽ രാജ്യങ്ങളുടെയും കാലത്തിന്റെയും വ്യത്യാസ മനുസരിച്ചും മാറ്റം ഉണ്ടാ കുന്ന സ്ത്രീകളുടെ വസ്ത്ര ധാരണ സമ്പ്രദായങ്ങളെ യെല്ലാം ഉൾക്കൊളളുവാൻ സാധിക്കുന്ന പദമാണിത്. പാക്കിസ്ഥാനിലെ സ്ത്രീ കളും അവിടത്തെ മതപണ്ഡി തന്മാരും ഈ ആയത്തിനെ അവഗണിച്ചവരാണെന്ന് പർദ്ദാവാദികൾ പറയുന്നു. യഥാർത്ഥത്തിൽ ആയത്തി ന്റെ സത്തയും താൽപര്യവും ശരിക്കും ഉൾക്കൊളളുന്നത് പാക്കിസ്ഥാനിലെ സ്ത്രീക ളുടെ വസ്ത്രധാരണ രീതി യിലാണ്. ഇന്തോനേഷ്യയി ലെയും മലേഷ്യയിലെയും സ്ത്രീകളും ഉലമാക്കളും ഈ സൂക്തത്തെ അവഗണിച്ചവര ല്ല. അൽപജ്ഞാനികൾ മാത്ര മെ ഇപ്രകാരം ജൽപിക്കുക യുളളൂ. ഈ സ്ത്രീകളെല്ലാം ആയത്തിന്റെ ഉപദേശം ശിരസ്സാ വഹിക്കുന്നവരാണ്. ആയത്തിന്റെ കൽപന അനു സരിച്ച് പ്രവർത്തിക്കുന്നവരാ ണ്. മുഖവും ഇരുകൈപട ങ്ങളും കാൽപാദങ്ങളും അല്ലാതെ മറ്റു ശരീരഭാഗ ങ്ങൾ പുറത്തു കാണിക്കുന്ന രീതിയിൽ വസ്ത്രം ധരിച്ചവർ മാത്രമാണ് ഈ സൂക്തത്തെ അവഗണിച്ചവരുടെ പരിധി യിൽ വരികയുളളൂ.

**ഇമാം ബുഖാരി സ്ത്രീകൾ ഒറ്റ വസ്ത്രം മാത്രം ധരിച്ച് നമസ്കരി ക്കൽ എന്ന് അധ്യായം നൽകിക്കൊണ്ടും ഈ ഹദീസ് ഉദ്ധരിക്കുന്നു. ഇക്‌രിമ(റ) പറയുന്നു: ഒരു വസ്ത്രം കൊണ്ട് അവ ളുടെ ശരീരം മറയുമെ ങ്കിൽ അതു മതിയാകും (സ്വഹീഹുൽ ബുഖാരി 2-203). സ്വഹാബി വനിത കൾ വസ്ത്രത്തിന്റെ മേൽ മറ്റൊരു വസ്ത്രം പതി വായി ധരിക്കാറില്ലെന്ന് ഇമാം ബുഖാരി ഇവിടെ പറയുന്നു. ഇതു തന്നെ യാണ് ബുഖാരിയുടെ അഭിപ്രായമെന്ന് ഫത്ഹുൽ ബാരിയിലും പറയുന്നു.**

അറബീ ഭാഷയിൽ മുസ് ലിം ലോകം അംഗീകരിച്ച നിഘണ്ടുവാണ് ഹിജ്റ: 630ൽ ജനിച്ച ഇബ്നു മൻളൂറിന്റെ ലിസാനുൽ അറബി എന്ന നിഘണ്ടു. ഈ ഗ്രന്ഥത്തിൽ ജിൽബാബിന്റെ അർത്ഥം വിവരിച്ചത് ഒരു പ്രാവശ്യ മെങ്കിലും വായിച്ച ഒരാളും ഇന്നത്തെ പർദ്ദ സമ്പ്രദായം മുസ്ലിം സ്ത്രീകളുടെ പർദ്ദാ സമ്പ്രദായമായി മാത്രം അവ തരിപ്പിക്കുവാൻ ധീരത കാണി ക്കുകയില്ല. ജിൽബാബിന് ഗ്രന്ഥകർത്താവ് അർത്ഥമായി ആദ്യമായി ഉദ്ധരിക്കുന്നത് കുപ്പായം (ഖമീസ് ) എന്നാ ണ്. രണ്ടാമതായി ഉദ്ധരിക്കു ന്നത് തലയിൽ ധരിക്കുന്ന വസ്ത്രത്തെക്കാൾ വിശാല മായ വസ്ത്രം. സ്ത്രീ ഇതു കൊണ്ടു അവളുടെ തലമ റക്കും എന്ന അർത്ഥമാണ്. 'വസ്ത്രത്തിന്റെ മുകളിൽ ധരിക്കുന്ന വസ്ത്രം' എന്ന

അർത്ഥം ഗ്രന്ഥകാരന്റെ അർത്ഥമായി ഉദ്ധരിക്കുക പോലും ചെയ്യുന്നില്ല. ഖീല (പറയപ്പെട്ടു) എന്ന് പറഞ്ഞു കൊണ്ടാണ് ഉദ്ധരിക്കുന്നത്. അവസാനം ഗ്രന്ഥകർത്താവിന്റെ അർത്ഥമായി തുണി എന്നർത്ഥവും ഉദ്ധരിക്കുന്നു. അദ്ദേഹത്തിന്റെ അവസാനത്തെ പ്രസ്താവന കാണുക:- ഉമ്മുഅത്വിയ്യയുടെ ഹദീസിൽ തന്റെ സഹോദരിയുടെ ജിൽബാബിൽ നിന്ന് ജിൽബാബ് ഇല്ലാത്തവൾ കടം വാങ്ങി ധരിക്കട്ടെ എന്നു വന്നിട്ടുണ്ട്. അതായത് തുണിയിൽ നിന്നു എന്നർത്ഥം. (വഫീ ഹദീസി ഉമ്മുഅത്വിയ്യ; ലിതുൽബിസ്ഹാ സ്വാഹിബതുഹാ മിൻ ജിൽബാബിഹാ അയ് ഇസാറിഹാ (ലിസാനുൽ അറബി; 2-317).

**2:** പള്ളി ദർസുകളിൽ പോലും സ്വീകാര്യമായ ഇമാം ശാഫിഈ(റ)യുടെ ശിഷ്യനായ ഇമാം ഫൈറൂസാബാദിയുടെ ഖാമൂസ് എന്ന നിഘണ്ടുവിൽ അദ്ദേഹത്തിന്റെ അർത്ഥമായി നൽകുന്നത്: കുപ്പായം, മുഖമക്കന (ഖാമൂസ്:1-817) എന്നാണ്.

**3:** പ്രസിദ്ധ ഖുർആൻ വ്യാഖ്യാനമായ ഇബ്നുകസീർ(റ) എഴുതുന്നു: ജിൽബാബ് എന്നാൽ തട്ടം എന്നാണ് വിവക്ഷ. ഖിമാറിന്റെ മീതെയുള്ളതായ. ഇപ്രകാരം ഇബ്നു മസ് ഊദ്(റ), ഉബൈദത്ത്, വകാദ, ഹസനുൽബസരി, സഈദ്ബ്നു ജുബൈർ, ഇബ്രാഹിം നഖ്ഈ, അത്വാഅ്(റ) മുതലായവർ പറയുന്നു. 'ഇന്നത്തെ തുണിയുടെ സ്ഥാനത്ത് ഇത് പരിഗണിക്കപ്പെടുന്നു.' (ഇബ്നുകസീർ: 3-674). കറുത്ത നിറമുള്ള പർദ്ദ തന്നെ ധരിക്കണമെന്നതിന് ഇവർ തെളിവ് പിടിക്കുന്ന വളരെ ദുർബലമായ ഹദീസിൽ പോലും പറയുന്നത്, ഈ ആയത്ത് അവതരിപ്പിച്ചപ്പോൾ അൻസാരി സ്ത്രീകൾ തല മറച്ചു എന്നാണ്. നീണ്ട പർദ്ദ ധരിച്ചു എന്നല്ല. മുഹമ്മദ് നബി(സ)യിൽ നിന്ന് ജിൽബാബിന്റെ അർത്ഥം വിവരിക്കുന്ന ദുർബ്ബല ഹദീസ് പോലും ഉദ്ധരിക്കുന്നില്ല. അൻസ്വാരീ, മുഹാജിറി സ്ത്രീകൾ ഈ ആയത്തിന്റെ അവതരണ ശേഷവും പല രീതിയിലുള്ള വസ്ത്രം ധരിച്ചിരുന്നു. അപ്പോൾ ജിൽബാബിന്റെ അർത്ഥം ഗ്രഹിക്കുവാൻ നമുക്കുള്ള അവലംബം അറബീ ഭാഷയിൽ മുസ്ലിംകൾ എഴുതിയ നിഘണ്ടു മാത്രമാണ്.

## നമുക്കുള്ള തെളിവുകൾ

**1.** വിശുദ്ധ ഖുർആനിൽ ജിൽബാബ്, ഖിമാറ് മുതലായ പദങ്ങൾ ഉപയോഗിച്ചാണ് മുസ്ലിം സ്ത്രീകളോട് നഗ്നത മറയ്ക്കുവാൻ കൽപിക്കുന്നത്. ഈ പദങ്ങളുടെ വിവക്ഷ നബി(സ) വിവരിച്ചു തന്നിട്ടില്ല.

**2.** അറബീ ഭാഷയിലെ മുസ്ലിംകൾ എഴുതിയ നിഘണ്ടുകളിൽ തന്നെ ഈ പദങ്ങൾക്ക് മുഖമക്കന, തുണി, തട്ടം, കുപ്പായം, സാരി, തുന്നാത്ത വസ്ത്രം, ചുറ്റിപ്പൊതിയുന്ന വസ്ത്രം മുതലായ അർത്ഥങ്ങൾ നൽകിയതാണ് കാണുന്നത്.

**3.** രാജ്യങ്ങളുടെയും കാലങ്ങളുടെയും വ്യത്യാസമനുസരിച്ചുള്ള വസ്ത്രധാരണരീതികൾ ഉൾക്കൊള്ളാൻ ഈ പദങ്ങൾക്ക് സാധിക്കുന്നുണ്ട്.

**4.** ആയിശ(റ) നിവേദനം: നബി(സ) സുബ്ഹ് നമസ്കരിച്ചിട്ട് ശ്രേഷ്ട വനിതകളായ മുസ്ലിം സ്ത്രീകൾ പട്ടിന്റെ സാരി ചുറ്റിപ്പൊതിഞ്ഞവരായി പിരിഞ്ഞു പോകും. ഇരുട്ട് കാരണം അവരെ തിരിച്ചറിയുകയില്ല (ബുഖാരി, മുസ്ലിം).

A. 'മിർത്' എന്ന പദമാണ് ഹദീസിൽ പ്രയോഗിച്ചിരിക്കുന്നത്. അൽമൻഹൽ നിഘണ്ടുവിൽ ഇതിന് ഒന്നാമതായി നൽകുന്ന അർത്ഥം തുന്നാത്ത വസ്ത്രം എന്നാണ്. മൂന്നാമത്തെ അർത്ഥം "സാരി" എന്നും. ഈ ഒന്നാമത്തെ അർത്ഥം സാരി എന്ന അർത്ഥത്തെ ശക്തിപ്പെടുത്തുന്നു.

B. പട്ടിന്റെ പുതപ്പ് എന്ന് ലിസാനുൽ അറബിയിൽ അർത്ഥം നൽകുന്നു. ഒന്നാമതായി തന്നെ (ലിസാനുൽ അറബി: 13-83) തുന്നാത്ത എല്ലാ വസ്ത്രവും എന്നും ലോക പ്രസിദ്ധ ഗ്രന്ഥമായ ഈ നിഘണ്ടുവിൽ ഉദ്ധരിക്കുന്ന (കുലു സൗബിൻ

**ജിന്നുവാദികൾ ഇറക്കിയ മുസ്ലിംമിന്റെ പരിഭാഷയിൽ ചുറ്റിപ്പുതച്ചു കൊണ്ട് എന്ന് അർത്ഥം നൽകുന്നു. പ്രസിദ്ധ മുജാഹിദ് പണ്ഡിതനായിരുന്ന എം.സി.സി അഹമ്മദ് മൗലവി (റ) എഴുതുന്നു: 'പട്ടിന്റെ തട്ടം പുതച്ച് കൊണ്ട്'.**

ഗൊയ്റു മഖീതിൻ (ലിസാനുൽ അറബി:13-83).

C. ഇമാം ബുഖാരി സ്ത്രീകൾ ഒറ്റ വസ്ത്രം മാത്രം ധരിച്ച് നമസ്കരിക്കൽ എന്ന് അധ്യായം നൽകിക്കൊണ്ടും ഈ ഹദീസ് ഉദ്ധരിക്കുന്നു. ഇക്രിമ(റ) പറയുന്നു: ഒരു വസ്ത്രം കൊണ്ട് അവളുടെ ശരീരം മറയുമെങ്കിൽ അതു മതിയാകും (സ്വഹീഹുൽ ബുഖാരി 2-203). സ്വഹാബി വനിതകൾ വസ്ത്രത്തിന്റെ മേൽ മറ്റൊരു വസ്ത്രം പതിവായി ധരിക്കാറില്ലെന്ന് ഇമാം ബുഖാരി ഇവിടെ പറയുന്നു. ഇതു തന്നെയാണ് ബുഖാരിയുടെ അഭിപ്രായമെന്ന് ഫത്ഹുൽ ബാരിയിലും പറയുന്നു.



D. ജിന്നുവാദികൾ ഇറക്കിയ മുസ്ലിംമിന്റെ പരിഭാഷയിൽ ചുറ്റിപ്പുതച്ചു കൊണ്ട് എന്ന് അർത്ഥം നൽകുന്നു. പ്രസിദ്ധ മുജാഹിദ് പണ്ഡിതനായിരുന്ന എം.സി.സി അഹമ്മദ് മൗലവി (റ) എഴുതുന്നു:- 'പട്ടിന്റെ തട്ടം പുതച്ച് കൊണ്ട്'.

**2.** ഉമ്മു അത്വിയ്യ(റ) നിവേദനം... അപ്പോൾ ഒരു സ്ത്രീ ചോദിച്ചു. പ്രവാചകരേ! ഞങ്ങളിൽ ഒരുവൾക്ക് ജിൽബാബ് ഇല്ലെങ്കിൽ എന്തു ചെയ്യും? അവൾക്ക് തന്റെ സഹോദരി അവളുടെ ജിൽബാബിൽ നിന്ന് ഒന്ന് ധരിക്കാൻ നൽകട്ടെ എന്ന് നബി(സ) ഉത്തരം നൽകി. (ബുഖാരി). ഈ ഹദീസ് ഉദ്ധരിച്ച് ലിസാനുൽ അറബിൽ തുണി എന്നർത്ഥം ഉണ്ടെന്ന് സ്ഥാപിക്കുവാൻ ഈ ഹദീസാണ് ഗ്രന്ഥകർത്താവ് തെളിവായി ഉദ്ധരിക്കുന്നത് തന്നെ.

**3.** ഉമ്മു അത്വിയ്യ(റ) പറയുന്നു: പ്രവാചകന്റെ പുത്രി ഉമ്മുകുൽസൂമിനെ ഉടുതുണി, കുപ്പായം, മുഖമക്കന, രണ്ടു കഷ്ണം ചുറ്റിപ്പൊതിയുന്ന വസ്ത്രം എന്നിവയിലാണ് കഫൻ ചെയ്തത്. (അബൂദാവൂദ്).

സ്വഹാബി വനിതകൾക്ക് തുണിയും പെൺകുപ്പായവും മുഖമക്കനയും ധരിക്കുന്ന സമ്പ്രദായമുണ്ടായിരുന്നുവെന്ന് ഈ ഹദീസ് വ്യക്തമാക്കുന്നു. കാരണം ജീവിക്കുമ്പോൾ ധരിക്കൽ ഹറാമായതു കഫൻ ചെയ്യുവാൻ അനുവദിക്കുകയില്ല. കഫൻ ചെയ്യുവാൻ പ്രത്യേകമായി നിർമ്മിച്ചതല്ല ഈ വസ്ത്രങ്ങൾ. സ്ത്രീകളുടെ കഫൻ പടവയും കറുത്ത പർദ്ദയായിരിക്കണമെന്നും ഇവർ അടുത്തതായി ജൽപിച്ചേക്കാം.

**4.** ഉമ്മു സലമ(റ) നിവേദനം: സ്ത്രീ പെൺകുപ്പായവും മുഖമക്കനയും ധരിച്ച് തുണി ധരിക്കാതെ നമസ്കരിക്കുമോ എന്ന് ഞാൻ നബി(സ)യോടു ചോദിച്ചു. അവിടുന്നു അരുളി: കാലിന്റെ പാദങ്ങൾ മറയുമെങ്കിൽ വിരോധമില്ല (അബൂദാവൂദ്).

**5.** ഹദീസിന്റെ പദങ്ങളുടെ അർത്ഥം വിവരിക്കുന്നതിൽ മുസ്ലിം ലോകം അംഗീകരിച്ചു വരുന്ന ഗ്രന്ഥമാണ് അന്നിഹായ: എന്ന ഗ്രന്ഥം. ഈ ഗ്രന്ഥത്തിൽ ജിൽബാബിന്റെ അർത്ഥം ഗ്രന്ഥകാരന്റെതായി നൽകുന്നത് ഇവർ പ്രത്യേകം ശ്രദ്ധിക്കുക:- അതായതു തുണിയും തട്ടവും (ഇസാറ്, വരിദാഅ്) (അന്നിഹായ: 1-293)

## കറുത്തനിറം

നിറങ്ങളിൽ വെളുപ്പ് നിറമാണ് നബി(സ) ആണിനും പെണ്ണിനും പ്രോൽസാഹിപ്പിക്കുന്നത്. കറുത്ത നിറത്തെ ആർക്കും ഇസ്ലാം പ്രോത്സാഹിപ്പിക്കുന്നില്ല. പ്രത്യേകിച്ചു മുസ്ലിം സ്ത്രീകൾക്ക്. ശിയാക്കളിലും അബ്ബാസിയാ

ക്കളിലും പെട്ട ചില അനാചാര പാർട്ടികളാണ് കറുത്ത നിറത്തിന് പ്രോത്സാഹനം നൽകിയിരിക്കുന്നത്. നബി(സ) അരുളി:-

**1.** ഇബ്നു അബ്ബാസ്(റ) നിവേദനം: നിങ്ങളുടെ വസ്ത്രത്തിൽ വെളുത്ത വസ്ത്രം നിങ്ങൾ ധരിക്കുവീൻ. നിങ്ങളുടെ വസ്ത്രത്തിൽ നല്ലത് അതാണ്. നിങ്ങളിൽ നിന്ന് മരണപ്പെടുന്നവരെ അതിൽ നിങ്ങൾ കഫൻ ചെയ്യുവീൻ (തുർമുദി, അബൂദാവൂദ്, ഇബ്നുമാജ, നസ്സാഈ). നിങ്ങളിൽ നിന്ന് മരണപ്പെട്ടവരെ അതിൽ കഫൻ ചെയ്യുവീൻ എന്നത് ആണിനും പെണ്ണിനും ബാധകമാണ്. എങ്കിൽ ഹദീസിന്റെ ആദ്യഭാഗവും ആണിനും പെണ്ണിനും ബാധകമാണ്. ഹദീസിന്റെ ആദ്യഭാഗത്തുള്ള ''നിങ്ങളിൽ'' ആണും പെണ്ണും ഉൾപ്പെടുകയില്ല. ഇതിൽ ആണുങ്ങൾ മാത്രമാണ് ഉൾപ്പെടുക. അവസാന ഭാഗത്തുള്ള ''നിങ്ങളിൽ'' എന്നതിൽ ആണും പെണ്ണും ഉൾപ്പെടും എന്നത് ഇവരുടെ തെളിവില്ലാത്ത ജൽപനം മാത്രമാണ്.

**2.** ജീവിച്ചിരിക്കുന്ന ആണിനും പെണ്ണിനും ഇസ്ലാം വെളുപ്പിനെ പ്രേരിപ്പിച്ചതു തന്നെ കേവലം ഭൗതികം എന്ന നിലക്കാണ്. പരലോകത്ത് പുണ്യം ലഭിക്കാത്ത മതപരമായ ഒരു പുണ്യകർമ്മം എന്ന നിലക്കുമല്ല. മതം എന്ന നിലക്കാണെങ്കിൽ നബി(സ) അധിക സമയവും വെളുത്ത വസ്ത്രമാണ് ധരിക്കുക. എന്നാൽ അവിടുന്ന് അധിക സമയവും ധരിക്കാറുള്ളത് മഞ്ഞ നിറമുള്ള വസ്ത്രമാണ്. സ്വഹീഹുൽ ബുഖാരി ഉദ്ധരിക്കുന്ന ഹദീസ് തന്നെ ഇതു വ്യക്തമാക്കുന്നുണ്ട്. ഉബൈദ്(റ) ഒരിക്കൽ ഇബ്നു ഉമറിനോട് പറഞ്ഞു: “നിങ്ങൾ നിങ്ങളുടെ സ്നേഹിതന്മാർ ആരും ചെയ്യാത്ത നാല് കാര്യങ്ങൾ ചെയ്യുന്നതായി ഞാൻ കാണുന്നു...... അതേ പ്രകാരം നിങ്ങൾ മഞ്ഞ ചായം ഉപയോഗിക്കുന്നതായും ഞാൻ കാണുന്നു. ഇബ്നുഉമർ(റ) പറഞ്ഞു: മഞ്ഞച്ചായത്തിന്റെ കാര്യം അങ്ങനെ തന്നെ. ആ ചായം നബി(സ) ഉപയോഗിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. തന്മൂലം ഞാനും അത് ഉപയോഗിക്കുന്നു.” (സ്വഹീഹുൽ ബുഖാരി: വസ്ത്ര ധാരണത്തിന്റെ അധ്യായം. കിതാബുല്ലിബാസ്). നബി(സ) ജുമുഅ: ദിവസവും രണ്ടു പെരുന്നാൾ ദിവസവും വെള്ള വസ്ത്രമല്ല ധരിക്കാറുള്ളത്. മറ്റു കളറുള്ള വസ്ത്രങ്ങളാണ് ഉപയോഗിച്ചിരുന്നത്. ഇബ്നു ഖയ്യിം(റ) എഴുതുന്നു: നബി(സ) വെള്ളിയാഴ്ച ദിവസവും രണ്ടു പെരുന്നാൾ ദിവസവും ഏറ്റവും ഭംഗിയുള്ള വെള്ള വസ്ത്രമാണ് ധരിക്കുക. അവിടുന്നു ചിലപ്പോൾ പച്ച നിറമുള്ള വസ്ത്രം ഉപയോഗിക്കും. മറ്റു ചിലപ്പോൾ ചുവപ്പു നിറമുള്ള വസ്ത്രവും ഉപയോഗിക്കും. (സാദുൽ മആദ് 1-441). നബി(സ) ചുവപ്പ് നിറമുള്ള വസ്ത്രം ധരിച്ചത് സ്വഹീഹുൽ ബുഖാരിയിൽ തന്നെ നിവേദനം ചെയ്യുന്നു.

**മുസ്‌ലിം സ്ത്രീകൾ തന്നെ ഖുർആൻ പഠിച്ച് ഇസ്ലാമിനെ ഗ്രഹിക്കുക. സ്ത്രീകളുടെ വിഷയം പുരുഷന്മാർക്ക് മാത്രം വിട്ടു കൊടുക്കാതെ സ്ത്രീകളും അതിൽ പങ്കാളികളാകുക. കാരണം പുരുഷമേധാവിത്വം ഖുർആൻ വ്യാഖ്യാതാക്കളെയും കർമ്മശാസ്ത്ര പണ്ഡിതന്മാരെയും സ്വാധീനിച്ചതിന് ധാരാളം തെളിവുകൾ തഫ്സീറുകളിലും കർമ്മശാസ്ത്ര ഗ്രന്ഥങ്ങളിലും കാണാം.**

**2.** ആയിശ(റ) നിവേദനം: ശ്രേഷ്ഠ വനിതകളായ സ്വഹാബി സ്ത്രീകൾ അവരുടെ 'മുറൂത്ത' ശരീരത്തിൽ ചുറ്റിപ്പൊതിഞ്ഞു കൊണ്ടു സുബ്ഹ് നമസ്കാരത്തിൽ പങ്കെടുക്കാറുണ്ട്. (ബുഖാരി, മുസ്ലിം). മുറൂത്തിന് ലിസാനുൽ അറബിൽ പച്ച വസ്ത്രം എന്നും അർത്ഥം നൽകുന്നതു കാണാം. (ലിസാനുൽ അറബി: 13-83). കറുത്ത വസ്ത്രം നബി(സ) സ്ത്രീക്കോ പുരുഷനോ പ്രോത്സാഹിപ്പിച്ചിട്ടില്ല. ഒരൊറ്റ ഹദീസിലും അതു നിവേദനം ചെയ്യുന്നില്ല. വെളുപ്പിന്റെയും കറുപ്പിന്റെയും വിഷയത്തിൽ ശാസ്ത്രതത്വം ഇസ്ലാം ഉൾക്കൊള്ളുന്നു. അതുപോലെ ഓരോ മനുഷ്യനും പ്രത്യേക നിറത്തോടു താൽപര്യമുണ്ടാവും. ഇത് മിക്കവാറും അവന്റെ പ്രകൃതി സ്വഭാവവുമായി ബന്ധപ്പെട്ടതുമാണ്.

### അവരുടെ തെളിവ്

ഉമ്മു സലമ(റ) നിവേദനം:- അവരുടെ ജിൽബാബ് താഴ്ത്തിയിടട്ടെ എന്ന സൂക്തം അവതരിക്കപ്പെട്ടപ്പോൾ അൻസാരീ സ്ത്രീകൾ പുറപ്പെട്ടു. അവരുടെ തലകളിൽ ഗിർബാൻ പോലെ വസ്ത്രത്തിൽ നിന്ന് ഉണ്ടായിരുന്നു. (അബൂദാവൂദ്).

### മറുപടി

**1.** ഈ ഹദീസ് ഇവർക്കു തന്നെ എതിർ രേഖയാണ്. പർദ്ദ ധരിക്കുവാൻ ഇവർ ഈ ആയത്താണ് ഉദ്ധരിക്കാറുള്ളത്. ഹദീസിൽ പറയുന്നത് ഈ ആയത്ത് അവതരിപ്പിച്ചപ്പോൾ അൻസാരീ സ്ത്രീകൾ തല മറച്ചു എന്നാണ്. പർദ്ദ ധരിച്ചു എന്നല്ല.

**2.** ഇതു ഹദീസുമല്ല. നബി(സ) കറുത്ത വസ്ത്രം ധരിക്കുവാൻ പ്രോത്സാഹിപ്പിച്ചു എന്ന് ഇതിൽ പറയുന്നില്ല.

**3.** അൻസാരീ സ്ത്രീകൾ ധരിച്ചതു കൊണ്ട് അനുവദനീയം എന്ന് മാത്രമേ ലഭിക്കുകയുള്ളൂ.

**4.** ഹദീസിൽ പ്രയോഗിക്കുന്നത് ഗിർബാൻ പോലെ തലയിൽ ഉണ്ടായിരുന്നു എന്നാണ്. തലയുടെ നിറം പറയുകയല്ല. നിറം പറയുകയാണെങ്കിൽ ആയത്ത് അവതരിപ്പിക്കുന്ന മുമ്പാണ് ഇപ്രകാരം പറയുവാൻ ഏറ്റവും അവകാശപ്പെടുക. കാരണം അക്കാലത്തു അവർ തീരെ തലമുടി മറച്ചിരുന്നില്ല. കറുപ്പ് അപ്പോഴാണ് കൂടുതലായി ഉണ്ടാവുക.

**5.** ഗിർബാൻ എന്ന പദത്തിന് കാക്ക, മഞ്ഞുകട്ട, ആലിപ്പഴം, പഴയ കാലത്തെ ഒരു തരം കപ്പൽ മുതലായ അർത്ഥങ്ങളുണ്ട്. തലയിൽ അവർ ധരിച്ച വസ്ത്രത്തിന്റെ ഉയരമാണ് ഹദീസിൽ വിവക്ഷിക്കുന്നത്.

**6.** ഈ ഹദീസ് വളരെ ദുർബലമായ ഒരു വാറോലയുമാണ്. ശവത്തിന്റെ ജാതകം നോക്കേണ്ടതില്ലല്ലോ. ഇതിന്റെ പരമ്പരയിലുള്ള മുഹമ്മദ് ബ്നു ഉബൈദ്, ഇബ്നു ഖൈസമ് മുതലായവർ ദുർബലന്മാരും വിമർശിക്കപ്പെട്ടവരുമാണ്. ഇബ്നു സൗറ് ആരാണെന്നു വ്യക്തമല്ല. ഒരു ഹദീസിന്റെ പരമ്പരയിൽ വന്ന ഒരു വ്യക്തി വിമർശിക്കപ്പെട്ടവനായാൽ തന്നെ ഹദീസ് ദുർബ്ബലമാകുന്നതാണ്. ഒരാളെക്കുറിച്ച് വിമർശനവും പ്രശംസയും ഉണ്ടായാൽ വിമർശനത്തിന് മുൻഗണന നൽകപ്പെടും.

അല്ലാഹു പറയുന്നു:- **"വിവാഹമോചിതയായ സ്ത്രീകൾക്ക് മാന്യമായ നിലക്ക് മതാഅ് ഉണ്ട്. ഇതു മുത്തഖീങ്ങളുടെ മേൽ അവകാശപ്പെട്ടതാണ്." (സൂറ: അൽ ബഖറ.241).** ആയത്തിൽ പറയുന്ന മതാഅ് മഹറാണെന്നും അതുതന്നെ മുത്തഖീങ്ങൾക്കാണെന്നും ഞങ്ങൾ സാധാരണ മുസ്ലിംകളാണെന്നും ഒരു വക്കീൽ കോടതിയിൽ വാദിച്ചതല്ല. പേഴ്സണൽ ബോർഡ് സുപ്രീംകോടതിയിൽ അഫിഡവെറ്റ് നൽകി വാദിച്ചതാണ്. ഇതു വിളിച്ചു പറയുന്നത് മുസ്ലിം സ്ത്രീകൾക്ക് നീതിയും സത്യവും ഏതെങ്കിലും ബോർഡിൽ നിന്നോ കമ്മീഷണറിൽ നിന്നോ ലഭിക്കുകയില്ല എന്നതാണ്. മുസ്ലിം സ്ത്രീകൾക്ക് നീതിയും സത്യവും ഏതെങ്കിലും ലഭിക്കാനുള്ള മാർഗ്ഗം ഞാൻ കാണുന്നത് താഴെ വിവരിക്കാം.

**1.** മുസ്‌ലിം സ്ത്രീകൾ തന്നെ ഖുർആൻ പഠിച്ച് ഇസ്ലാമിനെ ഗ്രഹിക്കുക. സ്ത്രീകളുടെ വിഷയം പുരുഷന്മാർക്ക് മാത്രം വിട്ടു കൊടുക്കാതെ സ്ത്രീകളും അതിൽ പങ്കാളികളാകുക. കാരണം പുരുഷമേധാവിത്വം ഖുർആൻ വ്യാഖ്യാതാക്കളെയും കർമ്മശാസ്ത്ര പണ്ഡിതന്മാരെയും സ്വാധീനിച്ചതിന് ധാരാളം തെളിവുകൾ തഫ്സീറുകളിലും കർമ്മശാസ്ത്ര ഗ്രന്ഥങ്ങളിലും കാണാം.

**2.** യാതൊരു മതസംഘടനയോടും പ്രത്യേകം വിധേയത്വം ഇല്ലാത്ത മതപണ്ഡിതന്മാരും മുസ്ലിം നേതാക്കന്മാരും ഉടലെടുക്കുക.

**3.** മതപണ്ഡിതന്മാർ രാഷ്ട്രീയക്കാരോടും ഭരണാധികാരികളോടും ബന്ധം സ്ഥാപിക്കുക.

**4.** പരലോക വിശ്വാസവും അല്ലാഹുവിലുള്ള വിശ്വാസവും ബലപ്പെടുത്താൻ ശ്രമിക്കുക. ഇവ പ്രസംഗിക്കുവാനുള്ള വിഷയമായി മാത്രം കാണാതിരിക്കുക.

**5.** ഗൾഫിലെ പണ്ഡിതന്മാരോടു വിധേയത്വം പുലർത്താതിരിക്കുക.

## വർഗ്ഗീയതയും ഭക്തിയും

ഭക്തിപ്രസ്ഥാനങ്ങൾ മനുഷ്യർക്കിടയിൽ സമഭാവനയും ഐക്യമത്യവും ഊട്ടിയുറപ്പിച്ചു. എന്നാൽ വിദേശ ശക്തികൾ വർഗ്ഗീയത വളർത്തി നമ്മെ തമ്മിലടിപ്പിച്ചു.

**(ഡോ. അനിൽ വള്ളത്തോൾ)**

### ആരാണീ മിർസാഗുലാം- 5

# മുബാഹല നടത്തിയതും പാളീസായി

അബ്ദുൽ മാലിക് തിരുവിലാമല

**പെ**ഷവാറിലെ ആര്യസമാജ നേതാവും നിയന്ത്രണമില്ലാത്ത വാചാലനുമായ പണ്ഡിറ്റ് ലേഖറാം എന്ന വ്യക്തി മീർസാഗുലാമുമായി വമ്പിച്ച വാക്കേറ്റത്തിലും തർക്കത്തിലുമായിരുന്നു. അതുമുഖേന ഇസ്ലാമിനെയും മുസ്ലിംകളെയും പ്രവാചകൻ മുഹമ്മദ് നബി(സ)യെയും അസഭ്യം വിളിക്കാൻ അവസരമൊരുങ്ങി. പ്രവാചകവാദം ഉന്നയിക്കുന്നതിനു മുമ്പു തന്നെ അവർ തമ്മിൽ പ്രശ്നങ്ങളുണ്ടായിരുന്നു. 1886-ൽ 'സുർമയേ ചശ്മേ ആരിയാ' എന്ന പുസ്തകം മീർസാ സാഹിബ് എഴുതിയതു മുതൽ ആര്യസമാജ നേതാക്കളെ മുബാഹലക്കായി വെല്ലു വിളിച്ചു കൊണ്ടിരുന്നു. (ഇരു കക്ഷികളിൽ സത്യത്തിന്റെ ആളുകൾക്ക് വിജയവും അസത്യവാന്മാർക്കു നാശത്തിനുമായി പരസ്യമായി നടത്തപ്പെടുന്ന ശാപ പ്രാർത്ഥനയാണ് മുബാഹല). പ്രാർത്ഥനയുടെ ഫലപ്രാപ്തിക്ക് ഒരു വർഷം അവധിയും മീർസ പ്രഖ്യാപിച്ചു. ഒരു വർഷത്തിനുള്ളിൽ മീർസക്കു വല്ല നാശവും പറ്റി, അല്ലെങ്കിൽ എതിരാളിക്കു നാശമൊന്നും സംഭവിച്ചില്ലെങ്കിൽ മീർസ പിഴയായി അഞ്ഞൂറു രൂപ എതിരാളിക്കു കൊടുക്കേണ്ടതുണ്ടെന്നും മീർസാ സാഹിബ് കരാർ വെച്ചു. പണ്ഡിറ്റ് ലേഖാറാം ഈ വെല്ലുവിളി ഏറ്റെടുത്തു. 1888-ലാണ് മുബാഹല പ്രഖ്യാപിച്ചത്. നിബന്ധനയനുസരിച്ച് 1889-ൽ പണ്ഡിറ്റിനു നാശം ഭവിക്കേണ്ടതാണല്ലോ. പക്ഷെ, ഒന്നും ആർക്കും സംഭവിച്ചില്ല. പിന്നീടു തന്റെ സത്യതക്കു ആകാശ ദൃഷ്ടാന്തം (മുഅ്ജിസത്ത്) കാട്ടിത്തരാമെന്നു മീർസ അവകാശപ്പെട്ടു കൊണ്ടിരുന്നു. അങ്ങനെ അത്ഭുത സംഭവം നടന്നാൽ ചെയ്യേണ്ടതിനെക്കുറിച്ച് അവർ കരാറിലേർപ്പെട്ടിരുന്നു.

കരാർ പ്രകാരം"ലേഖറാമിനെക്കുറിച്ച് മീർസ നടത്തുന്ന പ്രവചനം സത്യമായി പുലർന്നിട്ടില്ലെങ്കിൽ ഹിന്ദുമതം സത്യമാണ്. അപ്പോൾ പ്രവചനം നടത്തിയ മീർസ ഹിന്ദുമതം സ്വീകരിക്കണം. അല്ലെങ്കിൽ 360 രൂപ ലേഖറാമിന്ന് കൊടുക്കണം. അതല്ല പ്രവചനം സത്യമായി പുലർന്നാൽ ഇസ്ലാം സത്യമതമായി. പണ്ഡിറ്റ് ഇസ്ലാം സ്വീകരിക്കണം." (ഇസ്തിഫ്താ മുസന്നഫാ, മീർസാ സാഹിബ്. പേ.9) മേൽ കരാറനുസരിച്ച് അത്ഭുതം നടക്കാനുള്ള കാലാവധി മറ്റൊരു പ്രസ്ഥാവനയിലൂടെ മീർസ പറഞ്ഞത് 6 വർഷമാണ്. അപ്പോൾ 1899-ലെ ഫെബ്രുവരി 20 ആണ് ആ തിയ്യതി. പക്ഷെ അതുവരെ യാതൊരത്ഭുത ആകാശ സംഭവവും നടന്നിട്ടില്ല. ഏറ്റവും ചുരുങ്ങിയത് കരാർ പാലിക്കപ്പെടുന്ന അവധി വരെയെങ്കിലും

ലേഖാറാം ജീവിച്ചിരിക്കണമായിരുന്നുവല്ലോ. അതും ഉണ്ടായില്ല. കുറച്ചു കാലം. 1897 മാർച്ച് 6-ാം തിയ്യതി ലേഖാറാമിനെ ആരോ കുത്തിക്കൊല്ലുകയായിരുന്നു സംഭവിച്ചത്. യാതൊരു ആകാശാത്ഭുത സംഭവവും നടന്നില്ല. അങ്ങനെ അദ്ദേഹത്തെ ഇസ്ലാം സ്വീകരിച്ചവനാക്കാനും കഴിഞ്ഞില്ല. പ്രവചനം പുലരാൻ അതാണല്ലോ ആവശ്യം.

ലേഖാറാം കൊല്ലപ്പെട്ടത് തന്റെ പ്രവചന സാക്ഷാത്ക്കാരമാണെന്നാണ് പിന്നീട് മീർസ പറയാൻ തുടങ്ങിയത്. അദ്ദേഹം ജീവിച്ചിരിക്കുന്ന കാലത്ത് തന്നെ സത്യം പുലരുന്ന അവസ്ഥ സംജാതമാകുമെന്നതായിരുന്നു പ്രവചനത്തിന്റെ പൊരുൾ. അത് പാലിക്കപ്പെടാതെ യാദൃശ്ചികമായുണ്ടായ ലേഖാറാമിന്റെ മരണത്തെ പ്രവചന ഫലമെന്ന് ലജ്ജയില്ലാതെ മീർസാ സാഹിബ് വീണതു വിദ്യയാക്കിത്തീർത്തു. ഇതു വിശ്വസിക്കാൻ ബുദ്ധിയുള്ളവരിൽ ആരെയും ലഭിക്കുകയില്ലല്ലോ. മുബാഹല യുടെ കാലാവധി ഒരു വർഷം മാത്രമായിരുന്നു. അത് 1889 ൽ അവസാനിച്ചിരുന്നു. അതിന്നിടയിലാണ് ലേഖാറാമിന്റെ മരണമെങ്കിൽ പ്രവചനഫലമെന്നവകാശപ്പെടാമായിരുന്നു. ആ തിയ്യതിയും കഴിഞ്ഞ് 8 വർഷത്തിനു ശേഷം 1897 -ലാണ് നിഗൂഢമായ സാഹചര്യത്തിൽ ലേഖാറാം കൊല്ലപ്പെട്ടത്. ഇത് അദൃശ്യ ലോകത്തു നിന്നുണ്ടായ ആകാശാത്ഭുത സംഭവമല്ല. അദ്ദേഹത്തിന്റെ കൊലപാതകത്തിൽ ആർക്കാണ് പങ്ക് എന്നതിലെ ദുരൂഹത ഇന്നും തുടരുന്നു. അതാരിൽ ചെന്നെത്തുമെന്നതിൽ ഊഹിക്കാനേ വഴിയുള്ളൂ.

**ആകാശവിവാഹം: ഭൂമിയിൽ പൊളിഞ്ഞു**

മീർസാ സാഹിബ് വ്യാജ പ്രവാചകനാണെന്നു തെളിയിക്കുന്ന മറ്റൊരു പ്രവചനം പൊളിഞ്ഞു പാളീസായ കഥ കേൾക്കുക:

പഞ്ചാബിലെ ഹോശിയാർ പൂരിൽ മീർസാ സാഹിബിന്റെ പിതൃസഹോദരിൽ ഒരാളായ അഹ്മദ് ബേഗിന്റെ പുത്രി മുഹമ്മദീ ബീഗത്തെ വിവാഹം ചെയ്യുമെന്ന് ദിവ്യവെളിപാടുണ്ടായിട്ടുണ്ടെന്നദ്ദേഹം പ്രഖ്യാപിച്ചു. അവസരം തനിക്കനുകൂലമായി വന്നപ്പോൾ അഹമദ് ബേഗിനു രഹസ്യമായി കത്തെഴുതി. മുഹമ്മദീ ബീഗത്തെ തനിക്കു വിവാഹം

**ലേഖാറാം കൊല്ലപ്പെട്ടത് തന്റെ പ്രവചന സാക്ഷാത്ക്കാരമാണെന്നാണ് പിന്നീട് മീർസ പറയാൻ തുടങ്ങിയത്. അദ്ദേഹം ജീവിച്ചിരിക്കുന്ന കാലത്ത് തന്നെ സത്യം പുലരുന്ന അവസ്ഥ സംജാതമാകുമെന്നതായിരുന്നു പ്രവചനത്തിന്റെ പൊരുൾ. അത് പാലിക്കപ്പെടാതെ യാദൃശ്ചികമായുണ്ടായ ലേഖാറാമിന്റെ മരണത്തെ പ്രവചന ഫലമെന്ന് ലജ്ജയില്ലാതെ മീർസാ സാഹിബ് വീണതു വിദ്യയാക്കിത്തീർത്തു. ഇതു വിശ്വസിക്കാൻ ബുദ്ധിയുള്ളവരിൽ ആരെയും ലഭിക്കുകയില്ലല്ലോ.**

ചെയ്തു തന്നാൽ ഉണ്ടാകാവുന്ന ദിവ്യനുഗ്രഹവും അല്ലാതിരുന്നാലുണ്ടാകാവുന്ന വിപത്തുകളും വഹ്യിലൂടെ തനിക്കു വന്നിട്ടുണ്ടെന്നും മറ്റും പറഞ്ഞു കൊണ്ടായിരുന്നു രഹസ്യ സ്വഭാവമുള്ള ആ കത്ത്. എന്നാൽ അഹ്മദ് ബേഗിന്റെ കുടുംബം അതറിഞ്ഞതോടെ കത്ത് പരസ്യമായി. കുടുംബം ഒന്നടങ്കം ആ വിവാഹത്തിനു എതിർ നിന്നു. 1888 ജൂലൈ 10-ന് മീർസാഹിബ് ഒരു വിജ്ഞാപനത്തിലൂടെ വിവാഹം നടത്താൻ പോകുന്നതിന്റെ വിശദ വിവരങ്ങൾ ഏകപക്ഷീയമായി പരസ്യപ്പെടുത്തി. എന്തു ത്യാഗം സഹിച്ചും വിവാഹം നടത്തണമെന്ന ഉറച്ച തീരുമാനത്തോടെ ഭീഷണികളോടെ ചില പ്രവചനങ്ങളും നടത്തി. സർവ്വശക്തനായ അല്ലാഹു എന്നോടിത് കൽപ്പിച്ചിട്ടുണ്ട്. അതൊരനുഗ്രഹമാണ്. അഹ്മദ് ബേഗിനെ ഇതറിയിക്കാൻ അല്ലാഹു നിർദ്ദേശിച്ചിട്ടുണ്ട്. ഈ വിവാഹാനന്തരം പിൻതലമുറയും പരമ്പരയും വർദ്ധിക്കാനിടവരുമെന്നും ദൈവാനുഗ്രഹം ചുറ്റുപാടും വർഷിക്കുമെന്നും അദ്ദേഹം അറിയിച്ചു. തകർന്നടിഞ്ഞ കുടുംബം ഐശ്വര്യമാകും. അന്ത്യനാൾ വരെ തന്റെ വംശം വളർന്നു പന്തലിക്കും എന്നിങ്ങനെ വിശദമായ ദിവ്യ സന്ദേശങ്ങൾ വന്നിട്ടുണ്ട്. (മജ്മൂഅയേ ഇശ്തിഹാറത്ത്, മസീഹ് മൗഊദ് വാള്യം 1/ പേജ്: 12 കാണുക).

വിവാഹാഭ്യർത്ഥന നിരസിച്ചാൽ ആ പെൺകുട്ടിയുടെ അന്ത്യം ദുഖകരമാവും. വേറെ വിവാഹം ചെയ്താൽ രണ്ടര വർഷത്തിനുള്ളിൽ ആ ഭർത്താവും മൂന്നു വർഷത്തി

നുള്ളിൽ പിതാവും മരണമടയുന്നതാണ്. ആ വീട്ടിൽ കഷ്ടപ്പാടും ഛിദ്രതയും ഉണ്ടാവുക മൂലം പെൺകുട്ടി ജീവിതാന്ത്യം വരെ ദുഃഖപൂർണ്ണ ജീവിത ദുരന്തത്തിലാകും. ഇതെല്ലാം അല്ലാഹുവിനോട് 'ഇസ്തിഖാറ' നടത്തിയപ്പോൾ ലഭിച്ച വെളിപാടുകളാണ്. എന്തായാലും എല്ലാ പ്രതിബന്ധങ്ങളും തരണം ചെയ്ത് അവളെ ഭാര്യയാക്കുന്നതാണ്. അതോടെ നിഷേധികളായവർ മുസ്ലിംകളാകും. ദുർമാർഗികൾ സന്മാർഗികളാകും. (മേൽ കൃതി, പേ: 14, 15). അവസാനം മുഹമ്മദീ ബീഗത്തെ അല്ലാഹു ആകാശത്തു വെച്ച് തനിക്കു നിക്കാഹ് ചെയ്തു തന്നിട്ടുണ്ടെന്നു 1891 ഡിസംബറിൽ അദ്ദേഹം പ്രഖ്യാപിച്ചു.

ഫൈസലേ ആസ്മാനീ. പേജ് 40-ൽ അദ്ദേഹം എഴുതി. ''അല്ലാഹുവാണാ സത്യം. സംഭവിക്കാൻ പോകുന്ന ആ വിവാഹത്തെ നിങ്ങൾക്കാർക്കും തടയാൻ കഴിയില്ല. അല്ലാഹു പറഞ്ഞു: നാം തന്നെ അവളെ താങ്കൾക്ക് നിക്കാഹ് ചെയ്തു തന്നു കഴിഞ്ഞു. എന്റെ തീരുമാനങ്ങളെ ആർക്കും മാറ്റി മറിക്കാൻ കഴിയില്ല." ആകാശത്തു വെച്ചായിരുന്നു ആ നിക്കാഹ് നടന്നതെന്ന് 'തതിമ്മയേ ഹകീഖത്തുൽ വഹ്യ്' പേജ് 132 ലും പറയുന്നുണ്ട്.

എന്നാൽ അഹ്മദ് ബേഗവും കുടുംബവും മീർസാ സാഹിബിന്റെ ഈ കുതന്ത്രങ്ങളിലൊന്നും കുലുങ്ങിയില്ല. തന്റെ അതീവ സുന്ദരിയായ മുഹ്മ്മദീ ബീഗത്തെ ലാഹോറിലെ പട്ടി ജില്ലക്കാരൻ സുൽത്താൻ മുഹമ്മദ് എന്ന പട്ടാളക്കാരൻ യുവാവുമായി വിവാഹം നിശ്ചയിച്ചു. മീർസാ സാഹിബ് ഇതറിഞ്ഞതോടെ ഇടിവെട്ടേറ്റവനെപ്പോലെയായി. പിന്നീട് ആ വിവാഹം മുടക്കാനും സുൽത്താൻ മുഹമ്മദിനെ പിന്തിരിപ്പിക്കാനും സാധ്യമാകുന്നത്ര ഭീഷണിയും പ്രകോപനവും പ്രലോഭനവും മറ്റനേകം കുതന്ത്രങ്ങളും പയറ്റി നോക്കി. വിവാഹ നടത്തിപ്പിന്റെ ചുമതലയുള്ളവരെ പണം കൊടുത്തു വശീകരിക്കാൻ വരെ ശ്രമങ്ങൾ നടത്തി. മീർസാ സാഹിബിന്റെ പുത്രൻ അഹ്മദ് ബേഗിന്റെ ഒരു സഹോദരീ പുത്രിയെയായിരുന്നു വിവാഹം കഴിച്ചിരുന്നത്. മുഹമ്മദീ ബീഗത്തെയെങ്ങാനും തനിക്ക് വിവാഹം ചെയ്തു തന്നിട്ടില്ലെങ്കിൽ തന്റെ മകനെക്കൊണ്ട് അഹ്മദ് ബേഗിന്റെ സഹോദരി പുത്രിയെ ത്വലാഖ് ചെയ്യിക്കുമെന്ന് ഭീഷണി മുഴക്കി. മാതാവിനു കത്തയപ്പിച്ചു. പക്ഷെ, ഇതെല്ലാം തകർന്നടിഞ്ഞു. 1892 ഏപ്രിൽ 7-ാം തിയ്യതി സുൽത്താൻ മുഹമ്മദ്, മുഹമ്മദീ ബീഗത്തെ വിവാഹം ചെയ്തു. മീർസാ ഗുലാം അഹ്മദ് സാഹിബ് ആകാശ വിവാഹം നടത്തിയ കസ്തൂരി മാമ്പഴം കാക്ക കൊത്തി കൊണ്ടുപോയി. മീർസാ സാഹിബിന്റെ സപ്തനാഡികളും തളർന്നു. ഒന്നും സംഭവിച്ചില്ല. പ്രവചിച്ച പോലെ പുതുമാരൻ രണ്ടര വർഷത്തിനുള്ളിൽ മരിക്കുമെന്നതും നടന്നില്ല. 1908- മേയിൽ മീർസാഗുലാം അഹ്മദ് സാഹിബ് മരിക്കുമ്പോഴും സുൽത്താൻ മുഹമ്മദും മുഹമ്മദീ ബീഗവും ആരോഗ്യവാന്മാരായി ദമ്പതിമാരായി ജീവിച്ചു കൊണ്ടിരുന്നു. മീർസാ സാഹിബിന്റെ മരണശേഷം മുഹമ്മദീ ബീഗം 58 വർഷം പിന്നെയും ജീവിച്ചു. (1944 നവംബർ 19 ശനിയാഴ്ച തന്റെ തൊണ്ണൂറാം വയസ്സിൽ മരിച്ചു.) അസൂയാർഹമായ കുടുംബ ഐശ്വര്യത്തോടെയും സമ്പത്തോടെയും സന്താനലാഭത്തോടെയും (പന്ത്രണ്ടു മക്കൾ) അവർ ജീവിച്ചു. എന്റെ മയ്യിത്ത് കാണാൻ പോലും ഒരൊറ്റ ഖാദിയാനിയെയും അനുവദിക്കരുതെന്നു അവർ മരിക്കും മുൻപ് വസ്വിയത്തും ചെയ്തിരുന്നു.

1930-ൽ സുൽത്താൻ മുഹമ്മദ് ലാഹോറിലെ ഗർയാല ജില്ലക്കാരനായ സയ്യിദ് മുഹമ്മദ് ശരീഫിന്നയച്ച കത്തിൽ താനിപ്പോഴും നല്ല ആരോഗ്യവാനായ സമ്പന്നനായി ജീവിക്കുന്നുവെന്ന് പറയുന്ന കത്ത് 1930 നവംബർ 14-ന് അമൃതസർ അഹ്ലേഹദീസ് പത്രം പ്രസിദ്ധീകരിച്ചിരുന്നു. (മീർസയുടെ പ്രവചന പ്രകാരം വിവാഹ ശേഷം രണ്ടര വർഷത്തിന്നപ്പുറം ജീവിക്കാൻ പാടില്ലായിരുന്നു സുൽത്താൻ മുഹമ്മദ്). അങ്ങനെ മീർസയുടെ ഒരു ഗംഭീര പ്രവചനം തുന്നം പാറി. അദ്ദേഹം പ്രവാചകനല്ല എന്നതിന്റെ വ്യക്തമായ ദൃഷ്ടാന്തം!

## ക്രൂരത

ഒരു വ്യക്തിയെപ്പറ്റിയും അദ്ദേഹം പ്രചരിപ്പിച്ച ആശയത്തെപ്പറ്റിയും നുണകൾ മാത്രം പ്രചരിപ്പിച്ച ഒരു കൊടിയ ശത്രുവിന്റെ നാവിൽ നിന്നും തൂലികയിൽ നിന്നും ആ പ്രസ്ഥാനത്തെ മനസ്സിലാക്കിയാൽ അത് ചരിത്രത്തോടു ചെയ്യുന്ന ഏറ്റവും വലിയ ക്രൂരതയായിരിക്കും.

***(സി.പി.ഉമർ സുല്ലമി)***

പ്രശ്നോത്തരി

എ. അബ്ദുസ്സലാം സുല്ലമി

# സ്ത്രീകളുടെ മേൽ പുരുഷ മേധാവിത്വം

**സ്ത്രീകൾക്ക് അന്യപുരുഷന്റെ കായിക വിനോദം വരെ കണ്ടു നിൽക്കാമെന്ന് മുഹമ്മദ് നബി(സ) പ്രഖ്യാപിച്ചിട്ടും ചില പണ്ഡിതന്മാർ അതിനെ നിഷിദ്ധമാക്കുന്നു. അന്ധനായ ഇബ്നു ഉമ്മി മക്തൂം കയറി വന്നപ്പോൾ നബി(സ) തന്റെ ഭാര്യമാരോട് വീട്ടിന്റെ അകത്തേക്ക് പോകാൻ പറഞ്ഞതായ ഒരു വാറോല ഇവർ ഇതിന് തെളിവു പിടിക്കുന്നു. എന്നാൽ ഫാതിമത്ബിൻതുഖൈസിനെ അവളുടെ ഭർത്താവ് വിവാഹമോചനം ചെയ്തപ്പോൾ ഭർത്താവിന്റെ വീട്ടിൽ ഇദ്ദ ഇരിക്കുവാൻ പ്രയാസമായതിനാൽ ഈ അന്ധന്റെ വീട്ടിൽ ഇദ്ദ ഇരിക്കുവാൻ നബി(സ) അവളോടു കൽപിച്ചതും അയാൾ അന്ധനായതിനാൽ നിനക്ക് നിന്റെ വസ്ത്രം അഴിച്ചു വെക്കാം എന്നും നബി(സ) അവളോട് പറഞ്ഞ ഇമാം മുസ്ലിം ഉദ്ധരിച്ച ഹദീസിനെ ഇവർ ദൂരെ വലിച്ചെറിയുകയും ചെയ്യുന്നു.**

***ചോദ്യം:1.***

സ്ത്രീകളോടുള്ള പുരുഷ മേധാവിത്വം പൂർവ്വീക പണ്ഡിതന്മാരിൽ സ്വാധീനിച്ചിട്ടുണ്ടെന്നതിന് തെളിവുകൾ ഉദ്ധരിക്കാമോ?

/ **ആയിശ. കോഴിക്കോട്**

***ഉത്തരം:***

സ്ത്രീകളുടെ വിഷയത്തിൽ മുസ്ലിം പണ്ഡിതന്മാർ അന്നും ഇന്നും നൽകുന്ന മതവിധികൾ കണ്ടാൽ പുരുഷ മേധാവിത്വം അവരെ സ്വാധീനിക്കുന്നുണ്ടോ എന്നാരെങ്കിലും സംശയിച്ചാൽ അവന്റെ മേൽ കുതിര കയറേണ്ടതില്ല. ചില ഉദാഹരണങ്ങൾ മാത്രം ഉദ്ധരിക്കാം.

**1.** ഭാര്യക്ക് രോഗമായാൽ ഭർത്താവ് അവളെ ചികിത്സിക്കേണ്ടതില്ല. മരുന്നിനും ഡോക്ടർക്കും ഉള്ള പ്രതിഫലം നൽകേണ്ടതില്ല. അതിന് കാരണം ഭാര്യ കേവലം വാടക വീടു പോലെയാണ്. വാടകവീട് കേടുവന്നാൽ അത് നന്നാക്കേണ്ടത് വാടകക്കാരനല്ല; പ്രത്യുത അതിന്റെ ഉടമസ്ഥനാണ്. ഇപ്രകാരം മതവിധി നൽകുന്നത് ശാഫിഈ മദ്ഹബിന്റെ ഗ്രന്ഥങ്ങളിലും ഹനഫീ മദ്ഹബിന്റെ ഗ്രന്ഥങ്ങളിലും കാണാം. (ഉദാ: ഫത്ഹുൽ മുഈൻ, ഇആനത്ത്, ഫതാവാ ആലം കീരിയ്യ). ഇത്തരം കിത്താബുകൾ പള്ളി ദർസുകളിൽ മതവിധിയായി പഠിപ്പിക്കുന്നതിന് എതിരായിട്ടാണ് കേസ് നൽകേണ്ടത്. മുഖവും കൈപടങ്ങളും കാൽപാദങ്ങളും ശരിക്കും മറക്കുന്ന നിലക്ക് പർദ്ദയല്ലാത്ത വസ്ത്രം ധരിക്കാം എന്ന് പറയുന്നവർക്ക് എതിരായിട്ടല്ല.

**2.** വിശുദ്ധ ഖുർആനിലെ ആയത്തുകളെ തെറ്റായി വ്യാഖ്യാനിച്ച് മുസ്ലിം സ്ത്രീകൾക്ക് സ്വർഗ്ഗത്തിൽ വെച്ചും അല്ലാഹുവിനെ ദർശിക്കാൻ സാധ്യമല്ലെന്ന് ശാഫിഈ മദ്ഹബിന്റെ ഗ്രന്ഥങ്ങളിൽ മതവിധി നൽകുന്നതു കാണാം. പുരുഷന്മാർക്ക് മാത്രമേ അതിന്ന് സാധിക്കുകയുള്ളൂ എന്ന് ജൽപിക്കുന്നു. പരലോകത്തും അവർ കൂടാരത്തിൽ ഇരിക്കേണ്ടവരാണ്. അതിനാൽ അല്ലാഹുവിനെ കാണാൻ സാധ്യമല്ല. (ഇബ്നു ഹജറിൽ ഹൈത്തമീയുടെ ഫതാവാ ഹദീസിയ്യ:).

**3.** നാട്ടിൽ ജലത്തിന്റെ ക്ഷാമമാണ്. വെള്ളം വില കൊടുത്ത് വാങ്ങണം. ഭാര്യക്ക്

വലിയ അശുദ്ധി (ജനാബത്ത്) ഉണ്ടായി. കുളിക്കുവാൻ വെള്ളം ഭർത്താവ് വില കൊടുത്ത് വാങ്ങണം. കാരണം ജനാബത്ത് ഭാര്യക്ക് ഉണ്ടായത് അവൻ കാരണമാണ്. എന്നാൽ ആർത്തവം ഉണ്ടായാൽ വെള്ളത്തിന്റെ വില ഭർത്താവ് നൽകേണ്ടതില്ല. കാരണം ആർത്തവം ഉണ്ടാവാൻ കാരണം ഭർത്താവല്ല. അതിനാൽ ആർത്തവ കുളിക്കുള്ള വില അവളുടെ പിതാവ് ആണ് നൽകേണ്ടത്. പിതാവ് വില കൊടുത്ത് ആർത്തവ കുളിക്കുള്ള വെള്ളം വാങ്ങണം. ശാഫീമദ്ഹബിലെ ഗ്രന്ഥങ്ങളിൽ ഇപ്രകാരം മതവിധി കാണാം. (ഉദാ: ഉംദ:). സ്ത്രീകളെ ഇവർ കേവലം പുരുഷന്റെ കാമവികാരത്തിനുള്ള ഉപകരണമായിട്ട് മാത്രമാണ് ഇവിടെ കണക്കാക്കുന്നത്.

**4.** "വിവാഹമോചിതക്ക് മതാഅ് നൽകുവാൻ അല്ലാഹു കൽപ്പിക്കുന്നു" (അൽബഖറ:) എന്നാൽ ഈ ആയത്ത് ദുർബലമാക്കപ്പെട്ടതാണെന്നും ചില ഖുർആൻ വ്യാഖ്യാതാക്കൾ വ്യാഖ്യാനിക്കുന്നു.

**5.** ഭർത്താവ് മരണപ്പെട്ട സ്ത്രീക്ക് ഇദ്ദ:യുടെ അവസരത്തിൽ അന്യപുരുഷന്മാരെ കാണാമെന്നും അവരോട് സംസാരിക്കാമെന്നും വിശുദ്ധ ഖുർആൻ പറയുന്നു. അവൾക്ക് മതപരവും ഭൗതികവുമായ ആവശ്യങ്ങൾക്ക് പുറത്തു പോകുകയും ചെയ്യാം. എന്നാൽ ഇതെല്ലാം ചില പുരോഹിതന്മാർ നിഷിദ്ധമാക്കുന്നു.

**ശതക്കണക്കിന് തെളിവുകളിൽ ഏതാനും തെളിവുകൾ മാത്രമാണ് മുകളിൽ ഉദ്ധരിച്ചത്. "മതാഅ്" വിവാഹമോചിതർക്ക് നൽകണമെന്നും അല്ലാഹു പറയുന്ന സൂക്തത്തെ പണ്ഡിന്മാർ ദുർവ്യാഖ്യാനം ചെയ്തതിൽ നിന്ന് പുരുഷന്റെ താൽപര്യം സംരക്ഷിക്കുവാനും സ്ത്രീകളെ ചൂഷണം ചെയ്യുവാനും ഖുർആൻ വരെ പുരുഷ പണ്ഡിതന്മാർ ദുർവ്യാഖ്യാനം ചെയ്യുമെന്ന് പകൽ വെളിച്ചം പോലെ സുവ്യക്തമായതാണ്. മറ്റു തെളിവിന്റെ ആവശ്യമില്ല.**

**6.** സ്ത്രീകൾക്ക് പള്ളി വിശുദ്ധ ഖുർആൻ തുറന്നു കൊടുക്കുന്നു. പുരോഹിതന്മാർ പളളിയുടെ വാതിലുകൾ സ്ത്രീകൾക്കു നേരെ കൊട്ടിയടക്കുന്നു.

**7.** കന്യകയായ പുത്രിയാണെങ്കിലും പിതാവിന് അവളുടെ അനുവാദമില്ലാതെ അവളെ വിവാഹം ചെയ്തു കൊടുക്കുവാൻ പാടില്ലെന്ന് മുഹമ്മദ് നബി(സ) പ്രഖ്യാപിക്കുന്നു. ഇത്തരം വിവാഹം ദുർബലപ്പെടുത്തുവാൻ അവൾക്ക് അനുമതിയും നൽകുന്നു. എന്നാൽ അവളുടെ അനുവാദമില്ലാതെ പിതാവിന് അയാൾ ഉദ്ദേശിക്കുന്ന ഏതാൾക്കും (കിഴവന് പോലും) അവളെ വിവാഹം ചെയ്തു കൊടുക്കാമെന്ന് ശാഫിഈ മദഹബ് പറയുന്നു.

**8.** പുരുഷന് അനുവദിച്ച തൊഴിലുകളിൽ യാതൊന്നും ഇസ്ലാം സ്ത്രീകൾക്ക് നിഷിദ്ധമാക്കുന്നില്ല. എന്നാൽ അവൾ ഡ്രൈവിംഗ് ചെയ്യുന്നതു പോലും ചില മുസ്ലിം രാഷ്ട്രങ്ങൾ വരെ നിഷിദ്ധമാക്കുന്നു.

**9.** സ്ത്രീകൾ അന്യപുരുഷന്റെ മുന്നിൽ അവളുടെ മുഖം മറക്കേണ്ടതില്ലെന്ന് മുഹമ്മദ് നബി(സ) പറയുന്നു. എന്നാൽ ചില പുരോഹിതന്മാർ മറക്കൽ അനിവാര്യമാക്കുന്നു.

**10.** സ്ത്രീകൾക്ക് ഇഷ്ടമുള്ള നിറത്തിലുള്ള വസ്ത്രം ധരിക്കാൻ ഇസ്ലാം അനുവദിക്കുന്നു. ചില പുരോഹിതന്മാർ പ്രത്യേകനിറം അടിച്ചേൽപ്പിക്കുന്നു.

**11.** ശകുനത്തിലുള്ള വിശ്വാസം അടിസ്ഥാനരഹിതമാണെന്ന് വിശുദ്ധ ഖുർആൻ ധാരാളം സൂക്തങ്ങളിലൂടെ പ്രഖ്യാപിക്കുന്നു. ഈ വിശ്വാസം അല്ലാഹുവിൽ പങ്ക് ചേർക്കലാണെന്ന് മുഹമ്മദ് നബി (സ) പ്രഖ്യാപിക്കുന്നു. എന്നിട്ടും നബിയുടെ പേരിൽ ഹദീസ് കെട്ടിയുണ്ടാക്കി സ്ത്രീകളിലും വിടുകളിലും വാഹനങ്ങളിലും ശകുനമുണ്ടെന്ന് ചില പണ്ഡിതന്മാർ ജൽപിക്കുന്നു.

**12.** നമസ്കരിക്കുന്ന സ്ത്രീയുടെ മുന്നിലൂടെ പുരുഷൻ നടന്നു പോയാൽ അവളുടെ നമസ്കാരം മുറിയുകയില്ല. എന്നാൽ നമസ്കരിക്കുന്ന പുരുഷന്റെ മുമ്പിലൂടെ സ്ത്രീയും പട്ടിയും കഴുതയും നടന്നു പോയാൽ നമസ്കാരം മുറിയുമെന്ന് പണ്ഡിതന്മാർ പ്രസ്താവിക്കുന്നു. ഹദീസ് വരെ നിർമ്മിച്ചുണ്ടാക്കി.

എന്നാൽ ആയിശ (റ) ഇതിനെയും സ്ത്രീകളിൽ ശകുനമുണ്ടെന്ന് പറഞ്ഞതിനെയും ഖുർആൻ ഓതി എതിർത്തിട്ടും ഇവർ ഇവരുടെ വാദത്തിൽ ഉറച്ചു നിൽക്കുന്നു.

**13.** സ്ത്രീയുടെ ശബ്ദം നഗ്നതയല്ലെന്ന് വിശുദ്ധ ഖുർആനും ധാരാളം ഹദീസുകളും വ്യക്തമാക്കിയിട്ടും ഒരു സംഘം പുരോഹിതന്മാർ അവളുടെ ശബ്ദം നഗ്നതയാണെന്നും അതു കേൾക്കുവാൻ പാടില്ലെന്നും ജൽപിക്കുന്നു.

**14.** സ്ത്രീകൾക്ക് അന്യപുരുഷന്റെ കായിക വിനോദം വരെ കണ്ടു നിൽക്കാമെന്ന് മുഹമ്മദ് നബി(സ) പ്രഖ്യാപിച്ചിട്ടും ചില പണ്ഡിതന്മാർ അതിനെ നിഷിദ്ധമാക്കുന്നു. അന്ധനായ ഇബ്നു ഉമ്മി മക്തൂം കയറി വന്നപ്പോൾ നബി(സ) തന്റെ ഭാര്യമാരോട് വീട്ടിന്റെ അകത്തേക്ക് പോകാൻ പറഞ്ഞതായ ഒരു വാറോല ഇവർ ഇതിന് തെളിവു പിടിക്കുന്നു. എന്നാൽ ഫാത്വിമത്ബിൻ തുഖൈസിനെ അവളുടെ ഭർത്താവ് വിവാഹമോചനം ചെയ്തപ്പോൾ ഭർത്താവിന്റെ വീട്ടിൽ ഇദ്ദ ഇരിക്കുവാൻ പ്രയാസമായതിനാൽ ഈ അന്ധന്റെ വീട്ടിൽ ഇദ്ദ ഇരിക്കുവാൻ നബി(സ) അവളോടു കൽപിച്ചതും അയാൾ അന്ധനായതിനാൽ നിനക്ക് നിന്റെ വസ്ത്രം അഴിച്ചു വെക്കാം എന്നും നബി(സ) അവളോട് പറഞ്ഞ ഇമാം മുസ്ലിം ഉദ്ധരിച്ച ഹദീസിനെ ഇവർ ദൂരെ വലിച്ചെറിയുകയും ചെയ്യുന്നു.

അങ്ങനെ സ്ത്രീകളെ പ്രയാസപ്പെടുത്തുവാൻ ദുർബ്ബലമായ ഹദീസിന്റെ പിന്നാലെ ഓടുന്നു. കാരണം ഈ ഹദീസ് പ്രകാരം മുഖം മറക്കുന്ന കറുത്ത പർദ്ദ ധരിച്ചാലും സ്ത്രീകൾക്ക് പുറത്തിറങ്ങുവാൻ സാധ്യമല്ല. പുരുഷനെ ദർശിക്കേണ്ടി വരുന്നതിനാൽ വീട്ടിന്റെ ഉള്ളിൽ തന്നെ ഇരിക്കേണ്ടി വരും. ചുരുക്കത്തിൽ സ്ത്രീകളെ പ്രയാസപ്പെടുത്തുവാനും അവളെ അപമാനിക്കുവാനും വേണ്ടി പുരുഷന്മാർ നബി(സ)യുടെ പേരിൽ ഹദീസുകൾ വരെ നിർമ്മിച്ചുണ്ടാക്കിയിട്ടുണ്ടെന്ന് നബി പത്നി ആയിശ(റ) തന്നെ പറയുന്നത് ബുഖാരി, മുസ്ലിം പോലെയുള്ള ഹദീസ് ഗ്രന്ഥങ്ങളിൽ തന്നെ കാണാം.

ശതക്കണക്കിന് തെളിവുകളിൽ ഏതാനും തെളിവുകൾ മാത്രമാണ് മുകളിൽ ഉദ്ധരിച്ചത്.

**നമസ്കരിക്കുന്ന സ്ത്രീയുടെ മുന്നിലൂടെ പുരുഷൻ നടന്നു പോയാൽ അവളുടെ നമസ്കാരം മുറിയുകയില്ല. എന്നാൽ നമസ്കരിക്കുന്ന പുരുഷന്റെ മുമ്പിലൂടെ സ്ത്രീയും പട്ടിയും കഴുതയും നടന്നു പോയാൽ നമസ്കാരം മുറിയുമെന്ന് പണ്ഡിതന്മാർ പ്രസ്താവിക്കുന്നു. ഹദീസ് വരെ നിർമ്മിച്ചുണ്ടാക്കി. എന്നാൽ ആയിശ (റ) ഇതിനെയും സ്ത്രീകളിൽ ശകുനമുണ്ടെന്ന് പറഞ്ഞതിനെയും ഖുർആൻ ഓതി എതിർത്തിട്ടും ഇവർ ഇവരുടെ വാദത്തിൽ ഉറച്ചു നിൽക്കുന്നു.**

“മതാഅ്” വിവാഹമോചിതർക്ക് നൽകണമെന്നും അല്ലാഹു പറയുന്ന സൂക്തത്തെ പണ്ഡിന്മാർ ദുർവ്യാഖ്യാനം ചെയ്തതിൽ നിന്ന് പുരുഷന്റെ താൽപര്യം സംരക്ഷിക്കുവാനും സ്ത്രീകളെ ചൂഷണം ചെയ്യുവാനും ഖുർആൻ പുരുഷ പണ്ഡിതന്മാർ ദുർവ്യാഖ്യാനം ചെയ്യുമെന്ന് പകൽ വെളിച്ചം പോലെ സുവ്യക്തമായതാണ്. മറ്റു തെളിവിന്റെ ആവശ്യമില്ല.

## ഗവേഷണ വിഷയവും സമൂഹവും

**ചോദ്യം: 2**

ഗവേഷണപരമായ വിഷയങ്ങളിൽ സമൂഹത്തിന്റെ കൂടെ നിൽക്കണമെന്നതാണ് ഇസ്ലാമിന്റെ രീതി” എന്ന് ചില ഇസ്ലാമിക വാരികകളിൽ എഴുതിക്കണ്ടു. ഇതു ശരിയാണോ?

**/ഫിറോസ്. കോഴിക്കോട്**

**ഉത്തരം:**

എങ്കിൽ മുജാഹിദ് പ്രസ്ഥാനം പിരിച്ചു വിടേണ്ടി വരും. ശിർക്കിനും ബിദ്അത്തിനും മുജാഹിദ് പ്രസ്ഥാനം എതിരാണെന്നും കൂടെ എഴുതി വിടുന്നത് സാധാരണക്കാരെ തൃപ്തിപ്പെടുത്തുവാൻ വേണ്ടി മാത്രമാണ്. ഗവേഷണ വിഷയത്തിൽ സമൂഹത്തിന്റെ കൂടെ നിൽക്കണം എന്നത് ഇസ്ലാമിന്റെ നിയമമാണെങ്കിൽ മുജാഹിദ് പ്രസ്ഥാനം പറയുന്ന പല ശിർക്കുകളും ബിദ്അത്തുകളും അതല്ലാത്ത തൗഹീദും സുന്നത്തുമായി തീരുന്നതാണ്. ചില ഉദാഹരണങ്ങൾ മാത്രം ആദ്യമായി

ഉദ്ധരിക്കുന്നു.

**1.** നബി(സ)യുടെ ഖബർ സന്ദർശിക്കുന്ന സന്ദർഭത്തിൽ നബി(സ)യെ വിളിച്ച് സഹായം തേടാം. അതു ശിർക്കല്ല. നബി(സ) സഹായിക്കുകയും ചെയ്യുമെന്ന് ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ(റ) പറയുന്നുണ്ട്. അതിനു തെളിവായി, ഒരാൾ മഴ ലഭിക്കാതെ ജനങ്ങൾ പ്രയാസപ്പെട്ട സന്ദർഭത്തിൽ ഉമർ(റ)വിന്റെ കാലത്ത് നബി(സ) യുടെ ഖബറിന്റെ അടുത്ത് ചെന്ന് സഹായം തേടിയ ഹദീസ് സ്വഹീഹാക്കിക്കൊണ്ട് പ്രസ്താവിക്കുന്നു. കേരളത്തിലെ ഭൂരിപക്ഷ സമൂഹവും ഇത് പറയുന്നു. ഇവിടെ നാം സമൂഹത്തിന്റെ കൂടെ നിൽക്കാതെ ഖുർആനിന്റെ കൂടെയും സ്വഹാബിവര്യന്മാരുടെ ചര്യയുടെ കൂടെയും നിന്ന് ഇത് ശിർക്കാണെന്ന് പറയുകയും വാദപ്രതിവാദം നടത്തുകയും ചെയ്തു.

**2.** തറാവീഹ് 11 റക്അത്തിൽ അധികം നമസ്കരിക്കാമെന്ന് ഗൾഫിലെ സലഫീ പണ്ഡിതന്മാരും നാല് മദ്ഹബുകളും ഇബ്നുതൈമിയയും മുഹമ്മദ് അബ്ദും സമൂഹവും പറയുന്നു. നാം സമൂഹത്തിന്റെ കൂടെ നിൽക്കാതെ തറാവീഹ് 11 റക്അത്തു നമസ്കരിക്കുന്നവരാണോ സ്വർഗ്ഗത്തിൽ? ഇരുപത്തിമൂന്ന് റക്അത്തു നമസ്കരിക്കുന്നവരാണോ സ്വർഗ്ഗത്തിൽ? എന്ന വിഷയം വച്ച് സുന്നി മുസ്ല്യാക്കന്മാരുമായി വാഴക്കാട് വാദപ്രതിവാദം നടത്തുകയുണ്ടായി. നാം ഗവേഷണപരമായ ഈ വിഷയത്തിൽ സമൂഹത്തിന്റെ കൂടെ നിന്നില്ല. നമുക്ക് നബിചര്യയിൽ നിന്ന് ബോധ്യമായതിന്റെ കൂടെ നിന്നു.

**തറാവീഹ് 11 റക്അത്തിൽ അധികം നമസ്കരിക്കാമെന്ന് ഗൾഫിലെ സലഫീ പണ്ഡിതന്മാരും നാല് മദ്ഹബുകളും ഇബ്നുതൈമിയയും മുഹമ്മദ് അബ്ദും സമൂഹവും പറയുന്നു. നാം സമൂഹത്തിന്റെ കൂടെ നിൽക്കാതെ തറാവീഹ് 11 റക്അത്തു നമസ്കരിക്കുന്നവരാണോ സ്വർഗ്ഗത്തിൽ? ഇരുപത്തിമൂന്ന് റക്അത്തു നമസ്കരിക്കുന്നവരാണോ സ്വർഗ്ഗത്തിൽ? എന്ന വിഷയം വച്ച് സുന്നി മുസ്ല്യാക്കന്മാരുമായി വാഴക്കാട് വാദപ്രതിവാദം നടത്തുകയുണ്ടായി. നാം ഗവേഷണപരമായ ഈ വിഷയത്തിൽ സമൂഹത്തിന്റെ കൂടെ നിന്നില്ല. നമുക്ക് നബിചര്യയിൽ നിന്ന് ബോധ്യമായതിന്റെ കൂടെ നിന്നു.**

**3.** ഹഖ്, ജാഹ്, ബർക്കത്ത് കൊണ്ടുള്ള തവസ്സുൽ അനുവദനീയമാണെന്ന് ഭൂരിപക്ഷം പണ്ഡിതന്മാർ പറയുന്നു. കേരളത്തിലെ സമൂഹവും. നാം ഇവിടെ സമൂഹത്തിന്റെ കൂടെ നിന്നില്ല.

**4.** സുബഹ് നമസ്കാരത്തിലും വിത്റിലും ഖുനൂത്ത് ഓതൽ സുന്നത്താണെന്ന് ഭൂരിപക്ഷം പറയുന്നു. സമൂഹവും. നാം ഇവിടെ സമൂഹത്തിന്റെ കൂടെ നിൽക്കാതെ പള്ളികളിൽ ബഹളം വരെ ഉണ്ടാക്കി. നാം നിന്നത് നമുക്ക് ബോധ്യമായ സത്യത്തിന്റെ കൂടെയാണ്.

**5.** സ്ത്രീകൾക്ക് വീട്ടിൽ വച്ച് നമസ്കരിക്കലാണ് ഏറ്റവും ഉത്തമമെന്ന് ഗൾഫ് സലഫികളും ഭൂരിപക്ഷ സമൂഹവും പറയുന്നു. നാം സമൂഹത്തിന്റെ കൂടെ നിൽക്കാതെ ഈ വിഷയം വാദപ്രതിവാദം വരെ നടത്തി. നാം നിന്നതു സത്യത്തിന്റെ കൂടെയാണ്.

അല്ലാഹു പറയുന്നു: **"അപ്പോൾ നിങ്ങൾ വല്ലതിലും ഭിന്നിച്ചാൽ അതിനെ നിങ്ങൾ അല്ലാഹുവിലേക്കും ദൂതനിലേക്കും മടക്കുവീൻ''. (സൂറ: അന്നിസാഅ്: 59).** ഖുർആൻ വ്യാഖ്യാതാക്കളുടെ ഇമാമായ ഇബ്നു ജരിർ(റ) എഴുതുന്നു:- നിങ്ങളും കൽപിക്കുവാൻ അവകാശമുള്ളവരും തമ്മിൽ ഭിന്നിച്ചാൽ (ഇബ്നു ജരിർ:5-178) അപ്പോൾ ഭിന്നതയുള്ള വിഷയം തന്നെ സമൂഹത്തിലേക്ക് മടക്കുവാനല്ല അല്ലാഹു പറയുന്നത്, മറിച്ച് ഖുർആനിലേക്കും നബിചര്യയിലേക്കും മടക്കുവാനാണ്. ഖുർആനിലേക്കും നബിചര്യയിലേക്കും മടക്കിയിട്ടും പ്രശ്നം അവസാനിക്കാതെ ഭിന്നത നില നിൽക്കുകയാണെങ്കിൽ അപ്പോൾ പോലും ഭൂരിപക്ഷത്തിലേക്കും സമൂഹത്തിലേക്കും മടക്കുവാനല്ല പ്രത്യുത രണ്ടു വശവും കേട്ടിട്ട് തനിക്ക് ഏറ്റവും നല്ലതായി തോന്നു

ന്നത് സ്വീകരിക്കുവാനാണ് വിശുദ്ധ ഖുർആനും നബിചര്യയും കൽപിക്കുന്നത്. നല്ലതു തീരുമാനിക്കുക തെളിവന്റെ പിൻബലം ആർക്കാണെന്നു നോക്കിയാണ്. സമൂഹം എവിടെ നിൽക്കുന്നു എന്നു നോക്കിയല്ല. അല്ലാഹു പറയുന്നു:- **"അതിനാൽ എന്റെ ദാസന്മാർക്ക് നീ സന്തോഷവാർത്ത അറിയിക്കുക. അതായത് വാക്ക് ശ്രദ്ധിച്ചു കേൾക്കുകയും അതിൽ ഏറ്റവും നല്ലത് പിൻപറ്റുകയും ചെയ്യുന്നവർക്ക്. അവരാണ് അല്ലാഹു മാർഗ്ഗദർശനം നൽകിയിട്ടുള്ളത്. അവർ തന്നെയാണ് ബുദ്ധിമാന്മാർ." (സൂറ:സുമർ 17-18).** രണ്ടു കൂട്ടർക്കും തെളിവ് ഉണ്ടാകും. കൂടുതൽ തെളിവുള്ളത് ആർക്കാണെന്ന് ബുദ്ധി കൊണ്ട് തീരുമാനിക്കുക. അതിനെ പിൻതുടരുക. ഇതാണ് ഏറ്റവും നല്ലതിനെ എന്ന് അല്ലാഹു പറയുന്നത്. നല്ലതിനെ മാത്രം പറയാതെ. നബി(സ)യും ഇതു തന്നെയാണ് പറയുന്നത്. സമൂഹത്തിന്റെ കൂടെ നിൽക്കുവാനല്ല. 'എന്റെ സമൂഹത്തിൽ ഒരു ന്യൂനപക്ഷം എപ്പോഴും സത്യത്തിൽ ഉറച്ചു നിൽക്കുന്നു. അവരുടെ കൂടെ നിൽക്കുവാൻ നബി(സ) കൽപ്പിച്ചു.' (ബുഖാരി, മുസ്ലിം).

അഹ്ലുസ്സുന്നത്തി വൽജമാഅത്തിന്റെ കൂടെ നിൽക്കുവാനും പറയുന്ന ഹദീസുകൾ കാണാം. ഇതിന്റെ ഉദ്ദേശ്യം സത്യത്തിന്റെ കൂടെ എന്നാണ്. അപ്പോൾ നീ ഒരാളായാലും നീ തന്നെയാണ് അഹ്ലുസ്സുന്നത്തി വൽജമാഅത്ത്. നാട്ടിൽ അറിയപ്പെടുന്ന വ്യാജ അഹ്ലുസ്സുന്നത്തി വൽജമാഅത്ത് അല്ല. അവർ ഞങ്ങളാണ് ഈ പാർട്ടിയെന്ന് അവകാശപ്പെടുന്നു. അപ്പോൾ ആരാണ് ആ പാർട്ടിയെന്ന് നമുക്ക് തീരുമാനിക്കേണ്ടി വരും. അതിനുള്ള മാനദണ്ഡമാണ് ഖുർആനും സുന്നത്തും. ഈ അളവ് കോൽ കൊണ്ട് അളക്കുമ്പോൾ നീ ഒരാൾ മാത്രമുള്ളൂവെങ്കിലും നീ തന്നെയാണ് ഈ പാർട്ടി. ഖുർആനും നബിചര്യയും ഈ പാർട്ടിയും ഒന്ന് തന്നെ. രണ്ടല്ല.

പ്രഗത്ഭ സ്വഹാബിയായ അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) പറയുന്നു: "അഹ്ലുസ്സുന്നത്തി വൽജമാഅത്ത് എന്നാൽ സത്യത്തോട് യോജിച്ചതാണ്. നീ ഒരാൾ മാത്രമാണെങ്കിലും" (അൽബാഇസ്: പേ: 12) അദ്ദേഹം പറയുന്നു: അല്ലാഹുവിനെ അനുസരിക്കലാണ് ജമാഅത്ത് (സമൂഹം) (പേ: 12). നുഐമ്(റ) പറയുന്നു: സമൂഹം കേടു വരുമ്പോൾ നീ സത്യത്തിന്റെ കൂടെ നിൽക്കുക. നീ ഒരാളായാലും നീ തന്നെയാണ് സമൂഹം. (ബൈഹഖി). മുഹ്യുദ്ദീൻ ശൈഖ്(റ) പറയുന്നു: സമൂഹം എന്നത് സഹാബിമാർ എല്ലാം തന്നെ യോജിച്ചതാണ്. നാല് ഖലീഫമാരുടെ കാലത്തായി (ഗുൻയത്ത്:പേ: 80).

ഖുർആനെ പിന്തുടരുവാൻ ധാരാളം ആയത്തുകളിൽ പറയുന്നു. ഒറ്റ ആയത്തിലും സമൂഹത്തിന്റെ കൂടെ നിൽക്കുവാൻ പറയുന്നില്ല. പുറമെ സമൂഹം തീരുമാനിക്കേണ്ടത് ലോകത്തിന്റെ അടിസ്ഥാനത്തിലാണോ? സംസ്ഥാനത്തിന്റെ അടിസ്ഥാനത്തിലാണോ? മഹല്ല് അടിസ്ഥാനത്തിലാണോ?. ഒരു സംസ്ഥാനത്ത് ഉള്ളവരെല്ലാം നബിദിനം ആഘോഷിക്കുകയാണെങ്കിൽ മുജാഹിദ് എന്തു ചെയ്യണം? സമൂഹം നബിദിനം ആഘോഷിക്കുന്ന സംസ്ഥാനത്തിലെ ജനങ്ങളാണോ? നമ്മുടെ വിശ്വാസം മൗലിദ് കഴിക്കാത്ത ഏകനായ നീയാണ് സമൂഹം. നിന്റെ കുടുംബം വരെ നിന്റെ കൂടെയില്ലെങ്കിലും ശരി. അഭിപ്രായ ഭിന്നതയുള്ള വിഷയത്തിൽ സമൂഹത്തിന്റെ കൂടെ നിൽക്കണം എന്ന തത്വം ഇസ്ലാഹീ പ്രസ്ഥാനത്തിന്റെ കഴുത്തിൽ കഠാരി വെയ്ക്കുവാൻ യാഥാസ്ഥികർക്ക് വഴി തുറന്നു കൊടുക്കലാണ്. സർവ്വ ശിർക്കും ബിദ്അത്തും ഈ തത്വപ്രകാരം ഇവർക്ക് സ്ഥാപിക്കുവാൻ വളരെ വേഗം സാധിക്കുന്നതാണ്. ശിർക്കിനും ബിദ്അത്തിനും ഞങ്ങൾ എതിരാണ് എന്ന് പറഞ്ഞ് തടിയൂരാൻ സാധ്യമല്ല. നാം പറയുന്ന ശിർക്കും ബിദ്അത്തും ഈ തത്വപ്രകാരം തൗഹീദും സദാചാരവുമാകും.

**പ്രശ്നോത്തരിയുടെ ഈ ലേഖകനോട് ആയിശ, കോഴിക്കോട് ചോദിച്ച ഈ ചോദ്യം ശബാബ് വാരികയിൽ വാ. 38.ല:12-2014 ഒക്ടോബർ 24 വെളളിയാഴ്ചയിലെ 'മാസപ്പിറവി വസ്തുതകളും വസ്വാസുകളും' എന്ന അബ്ദുൽജബ്ബാർ തൃപ്പനച്ചിയുടെ ലേഖനത്തിൽ വന്ന പരാമർശമാണ്.**

**/ എഡിറ്റർ, അൽഫനാർ**

വിശ്വാസ ദർശനം- 23

കോയക്കുട്ടി ഫാറൂഖി

# ദൈവ മനുഷ്യനും മനുഷ്യ ദൈവവും

കവർസ്റ്റോറി

**ഈ പ്രപഞ്ചം എന്നത് എന്താണ്? എത്രയെത്ര വലുതാണ്. സങ്കൽപാതീതമാണ്. കോടാനുകോടി നക്ഷത്രങ്ങൾ. മിൽക്കിവേകൾ. ഗാലക്സികൾ. ക്ലസ്റ്ററുകൾ. അനന്തമജ്ഞാതമായ ഈ പ്രപഞ്ചം. അതിൽ ഒരു പുള്ളിയുടെ വലുപ്പം പോലുമില്ലാത്ത ഭൂമി. അതിലെ കോടാനുകോടി ജീവജാലങ്ങളിൽ ഒന്നാണു മനുഷ്യൻ. ഇതിന്റെയെല്ലാം സ്രഷ്ടാവും നിയന്താവും സംരക്ഷകനുമായ മഹാനായ (അല്ലാഹു/ ഈശ്വരൻ/ ദൈവം/ കർത്താവ്/ യഹോവ/ ഗോഡ്) ദൈവം അതീവ നിസ്സാരനായ മനുഷ്യനാവുക അവതാരമെടുക്കുക എന്നത് അറുവഷളൻ ആശയമാണ്. അസംഭവ്യമാണ്. അസംബന്ധമാണ്. മഹാവങ്കത്തമാണ്.**

**ക്രൈ**സ്തവ വിശ്വാസം വല്ലാത്തൊരു പ്രഹേളിക തന്നെയാണ്. ഓരോ ക്രിസ്തുമസ്സ് വരുമ്പോഴും അവരെഴുതി വിടുന്ന ദൈവ വിജ്ഞാന വ്യാഖ്യാനങ്ങൾ കൂടുതൽ സങ്കീർണ്ണങ്ങളാണ്. എന്താണ് ദൈവമെന്നോ ആരാണ് മനുഷ്യനെന്നോ പറയാൻ പോലും വിഷമിക്കുന്നതു പോലെയുണ്ട് കാര്യങ്ങൾ. ബൈബിൾ വരച്ചു കാണിക്കുന്ന യേശുവെന്ന മനുഷ്യൻ ദൈവ മനുഷ്യ സങ്കര വിചിത്ര ജീവിയായി തോന്നുന്നില്ല. ഒരു മഹാനായ, ത്യാഗിയായ, പ്രവാചകന്മാരിൽ ഒരു പ്രവാചകനായ മനുഷ്യനാണദ്ദേഹം എന്നു ബോധ്യമാകുന്നു.

ജന്മവും മരണവുമുള്ള, ദുഃഖവും സന്തോഷവുമുള്ള, തിന്നുകയും പട്ടിണി കിടക്കുകയും ചെയ്ത, ചിരിക്കുകയും കരയുകയും ചെയ്ത, വികാരവിചാര വിക്ഷോഭങ്ങളുണ്ടായിരുന്ന, പീഡനങ്ങളും പരിഹാസങ്ങളും സ്വീകരണങ്ങളും ഏറ്റുവാങ്ങിയ- അങ്ങനെ പച്ചയായ മനുഷ്യൻ. ബൈബിൾ പ്രസ്താവന പ്രകാരം, ജൂതരുടെ ആക്രമത്തിനു വിധേയനായി കുരിശിലേറ്റപ്പെട്ട് നിസ്സഹായനായി കൈകളുയർത്തി ദൈവത്തോട് (-ഏലി, ഏലി -ലമ ശബ്കത്തനീ— ദൈവമേ, ദൈവമേ ,എന്നെ കൈവിട്ടതെന്ത്) വിലപിച്ച്, ദാഹിച്ചപ്പോൾ വീഞ്ഞു കൊടുത്തപ്പോൾ കുടിച്ച , ആണി തറയ്ക്കപ്പെട്ടപ്പോൾ പുളയുകയും രക്തം വാർന്നൊലിക്കുകയും ചെയ്ത തികഞ്ഞ ഒരു മനുഷ്യൻ. കന്യാമറിയത്തിന്റെ പുത്രനായി ജനിച്ചു വളർന്ന് ജൂതരിലേക്ക് നിയോഗിക്കപ്പെട്ട പ്രവാചകനായ യേശു എന്ന മനുഷ്യൻ. ബൈബിൾ പറയുന്ന ഈ പച്ചയായ മനുഷ്യനെങ്ങനെ ദൈവമായിത്തീരുന്നു എന്നു ക്രൈസ്തവ ലോകത്തോടു ചോദിക്കാൻ ലോകർക്കെല്ലാം അവകാശമുണ്ട്. ചോദിച്ചവർക്കാർക്കും തൃപ്തികരമായ മറുപടി നൽകാൻ ക്രൈസ്തവ ലോകത്തിനു ഇന്നുവരെ കഴിഞ്ഞിട്ടില്ല. ഉത്തരം മുട്ടിയാൽ അതൊക്കെ ദൈവശാസ്ത്രമാണ്. ഇത് ബുദ്ധിയിൽ ഒതുങ്ങാത്തതിനാൽ നമുക്കു മനസ്സിലാകുകയില്ലെന്ന് അച്ചൻ പറയും.

## യേശു മനുഷ്യദൈവം?

“മനുഷ്യൻ ദൈവോദ്ദേശ്യത്തെ നിഷേധിച്ച് വിരോധിയും നാശകാരിയുമാ



യപ്പോൾ ദൈവത്തെ അറിയുന്നതിനും അനുഭവിക്കുന്നതിനും മനുഷ്യനെ ദൈവത്തെപ്പോലെയാക്കുന്നതിനും ദൈവം തന്നെ മനുഷ്യനായി അവതരിച്ചു. ദൈവത്തിന്റെ പൂർണ്ണത നഷ്ടപ്പെടുത്താതെ മനുഷ്യന്റെ പരിമിതിക്കുള്ളിൽ ദൈവത്തെ വെളിപ്പെടുത്തുന്ന തന്റെ ജീവിതാനുഭവം യേശു ലോകത്തിനു കാട്ടിത്തന്നു.'' (മാതൃഭൂമി, 16-12-2014. ഡോ. ഫിലിപ്പോസ് മാർക്രിസോസ്റ്റം മാർത്തോമാ വലിയ മെത്രോപ്പോലീത്ത). എന്താണീ പറഞ്ഞതെന്നു മെത്രോപ്പോലീത്ത തിരുമേനിക്കു തന്നെ മനസ്സലായിട്ടുണ്ടോ? എന്നു സംശയിച്ചാൽ അതു കുറ്റമല്ല. മനുഷ്യൻ ദൈവത്തെപ്പോലെയാവുക, ദൈവം തന്നെ മനുഷ്യനായി അവതാരമെടുക്കുക, ദൈവത്തിന്റെ പൂർണ്ണത നഷ്ടപ്പെടാതെ തന്നെ മനുഷ്യന്റെ പരിമിതിക്കുള്ളിൽ ദൈവത്തെ വെളിപ്പെടുത്തുക. ഇതെല്ലാം യേശു തന്റെ ജീവിതാനുഭവത്തിലൂടെ ലോകത്തിനു കാട്ടിത്തരിക. ഇതൊക്കെ എങ്ങനെ സംഭവിക്കുന്നുവെന്നു പറഞ്ഞു തന്നാലും. 'അഞ്ജനമെന്നാലെനിക്കറിയാം. അതു മഞ്ഞളു പോലെ വെളുത്തിരിക്കും' എന്നു പറഞ്ഞതു പോലെയുള്ള തമാശയാണിത്.

പ്രപഞ്ച സ്രഷ്ടാവും സംരക്ഷകനും സർവ്വജ്ഞാനിയും പ്രപഞ്ചത്തിനാകമാനം ജീവൻ നൽകുന്നവനും മരിപ്പിക്കുന്നവനും അന്നദാതാവും സർവ്വ നിയന്താവും ദൃശ്യാദൃശ്യജ്ഞാനിയും രാജാധിരാജനും സർവ്വവും കാണുകയും കേൾക്കുകയും അറിയുകയും ചെയ്യുന്നവനും യേശുവെന്ന മനുഷ്യനെയടക്കം സർവ്വ മനുഷ്യരെയും ജീവജാലങ്ങളെയുമൊക്കെ വളർത്തുകയും സംരക്ഷിക്കുകയും വേണ്ടി വന്നാൽ നശിപ്പിക്കുന്നവനും - അങ്ങനെ ഈ പ്രപഞ്ചത്തിന്റെ മഹോന്നതനായ അസ്തിത്വമാണ് പ്രപഞ്ചനാഥനായ ദൈവം. ഈ ദൈവമെന്തിനു മനുഷ്യനാകണം. എങ്ങനെ മനുഷ്യനായിത്തീരാനാവും? വളരെ ലളിതമായ ഈ ചോദ്യത്തിനെന്താണുത്തരം?

### വീണ്ടെടുപ്പ് മാർഗ്ഗം:

മനുഷ്യൻ ദിനം തോറും മനുഷ്യത്വത്തെ നശിപ്പിച്ചുകൊണ്ടിരിക്കുന്നു. ആ മനുഷ്യനെ വീണ്ടെടുക്കുന്നതിനും മനുഷ്യത്വം യാഥാർത്ഥ്യമാക്കുന്നതിനുമായി ക്രിസ്തു ലോകത്ത് അവതരിച്ചിരിക്കുന്നു എന്നതാണ് ക്രിസ്തുമസ്സിന്റെ ദൂതെന്നാണ് മെത്രോപ്പോലീത്ത തിരുമേനി പറയുന്നത്. മനുഷ്യത്വത്തെ വിശുദ്ധമാക്കാൻ ദൈവകൽപനകൾ സ്വീകരിക്കുകയും ജീവിത വിശുദ്ധി കരഗതമാക്കുകയുമാണ് വഴി. അത് മറ്റാർക്കും ചെയ്യാൻ കഴിയുന്ന കാര്യമല്ല. ഓരോരുവനും അവന്റെ ആത്മാവിനെ വിശുദ്ധമാക്കാൻ ആത്മാർത്ഥമായി പണിയെടുക്കുക. ഒരാളുടെയും പാപപുണ്യ ഭാരങ്ങൾ മറ്റാരും ചുമക്കില്ല. ചുമക്കാൻ കഴിയുകയുമില്ല. ആദം ആദിയിൽ പാപം ചെയ്തെങ്കിൽ അദ്ദേഹം തന്നെ തന്റെ രക്ഷിതാവായ, കരണാവാരിധിയായ, പാപം പൊറുത്തു കൊടുക്കുന്ന ദൈവത്തോട് കേണപേക്ഷിച്ചു. പൊറുക്കൽ തേടി പശ്ചാത്തപിച്ചു. ദയാലുവും കരുണക്കടലുമായ ദൈവം അതു പൊറുത്തു കൊടുത്തു. ഏതു മനുഷ്യനും ഇതു തന്നെയാണ് തന്നെ വീണ്ടെടുക്കാനുള്ള മനുഷ്യത്വത്തിന്റെ യാഥാർത്ഥ വഴി.

ഈ പ്രപഞ്ചം എന്നത് എന്താണ്? എത്രയെത്ര വലുതാണ്. സങ്കൽപാതീതമാണ്. കോടാനുകോടി നക്ഷത്രങ്ങൾ. മിൽക്കിവേകൾ. ഗാലക്സികൾ. ക്ലസ്റ്ററുകൾ. അനന്തമജ്ഞാതമായ ഈ പ്രപഞ്ചം. അതിൽ ഒരു പുള്ളി

യുടെ വലുപ്പം പോലുമില്ലാത്ത ഭൂമി. അതിലെ കോടാനുകോടി ജീവജാലങ്ങളിൽ ഒന്നാണു മനുഷ്യൻ. ഇതിന്റെയെല്ലാം സ്രഷ്ടാവും നിയന്താവും സംരക്ഷകനുമായ മഹാനായ (അല്ലാഹു/ ഈശ്വരൻ/ ദൈവം/ കർത്താവ്/ യഹോവ/ ഗോഡ്) ദൈവം അതീവ നിസ്സാരനായ മനുഷ്യനാവുക അവതാരമെടുക്കുക എന്നത് അറുവഷളൻ ആശയമാണ്. അസംഭവ്യമാണ്. അസംബന്ധമാണ്. മഹാവങ്കത്തമാണ്. ഏതൊരു കൊച്ചുകുഞ്ഞിനും മനസ്സിലാകുന്ന ഈ യാഥാർത്ഥ്യം ഈ മഹാപുരോഹിതന്മാർക്കു മാത്രം മനസ്സിലാകുന്നില്ലെന്നോ?!

### ദൈവം നിസ്സഹായൻ!

ബൈബിളിൽ പറയുന്ന യേശു, സ്വയം രക്ഷപ്പെടാനാകാതെ കുരിശിലേറ്റപ്പെട്ട നിസ്സഹായനാണ്. സ്വന്തത്തെപ്പോലും രക്ഷിക്കാനാകാതെ കഷ്ടത്തിലായിപ്പോയ ആ മനുഷ്യൻ ലോക രക്ഷകനാകുന്നതെങ്ങനെ? എന്തിനാണ് അദ്ദേഹം രക്ഷകനാകുന്നത്? ലോകത്തിനു ഒരു സ്രഷ്ടാവും സംരക്ഷകനുമുണ്ടല്ലോ. അവന്റേതാണ് ഈ പ്രപഞ്ചം മുഴുവൻ. അവനാണ് രാജാധിരാജൻ. കരുണാവാരിധി. അവന്റെ ദാസന്മാരാണ് മനുഷ്യരെല്ലാം. യേശുവും മുഹമ്മദും പ്രവാചകന്മാരൊക്കെയും അതിൽ പെട്ട മനുഷ്യർ. യേശുവെന്ന പ്രവാചകനായ മനുഷ്യൻ സർവ്വലോക മനുഷ്യരോടുമൊപ്പം ഉണ്ടാകുമെന്നു പറഞ്ഞാൽ യേശു ദൈവം തന്നെയായി. എങ്കിൽപ്പിന്നെ യേശുവെന്നു പറയൽ തന്നെ അസംബന്ധമല്ലേ. കർത്താവും രക്ഷകനും സ്രഷ്ടാവും പ്രപഞ്ചനാഥനും മനുഷ്യരുടെ ദൈവവുമായവനു അവന്റെ അടിമകളെ രക്ഷിക്കാനും കരുണ ചൊരിയാനും വേറെയൊരു രക്ഷകനെ ഉണ്ടാക്കേണ്ടതുണ്ടോ?

ക്രൈസ്തവർക്കു മനുഷ്യനായ, ക്രൂശിതനായ യേശു മാത്രമല്ല രക്ഷകൻ. അദ്ദേഹത്തെ ക്രൂശിച്ചുവെന്നു പറയപ്പെടുന്ന കുരിശും രക്ഷാവസ്തുവാണ്. അദ്ദേഹത്തിനും ദൈവത്തിനുമിടയിൽ ദൂതനായി നിന്ന പരിശുദ്ധാത്മാവായ ഗബ്രിയേൽ മാലാഖയും ദൈവമായി. ഒരു മനുഷ്യനെ കൊല്ലാനുപയോഗിച്ച ആയുധവും (കുരിശ്) ചുമന്ന് അതും രക്ഷാവസ്തുവാക്കുന്ന വങ്കത്തരം ലോകത്ത് മറ്റാരും ചെയ്യാത്തതാണ്. മഹാത്മാഗാന്ധിയെ വെടിവെച്ചു കൊന്ന ഗോദ്സെയുടെ തോക്ക് പൂജാവസ്തുവാക്കുന്ന കോൺഗ്രസ്സുകാരുണ്ടാവുമോ? എങ്കിൽ അവന്റെ ഗാന്ധിപ്രേമം പൊയ്വാക്കാവുകയില്ലേ?

**ദൈവമിപ്പോൾ മനുഷ്യരൂപം പ്രാപിച്ചവനായി. ദൈവപുത്രനായി ജനിച്ചു വീണു. ഇനി രക്ഷിക്കാൻ ദൈവപുത്രൻ മതി. ദൈവത്തിന്റെ പണി അവസാനിച്ചു. സർവ്വ മനുഷ്യർക്കും രക്ഷകനായി യേശു-ദൈവപുത്രൻ-തയ്യാറായിക്കഴിഞ്ഞു. എന്തൊക്കെയാണീ വിശ്വാസത്തിലെ ചുരുളുകൾ. അഴിക്കും തോറും മുറുകുന്നു. ലോകത്ത് ക്രിസ്ത്യാനികൾ ദൈവത്തെ അപമാനിക്കുന്നപോലെ ഒരു മതവിഭാഗവും അപഹസിക്കുന്നില്ല എന്നത് എത്ര വ്യക്തമാകുന്നു ഇവിടെ!**

കെ.സി.ബി.സി. പ്രസിഡണ്ടായ കർദ്ദിനാൾ മാർബസേലിയോസ് ക്ലീമിസ് കത്തോലിക്കാബാവ പറയുന്നത് “ദൈവം മനുഷ്യനായി പിറന്ന ദിനമാണ് ക്രിസ്തുമസ്സ്’ എന്നാണ്. ഉടനെ അടുത്ത വാചകത്തിൽ ‘‘കാലദേശങ്ങൾക്കതീതനായ ദൈവം മനുഷ്യനു സമീപസ്തനായത് ക്രിസ്തുമസ്സ് രാവിലാണ്’ എന്നുമാണ്. ഇവിടെ സിദ്ധമാകുന്ന രണ്ടാശയങ്ങൾക്ക് ക്രൈസ്തവ ലോകത്തെ ആർക്കും മറുപടി തരാവുന്നതാണ്. അത്യുന്നതനായ മഹാസ്രഷ്ടാവായവൻ മനുഷ്യനായി തരം താഴുന്നത് മഹോന്നതനായ ദൈവത്തിന്റെ മഹാവിശുദ്ധിക്കു അനുയോജ്യമോ? കാലദേശങ്ങൾക്കെല്ലാം അതീതനായ ദൈവം ക്രിസ്തുമസ്സ് ദിവസമെന്ന ഭൂമിയിലെ ഒരു സെക്കന്റിലേക്ക് തരം താണുവോ? എന്താണിവർ ദൈവത്തെക്കുറിച്ച് മനസ്സിലാക്കിയിരിക്കുന്നത്. ദൈവമെന്നാൽ മനുഷ്യരുടെ ദുർബല മനോസങ്കൽപലോകത്തിൽ തത്തിക്കളിക്കുന്നൊരു ‘പാവത്താൻ’ ആണോ?! യേശുവെന്ന മനുഷ്യൻ ദൈവമായി ഉയർന്നുയർന്നു വലുതായതോ? അതോ ദൈവമെന്ന മഹോന്നതൻ ചെറുതായിച്ചെറുതായി മനുഷ്യനെന്ന നിസ്സാരനായി

അധഃപതിക്കുന്നതോ? എന്താണിവിടെ സംഭവിച്ചിരിക്കുന്നത്. മനുഷ്യവിമോചനത്തിന്റെ രക്ഷകൻ മനുഷ്യനായ യേശുവോ? അതോ സാക്ഷാൽ രക്ഷിതാവായ ദൈവം തന്നെയോ? ഇങ്ങനെ അനേകം സങ്കീർണ്ണതകൾ, ചോദ്യങ്ങൾ ഉരുത്തിരിയുന്നു.

**പൗരോഹിത്യ ഭാഷ്യം:**

കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി ഈ സങ്കീർണ്ണതയെ കൂടുതൽ സങ്കീർണ്ണമാക്കുന്നതു കൂടി കാണുക. "ദൈവം മനുഷ്യനെ വീണ്ടെടുക്കാൻ മനുഷ്യ രൂപത്തിൽ ഏറ്റവും ലളിത സാഹചര്യത്തിൽ പിറക്കുന്നു. തനിച്ച് രക്ഷ പ്രാപിക്കാൻ കഴിയാത്ത മനുഷ്യൻ, ദൈവപുത്രനിലൂടെ രക്ഷയിലേക്കു നയിക്കപ്പെടുന്നു. മനുഷ്യ വംശത്തിന്റെ മുഴുവൻ വിമോചനത്തിന്റെ സന്ദേശം ഇതിൽ അടങ്ങുന്നുണ്ട്." (മാതൃഭൂമി, ക്രിസ്തുമസ്സ് രാവ്. 25/12/2014)

ദൈവമിപ്പോൾ മനുഷ്യരൂപം പ്രാപിച്ചവനായി. ദൈവപുത്രനായി ജനിച്ചു വീണു. ഇനി രക്ഷിക്കാൻ ദൈവപുത്രൻ മതി. ദൈവത്തിന്റെ പണി അവസാനിച്ചു. സർവ്വ മനുഷ്യർക്കും രക്ഷകനായി യേശു-ദൈവപുത്രൻ-തയ്യാറായിക്കഴിഞ്ഞു. എന്തൊക്കെയാണീ വിശ്വാസത്തിലെ ചുരുളുകൾ. അഴിക്കും തോറും മുറുകുന്നു. ലോകത്ത് ക്രിസ്ത്യാനികൾ ദൈവത്തെ അപമാനിക്കുന്നപോലെ ഒരു മതവിഭാഗവും അപഹസിക്കുന്നില്ല എന്നത് എത്ര വ്യക്തമാകുന്നു ഇവിടെ! അല്ലാഹു അതിശക്തമായ ഭാഷയിൽ പറഞ്ഞ വചനങ്ങൾ കാണുക:

**"പരമ കാരുണികൻ ഒരു സന്താനത്തെ സ്വീകരിച്ചിട്ടുണ്ടെന്ന് അവർ പറഞ്ഞിരിക്കുന്നു. നിങ്ങൾ തീർച്ചയായും അതീവ ഗുരുതരാരോപണമാണീപ്പറഞ്ഞത്. ആകാശങ്ങൾ പൊട്ടിപ്പിളരുവാനും ഭൂമി വിണ്ടുകീറുവാനും പർവ്വതങ്ങൾ തകർന്നു വീഴുവാനും ഇടവരുമാറുള്ള വാചകം! പരമ കാരുണികന് സന്താനമുണ്ടെന്നല്ലേ അവർ ജൽപിക്കുന്നത്? ഒരു സന്താനത്തെ സ്വീകരിക്കുക എന്നത് പരമ കാരുണികന് അനുയോജ്യമേയല്ല. ആകാശഭൂമികളിലുള്ളവരെല്ലാം ദാസനെന്ന നിലയിൽ ആ പരമകാരുണികന്റെ തിരുസന്നിധിയിൽ വരിക തന്നെ ചെയ്യും! അവരാരൊക്കെയെന്ന് അല്ലാഹു എണ്ണിതിട്ടപ്പെടുത്തി കഴിഞ്ഞിരിക്കുന്നു. ഉയിർത്തെഴുന്നേൽപുനാളിൽ ഏകാകിയായിക്കൊണ്ടവരൊക്കെയും അവന്റെ മഹാസന്നിധിയിൽ വരുന്നതാണ്!"**

***(വി.ഖുർആൻ: 19:88=95)***

**"പറയൂ! രക്ഷകനായിട്ട് അല്ലാഹു അല്ലാത്തവരെ ഞാൻ തേടുകയോ? അവനാകട്ടെ മുഴുവൻ വസ്തുക്കളുടെയും രക്ഷിതാവാണ്. ഏതൊരുവന്റെയും ചെയ്തികൾക്കുത്തരവാദി അയാൾ തന്നെയാണ്. പാപഭാരം ചുമക്കുന്ന യാതൊരാളും മറ്റൊരാളുടെ ഭാരം ചുമക്കുന്നതേയല്ല. ''നിങ്ങളുടെ രക്ഷിതാവിങ്കലേക്കാണ് നിങ്ങളുടെ മടക്കം. നിങ്ങൾ ഭിന്നത പുലർത്തിയ കാര്യത്തിൽ അപ്പോഴവൻ തീരുമാനം അറിയിക്കുന്നതാണ്."**

***(വി.ഖു: 6:164)***

പാപം ചെയ്തവന്റെ പാപ ഭാരം വേറെയൊരുവന്റെ പിരടിയിൽ വച്ചു കെട്ടി ഒഴിഞ്ഞു മാറാൻ ആർക്കും കഴിയില്ല. അത് തട്ടിപ്പും വഞ്ചനയും അന്യായവുമാണ്. അതിനു പ്രപഞ്ചനാഥൻ കൂട്ടുനിൽക്കുകയില്ല. ഒരാളുടെയും രക്തമോ ജീവനോ മറ്റൊരുവന്റെ പാപത്തിന്റെ ശമ്പളമാക്കാൻ അനുവദിക്കുകയില്ല. അത് പൗരോഹിത്യം മെനഞ്ഞെടുത്ത തന്ത്രമാണ്. പൗലോസെന്ന ചതിയൻ കെട്ടിവെച്ച പാപമോചന സിദ്ധാന്തത്തെ പ്രമാണമാക്കിയതിനെ പൗരോഹിത്യം ഹൈജാക്ക് ചെയ്ത് ഒരു മതത്തെ തകർക്കുകയാണ് സംഭവിച്ചിരിക്കുന്നത്. ഇത് തിരിച്ചറിയാതിരിക്കുന്ന കാലത്തോളം ക്രൈസ്തവലോകം രക്ഷപ്പെടുകയില്ല. യേശു പറഞ്ഞതെത്ര ശരി. "നിങ്ങൾ ചെയ്യുന്നതെന്തെന്ന് നിങ്ങൾ തന്നെ അറിയുന്നില്ല."

**പാപം ചെയ്തവന്റെ പാപ ഭാരം വേറെയൊരുവന്റെ പിരടിയിൽ വച്ചു കെട്ടി ഒഴിഞ്ഞു മാറാൻ ആർക്കും കഴിയില്ല. അത് തട്ടിപ്പും വഞ്ചനയും അന്യായവുമാണ്. അതിനു പ്രപഞ്ചനാഥൻ കൂട്ടുനിൽക്കുകയില്ല. ഒരാളുടെയും രക്തമോ ജീവനോ മറ്റൊരുവന്റെ പാപത്തിന്റെ ശമ്പളമാക്കാൻ അനുവദിക്കുകയില്ല. അത് പൗരോഹിത്യം മെനഞ്ഞെടുത്ത തന്ത്രമാണ്.**

വിചിന്തനം

**എം.ഇ.അബ്ദുറഹിമാൻ**
വെസ്റ്റ് വെളിയത്തുനാട്.

# എന്തുകൊണ്ട് ഇസ്ലാമിൽ ജന്മദിനാഘോഷം ഇല്ലാതായി?

മറ്റു മതസ്ഥരെല്ലാം ജന്മദിനാഘോഷം മതാചാരത്തിന്റെ ഭാഗമാമായി നടത്തിപ്പോരുന്നു. സായിപ്പന്മാരും ജന്മദിനം ആഘോഷിക്കുന്നു. മറ്റുള്ളവർ ചെയ്യുന്നതെല്ലാം അനുകരിക്കുന്ന സ്വഭാവം മുസ്ലിംകൾക്ക് ഒരു ഫാഷനായിരിക്കുകയാണ്. ജനനത്തിയ്യതിക്ക് (Date of Birth) പ്രാധാന്യം നൽകാത്ത മതമാണിസ്ലാം.

കാരണം മാസത്തിൽ 29 അല്ലെങ്കിൽ 30 ദിവസങ്ങളാണുണ്ടാവുക. ഉദാഹരണത്തിന് ഒരാൾ ജനിച്ചത് 30 ദിവസമുള്ള മാസത്തിലെ 30-ാം തിയ്യതി ആണെന്നിരിക്കട്ടെ. പിറ്റെ കൊല്ലം അതേ മാസത്തിന് 29 ദിവസമാണെന്നിരിക്കട്ടെ. 30-ാം തിയ്യതി ജനിച്ചവർക്കെങ്ങനെ ജന്മദിന്മാഘോഷിക്കാൻ കഴിയും? അതുകൊണ്ടായിരിക്കാം ഇസ്ലാമിൽ ജന്മദാനാഘോഷമില്ലാതായത്. ഏതെങ്കിലും പ്രവാചകന്റെയോ അനുചരന്മാരുടെയോ ജന്മദിനാഘോഷങ്ങൾ നടത്തപ്പെട്ടിട്ടില്ല. ഹിജ്റ മാസങ്ങളിൽ ചിലത് 30ഉം മറ്റുചിലത് 29ഉം എന്നിങ്ങനെയായിരിക്കും. അതെ സമയം ദിവസം കണക്കാക്കിയാൽ എല്ലാ ആഴ്ചയിലും മാസത്തിലും ദിവസങ്ങൾ വന്നു കൊണ്ടിരിക്കും. അതുകൊണ്ടാണ് നബി(സ) ജനിച്ച ദിവസമായ തിങ്കളാഴ്ച ദിവസം നോമ്പെടുക്കാൻ ആവശ്യപ്പെട്ടത്. റബീഉൽ അവ്വൽ 12നോ 14നോ നോമ്പെടുക്കുവാൻ ആവശ്യപ്പെടുകയും ചെയ്തില്ല. നബി(സ) യോട് സ്നേഹമുള്ളവർ ആഴ്ചയിലെ എല്ലാ തിങ്കളാഴ്ചയും നോമ്പനുഷ്ഠിക്കുകയാണ് വേണ്ടത്, അല്ലാതെ വിഭവ സമൃദ്ധമായ ഭക്ഷണ പാനീയങ്ങൾ കഴിച്ച് പ്രവാചകനിന്ദ നടത്താതിരിക്കുവാൻ മുസ്ലിം സമൂഹം ജാഗരൂകരാവണമെന്ന് ഉണർത്തുന്നു.

## പള്ളികൾ ക്ഷേത്രം പൊളിച്ചിട്ടല്ല

“കേരളീയ ശൈലിയിലുള്ള പള്ളികൾ ക്ഷേത്രമോ തറവാടോ പൊളിച്ചു നിർമ്മിച്ചതാണെന്ന വിശ്വാസം ശരിയല്ല. നഗരത്തിലെ പള്ളികൾ ഹിന്ദു ക്ഷേത്രങ്ങളും ഇല്ലങ്ങളും കയ്യടക്കി നിർമ്മിച്ചതല്ല. ചരിത്ര സ്മാരകങ്ങൾ സംരക്ഷിക്കുന്നതിൽ തികഞ്ഞ നന്ദികേടാണ് നമ്മൾ കാണിക്കുന്നത്. ആഢംബരത്തിന്റെ പേരിൽ പൈതൃകങ്ങളായ പള്ളികളും അമ്പലങ്ങളും ഇടിച്ചു നിരത്തുന്നത ശരിയല്ല. റിസോർട്ട് സമാനമായ കെട്ടിടങ്ങളാണ് ഇതിനു പകരം നിർമ്മിക്കുന്നത്. മുസ്ലിംകളും ഹിന്ദുക്കളും തമ്മിലുള്ള രമ്യതയാർന്ന ബന്ധത്തിനു തുടക്കം കുറിച്ചത് സാമൂതിരിമാരും കോയമാരുമാണ്.”

***(ഡോ.എം.ജി.എസ്.നാരായണൻ)***

## മാറ്റിയാലും മാറാത്തത്

മതമാറ്റം വസ്ത്രം മാറ്റമല്ല. മാറാത്തവരെ ബലാൽക്കാരേണ മാറ്റിയേക്കാം. സത്യമതത്തിലുറച്ചവനെ ആർക്കും മാറ്റാനാകില്ല. മനസ്സിലുറച്ച മതത്തെ പറിച്ചെടുത്താലും അവിടെ ശൂന്യതയുണ്ടാകില്ല. ഒരുനാൾ പോയ മതം തിരിച്ചെത്തി ശൂന്യത നികത്തപ്പെടും. അപ്പോഴും ആ പുതിയ മനുഷ്യൻ പഴയവൻ തന്നെ.

***(ഗുരുനാനാക്ക്)***

# സത്യവിശ്വാസി

**നെ**റ്റിയിൽ പപ്പട
വട്ടത്തിൽ നിസ്കാര-
പ്പൊട്ടയാൾക്കുണ്ടായിരുന്നു.
മുട്ടിനു കീഴെയെത്തും ശുഭവസ്ത്രവും
തൊപ്പിയുമുണ്ടായിരുന്നു.
നിത്യവുമെല്ലാ'വഖ്തി*ലും പള്ളിയിൽ
കൃത്യമായെത്തിയിരുന്നു.
ഹജ്ജിനു നാലഞ്ചുവട്ടം കഅ്ബയിൽ
സദ്യയാ പോയ് വന്നിരുന്നു.
പുണ്യ റമളാനതും പിന്നെ തിങ്കളും
വെള്ളിയും നോമ്പായിരുന്നു.
ദിക്റും ദുആളം ഖിറാഅത്തുമായ് രാവു
'ബുക്റത്തോ'**ളം ചെന്നിരുന്നു.
എല്ലാറ്റിനുമാഖിറത്തിൽ സുവർക്കം ത-
ന്നേക്കണമർത്ഥിച്ചിരുന്നു.

* * *

എന്തിനിക്കഥയെന്നു
കണ്ണുംനട്ടന്തിച്ചു
നിന്നിട്ടയാൾ കരയുന്നു:
'വന്നിരിക്കുന്ന വിധി
നരകത്തിലാ-
ണിന്നു നിനക്കിട'മെന്ന്!
കാരണമെന്തെന്നു
ന്യായത്തിൽ വിസ്തരി-
ച്ചുള്ളതാരോ കാണിക്കുന്നു:
തള്ളിപ്പറഞ്ഞവനത്രെ
തൻ ദീനിനെ
കള്ളമാക്കീയോനുമെന്ന്!
തന്റെ നമസ്കാരപ്പൊട്ടു
ചൂണ്ടിയയാൾ
തമ്പുരാനോടു ചൊല്ലുന്നു:
'നിൻ മുമ്പിലീവിധം
കുമ്പിട്ട പോൽ ചെയ്ത
നന്മകളെത്രെയാണെന്ന്!"

* * *

"നന്മയെന്നുള്ളതു നാവിലല്ല: കർമ്മ-
മന്യർ കാണാൻ ചെയ്തിടില്ല."
എന്ന നിഷ്കർഷ നീ
പാലിച്ചതില്ല, തി-
നുള്ള തെളിവാണിതെല്ലാം:
"യത്തീമിൻ കൈപിടിച്ചില്ല, കഷ്ടപ്പെട്ട
പട്ടിണിക്കാരെ കണ്ടില്ല!
സമ്പത്തിനും സ്വന്ത
സന്തുഷ്ടിക്കും നഷ്ട-
മെമ്മട്ടും നീ സഹിച്ചില്ല!
സന്താപവും പങ്കു-
വെക്കുവോനല്ലാതെ
സത്യവിശ്വാസിയാകില്ല.
പ്രാർത്ഥിക്കും ചുണ്ടിനോ-
ടൊപ്പം കരങ്ങളും
ചേർക്കാത്തോൻ രക്ഷപ്പെടില്ല!"

***(ചെറിയമുണ്ടം അബ്ദുർറസ്സാഖ്)***


# നവോത്ഥാനം പൂത്തുലഞ്ഞപ്പോൾ

**മ**ദിരാശി അസംബ്ലി മെമ്പറായപ്പോൾ മൊറയൂർ ഹൈസ്കൂളും വെട്ടത്ത് പുതിയങ്ങാടി ഗേൾസ് ഹൈസ്കൂളും (തിരൂർ) വണ്ടൂർ വി.എം.സി ഹൈസ്കൂളും ഉണ്ടാകുന്നതിന് കെ.എം. സീതിസാഹിബ് നടത്തിയ സേവനങ്ങൾ സി.എച്ച്.മുഹമ്മദ്കോയ പ്രസംഗത്തിൽ ഓർമ്മിപ്പിച്ചു. ഒരു കയ്യിൽ ചോറ്റുപാത്രവും മറുകയ്യിൽ ശീലക്കുടയും പിടിച്ചു പാവാട നിലത്ത് വീണ് വലിഞ്ഞ് പോകാതിരിക്കാൻ കുറച്ചു പൊക്കിപ്പിടിച്ച് സ്കൂളിലേക്കു നടന്നു പോകുന്നത് ആ വഴി കാറിൽ പോകുമ്പോൾ കെ.എം.സീതിസാഹിബ് കാണുന്നതും കണ്ണിൽ നിന്ന് സന്തോഷം കൊണ്ട് കണ്ണുനീർ ധാരയായി ഒഴുകുന്നത് കണ്ടതും സി.എച്ച് വികാരനിർഭരമായി വിവരിച്ചപ്പോൾ ഞങ്ങൾ ശ്രോതാക്കളുടെ കണ്ണുകൾ നിറഞ്ഞു. മനസ്സുകൾ ആർദ്രമായി.

***(യുവചേതനയും സി.എച്ചിന്റെ പ്രസംഗവും: ആസാദ് വണ്ടൂർ)***

# 'മാസപ്പിറവി നബിചര്യയിലും ശാസ്ത്രത്തിലും'

പി.ഒ. ഉമർ ഫാറൂഖ്, തിരൂരങ്ങാടി
പ്രസാധനം: കെ.എൻ.എം.പബ്ലിഷിംഗ് വിംഗ്



## 1. ന്യൂമൂൺ എന്നാൽ

**ന്യൂമൂൺ, പിറവി ദർശനത്തിന്റെ അതേ ദിവസമോ അതല്ലെങ്കിൽ ഒന്നോ രണ്ടോ ദിവസങ്ങൾക്ക് മുമ്പോ സംഭവിക്കുന്നതു മൂലം റമദാൻ നേരത്തെ ആരംഭിക്കുകയും പെരുന്നാൾ റമദാനിന്റെ അവസാന നാളിൽ തന്നെ ആചരിക്കേണ്ടി വരികയും ചെയ്യുന്നു. ഇത് നബി ചര്യക്ക് വിരുദ്ധമാണ്, എന്നാണ് ഇദ്ദേഹത്തിന്റെ പക്ഷം.**

അറിയുക: ന്യൂമൂൺ ദിവസം പിറവി ദർശനം സാധ്യമേ അല്ല. ഇനി ന്യൂമൂൺ സംഭവിച്ച് ഒരു ദിവസം കഴിഞ്ഞാണ് ഒരാൾ പിറവി കണ്ടത്. മറ്റൊരാൾ രണ്ടു ദിവസം കഴിഞ്ഞും, ഇനിയുമൊരാൾ മൂന്നാം ദിവസവുമാണ് കണ്ടത് എന്ന് സങ്കൽപ്പിക്കുക. ഓരോരുത്തർക്കും യഥാക്രമം പറയാം. ന്യൂമൂണിന്റെ ഒരു ദിവസം കഴിഞ്ഞാണ്, രണ്ട്ദിവസം കഴിഞ്ഞാണ്, മൂന്ന് ദിവസം കഴിഞ്ഞാണ് പിറവി കാണുക എന്ന്. ഇവർ നോക്കാതിരുന്നതോ കാഴ്ചക്കുറവോ സാഹചര്യമോ ആയിരിക്കാം മൂന്നു പേർക്കും വ്യത്യസ്ത ദിവസങ്ങളിൽ പിറവി കാണാൻ കാരണമായത്. അത് ഒരു കലണ്ടർ നിർമ്മാണത്തിന്റെയോ മാസനിർണ്ണയത്തിന്റെയോ മാനദണ്ഡമാക്കാനാകുമോ? 'കാണുക' എന്ന് പറയുമ്പോൾ അതിന് കൃത്യതയില്ല. കണിശതയുമില്ല. ആര്, എവിടെ, എപ്പോൾ എന്നീ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുമ്പോൾ പ്രശ്നം കൂടുതൽ സങ്കീർണ്ണമാകും. ഗ്രന്ഥകാരന് തന്നെ157-ാം പേജ് മുതൽ അനുഭവപ്പെട്ട പോലെ.

ഓരോ മാസത്തിലും വ്യത്യസ്ത പ്രായത്തിലാകും ചന്ദ്രൻ ദൃശ്യമാകുക എന്നത് കൊണ്ട് ചന്ദ്രപ്പിറവി ഏതു പ്രായത്തിൽ ദൃശ്യയോഗ്യമാകുമെന്ന് കണ്ടു പിടിക്കാൻ ജ്യോതിശാസ്ത്രത്തിന് സാധ്യമല്ല എന്നും

അമാവാസിക്കു ശേഷമുള്ള ബാലചന്ദ്രന്റെ ദൃശ്യസാധ്യത എപ്പോഴാണെന്ന് കണ്ടുപിടിക്കാനുള്ള നൂറ്റാണ്ടുകളായുള്ള ശ്രമങ്ങൾ പരാജയമാണെന്നും ഗ്രന്ഥകാരൻ പറയുന്നുണ്ട്.

ശരിയാണ്. അപ്രാപ്യമായ ഒന്നിനെ കണ്ടെത്താൻ സാധ്യമല്ലല്ലോ. അല്ലാഹുവും പ്രവാചകനും അത്തരമൊരു കാര്യം നമ്മോട് കൽപിക്കുകയുമില്ല. അപ്പോൾ പ്രവാചകൻ പറഞ്ഞതിന്റെ അർത്ഥം ചന്ദ്രപ്പിറവിയെ നോക്കാനല്ല. 28 ദിവസത്തെ ചന്ദ്രക്കലകൾ (അഹില്ല) നിരീക്ഷണ-ഗവേഷണങ്ങൾ നടത്തി ഒന്നാം തിയ്യതി (അമാവാസിയുടെ പിറ്റേദിവസം) എന്നായിരിക്കുമെന്ന് കണ്ടെത്താനാണ്. ന്യൂമൂൺ സംഭവിച്ച ശേഷം നിങ്ങൾ നോക്കട്ടെ, നോക്കാതിരിക്കട്ടെ, കാണട്ടെ കാണാതിരിക്കട്ടെ, പിറ്റേദിവസത്തിന്റെ പ്രഭാതത്തോടെ പുതിയ ദിവസം ആരംഭിക്കുന്നതായി കണക്കാക്കണം. പ്രഭാതം ഒരു ദിവസത്തിന്റെ ആരംഭമാണ്.

**2. കണ്ട ദിവസം മുതൽ കണക്കാക്കുക.**

ഉംറ നിർവ്വഹിക്കാൻ പുറപ്പെട്ടവർ ചന്ദ്രക്കലയെ നോക്കി തിയ്യതി പറഞ്ഞപ്പോൾ അഭിപ്രായ വ്യത്യാസമുണ്ടായി. ഇബ്നു അബ്ബാസ് വിധി പറഞ്ഞു: നിങ്ങൾ അതിനെ കണ്ടതു എന്ന് മുതലാണോ അന്നു മുതൽ മാസം ആരംഭച്ചതായി കണക്കാക്കുക.( പേജ്-81)

ശരിയാണ്. ഞായറാഴ്ച വൈകുന്നേരം സൂര്യാസ്തമയശേഷം കാണുന്ന ചന്ദ്രക്കല ഞായറാഴ്ച എന്ന ദിവസത്തിന്റെ തിയ്യതിയെ കുറിക്കുന്നു. ഞായറാഴ്ച ആരംഭിക്കുന്നത് പ്രഭാതത്തോടെയാണ് എന്ന കാര്യം മറക്കരുത്. എല്ലാ ദിവസങ്ങളും ഇങ്ങനെ ത്തന്നെ.

**എന്നാൽ ഈ ഐക്യസാധ്യതകളെ അവഗണിക്കുകയും അനൈക്യത്തിനു വഴി മരുന്നിടാൻ സഹായകമായ ഫത്വകളും പണ്ഡിതാഭിപ്രായങ്ങളും കുറൈബിന്റെ കഥപോലുള്ള അവ്യക്തമായ ചരിത്രരേഖകളും തെരഞ്ഞു പിടിച്ച് പർവ്വതീകരിക്കുകയും ചെയ്യുന്നത് സോദേശ്യ പ്രേരിതമാണോ എന്ന് സംശയിച്ചു പോവുകയാണ്. ഭൂമി ഉരുണ്ടതായതു കൊണ്ട് ഒരേ ദിവസം ഒറ്റക്കെട്ടായ നോമ്പും പെരുന്നാളും സാധ്യമല്ല എന്നാണ് ഇവരുടെ വാദം.**

**3. പൗർണ്ണമി ഏത് ദിവസം**

ഓരോ പ്രദേശത്തിനനുസരിച്ചുള്ള ഇസ്ലാമിക തിയ്യതികളിലായിരിക്കും ഫുൾമൂൺ (പൗർണ്ണമി) ഉണ്ടാവുക. (പേജ്:86)

ഈ പുസ്തകം ആളുകൾ വായിക്കുമെന്നും താൻ അപമാനിതനാകുമെന്നും ഗ്രന്ഥകാരനെങ്കിലുംഓർക്കേണ്ടതല്ലേ? എന്താണ് ഈ പറഞ്ഞത്? മാസം കണ്ടതിന്റെ അടിസ്ഥാനത്തിൽ കണ്ണൂരിൽ ഞായറാഴ്ചയും കാപ്പാട്ട് തിങ്കളാഴ്ചയും താനൂരിൽ ചൊവ്വാഴ്ചയുമാണ് പൗർണ്ണമിദിനം കണക്കാക്കപ്പെടുന്നത്. മൂന്ന് പ്രദേശങ്ങളിലും ഈമൂന്ന് ദിവസങ്ങളിലായി ചന്ദ്രൻ വ്യത്യസ്ത വലിപ്പത്തിൽ പ്രത്യക്ഷപ്പെടുമെന്നോ?! പരിതാപകരം എന്നല്ലാതെ എന്തു പറയാൻ!?

പൗർണ്ണമി ചില മാസങ്ങളിൽ 14നും ചിലപ്പോൾ 15നും അപൂർവ്വമായി മറ്റുചിലപ്പോൾ 16നും സംഭവിക്കും. അന്നേ ദിവസം ഭൂമിയിലും ഭൂനിവാസികളിലും സംഭവിക്കുന്ന സ്വാധീനങ്ങൾ വളരെ കൂടുതലാണ്. 12,13 തിയ്യതികളിൽ അതിന് സാധ്യതയില്ല. മുസ്ലിംകൾക്ക് 14,15,16 തിയ്യതികളിൽ പ്രബലമായ നോമ്പുകളുണ്ട്. ഈ തിയ്യതികൾ കണ്ടെത്തി നോമ്പെടുക്കണമെങ്കിൽ കൃത്യമായ കണക്ക് നിർബന്ധമാണ്. ഓരോ നാട്ടുകാരനും ചന്ദ്രപ്പിറവിയെ നഗ്നനേത്രങ്ങൾ കൊണ്ട് കണ്ട ദിവസം വെച്ച് കണക്കു കൂട്ടിയാൽ പലയിടത്തും പല ദിവസങ്ങളിലായിരിക്കും പൗർണ്ണമി കണക്കാക്കപ്പെടുക. ചന്ദ്രൻ പക്ഷെ നമ്മുടെ കാഴ്ചയെ പരിഗണിക്കാതെ സ്വന്തം വഴി നോക്കി സഞ്ചരിക്കുകയാണല്ലോ. പൗർണ്ണമിക്ക് ഭൂമിയിൽ എന്തെല്ലാം ചെയ്യാനുണ്ടോ അതെല്ലാം ചന്ദ്രൻ നിശ്ചിത ദിവസം ചെയ്യും. പക്ഷെ മുസ്ലിംകളിൽ ചിലർക്ക് കാഴ്ചക്കണക്കു പ്രകാരം പൗർണ്ണമി ആയിട്ടുണ്ടാവില്ല, അല്ലെങ്കിൽ കഴിഞ്ഞു പോയിട്ടുണ്ടാവും. എന്തൊരു വിരോധാഭാസം! ഓരോ നാട്ടിലും ഓരോപൗർണ്ണമി! പൗർണ്ണമി നോമ്പ് വ്യത്യസ്ത ദിവസങ്ങ

ളിൽ! ഇതിനെ ന്യായീകരി ക്കാനും ആളുകളുണ്ട്.!

പൗർണ്ണമിക്ക് ഉപവസിക്കുന്ന ഹിന്ദുക്കൾക്കും മറ്റും ഈ പ്രശ്നം ഉണ്ടാകുന്നുമില്ല! മുസ്ലിംകൾക്ക് വേണ്ടി പ്രത്യേക ഭൂമി, പ്രത്യേക ചന്ദ്രൻ!

#### 4. കുറൈബിന്റെ കഥ

ഭൂമിയിൽ എവിടെയെങ്കിലുംചന്ദ്രപ്പിറവി ബോധ്യപ്പെട്ടാൽ ഭൂവാസികൾക്ക് മുഴുവൻ അത് ബാധകമാണെന്ന പണ്ഡിതന്മാരുട അഭിപ്രായങ്ങൾ 'ചന്ദ്രമാസവും മുസ്‌ലിം സമുദായവും' എന്ന കൃതിയിൽ കാണുക. പ്രവാചകന്റെ പ്രസ്താവന ഭൂവാസികൾക്ക് മുഴുവനായിട്ടുള്ളതാണ് എന്നതിൽ തർക്കവുമില്ല. പണ്ഡിതന്മാരുടെ മേൽ പറഞ്ഞ അഭിപ്രായങ്ങൾ ലോകമുസ്ലിംകളെ ആരാധനാ-അനുഷ്ഠാനങ്ങളിൽ ഒരുമിപ്പിച്ച് നിർത്തുന്നതിന് സഹായകമാണ്. ഭിന്നിക്കരുത് എന്ന ദൈവകൽപനക്ക് അനുകൂലവുമാണ്.

എന്നാൽ ഈ ഐക്യസാധ്യതകളെ അവഗണിക്കുകയും അനൈക്യത്തിനു വഴി മരുന്നിടാൻ സഹായകമായ ഫത്‌വകളും പണ്ഡിതാഭിപ്രായങ്ങളും കുറൈബിന്റെ കഥ പോലുള്ള അവ്യക്തമായ ചരിത്രരേഖകളും തെരഞ്ഞു പിടിച്ച് പർവ്വതീകരിക്കുകയും ചെയ്യുന്നത് സോദ്ദേശ്യപ്രേരിതമാണോ എന്ന് സംശയിച്ചു പോവുകയാണ്. ഭൂമി ഉരുണ്ടതായതുകൊണ്ട് ഒരേ ദിവസം ഒറ്റക്കെട്ടായ നോമ്പും പെരുന്നാളും സാധ്യമല്ല എന്നാണ് ഇവരുടെ വാദം. ഭൂമിയെ ഉരുട്ടിയുണ്ടാക്കിയ ശേഷമാണല്ലോ മനുഷ്യനെ സൃഷ്ടിച്ച് കുടിയിരുത്തിയതും ഐക്യത്തോടെ, ഭിന്നിക്കാതെ ജീവിക്കണമെന്ന് ആവശ്യപ്പെട്ടതും. എന്ത് കൊണ്ട് നമുക്ക് ഐക്യ സഹായകമായ രേഖകൾ മാത്രം അവലംബിച്ചു കൂടാ?

**ഇന്നത്തെ മുസ്ലീം പണ്ഡിതരും സംഘടനാ നേതാക്കളും പൂർവ്വീകരിൽ നിന്ന് ഇനിയും പഠിക്കേണ്ടതുണ്ട്. ഫജ്ർ നമസ്കാരത്തിൽ ഖുനൂത്ത് ഓതേണ്ടതില്ല എന്ന പക്ഷക്കാരനായിരുന്നുവല്ലോ ഇമാം അബൂഹനീഫ, ഇമാം ശാഫി ആകട്ടെ ഖുനൂത്ത് ഓതണമെന്നും അഭിപ്രായപ്പെട്ടു. അബൂഹനീഫയുടെ ഖബറിടമിരിക്കുന്ന പ്രദേശത്ത് അൽപകാലം ചെലവഴിക്കേണ്ടി വന്നപ്പോൾ ഇമാം ശാഫി ഫജ്ർ നമസ്കാരത്തിൽ ഖുനൂത്ത് ഓതാൻ കൂട്ടാക്കിയില്ല. കാരണമന്വേഷിക്കപ്പെട്ടപ്പോൾ അദ്ദേഹത്തിന്റെ മറുപടി ശ്രദ്ധേയമായിരുന്നു. ഖുനൂത്ത് പാടില്ല ഫജ്റിന് എന്ന് പറഞ്ഞ ഒരു പണ്ഡിതൻ അന്ത്യവിശ്രമം കൊളളുന്നിടത്തു വെച്ച് ഖുനൂത്ത് ഓതുന്നത് അദ്ദേഹത്തോടുളള അനാദരവാകുമെന്ന് ഞാൻ ഭയപ്പെടുന്നു. നമ്മുടെ പണ്ഡിതർക്കും സംഘടനാ നേതൃത്വങ്ങൾക്കും ഈ വിശാല മനസ്കതയും പ്രതിപക്ഷ ബഹുമാനവും ഉണ്ടാകുവാനും മുസ്ലീം ഉമ്മത്തിനെ ഐക്യത്തിന്റെ പാതയിൽ നയിക്കാനുമുളള തൗഫീഖിനു വേണ്ടി നമുക്ക് പ്രാർത്ഥിക്കാം.**

രണ്ട് വാദഗതിക്കാർക്കും തങ്ങളുടെ പക്കൽ ഒന്നിക്കാനും ഭിന്നിക്കാനും ആവശ്യമായ തെളിവുകൾ ഉണ്ടെങ്കിൽ തന്നെ(?) ആരുടെ പക്ഷം ചേർന്നാണ് നാം നടക്കേണ്ടത്? പുസ്തകങ്ങളെഴുതുകയും പ്രസംഗിക്കുകയും കിതാബോതുകയും പട്ടം നേടുകയും ചെയ്ത പണ്ഡിത ശിരോമണികൾക്ക് താൽപ്പര്യം സമുദയത്തെ ഭിന്നിപ്പിച്ചുനിർത്തുന്നതിലാണെങ്കിൽ അല്ലാഹുവും പ്രവാചകനും സാമാന്യ ജനങ്ങളും അഗ്രഹിക്കുന്നതും ആവശ്യപ്പെടുന്നതും അതല്ല, ഐക്യമാണ് എന്ന് മനസ്സിലാക്കിക്കൊളളുക.

#### 5. ഹിജ്റ കലണ്ടറും ഫലം ചെയ്യില്ല

ഹിജ്റമാസക്കണക്കുപ്രകാരം ഹിജ്റ കലണ്ടറുണ്ടാക്കിയാലുംആചാരാനുഷ്ഠാനങ്ങളിൽ ലോകമുസ്ലികളെ ഒരേ ദിവസം ഒന്നിപ്പിക്കാനാവില്ല എന്നാണ് ഇന്റർനാഷണൽ ഡേറ്റ് ലൈൻ പരാമർശിച്ചു കൊണ്ട് ഉമർഫാറൂഖ് എഴുതുന്നത്. ആവട്ടെ, സാധിക്കില്ല എന്ന് വാദത്തിനു വേണ്ടി അംഗീകരിക്കാം. ഇപ്പോൾ ഒരു പെരുന്നാൾ മൂന്ന് ദിവസങ്ങളിലായിട്ടാണല്ലോ ഭൂമിയിൽ നടന്നു കൊണ്ടിരിക്കുന്നത്. ഗ്രന്ഥകാരന്റെ തന്നെ വാദമനുസരിച്ച് അത് രണ്ട് ദിവസമായി ചുരുങ്ങുമല്ലോ. ഇന്റർ നേഷണൽ ഡേറ്റ് ലൈനിനോട് ചേർന്ന് കിടക്കുന്ന അക്ഷാംശപ്രദേശങ്ങളിൽ മറ്റൊരു ദിവസം ആയിക്കോട്ടെ. ഭിന്നിപ്പ് മൂന്നിൽ നിന്ന് രണ്ടായി കുറയുമെന്ന നേട്ടമില്ലേ. ലോകത്ത് മൊത്തം ഇന്ന് 150 കോടി മുസ്ലീംകളുണ്ടെന്നാണ് പറയപ്പെടു

ന്നത്. ഇന്റർ നേഷണൽ ഡേറ്റ് ലൈൻ നോട് ചേർന്ന് കിടക്കുന്ന പ്രദേശങ്ങളിൽ നൂറ് ശതമാനം ജനങ്ങളും മുസ്ലീംകളായാൽ ഒരു കോടി തികയുമെന്ന് വിചാരിക്കുക. ബാക്കി പ്രദേശങ്ങളിൽ ഏതായാലും ഒറ്റ ദിവസം ആയിക്കിട്ടുമല്ലോ. 149 കോടി മുസ്ലിംകൾക്ക് ഐക്യപ്പെടാനാകുന്നത് വലിയ കാര്യമല്ലേ.

ചില പ്രശ്നങ്ങൾ ഈ പ്രദേശങ്ങളിൽ ഇപ്പോൾ ത്തന്നെയുണ്ട്. നമസ്കാരത്തിന്റെയും നോമ്പിന്റെയും കാര്യത്തിൽ ഇന്നും പൂർണ്ണ വിരാമമായിട്ടില്ല. പലതരം അഭിപ്രായങ്ങളും ഇജ്തിഹാദുകളും ഉണ്ട്. ഇജ്തിഹാദിന്റെ കവാടം തുറന്നു വെച്ചത് ഇത്തരം പ്രശ്നങ്ങൾക്ക് അപ്പപ്പോൾ പരിഹാരം കാണാനാണ്. യുക്തിദീക്ഷയും, പ്രവാചകന്റെ താൽപ്പര്യം നടപ്പാക്കണമെന്ന ഉത്സാഹവുമുള്ള പണ്ഡിതന്മാർ ഉണ്ടാകുമെങ്കിൽ അത്തരം പ്രശ്നങ്ങൾക്കും പരിഹാരമാകും. 'പുലിവരുന്നേ' എന്നു പറഞ്ഞ് സമുദായത്തെ ഭയപ്പെടുത്തി ഐക്യശ്രമങ്ങളെ തകർക്കുകയും ദൈവീക ദീനിനെ പരിഹസിക്കുകയും ചെയ്യുന്നത് കരുതിയിട്ട് വേണം.

### 6. ദുർവ്യാഖ്യാനം

ഖുർആൻ ആയത്തുകൾക്കും പ്രവാചക വചനങ്ങൾക്കും വ്യത്യസ്ത വ്യാഖ്യാനങ്ങളും നിർവചനങ്ങളും കാഴ്ചപ്പാടുകളും അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. ഖുർആൻ വ്യാഖ്യാന ഗ്രന്ഥങ്ങൾ ധാരാളമായി എഴുതപ്പെട്ടത് അതുകൊണ്ടാണല്ലോ. ഹദീസുകൾക്ക് തങ്ങളുടേതായ വ്യാഖ്യാനങ്ങൾ നൽകപ്പെട്ടതു മൂലമാണ് വ്യത്യസ്ത കർമ്മസരണികളുണ്ടായത്. ഒരു വിഷയത്തിൽ ഇമാം അബൂഹനീഫക്കുള്ള അഭിപ്രായമല്ല അതേ വിഷയത്തിൽ ഇമാം ശാഫി അവർകൾക്കുള്ളത്. അങ്ങനെ അസംഖ്യം മദ്ഹബുകൾ ഉടലെടുത്തു. വ്യത്യസ്ത ചിന്താസരണികളും മുസ്ലിം സംഘടനകളും സംഘടനകൾക്കകത്ത് ഗ്രൂപ്പുകളും എല്ലാം രൂപപ്പെട്ടത് അങ്ങനെയാണ്.

തന്റേതല്ലാത്ത വ്യാഖ്യാനങ്ങളോ അഭിപ്രായങ്ങളോ ഏതെങ്കിലും ഒരു വിഷയത്തിൽ ആരെങ്കിലും അവതരിപ്പിക്കുമ്പോഴേക്കും അവരെ തെറിവിളിക്കുകയും ജൂതന്മാരെന്ന് ആക്ഷേപിക്കുകയും കാഫിറുകളും മുബ്തദികളുമാക്കുകയും ഹദീസിനെയും ഖുർആൻ വചനങ്ങളെയും ദുർവ്യാഖ്യാനിക്കുകയാണെന്ന് ആരോപിക്കുകയും ചെയ്യുന്നത് ഇസ്ലാമിന്റെ പ്രതിപക്ഷ ബഹുമാന സംസ്കാരത്തിന് ഒട്ടും യോജിക്കാത്തതാണ്. തന്റെ കാഴ്ചപ്പാട് അവതരിപ്പിക്കുന്നയാൾ സോദ്ദേശ്യ പ്രേരിതമായിട്ടാണ് അതു ചെയ്യുന്നതെങ്കിൽ വിശേഷിച്ചും. പ്രവാചകൻ പറഞ്ഞുവല്ലോ: 'ഉദ്ദേശ്യാധിഷ്ഠിതമാണ് പ്രവർത്തനങ്ങൾ വിലയിരുത്തപ്പെടുന്നതും വിലയിരുത്തപ്പെടേണ്ടതും'എന്ന്. പിതാവിന്റെ കവിളത്ത് അടിച്ചത് അവിടെ ചോര കുടിക്കുന്ന കൊതുകിനെ കൊല്ലാനുദ്ദേശിച്ചായിരുന്നുവെങ്കിൽ പുണ്യകർമ്മമാണ്.

ഇന്നത്തെ മുസ്ലീം പണ്ഡിതരും സംഘടനാ നേതാക്കളും പൂർവ്വീകരിൽ നിന്ന് ഇനിയും പഠിക്കേണ്ടതുണ്ട്. ഫജ്ർ നമസ്കാരത്തിൽ ഖുനൂത്ത് ഓതേണ്ടതില്ല എന്ന പക്ഷക്കാരനായിരുന്നുവല്ലോ ഇമാം അബൂഹനീഫ, ഇമാം ശാഫി ആകട്ടെ ഖുനൂത്ത് ഓതണമെന്നും അഭിപ്രായപ്പെട്ടു. അബൂഹനീഫയുടെ ഖബറിടമിരിക്കുന്ന പ്രദേശത്ത് അൽപകാലം ചെലവഴിക്കേണ്ടി വന്നപ്പോൾ ഇമാം ശാഫി ഫജ്ർ നമസ്കാരത്തിൽ ഖുനൂത്ത് ഓതാൻ കൂട്ടാക്കിയില്ല. കാരണമന്വേഷിക്കപ്പെട്ടപ്പോൾ അദ്ദേഹത്തിന്റെ മറുപടി ശ്രദ്ധേയമായിരുന്നു. ഖുനൂത്ത് പാടില്ല ഫജ്റിന് എന്ന് പറഞ്ഞ ഒരു പണ്ഡിതൻ അന്ത്യവിശ്രമം കൊള്ളുന്നിടത്തു വെച്ച് ഖുനൂത്ത് ഓതുന്നത് അദ്ദേഹത്തോടുള്ള അനാദരവാകുമെന്ന് ഞാൻ ഭയപ്പെടുന്നു.

നമ്മുടെ പണ്ഡിതർക്കും സംഘടനാ നേതൃത്വങ്ങൾക്കും ഈ വിശാല മനസ്കതയും പ്രതിപക്ഷ ബഹുമാനവും ഉണ്ടാകുവാനും മുസ്ലീം ഉമ്മത്തിനെ ഐക്യത്തിന്റെ പാതയിൽ നയിക്കാനുമുള്ള തൗഫീഖിനു വേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

### 7. കാഴ്ചയുടെ പരിധി

കാഴ്ചകൾക്ക് രണ്ട് പരിധികളുണ്ട്. ഒന്ന്: കാഴ്ച ഏത് സംഘടന/മദ്ഹബ്കാർക്ക് ബാധകം?

രണ്ട്: ഏത് ഭൂപ്രദേശത്തുകാർക്ക് ബാധകം? ഇതിൽ ഒന്നാം നമ്പർ സംശയത്തിന് പുസ്തകത്തിൽ വിശദീകരണം ഒന്നും കാണുന്നില്ല. അതിനാൽ ചോദിച്ചു പോവു

കയാണ്.

മാസപ്പിറവി സംഭവിച്ചിരിക്കുന്നു എന്ന കാര്യം സുന്നി നേതാവ് മാത്രം പ്രഖ്യാപിച്ചാൽ സലഫികൾക്കത് അംഗീകരിക്കാനാവുമോ?

'പുത്തൻവാദി'കളുടെ പ്രഖ്യാപനം 'അഹ്‌ലുസ്സുന്നത്തു വൽജമാഅത്തു'കാർക്ക് സ്വീകരിക്കാമോ?

പുരോഗമന സുന്നികൾ പഴയ സുന്നികൾക്ക് പഥ്യമാകുമോ?

തബ്‌ലീഗുകാർക്കും ത്വരീഖത്തുകാർക്കും അവരുടെ അമീറുമാർ തന്നെ പ്രഖ്യാപിക്കേണ്ടതുണ്ടോ?

പ്രത്യേകം പ്രത്യേകം തന്നെ കാണേണ്ടതും പ്രഖ്യാപിക്കേണ്ടതും ഉണ്ട് എന്നാണ് പത്രമാധ്യമങ്ങളിലൂടെ മനസ്സിലാക്കാൻ കഴിയുന്നത്.

എന്നാൽ രണ്ടാം നമ്പർ സംശയത്തിന് ഗ്രന്ഥകാരൻ വ്യക്തമായ വിശദീകരണം നൽകുന്നുണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ 'ഓരോ ഭരണാധികാരിയും തന്റേതായി നിശ്ചയിച്ച ഭൂപ്രദേശത്തെ ബലദ് എന്ന് കണക്കാക്കുകയും ആ നാട്ടിനകത്ത് ചന്ദ്രപ്പിറവി കണ്ടാൽ അവിടത്തുകാർക്ക് മാത്രം ബാധകമാക്കുകയും ചെയ്യുക. ഭരണാധികാരിയുടെ അധികാരപരിധി കൂടുന്നതിനനുസരിച്ച് ബലദിന്റെ പരിധിയും ചന്ദ്രമാസത്തീയതിയും മാറിക്കൊണ്ടിരിക്കും! ഉദാഹരണം കാണുക: ബലദ് എന്ന ആശയം പൂർണ്ണമായും അയവുളളതും ഭരണ നേതൃത്വത്തിന്റെ അധികാരപരിധി അനുസരിച്ച് മാറുന്നതുമാണ്. ആയതിനാൽ കന്യാകുമാരിയിലെ പിറവി തിരുവനന്തപുരത്ത് ബാധകമല്ല. കാസർ ക്കോട്ടെ പിറവി തിരുവനന്തപുരത്ത് സ്വീകാര്യവുമാണ്'. (പേജ്:173-183)



ശരിയാണ്. കേരള ഹിലാൽ കമ്മിറ്റിയുടെ പരിധിയിൽ ഉദിക്കുന്ന ചന്ദ്രനെ തമിഴ്നാടിന് എങ്ങനെ ബാധകമാകാൻ! ചന്ദ്രനും ചന്ദ്രന്റെ സ്രഷ്ടാവും നമ്മുടെ കമ്മറ്റിക്കാർക്കും ഖാദിമാർക്കും കീഴ്പ്പെട്ട് ജീവിക്കുന്ന കാഴ്ച വിസ്മയം തന്നെ! അങ്ങനെ അറബിക്കടലിൽ അഞ്ച് കിലോമീറ്റർ ചുറ്റളവിൽ സ്ഥിതി ചെയ്യുന്ന മൂന്ന് ദ്വീപുകളിൽ മൂന്ന് ദിവസം പെരുന്നാളാകുന്നത്. ഓരോ ഖാദിക്കും ഓരോ ഭൂപരിധി, ജനപരിധിയും.

പിറവി ദർശനത്തിന്റെ ഭൂപരിധി എവിടെ വരെ എന്ന് സ്ഥാപിക്കാൻ ഗ്രന്ഥകാരൻ ഇരുപത്തിഏഴ് പേജുകളിൽ പെടാപാട് പെടുന്നുണ്ട്. ന്യായീകരണത്തിന് ഒരൊറ്റ കുറൈബ് സംഭവമല്ലാതെ യാതൊന്നും തെളിവായി ഉദ്ധരിക്കാൻ അദ്ദേഹത്തിന്റെ വശമില്ല. ഖുർആൻ ആയത്തുകളോ, സ്വഹീഹായ തിരുവചനങ്ങളോ ഖുലഫാഉകളുടെ പരാമർശങ്ങളോ അമീർ

മുആവിയക്ക് മുമ്പ് നടന്ന വല്ല സംഭവങ്ങളോ മുങ്ങിത്തപ്പിയിട്ടും കിട്ടാതായതു കൊണ്ടാകുമല്ലോ കുറൈബിന്റെ പിന്നാലെ ഇരുപത്തി ഏഴ് പേജുകളിലൂടെ ഓടിയത്.

നമുക്ക് വിഷയത്തിലേക്കു വരാം.ഇദ്ദേഹത്തിന്റെ വാദങ്ങൾക്ക് ശൈഖുൽ ഇസ്ലാം ഇബ്നുതൈമിയ മറുപടി പറയുന്നത് കാണുക:

**'ജംഉം ഖസ്റുമാക്കാൻ നിശ്ചയിച്ചപോലെ മാസ നിർണ്ണയത്തിന് നാം ഒരു പരിധി നിശ്ചയിച്ചു എന്ന് സങ്കൽപ്പിക്കുക. ആ പരിധിയുടെ അതിർത്തിയിൽ ഒരാൾ താമസിക്കുന്നു എന്നും സങ്കൽപിക്കുക. അപ്പോൾ അവൻ നോമ്പ് നോൽക്കണം, നോമ്പ് അവസാനിപ്പിക്കണം, ബലിയറുക്കണം. അതേസമയം മറ്റൊരുത്തനുണ്ട് ആ അതിർത്തിക്ക് തൊട്ടടുത്ത് അവന്റെയും ഇവന്റെയും വീടുകൾ തമ്മിൽ ഒരു അമ്പെയ്താൽ എത്തുന്ന ദൂരം മാത്രമേയുള്ളൂ. അവനോ, ഇപ്പറഞ്ഞതൊന്നും ബാധകമല്ലതാനും. ഈ നടപടി മുസ്ലിംകളുടെ ദീനിൽപ്പെട്ടതല്ല.'** (ഫതാവാ ഇബ്നുതൈമിയ 25/105)

**'ചന്ദ്രപ്പിറവി കണ്ടാൽ നോമ്പ് നോൽക്കുന്നതിന് വല്ലവനും ഒരുപരിധി-നമസ്കാരം ഖസ്റാക്കാൻഅനുവദിച്ച ദൂരം അല്ലെങ്കൽ മേഖല-നിശ്ചയിച്ചു. എങ്കിൽ അവന്റെവാക്ക് യുക്തിക്കും ഇസ്ലാം മതത്തിനും വിരുദ്ധമാണ്.'**

***(അതേപുസ്തകം 25/111)***

കുറൈബിന്റെ കഥ സ്വീകാര്യമല്ലെന്ന് ഒരു വിഭാഗം പണ്ഡിതന്മാർ വിധി കൽപ്പിച്ചത് ഇബ്നു ഹജർ അസ്ഖലാനി 'തുഹ്ഫ'യിൽ ഉദ്ധരിക്കുന്നുണ്ട്. (3/383) ഇമാം ഇബ്നു ഖുദാമ മുഗ്നിയിൽ പറഞ്ഞു: **'ഒരു കുറൈബ് മാത്രം പറഞ്ഞത് ഞങ്ങൾ സ്വീകരിക്കുകയില്ല (3/81)**

ഇങ്ങനെയാണ് നബി തങ്ങളോട് കൽപിച്ചിരിക്കുന്നത് എന്ന് ഇബ്നുഅബ്ബാസ് പറഞ്ഞത് അദ്ദേഹത്തിന്റെ സ്വന്തം വ്യാഖ്യാനം മാത്രമാണ്. അല്ലാതെ ഒരു പ്രത്യേക ഹദീസിനെ ചൂണ്ടിക്കാട്ടിയതല്ല. (ഇമാം ഇബ്നു ദഖീഖുൽ ഈദ്).

ഇബ്നു അബ്ബാസിന്റെ മഹത്വങ്ങൾ ഗ്രന്ഥകാരൻ ഉദ്ധരിച്ചതിനോട് ആർക്കും വിയോജിപ്പില്ല. ഒരിടത്തെ മാസപ്പിറവി എവിടം വരെ ബാധകമാക്കണമെന്ന കാര്യം തീരുമാനിക്കാൻ പ്രവാചകന്റെയും ഖുലഫാഉകളുടെയും കാലശേഷം മുആവിയയുടെ ഭരണകാലത്തെ ഒരൊറ്റ സംഭവം മാത്രം ആധാരമാക്കിക്കൂടാ എന്നു മാത്രമേ നമുക്ക് വാദമുളളൂ. വിശിഷ്യാ കർമ്മശാസ്ത്ര ഗ്രന്ഥങ്ങളത്രയും ഇതിന്നെതിര് നിൽക്കുന്ന സ്ഥിതിക്ക്. ഖുർആനും ഹദീസുകളുമാവട്ടെ ബലദ് പരാമർശിക്കുന്നുമില്ല.

എന്നാൽ എന്ന പദത്തിന് 'മാസനിരീക്ഷണം'എന്ന അർത്ഥത്തിൽ ഇബ്നു അബ്ബാസ്-കുറൈബ് സംഭവത്തെയും വ്യാഖ്യാനിക്കുകയാണെങ്കിൽ ബലദ്-പരിധി വാദികളുടെ ഏക പിടിവളളിയും നഷ്ടപ്പെടും.

പുസ്തകത്തിന്റെ 46-ാം പേജ് വരെയും ഗ്രന്ഥകാരനോടുണ്ടായിരുന്ന മതിപ്പ് പുസ്തകത്തിന്റെ അവസാന ഭാഗത്തെത്തുമ്പോഴേക്കും തകർന്നടിയുകയാണ്. അദ്ദേഹം വാരിക്കുഴിയിൽ വീണടിയുകയാണ്.

ഈ പുസ്തകം മാർക്കറ്റിൽ നിന്ന് പിൻവലിക്കുന്നത് ഗ്രന്ഥകാരനും പ്രസാധകരും അപമാനിതരാവാതിരിക്കാൻ സഹായകമാകും എന്ന് ഉണർത്തിക്കൊളളുന്നു.

**പുസ്തകത്തിന്റെ 46-ാം പേജ് വരെയും ഗ്രന്ഥകാരനോടുണ്ടായിരുന്ന മതിപ്പ് പുസ്തകത്തിന്റെ അവസാന ഭാഗത്തെത്തുമ്പോഴേക്കും തകർന്നടിയുകയാണ്. അദ്ദേഹം വാരിക്കുഴിയിൽ വീണടിയുകയാണ്. ഈ പുസ്തകം മാർക്കറ്റിൽ നിന്ന് പിൻവലിക്കുന്നത് ഗ്രന്ഥകാരനും പ്രസാധകരും അപമാനിതരാവാതിരിക്കാൻ സഹായകമാകും എന്ന് ഉണർത്തിക്കൊളളുന്നു.**

## മതമാറ്റ കാരണം

“മതം വിശ്വാസ സ്വാതന്ത്ര്യത്തെ അനുവദിക്കുന്നതും സംസ്കൃത ബുദ്ധികൾക്കെല്ലാം സ്വീകാര്യവും മനുഷ്യരുടെ ഒരുത്തമ ആദർശത്തിലേക്ക് നയിക്കുന്നതും ആയിരിക്കണം.”

***(ശ്രീനാരായണഗുരു)***

# പ്രജ്ഞയും വാക്കും

**'പ്രജ്ഞ എന്ന രൂപത്തിൽ ബ്രഹ്മത്തെ ഉപാസിക്കണം. വാക്കു തന്നെയാകുന്നു പ്രജ്ഞ. വാക്കു കൊണ്ടാണല്ലോ മാതാപിതാക്കളും ബന്ധുജനങ്ങളും അറിയപ്പെടുന്നത്. ചതുർവേദങ്ങളും ഇതിഹാസവും പുരാണങ്ങളും ഉപനിഷത്തുകളും പുണ്യപാപങ്ങളുമെല്ലാം അറിയപ്പെടുന്നത് വാക്കിനാലാണ്. വാക്കാണ് പരമമായ ബ്രഹ്മം (വാക്വൈ പരമം ബ്രഹ്മ). ആരാണോ ഇപ്രകാരം അറിഞ്ഞു കൊണ്ട് വാക്കാകുന്ന ബ്രഹ്മത്തെ ഉപാസിക്കുന്നത് അവനെ വാക്ക് ഉപേക്ഷിക്കുകയില്ല. എല്ലാ ഭൂതജാലങ്ങളും അവനെ സന്തോഷിപ്പിക്കുന്നു.'**

***ബൃഹദാരണ്യകോപനിഷത്ത് 4.1.2***

**ശുഭദിനം !**

അദൃശ്യമായി പ്രപഞ്ചത്തെ നിയന്ത്രിക്കുന്ന ശക്തി ചൈതന്യമാണ് ബ്രഹ്മം. അതിന്റെ ശക്തികളെ നാം പ്രപഞ്ചത്തിൽ തിരിച്ചറിഞ്ഞ് അതിനെ മനസ്സിലാക്കുകയാണ് ചെയ്യുന്നത്. ബ്രഹ്മത്തിന്റെ ഏറ്റവും വലിയ വിഭൂതികളിലൊന്ന് 'പ്രജ്ഞ' എന്ന വിശേഷ ജ്ഞാനശക്തിയാണ്. അത് മനുഷ്യനിലാണ് ഏറ്റവും പ്രകടീകൃതരൂപത്തിലുള്ളത്. അത് വാക്‌രൂപത്തിലാണ് നമുക്കിടയിൽ നിലനിൽക്കുന്നത്. നമ്മേയെല്ലാം നിലനിർത്തുന്ന ജ്ഞാനം എന്ന മഹാശക്തി വാക്കിനെ ആശ്രയിച്ചിരിക്കുന്നു. അപ്പോൾ പ്രത്യക്ഷമായ ബ്രഹ്മം വാക്കല്ലാതെ മറ്റൊന്നെന്താണ്? വാക്കിനെയറിഞ്ഞവൻ സമസ്ത ജീവജാലങ്ങൾക്കും സന്തുഷ്ടിയേകുന്നു.

**കലാമുല്ലാഹി**

'ദൈവവചനം' എന്നു മലയാളത്തിൽ വിവർത്തനം ചെയ്തുവരുന്ന അറബിയിലെ 'കലാം' എന്നതാകണം പ്രജ്ഞ എന്ന് ഉപനിഷത്ത് വിവക്ഷിക്കുന്നത്. അല്ലാഹുവിന്റെ വിശേഷണ നാമത്തിലൊന്നാണ് കലാം. അവന്റെ അസ്തിത്വഗുണം. ദിവ്യാനുഭൂതിയിലൂടെ പ്രവാചകന്മാരിലേക്ക് സന്നിവേശിപ്പിക്കുന്ന ദൈവ വചനങ്ങൾ. മാലാഖമാർ മുഖേന (ജിബ്രീൽ എന്ന മലക്ക്) അല്ലാഹു മനുഷ്യരിലെ തിരഞ്ഞെടുക്കപ്പെട്ട നബിമാർക്ക് പറഞ്ഞു കൊടുക്കുന്ന വാക്കു തന്നെയാണ് പ്രജ്ഞ. ഭാഷയും നാമങ്ങളും അതിലെ ആശയം ഗ്രഹിപ്പിക്കുന്ന ഉപാധിയാണ്. ആ വാക്കുകളുടെ സമാഹാരങ്ങളാണ് വേദങ്ങളെല്ലാം. ദൈവഹിതം എന്തെന്ന് മനുഷ്യകുലത്തെ അറിയിക്കുന്ന ആശയങ്ങളുടെ സമുച്ചയം വാക്കുകളും പദങ്ങളും നാമങ്ങളുമായി നാം വിനിമയം ചെയ്യുന്നു.

വിശുദ്ധ ഖുർആൻ അല്ലാഹുവിന്റെ വചനമാണ്. മനുഷ്യരോടുള്ള ദൈവ സംഭാഷണം. ഹിജ്റ മൂന്നും നാലും നൂറ്റാണ്ടുകളിൽ വിശുദ്ധ ഖുർആനിനെ പ്രതിയാക്കി സൃഷ്ടി സ്രഷ്ടാവ് വാദം ഉടലെടുത്തിരുന്നു.

വചനശാസ്ത്രം-ഇൽമുൽക ലാം -എന്നു പേരിട്ട് വാഗ്വാദങ്ങളുടെ പെരുമഴ പെയ്തു. അപകടകരമായ വരണ്ട ചർച്ച. പണ്ഡിതന്മാർ ചേരി തിരിഞ്ഞ് പരസ്പരം തർക്കിച്ചു. അല്ലാഹുവിന്റെ കലാം - വിശുദ്ധ ഖുർആൻ- സൃഷ്ടിയാണോ അതോ സ്രഷ്ടാവു തന്നെയോ? മനുഷ്യർക്കോ ഇസ്ലാമിനോ യാതൊരു നന്മയും നൽകാ ത്ത വിരസവും വരണ്ടതും നിഷ്ഫലവും മരവിച്ചതുമായ വ്രതാസ്ഥൂലമായ ചർച്ചകൾ. മുഅ്തസിലികൾ എന്ന വിഭാഗമാണീ ഫിത്നക്കു തുടക്കം കുറിച്ചവരത്രെ. ഉജ്ജ്വലപ്രതാപികളായിരുന്ന അഹ്മദ്ബ്നു ഹമ്പൽ, ഇമാം ഗസ്സാലി പോലുളളവരുടെ നിതാന്ത ജാഗ്രതയും വൈജ്ഞാനിക ശക്തിയും ഉപയോഗപ്പെടുത്തി ആ ചർച്ച ക്രമേണ കെട്ടടങ്ങി. (കൂടുതലറിയാൻ: അന്യൂനമായ ദൈവവിശ്വാസം.പേജ്: 162-165 - ലൈറ്റ്ഹൗസ് ബുക്സ്)

ഉപനിഷത്തുക്കൾ ഉദ്ധരിക്കുന്നവയിലും ഇമ്മാതിരി അതിശയോക്തിപരമായ വിശദീകരണങ്ങളും വ്യാഖ്യാനങ്ങളും ഋഷിമാരും തത്വചിന്തകരും നൽകി വരുന്നതു കാണാം. ഈ വാക് രൂപത്തിലുള്ള ദൈവവചനം നമ്മെയെല്ലാം നിലനിർത്തുന്ന ജ്ഞാനം എന്ന മഹാശക്തി വാക്കിനെ ആശ്രയിച്ചിരിക്കുന്നു. അല്ലാഹു വിശുദ്ധ ഖുർആനിൽ 31-ാം അദ്ധ്യായം 26, 27 വചനങ്ങളിലിക്കാര്യം ഉണർത്തുന്നു. **“ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അല്ലാഹുവിന്റെതാകുന്നു. അവൻ പരാശ്രയമുക്തനും സ്തുത്യർഹനുമാകുന്നു. ഭൂമിയിലെ വൃക്ഷങ്ങളെല്ലാം പേനയാക്കി, സമുദ്രം മഷിയാക്കി-പുറമെ ഏഴു സമുദ്രങ്ങൾ അതിനെ പോഷിപ്പിച്ചാൽ പോലും ദൈവപ്രജ്ഞകൾ എഴുതിത്തീരുകയില്ല. അല്ലാഹു പ്രതാപവാനും യുക്തിസഹനുമാകുന്നു. (ലുഖ്മാൻ 26, 27)** മറ്റൊരിടത്തും അല്ലാഹു വ്യക്തമാക്കി:

**“പറയൂ. സമുദ്രജലം എന്റെ രക്ഷിതാവിന്റെ വചനങ്ങളെഴുതാനുള്ള മഷിയാക്കിയിരുന്നെങ്കിൽ ആ വചനങ്ങൾ തീരുന്നതിനു മുമ്പായി വരണ്ടു പോകുമായിരുന്നു. അതിനു തത്തുല്യ സമുദ്രങ്ങൾ സഹായത്തിനു കൊണ്ടു വന്നാലും മതിയാവുകയില്ല. (അൽകഹ്ഫ്:109)**

# പ്രജാവത്സനൻ

“നിങ്ങളിൽ നിന്നുയർത്തിടിനാൻ രക്ഷകൻ
നിങ്ങൾക്കു നിർദ്ദേശമേകുവാൻ ദൂതനെ.
നിങ്ങൾക്ക് സന്താപമങ്കുരിച്ചീടുകിൽ
നിങ്ങളോടൊന്നിച്ചു കേഴുമെൻ ദൂതനും.
നിങ്ങൾക്ക് ശ്രേയസ്സ് ചേർക്കാൻ പ്രവാചകൻ
നിർവ്യാജമായി പ്രവർത്തിച്ചീടും സദാ.
കാരുണ്യപീയൂഷവർഷം ചൊരിഞ്ഞിടും
വാത്സല്യമോടവൻ വിശ്വസ്ത ദാസരിൽ.”

*(വി.ഖു:6:128, 129 ന്റെ വിവർത്തനം. കെ.ജി. ആർ. നായർ, അമൃതവാണി, പേജ്: 323)*

# സൗമ്യനായത്

**“അല്ലാഹുവിന്റെ കാരുണ്യത്താലാണ് താങ്കളവരോട് സൗമ്യനായത്. താങ്കൾ പരുഷപ്രകൃതനും കഠിന മനസ്കനും ആയിരുന്നെങ്കിൽ താങ്കളുടെ ചുറ്റു നിന്നും അവരൊക്കെയും പിരിഞ്ഞു പോകുമായിരുന്നു. അതിനാൽ താങ്കൾ അവരോട് മാപ്പാക്കുക. അവരുടെ പാപമോചനത്തിനായി പ്രാർത്ഥിക്കുക. കാര്യങ്ങൾ അവരുമായി കൂടിയാലോചിക്കുക. തീരുമാനമെടുത്തു കഴിഞ്ഞാൽ അല്ലാഹുവിൽ ഭരമേൽപിക്കുക. അല്ലാഹുവിൽ ഭരമേൽപിക്കുന്നവരെ തീർച്ചയായും അവൻ ഇഷ്ടപ്പെടുന്നു.” (വി.ഖു: 3:159).**

# ഹൃദയംഗമായി

**ഹുദൈഫത്തുൽ യമാനി (റ) റിപ്പോർട്ട്. നബി(സ) പറഞ്ഞു: “എനിക്ക് കോപമുണ്ടാകുമ്പോൾ എന്റെ ജനതയിലാരെയെങ്കിലും ശകാരിക്കുകയോ ശപിക്കുകയോ ചെയ്തു പോയിട്ടുണ്ടെങ്കിൽ ഞാനും ഒരു മനുഷ്യനാണെന്നോർക്കുമല്ലോ. ഏവർക്കും കോപം വരുന്ന പോലെ ഞാനും കോപിച്ചേക്കും. എന്നാൽ സർവ്വ ലോകർക്കും കാരുണ്യം നൽകുവാനായി മാത്രമാണ് ഞാൻ നിയോഗിതനായിട്ടുള്ളത്. അതുകൊണ്ട് അല്ലാഹുവേ, ഞാൻ അവരോടു ചെയ്തു പോയതെല്ലാം അന്ത്യനാളിൽ അവർക്ക് അനുഗ്രഹവും കാരുണ്യവുമായി പരിവർത്തിച്ചു കൊടുക്കേണമേ.” (അബൂദാവൂദ്)**

## ഈ ഹദീസ് നിങ്ങളെടുക്കുമോ? - 5

അബ്ദുറഹിമാൻ ഇരിവേറ്റി

# ഖത്മുന്നുബുവ്വത്തിൽ പ്രവാചകന് തന്നെ സംശയം!

**സ്വഹീഹുൽ ബുഖാരിയിലും മുസ്ലിമിലും ഖുർ-ആന് വിരുദ്ധവും പ്രവാചകത്വം ഉൾക്കൊള്ളുന്നവയും പ്രകൃതി (അല്ലാഹുവിന്റെ സുന്നത്ത്) വിരുദ്ധവുമായ ഹദീസുകളുണ്ടെന്ന് പറയുന്നവരെ 'ഹദീസ് നിഷേധികളായി' മുദ്ര കുത്തി മതഭ്രഷ്ട് കൽപ്പിക്കുന്നവർ ഈ ഹദീസ് പുറത്ത് പറയാതെ ഒളിച്ചു വെക്കുകയല്ല വേണ്ടത്, മറിച്ച് ഖുർആനും സുന്നത്തും ഉദ്ധരിച്ച് ഇതിനെ സമർത്ഥിക്കുകയാണ് വേണ്ടത്.**

സ്വഹീഹ് ബുഖാരിയിൽ താഴെ കാണും വിധം ഒരു സംഭവം കാണാം.

**1.** അബ്ദുല്ലാഹിബ്നു ഉമറി(റ)ൽ നിന്ന് നിവേദനം. ഉമർ(റ) ഒരിക്കലൊരു സംഘത്തിൽ ചേർന്നു കൊണ്ട് ''ഇബ്നു സ്വയ്യാദി''നെ കാണാൻ പോയി. അവനപ്പോൾ "ബനൂമുഗാല" ഗോത്രത്തിന്റെ മതിലിനടുത്ത് മറ്റ് ബാലന്മാരോടൊപ്പം കളിക്കുന്നതാണവർ കണ്ടത്. അന്ന് 'ഇബ്നു സ്വയ്യാദ്' പ്രായപൂർത്തിയോടടുക്കുന്ന ഒരു ബാലനായിരുന്നു. നബി(സ) തന്റെ കൈ കൊണ്ടവനെ ഒന്ന് കൊട്ടുന്നത് വരെ അക്കാര്യം (അവർ ചെന്ന കാര്യം) അവനറിഞ്ഞിരുന്നില്ല. പിന്നീടദ്ദേഹം അവനോടിങ്ങനെ ചോദിച്ചു. ''ഞാൻ അല്ലാഹുവിന്റെ ദൂതനാണെന്ന് നീ സാക്ഷ്യം വഹിക്കുമോ?". താങ്കൾ എഴുത്തും വായനയും അറിയാത്തവരുടെ പ്രവാചകനാണെന്ന് ഞാൻ സാക്ഷ്യം വഹിക്കാമെന്നവൻ നബി(സ)യെ നോക്കിക്കൊണ്ട് (മറുപടി) പറഞ്ഞു! ഇബ്നു സ്വയ്യാദ് പിന്നീട് നബി(സ)യോട് ചോദിച്ചു. "ഞാൻ അല്ലാഹുവിന്റെ ദൂതനാണെന്ന് താങ്കൾ സാക്ഷ്യം വഹിക്കുമോ? (അപ്പോൾ) നബി(സ) പറഞ്ഞു. "ഞാൻ അല്ലാഹുവിലും അവന്റെ ദൂതന്മാരിലും വിശ്വസിക്കുന്നു. നിന്റെ നിലപാടെന്താണ്''. ''എന്റെയടുക്കൽ സത്യവാദിയും അസത്യവാദിയും" വരുന്നു എന്നവൻ പറഞ്ഞു. അപ്പോൾ നബി(സ) (ഇങ്ങനെ) പറഞ്ഞു. നിനക്ക് യാഥാർത്ഥ്യം ഗ്രഹിക്കാൻ കഴിയുന്നില്ല. നിന്നെ പരീക്ഷിക്കുന്നതിനായി ഞാനൊരു കാര്യം എന്റെ മനസ്സിൽ ഗോപ്യമാക്കി വെച്ചിട്ടുണ്ട്. (അതെന്താണെന്ന് പറയാമോ?) അപ്പോൾ ഇബ്നു സ്വയ്യാദ് അദ്ദേഹത്തോട് ''ദുഖ്'' എന്ന് പറഞ്ഞു. അപ്പോൾ ''മിണ്ടാതിരിക്കൂ! നിനക്ക് നിന്റെ നിലവാരത്തിൽ നിന്നുയരാൻ സാധിക്കില്ല" എന്ന് നബി(സ) പറഞ്ഞു. അപ്പോൾ ഉമർ(റ) പറഞ്ഞു. ''പ്രവാചകരേ! അവനെ എനിയ്ക്ക് വിട്ടേക്കൂ! ഞാനവന്റെ കഴുത്ത് വെട്ടാം. അപ്പോൾ നബി(സ) പറഞ്ഞു. അവൻ അപ്പറഞ്ഞവനാണെങ്കിൽ നിങ്ങൾക്കവനെ വധിക്കുവാൻ സാധിക്കുകയില്ല. അപ്പറഞ്ഞവനല്ലെങ്കിലോ അവനെ വധിക്കുന്നത് കൊണ്ട് യാതൊരു നേട്ടവുമില്ല. (സ്വ:ബുഖാരി 1354).

പിന്നിടൊരിക്കൽ നബി(സ) ഉബയ്യുബ്നു കഅ്ബിനോടൊപ്പം ഇബ്നു സ്വയ്യാദ് താമസിക്കുന്ന ഈത്തപ്പന

തോട്ടത്തിൽ പോയി. രഹസ്യ മായാണ് പോയത്! ഇബ്നു സ്വയ്യാദ്, തന്നെ കാണുന്ന തിനു തൊട്ടു മുമ്പ് അവനിൽ നിന്നെന്തെങ്കിലും കേൾക്കാൻ സാധിച്ചെങ്കിലോ യെന്ന പ്രതീക്ഷയിലാണ് പോയത്! അവനപ്പോഴെന്തോ പിറുപിറുത്ത് കൊണ്ട് ഒരു വിരിപ്പിൽ കിടക്കുകയായിരു ന്നു. അദ്ദേഹം (നബി) മറ്റാരും കാണാതിരിക്കാനായി ഈത്ത പ്പനയുടെ മറവിൽ ഒളിഞ്ഞു നില്ക്കുകയാണ് ചെയ്തത്! പക്ഷെ, അപ്പോൾ ഇബ്നു സ്വയ്യാദിന്റെ മാതാവ് പ്രവാച കനെ കാണാനിടയായി. അവർ ഇബ്നു സ്വയ്യാദിനോട് പറഞ്ഞു. സ്വാഫ്! (അതായി രുന്നു ഇബ്നു സ്വയ്യാദിന്റെ യഥാർത്ഥ പേര്) അതാ അവിടെ മുഹമ്മദ് നില്ക്കു ന്നു! അതോടെ അവൻ വിരി പ്പിൽ നിന്നും ചാടിയെഴുന്നേ റ്റു. അപ്പോൾ നബി(സ) (ഇ ങ്ങനെ) പറഞ്ഞു. **"അവള വനെ (നമ്മുടെ സാന്നിദ്ധ്യം അറിയിക്കാതെ) വിട്ടിരുന്നെ ങ്കിൽ കാര്യങ്ങൾ നമുക്ക് വ്യക്തമായി ഗ്രഹിക്കാൻ കഴിഞ്ഞേനെ!**

**(സ്വ: ബുഖാരി 1355)**

വായനക്കാർ ഈ രണ്ട് 'ഹദീസുകളും' വളരെ ശ്രദ്ധ യോടെ വായിച്ചു നോക്കണം. എന്തൊക്കെയാണ് ഈ ഹദീ സുകളിൽ നിന്നവർക്ക് ഗ്രഹി ക്കാൻ സാധിക്കുന്നതെന്നവർ സ്വസ്ഥമായി ചിന്തിച്ച് നോക്ക ണം.

ബുഖാരിയിലെയും മുസ്ലി മിലെയും 'സനദി'ന് (പരമ്പ ര) ദോഷമില്ലാത്ത ഹദീസുക ളൊക്കെ സ്വഹീഹ് (സ്വീകാ ര്യം) ആയി അംഗീകരിക്കണ മെന്നാണല്ലോ പലരുടെയും വാദം. ഈ ഹദീസുകളുടെ സനദിന് യാതൊരു ദോഷവു മില്ല! മാത്രമല്ല ഈ ഹദീസു കൾ സ്വഹീഹുൽ ബുഖാരി യിൽ ഒരിടത്തോ രണ്ടിടത്തോ ഒന്നുമല്ല ഉദ്ധരിച്ചിട്ടുള്ളത്.

സ്വഹീഹുൽ ബുഖാരി യിലും മുസ്ലിമിലും ഖുർആന് വിരുദ്ധവും പ്രവാചകത്വം ഉൾക്കൊള്ളുന്നവയും പ്രകൃതി (അല്ലാഹുവിന്റെ സുന്നത്ത്) വിരുദ്ധവുമായ ഹദീസുകളുണ്ടെന്ന് പറയുന്ന വരെ 'ഹദീസ് നിഷേധിക ളായി' മുദ്ര കുത്തി മതഭ്രഷ്ട് കൽപ്പിക്കുന്നവർ ഈ ഹദീസ് പുറത്ത് പറയാതെ ഒളിച്ചു വെക്കുകയല്ല വേണ്ടത്, മറിച്ച് ഖുർആനും സുന്നത്തും ഉദ്ധ രിച്ച് ഇതിനെ സമർത്ഥിക്കുക യാണ് വേണ്ടത്.

ദർസിൽ 'കിതാബോതി യും' അറബിക്കോളേജിൽ പോയി 'അഫ്സലുൽ ഉലമ' ഡിഗ്രിയെടുത്തും "പണ്ഡിത രായി"തീരാത്ത സാധാരണ ക്കാർക്ക് ഈ ഹദീസുകളിൽ നിന്നും മനസ്സിലാകുന്ന കാര്യ ങ്ങൾ താഴെ അക്കമിട്ട് വിവരി ക്കാം.

**1.** ഇബ്നു സ്വയ്യാദ് പ്രായപൂർത്തിയാകാത്ത കളി പ്രായത്തിലുള്ള ഒരു പീറ പയ്യ നാണ്. അവനെ കാണാനായി പ്രവാചകൻ പ്രമുഖ സ്വഹാ ബികളേയും കൂട്ടി പലവട്ടം പോകുന്നു! അവനെന്തോ സന്ദേശങ്ങൾ ലഭിക്കുന്നുണ്ട് എന്ന ബേജാറിലാണ് പ്രവാ ചകൻ അവനെ തിരഞ്ഞ് പോകുന്നത്! അദ്ദേഹം അവ നറിയാതെ അവന്റെ താമസ സ്ഥലത്ത് ചെന്ന് ഈത്തപ്പന കളുടെ മറവിൽ ഒളിച്ച് ചെവി കൂർപ്പിച്ച് നിൽക്കുകയാണ്. പക്ഷെ, ആ പദ്ധതി ദയനീയ മായി പരാജയപ്പെടുന്നു! അവന്റെ അമ്മ നബി(സ) യെ കണ്ട് പിടിച്ച് അക്കാര്യം അവ നോട് പറയുന്നതാണ് ഈ പദ്ധതി പൊളിയാൻ കാരണം! അപ്പോൾ നബി(സ)ക്കു ണ്ടായ ജാള്യതയും നിരാ ശയും അദ്ദേഹത്തിന്റെ വാ ക്കുകളിലൂടെ വ്യക്തമാ കുന്നു!

**2.** ഈ പയ്യനുമായി നബി(സ) തർക്കിക്കുന്ന താണ് ആദ്യ ഹദീസിലുള്ളത്. തന്റെ രിസാലത്ത് അംഗീകരി ക്കുന്നുണ്ടോയെന്ന പ്രവാച കന്റെ ചോദ്യത്തിന് അവൻ നബി(സ)യെ പരിഹസിക്കുക യാണ് ചെയ്യുന്നത്. അവന്റെ രിസാലത്ത് അംഗീകരിക്കുന്നു ണ്ടോയെന്ന മറു ചോദ്യവും ചോദിക്കുന്നു. ഈ പയ്യൻ ചില അവ്യക്ത പദങ്ങൾ പിച്ചും പേയും പോലെ പറയു ന്നുമുണ്ട്.

**3.** ഈ പയ്യൻ ദിവ്യസ ന്ദേശം ലഭിക്കുന്ന യഥാർത്ഥ പ്രവാചകൻ തന്നെയോ എന്ന് പരിശോധിക്കുന്നതിനായി നബി(സ) തന്റെ മനസ്സിൽ മറ്റൊരു കാര്യം രഹസ്യമായി വെച്ചിട്ടുണ്ടെന്ന് പറയുന്നു. അവനതിന് 'ദുഖ്' എന്ന് പറ യുമ്പോൾ നബി(സ) ഏറെ അസ്വസ്ഥനാകുന്നു. ഇബ്നു സ്വയ്യാദ് വളരെ ശാന്തൻ! പ്രവാചകൻ ഏറെ പ്രകോപി തൻ!

ഈ ഹദീസ് (ഹദീസാ ണെങ്കിൽ) ഖത് മുന്നുബു വ്വത്ത് (പ്രവാചകത്വ പരിസമാ പ്തി) സംബന്ധിച്ച ഇസ്ലാ മിക വിശ്വാസത്തെത്തന്നെ ആകെ തകിടം മറിക്കുന്നു.

നബി(സ)ക്ക് തന്നേയും പ്രവാചകത്വ പരിസമാപ്തിയിൽ സംശയം തോന്നി എന്ന ധ്വനിയാണതിലുള്ളത്! പിന്നെയെന്ത് പറയാൻ!

**4.** പ്രവാചകന്റെ നിലവാരത്തിന് നിരക്കാത്ത, മത വിരുദ്ധമായ പല പ്രവർത്തനങ്ങൾ പ്രവാചകന്റെ മേൽ ഈ ഹദീസ് ആരോപിക്കുന്നു. ഒരാളുടെ രഹസ്യം ചോർത്താനായി അയാളുടെ വീട്ടിൽ പോയി മറഞ്ഞിരിക്കുന്നത് പ്രവാചകനെന്നല്ല ഒരു സാധാരണ മുസ്ലിമിന് പോലും നിഷിദ്ധമായ കാര്യമാണ്. സാധാരണ മുസ്ലിംകൾക്ക് പോലും ഇക്കാര്യം അറിയാം.

**5.** അവൻ പ്രവാചകനാണോയെന്ന് പരീക്ഷിക്കാനായി നബി(സ) തന്റെ മനസ്സിൽ രഹസ്യമാക്കി വെച്ച കാര്യം പറയാൻ സാധിക്കുമോയെന്ന് ചോദിക്കുന്നത് ഇസ്ലാമിക വിശ്വാസത്തിന് കോടാലി വെക്കുന്നു. ഒരാൾ മനസ്സിൽ കരുതിയ കാര്യം പ്രവാചകന് പറയാൻ സാധിക്കുമോ? രഹസ്യങ്ങൾ അല്ലാഹു വഹ്‌യ് മുഖേന അറിയിച്ചെങ്കിൽ മാത്രമല്ലേ പ്രവാചകനത് അറിയാനും പറയാനും സാധിക്കൂ? ഈ ചോദ്യം നബി(സ)യോട് ഇങ്ങോട്ടായിരുന്നെങ്കിൽ എന്താവും അദ്ദേഹത്തിന്റെ മറുപടി?

പ്രവാചകത്വ പരിസമാപ്തി സംബന്ധിച്ച ഇസ്ലാമിക വിശ്വാസത്തിൽ സംശയം ജനിപ്പിക്കുന്നതും, പ്രവാചകന്റെ ഉന്നത വ്യക്തിത്വത്തെ ഹനിക്കുന്നതും അദ്ദേഹത്തെ പരിഹസിക്കുന്നതും ഗൈബ് (അദൃശ്യം) സംബന്ധിച്ച ഇസ്ലാമിക നിലപാടിനെ നിരാകരിക്കുന്നതുമായ ഈ ഹദീസ് നിങ്ങളെടുക്കുമോ? ഇമാം ബുഖാരിക്ക് തെറ്റു പറ്റുകയില്ലെന്ന വിശ്വാസം കാരണം ഈ ഹദീസ് നിങ്ങളെടുക്കുന്നുവെങ്കിൽ ഹാ! കഷ്ടം! എന്നു പറയുകയല്ലാതെന്ത് ചെയ്യും? ഈ ഹദീസിന് നമ്മുടെ പണ്ഡിതന്മാർ കാര്യമായ വിശദീകരണമൊന്നും എഴുതിക്കാണുന്നില്ല. എന്നാൽ ഫത്ഹുൽ ബാരിയിൽ 'ഇബ്നു സ്വയ്യാദ്' അത്ര ചില്ലറക്കാരനൊന്നുമല്ല എന്ന് ധ്വനിപ്പിക്കുന്ന ഒരു വിശദീകരണം കാണാം! മനസ്സിൽ ഒളിപ്പിച്ചു വെച്ചതെന്താണെന്ന് പറയാമോയെന്ന നബി(സ)യുടെ ചോദ്യത്തിന് 'ഇബ്നു സ്വയ്യാദ്' 'ദുഖ്' എന്ന് പറഞ്ഞല്ലോ. അപ്പോഴാണല്ലോ നബി(സ) ഏറെ പ്രകോപിതനായതും! നബി(സ) മനസ്സിൽ കരുതിയത് 'ദുഖാൻ' സൂറത്തായിരുന്നുവത്രേ! അതിന്റെ ഒരു തൊണ്ണൂറ് ശതമാനവും പയ്യൻ പറഞ്ഞുവല്ലോ! അപ്പോഴവൻ ചില്ലറക്കാരനല്ല.

ഈ തിരക്കഥ ഇബ്നു ഉമറി(റ)ന്റെ പേരിലാണ് കെട്ടിവെച്ചിട്ടുള്ളത്. നബി(സ)യുടെ സംഘത്തിൽ പോയി ഈ സംഭവങ്ങളൊക്കെ നേരിട്ടനുഭവിച്ച ഉമർ(റ), ഉബയ്യുബ്നു കഅ്ബ് തുടങ്ങിയ ആരിൽ നിന്നും ഇത്തരമൊരു സംഭവം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. ഈ ഇബ്നു സ്വയ്യാദ് ആരെന്നോ അവന് പിന്നെയെന്ത് സംഭവിച്ചുവെന്നോ ഒന്നും കാണുന്നില്ല. ഇവനെ സംബന്ധിച്ചോർത്ത് ഏറെ അസ്വസ്ഥനായ നബി(സ)ക്ക് അത് സംബന്ധിച്ച് വല്ല വഹ്‌യും ലഭിച്ചതായും കാണുന്നില്ല!

ഇവിടെ ഒരു ചോദ്യം പ്രസക്തമായി വരുന്നു. സനദ് സ്വഹീഹായ ഹദീസുകളൊക്കെ തങ്ങളുടെ 'സ്വഹീഹുകളിൽ' ഉൾപ്പെടുത്തിയ മുഹദ്ദീസുകൾ, തങ്ങൾക്ക് ലഭിച്ച ഹദീസുകൾ ഖുർആന് വിരുദ്ധമല്ല എന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടെന്ന് പ്രസ്താവിച്ചിട്ടുണ്ടോ എന്നതാണാ ചോദ്യം. ഖുർആന് വിരുദ്ധമായി വരുന്ന ഹദീസുകൾ സ്വീകാര്യമല്ല എന്നൊരു മാനദണ്ഡം വെറുതെ എഴുതിവെച്ചത് കൊണ്ടു കാര്യമില്ലല്ലോ. അത് നടപ്പിൽ വരുത്തിയിട്ടുണ്ടോ എന്നാണറിയേണ്ടത്.

ഈ ഹദീസ് ഏതെങ്കിലും മുഹദ്ദീസു 'ദജ്ജാലി'ന്റെ അധ്യായത്തിൽ എഴുതിവെച്ചത് കൊണ്ട് അവൻ ദജ്ജാലാവുകയില്ല. ആയിട്ടുമില്ല. ഈസാ നബി(അ)യും ദജ്ജാലുമായിട്ടാണല്ലോ ഏറ്റുമുട്ടുന്നത്.

ബുഖാരിയിലും മുസ്ലിമിലും എഴുതി വെച്ച 'ഹദീസു'കളൊക്കെ സ്വഹീഹാണെന്നും അവർക്ക് തെറ്റ് പറ്റുകയില്ലെന്നും പ്രചരിപ്പിച്ച വിവധ മത സംഘടനകളുടെ പണ്ഡിതന്മാരാണ് ഈ തെറ്റിദ്ധാരണ സമൂഹത്തിലുണ്ടാക്കിയത്. മുഹമ്മദ് നബി(സ)ക്ക് തെറ്റ് പറ്റുന്നതിൽ നിന്നും പ്രവാചകൻ എന്ന നിലയിൽ അല്ലാഹുവിന്റെ സംരക്ഷണം ലഭിച്ചിട്ടുണ്ട്. ഈ പദവി മറ്റാർക്കുമില്ല. ഖുലഫാഉർറാശിദീങ്ങൾക്ക് പോലും ലഭിക്കാത്ത സ്ഥാനം ഇമാം ബുഖാരിക്കും മുസ്ലിമിനും കല്പിച്ച് നല്കാൻ സാധ്യവുമല്ല.

ചരിതം

ഷംസുദ്ദീൻ പുല്ലമ്പാറ

# ഒരു പ്രത്യുപകാരത്തിന്റെ കഥ

**ഖു**സൈമ വളരെ കഷ്ടത്തിലാണ്. ഒരു ഗോതമ്പുറൊട്ടി വാങ്ങാനുള്ള വക പോലും വീടിനുള്ളിലില്ല. എടുത്തു വിൽക്കാനിനി വീട്ടുപകരണങ്ങളൊന്നും ബാക്കിയില്ല. കടം നൽകിയവരിൽ പലരും അതിനി തിരികെ കിട്ടുമോ എന്ന ഭയത്തിലാണ്.

ഇനി ആരോടാണ് ചോദിക്കുക!

വേണ്ടാ-ചോദിച്ചാലും ആരുമിനി തരാൻ തയ്യാറാ യെന്നു വരില്ല. വീടാകെ ഒന്നു കൂടി അരിച്ചു പെറുക്കി. വിശപ്പിനെ സമാ ധാനിപ്പിക്കാൻ തുടങ്ങിയിട്ടി പ്പോൾ ദിവസങ്ങളെത്രയാ യി. വർദ്ധിച്ച ക്രോധത്തോ ടെയാണിപ്പോൾ ആക്രമ ണം. ശക്തി മുഴുവൻ ചോർത്തിക്കളഞ്ഞു. തളർത്തിയിടുമെന്ന ഭീഷ ണി. എടുത്തു വിൽക്കാൻ ഉടുവസ്ത്രമല്ലാതെ ഒന്നുമി ല്ല. ഒരു പുതപ്പു പോലും. ഒക്കെ എന്നോ വിറ്റു കഴി ഞ്ഞു.

ഡമാസ്കസിലെത്തിയാൽ പരിഹരിക്കാ വുന്നതേയുള്ളൂ. ഖലീഫ സുലൈമാനുബ്നു അബ്ദിൽ മാലിക് സുഹൃത്താണ്. സുഹൃ ത്തെന്ന നിലയിലല്ല ഒരു പണ്ഡിതൻ എന്ന പരിഗണനയോടെയാണ് തന്നെ അദ്ദേഹം ബഹുമാനിച്ചാദരിക്കുന്നത്. കൂടെക്കൂടെ തന്നെ വന്നു കാണണമെന്നു ഖലീഫ അഭ്യർത്ഥിച്ചിട്ടുള്ളതുമാണ്. ഒരു ഭരണാധി കാരിക്കും ഇത്രയും ദൂരം താണ്ടി വന്നു തന്നെ കൂടെക്കൂടെ കാണാനാവില്ലല്ലോ. ഡമാസ്കസിൽ നിന്നും ഇങ്ങു ജസീറാ വരെ.

ഈ അവസ്ഥയിൽ ഞാൻ ഭരണാധികാരി യുടെ മുന്നിൽ പോകാൻ പാടില്ല. അതു പണ്ഡിതന്റെ യാചന പോലെയാണ്. അത് ഈ ഖുസൈമയ്ക്കു ചേർന്ന പണിയല്ല.

**ജനങ്ങൾ ഇഷ്ടപ്പെട്ടിരുന്നത് അല്ലാഹുവിന്റെ ദീൻ ആയി രുന്നുവോ! വിജ്ഞാനം തേടുന്നതിനേക്കാൾ തന്റെ സത്കാരങ്ങളാസ്വദിക്കുന്ന തിലാവണം അവരൊക്കെ പ്രിയം കാട്ടിയിരുന്നത്. ഇന്നീ ജസീറയിലാർക്കും ഖുസൈമയുടെ ഉപദേശങ്ങ ളാവശ്യമില്ലാതായിരിക്കുന്നു. തിന്നാനൊന്നുമില്ലാത്ത ഖുസൈമയുടെ പാണ്ഡി ത്യത്തിനെന്തു വില!**

ജസീറായിലെ തന്റെ സുഹൃത്തുക്കളെവിടെ! നിരന്തരം തേടി വന്നു ക്ഷേമാന്വേഷണങ്ങൾ നടത്തുകയും ഉപദേശ ങ്ങൾ തേടുകയും ചെയ്ത അഭ്യുദയകാം ക്ഷികളെവിടെ!

പണ്ഡിതനെന്നും സാഹിത്യസാമ്രാട്ടെന്നു മൊക്കെ വാഴ്ത്തിപ്പറഞ്ഞ സമൂഹമെവിടെ?

ജനങ്ങൾ ഇഷ്ടപ്പെട്ടി രുന്നത് അല്ലാഹുവിന്റെ ദീൻ ആയിരുന്നുവോ! വിജ്ഞാനം തേടുന്നതി നേക്കാൾ തന്റെ സത്കാരങ്ങളാസ്വദിക്കുന്ന തിലാവണം അവരൊക്കെ പ്രിയം കാട്ടിയിരു ന്നത്. ഇന്നീ ജസീറയിലാർക്കും ഖുസൈമ യുടെ ഉപദേശങ്ങളാവശ്യമില്ലാതായിരിക്കു ന്നു. തിന്നാനൊന്നുമില്ലാത്ത ഖുസൈമയുടെ പാണ്ഡിത്യത്തിനെന്തു വില!

റബ്ബ് കാരുണ്യവാനാണ്. എന്നാലും പരീ ക്ഷണങ്ങളിലൂടെയല്ലാതെ അവൻ ആരെയും

വിജയിപ്പിക്കുകയില്ല. റബ്ബിലേക്കുള്ള കുറുക്കു വഴികൾ തേടുന്നവർ നടന്നടുക്കുന്നത് ലക്ഷ്യത്തിലേക്കാവണമെന്നില്ല.

ഖുസൈമ പാതിരാവോളം അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് നന്ദി രേഖപ്പെടുത്തുകയായിരുന്നു. പട്ടിണിയായതിൽ പരാതിപ്പെടാറില്ല. അതിന്റെ ആവശ്യമേ ഉണ്ടെന്നു തോന്നിയില്ല. എല്ലാം നേരിട്ടു കണ്ടു കൊണ്ടിരിക്കുന്നവനാണ് റബ്ബ്. പട്ടിണിയാണവൻ വിധിക്കുന്നതെങ്കിൽ പുഞ്ചിരിയോടെ അത് സ്വീകരിക്കേണ്ടവനാണ് പണ്ഡിതൻ.

തളർച്ച തോന്നിയപ്പോൾ നിസ്കാരപ്പായയിൽ തന്നെ കിടന്നു. കിടക്കയെന്നു പറയാൻ വേറെയെന്താണുള്ളത്! കോരിച്ചൊരിയുന്ന തണുപ്പാണ്. ആ തണുപ്പിനെത്തന്നെ പുതപ്പാക്കുകയല്ലാതെ നിവൃത്തിയില്ല.

പുറത്ത് ആരോ സലാം പറഞ്ഞു കൊണ്ട് ഖുസൈമയെ വിളിക്കുകയാണ്. ആരാണീ പാതിരാ നേരത്ത്?

സലാം മടക്കിക്കൊണ്ട് വിളിച്ചു ചോദിച്ചു: "ആരാ?"

"ഒന്നു വാതിൽ തുറക്കാമോ?"വളരെ വിനീതമായ ശബ്ദം.

**ഹാർദ്ദമായ സ്വീകരണമാണ് ഖലീഫയിൽ നിന്നുണ്ടായത്. എത്താൻ വൈകിയതിലുള്ള പരിഭവം. കാണാൻ കാത്തിരിക്കുകയായിരുന്നുവെന്നുള്ള അറിയിപ്പ്. ഒക്കെക്കൂടി ആ സുഹൃദ്സംഗമം ആനന്ദകരമായി. ഇടയ്ക്കുണ്ടായ തന്റെ ബുദ്ധിമുട്ടുകളും ഖുസൈമ സുഹൃത്തിന്റെ മുന്നിൽ തുറന്നു പറഞ്ഞു.**
**തന്നെ സഹായിച്ച ആ മനുഷ്യന്റെ കാര്യവും പറയാൻ വിട്ടു പോയില്ല.**

"ഇപ്പോൾത്തന്നെ കാണേണ്ടതുണ്ടോ നിങ്ങൾക്ക്, ക്ഷീണം കൊണ്ടു ഞാനിപ്പോ കിടന്നിട്ടേയുള്ളൂ."

"അത്യാവശ്യമുള്ളതു കൊണ്ടാണല്ലോ ഈ സാധു അർദ്ധരാത്രി തന്നെ വന്നത്."

"ഉവ്വോ! ഞാൻ ക്ഷീണം കൊണ്ടു പറഞ്ഞു പോയതാ, ക്ഷമിച്ചാലും!"

ഖുസൈമ വാതിൽ തുറന്നു. എണ്ണവിളക്കു കൊളുത്തി. ശരീരമാകെ കരിമ്പടം കൊണ്ടു മൂടിപ്പുതച്ച ഒരു മനുഷ്യനാണ് മുന്നിൽ. കൂടെ ഒരു പരിചാരകനും.

"നിങ്ങൾക്കെന്താ വേണ്ടത്?" ഖുസൈമ ചോദിച്ചു.

"മറ്റൊന്നും വിചാരിക്കരുത്. എന്നെ നിരാശപ്പെടുത്തുകയും ചെയ്യരുത്. ഇതൊരപേക്ഷയാണ്." ആഗതൻ ആദരവോടെ പറഞ്ഞു.

"നിങ്ങൾ ആവശ്യമെന്താണെന്നു പറഞ്ഞില്ലല്ലോ."

ആഗതൻ ഒരു പണക്കിഴി നീട്ടിക്കൊണ്ടു പറഞ്ഞു. "ഇത് അങ്ങു സ്വീകരിക്കണം. ദയവായി വേണ്ടെന്നു പറയരുത്."

"അങ്ങാരാണ്? നിങ്ങളുടെ മുഖം പോലും വ്യക്തമാവുന്നില്ലല്ലോ."

"അതുമാത്രം അങ്ങു ചോദിക്കരുത്."

"അതറിയാതെ ഇതു സ്വീകരിക്കാൻ നിവൃത്തിയില്ല."

ഖുസൈമ പറഞ്ഞു.

"അബ്ദുല്ലാഹ്!" ഇപ്പോൾ അങ്ങ് ഇത്രയും അറിഞ്ഞാൽ മതി. പണക്കിഴി മുന്നിൽ വച്ച് ആഗതൻ സലാം പറഞ്ഞു. പാടെ തിരിച്ചു നടന്നു. ഒപ്പം പരിചാരകനും.

സ്തബ്ധനായിപ്പോയി ഖുസൈമ. ആരാണിത്! എങ്ങനെ ഈ ദാനം സ്വീകരിക്കും ഇത്? ഹലാലോ ഹറാമോ?

പെട്ടെന്നോർത്തു. അല്ലാഹുവിന്റെ അടിമയെന്നാണല്ലോ പറഞ്ഞത്. മതി-സ്വീകരിക്കാനത്രയേ വേണ്ടൂ.

രാവിലെ പണക്കിഴി അഴിച്ചിട്ടു എണ്ണിനോക്കി. നാലായിരം സ്വർണ്ണനാണയം! അന്നു തന്നെ കടങ്ങൾ മുഴുവൻ തീർത്തു. ഭക്ഷണത്തിനു വേണ്ട വക വാങ്ങി. ആവശ്യം വേണ്ട സാധനങ്ങളും ഒരു ജോഡി പുതുവസ്ത്രവും സ്വന്തമാക്കി.

ദിവസങ്ങൾ കുറേ അങ്ങനെ കടന്നു പോയി. പെട്ടെന്നൊരു തോന്നൽ. ഡമാസ്കസ് വരെ ഒന്നു പോകണം. ഖലീഫയെ

കണ്ടിട്ടു കുറെ നാളായല്ലോ. സുഹൃത്തല്ലേ, ഇപ്പോൾ ഞാൻ ദരിദ്രനുമല്ല. താമസിച്ചിട്ടില്ല, നേരെ ഡമാസ്കസ്സിലേക്കു തിരിച്ചു.

ഹാർദ്ദമായ സ്വീകരണമാണ് ഖലീഫ യിൽ നിന്നുണ്ടായത്. എത്താൻ വൈകിയതി ലുള്ള പരിഭവം. കാണാൻ കാത്തിരിക്കുക യായിരുന്നുവെന്നുള്ള അറിയിപ്പ്. ഒക്കെക്കൂടി ആ സുഹൃദ്സംഗമം ആനന്ദകരമായി. ഇട യ്ക്കുണ്ടായ തന്റെ ബുദ്ധിമുട്ടുകളും ഖുസൈമ സുഹൃത്തിന്റെ മുന്നിൽ തുറന്നു പറഞ്ഞു.

തന്നെ സഹായിച്ച ആ മനുഷ്യന്റെ കാര്യവും പറയാൻ വിട്ടു പോയില്ല.

സഹായഹസ്തം നീട്ടിയ മനുഷ്യനെ കുറിച്ചു കേട്ടപ്പോൾ ഖലീഫ സന്തു ഷ്ടനായി. അദ്ദേഹം പറഞ്ഞു:

"ഖുസൈമ! നിങ്ങളെ പ്പോഴെങ്കിലും ആ മനു ഷ്യനെ കണ്ടെത്തിയാൽ എന്റെ മുന്നിൽ കൂട്ടി ക്കൊണ്ടു വരണം. എന്റെ സ്നേഹാദരങ്ങൾ അദ്ദേഹ ത്തിനു നേരിട്ടു നൽകാൻ ഞാനാഗ്രഹിക്കുന്നു."

അങ്ങനെ ചെയ്യാം എന്നു ഖുസൈമ സമ്മതി ക്കുകയും ചെയ്തു.

"നിങ്ങളുടെ ഒരു സുഹൃ ത്തല്ലേ ഞാൻ. എന്തുകൊണ്ടു നിങ്ങളുടെ ബുദ്ധിമുട്ടുകളെന്നോടു പറഞ്ഞില്ല?" ഖലീഫ ചോദിച്ചു.

"അങ്ങ് ഒരു സുഹൃത്തു മാത്രമല്ല; ഖലീ ഫയും കൂടിയാണ്. ഒരു ഭരണാധികാരിയുടെ മുന്നിൽ സ്വന്തം കാര്യസാധ്യത്തിനായി ഒരു പണ്ഡിതൻ കടന്നു വരാൻ പാടില്ല." ഖുസൈമ പറഞ്ഞു.

"ജസീറയിലെ ഖജനാവിൽ നിന്നും നിങ്ങൾക്കു വാങ്ങാമായിരുന്നല്ലോ. പണ്ഡി തനെ സംരക്ഷിക്കുന്നതു ദുർവ്യയമല്ല. നാടിന്റെ ആവശ്യമല്ലേ അത്."

"ഇതൊന്നും എന്നെക്കൊണ്ടാവുന്നതല്ലാ സുലൈമാനിബ്നു അബ്ദിൽ മാലിക്."

ആ സംഭാഷണം അവിടെ അവസാ നിപ്പിച്ചിട്ടു ഖലീഫ പറഞ്ഞു: "ഒരു പ്രധാന ചുമതല അങ്ങ് ഏറ്റെടുക്കേണ്ടതുണ്ട്. തടസ്സ ങ്ങൾ നിരത്തി ഒഴിഞ്ഞുമാറാൻ ശ്രമിക്കരു ത്."

"എന്താണ്?"

"ജസീറാ ഗവർണ്ണർ ഇക്‌രിമ പണാപഹര ണക്കുറ്റത്തിനു വിചാരണ നേരിടുകയാണി പ്പോൾ. പകരം ഒരാളെ കണ്ടെത്തിയേ തീരൂ. ഇക്‌രിമയെ ഒഴിവാക്കാതിരിക്കാൻ പഴുതുക ളില്ല."

"ഇക്‌രിമ അത്തരക്കാര നല്ലല്ലോ"

"പക്ഷേ, തെളിവുകൾ അദ്ദേഹത്തിന് എതിരാ ണ്."

ഖുസൈമയ്ക്കു ജസീറാ ഗവർണ്ണർ സ്ഥാനം ഏറ്റെടുക്കേണ്ട തായി വന്നു. ഇക്‌രിമ കുറ്റം സമ്മതിച്ചതോടെ ജയി ലിലുമായി.

ജനക്ഷേമകരമായ ഭരണം തന്നെ ഖുസൈമ നടത്തി. അല്ലലും അലട്ടുമി ല്ലാത്ത പ്രവിശ്യയായി ജസീറ മാറി. യഥാർത്ഥ പണ്ഡിതൻ ഭരണാധികാ രിയായാൽ അതു സ്വാഭാവി കമാണല്ലോ.

ഒരു ദിവസം ഒരു സ്ത്രീയും തന്റെ പരി ചാരകയും ഖുസൈമയുടെ മുന്നിലെത്തി. വളരെ ദുഃഖിതയാണ് ആ സ്ത്രീ.

"എന്താ നിങ്ങൾ വന്നത്?" ഗവർണ്ണർ ചോദിച്ചു.

സ്ത്രീ എന്താണ് പറയേണ്ടതെന്നറി യാതെ വിഷമിക്കുകയാണ്.

"നിങ്ങൾ വന്ന കാര്യം പറയൂ. പരാതിയാ ണെങ്കിൽ അതു പറയൂ."

"പ്രഭോ, അങ്ങ് പണ്ഡിതനും ഭരണാധി

**"അതേ പ്രഭോ, അദ്ദേഹം അങ്ങയെ സഹായിച്ച നാലായിരം സ്വർണ്ണനാണ യമാണ് ഖജനാവിൽ കുറവു വന്നത്. അതൊരി ക്കലും പറയരുതെന്ന ദ്ദേഹം ശട്ടം കെട്ടിയിരുന്ന താണ്. ജയിലിലെ അദ്ദേഹ ത്തിന്റെ അവസ്ഥ കണ്ട് സഹിക്കാഞ്ഞിട്ടാ പറഞ്ഞു പോയത്. ഇനിയും ജയി ലിൽ കിടന്നാൽ മരിച്ചു പോകും." അവർ വിതുമ്പി ക്കരഞ്ഞു.**

കാരിയുമല്ലേ?"

"അതെ."

"അങ്ങയുടെ വിഷമഘട്ടത്തിൽ അങ്ങയെ ഒരാൾ സഹായിച്ചാൽ അയാളുടെ വിഷമഘട്ടത്തിൽ അങ്ങു സഹായിക്കുമോ?"

"ഞാൻ ആ വിവരം അറിയുകയും എനിക്കു സഹായിക്കാനുള്ള കഴിവുണ്ടായിരിക്കുകയും ചെയ്താൽ തീർച്ചയായും ഞാൻ സഹായിക്കും."

"എങ്കിൽ –"

"പറയൂ–എങ്കിൽ ഞാനെന്താണ് വേണ്ടത്?"

"എന്റെ ഭർത്താവിനെ അങ്ങ് സഹായിക്കണം."

"ആരാണ് നിങ്ങളുടെ ഭർത്താവ്."

"ജസീറയുടെ മുൻഗവർണ്ണർ ഇക്രിമ."

"ഇക്രിമയോ!"

"അതേ പ്രഭോ, അദ്ദേഹം അങ്ങയെ സഹായിച്ച നാലായിരം സ്വർണ്ണ നാണയമാണ് ഖജനാവിൽ കുറവു വന്നത്. അതൊരിക്കലും പറയരുതെന്നദ്ദേഹം ശട്ടം കെട്ടിയിരുന്നതാണ്. ജയിലിലെ അദ്ദേഹത്തിന്റെ അവസ്ഥ കണ്ട് സഹിക്കാഞ്ഞിട്ടാ പറഞ്ഞു പോയത്. ഇനിയും ജയിലിൽ കിടന്നാൽ മരിച്ചു പോകും." അവർ വിതുമ്പിക്കരഞ്ഞു.

ഖുസൈമ തളർന്നുപോയി. ഉടൻ തന്നെ ജയിലിലെത്തി അദ്ദേഹത്തെ മോചിപ്പിച്ചു. ഇക്രിമയെ കെട്ടിപ്പുണർന്നു ചുംബനങ്ങർപ്പിച്ചു. നല്ല വസ്ത്രങ്ങളും ഭക്ഷണവും നൽകി അദ്ദേഹത്തെ മോചിപ്പിച്ചു.

ആരോഗ്യം വീണ്ടുകിട്ടിയ ഇക്രിമയെ ക്കൂട്ടി ഖുസൈമ ഡമാസ്കസിലെത്തി. ഇക്രിമയെ മാറ്റി നിർത്തി ഖുസൈമ ഖലീഫയുടെ മുന്നിൽ ചെന്നു.

ഖലീഫ സന്തോഷത്തോടെ ഗവർണ്ണറെ സ്വീകരിച്ചു.

**ഖലീഫയുടെ കണ്ണുകൾ നിറഞ്ഞു. തന്റെ സുഖങ്ങളൊക്കെ നഷ്ടമായാലും ഒരു പണ്ഡിതൻ ദുഃഖിക്കരുതെന്നാഗ്രഹിച്ച മഹാനുഭാവനാണ് ഇക്രിമ. അദ്ദേഹത്തിന്റെ മുന്നിൽ താൻ തീരെ ചെറുതാവുകയാണെന്നു തോന്നി ഖലീഫയ്ക്ക്. അദ്ദേഹം രണ്ടു പേരുടെ മുഖത്തും വേദനയോടെ മാറി മാറി നോക്കി.**

"താങ്കളുടെ കീഴിൽ ജസീറ സംതൃപ്തമാണെന്നു ഞാനറിഞ്ഞു. അൽഹംദുലില്ലാഹ്! എന്താ ഒരു മുന്നറിയിപ്പുമില്ലാതെ?"

"ഒരു വാക്കു പാലിക്കാൻ, എന്നെ സഹായിച്ച മനുഷ്യനെ കണ്ടെത്തി."

"ഉവ്വോ! വരാൻ പറയൂ."

ഇക്രിമയെ കണ്ടപ്പോൾ വിസ്മയത്തോടെ കണ്ണു മിഴിച്ചു പോയി ഖലീഫ.

"നിങ്ങളെന്തേ ഇക്കാര്യം തുറന്നു പറയാതിരുന്നത്? പണ്ഡിതനെ സഹായിക്കാൻ ഖജനാവിലെ പണം ചിലവിടുന്നത് തെറ്റല്ലെന്നറിഞ്ഞു കൂടെ?"

"അറിയാം. പക്ഷേ, ഇദ്ദേഹം അത്തരം ഔദാര്യങ്ങൾ സ്വീകരിക്കുന്ന ആളല്ല. വിചാരണയിൽ ഞാനതു തുറന്നു പറഞ്ഞാൽ ഖുസൈമയുടെ ഹൃദയം വേദനിക്കുമോ എന്നു ഞാൻ ഭയന്നു. ഒരു പണ്ഡിതനെ വേദനിപ്പിക്കുന്നതിനേക്കാൾ ഞാനിഷ്ടപ്പെട്ടതു ജയിൽ വാസമാണ്."

ഖലീഫയുടെ കണ്ണുകൾ നിറഞ്ഞു. തന്റെ സുഖങ്ങളൊക്കെ നഷ്ടമായാലും ഒരു പണ്ഡിതൻ ദുഃഖിക്കരുതെന്നാഗ്രഹിച്ച മഹാനുഭാവനാണ് ഇക്രിമ. അദ്ദേഹത്തിന്റെ മുന്നിൽ താൻ തീരെ ചെറുതാവുകയാണെന്നു തോന്നി ഖലീഫയ്ക്ക്. അദ്ദേഹം രണ്ടു പേരുടെ മുഖത്തും വേദനയോടെ മാറി മാറി നോക്കി.

അതുകണ്ട ഖുസൈമ പറഞ്ഞു: "അങ്ങെന്തിനു വിഷമിക്കണം. പരിഹാരം ഞാൻ തന്നെ പറയാം. ഇക്രിമ ജസീറയിലെ ഗവർണ്ണറായി വീണ്ടും സ്ഥാനമേൽക്കുന്നു. അത്ര തന്നെ."

ഖലീഫ പെട്ടെന്നെഴുന്നേറ്റു രണ്ടു പേരെയും ഗാഢം പുണർന്നു ചുംബിച്ചു.

(ഇസ്ലാമിക ചരിത്രകഥകൾ, ഡി.സി.ബുക്സ്)

കവർ സ്റ്റോറി

അബുൽ ബുഷ്റാ, പൊന്നാനി

### സൂക്ഷിക്കാം. ത്വരീഖത്തിലെ ചതിക്കുഴികൾ-2

# കള്ളഹദീസുകൾ കൊണ്ടുള്ള കൊള്ളലാഭം

മഹാ കഠിന ത്യാഗികളായ ഹദീസു നിരൂപണ സച്ചരിത കാല പണ്ഡിതന്മാർ പ്രവാചക വചനങ്ങളിൽ കടന്നു കൂടിയ കള്ളങ്ങളും കല്ലുകളും പതിരുമെല്ലാം വേർതിരിച്ചെടുത്തു ശുദ്ധികലശം നടത്തി. ലോകചരിത്രത്തിൽ മറ്റൊരു മതവിഭാഗത്തിലും കണ്ടിട്ടില്ലാത്ത മഹായജ്ഞമായിരുന്നു ഹദീസു നിരൂപണ ശാസ്ത്ര - (ഇൽമുൽ ഹദീസ്) രൂപീകരണം. എന്തിനായിരുന്നു ആ മഹാരഥന്മാർ ഇത്രയധികം ത്യാഗം സഹിച്ചത്. പിൽക്കാല സമുദായത്തിനു സത്യവും പ്രകാശവും സന്മാർഗപാതയും കുറ്റമറ്റവിധം കിട്ടാനായിരുന്നു. പ്രവാചക വചനങ്ങളിലെ സ്വഹീഹുകളും അല്ലാത്തവയും വേർതിരിഞ്ഞാലേ കറ കളഞ്ഞ ഇസ്ലാമിനെ കണ്ടെത്താനാവൂ. പ്രവാചകന്റെ പേരിൽ കണക്കെഴുതിച്ചാർത്തിയ ലക്ഷക്കണക്കായ വ്യാജ ഹദീസുകൾ അവർ വേർതിരിച്ചെടുത്തു ഗ്രന്ഥങ്ങളിൽ തന്നെ സമാഹരിച്ചു ലോകത്തിനു സമർപ്പിച്ചു. മുസ്ലിം ലോകം വഞ്ചിതരാകാതിരിക്കാനായിരുന്നു അത്. അതിനാൽ അന്ത്യനാൾ വരെയുള്ള മുസ്ലിം ലോകം ആ ഇൽമുൽഹദീസ് പണ്ഡിതന്മാരോട് എന്നുമെന്നും കടപ്പെട്ടിരിക്കുന്നു.

ഖേദകരമെന്നു പറയട്ടെ, അനേകം മുസ്ലിം പണ്ഡിതന്മാരും സംഘടനകളും പ്രസ്ഥാനങ്ങളും ഈ മഹത്തായ ത്യാഗത്തിനു പുല്ലുവില പോലും കൽപ്പിക്കുന്നില്ല. തങ്ങളുടെ ആദർശങ്ങൾക്കും വാദങ്ങൾക്കും സംഘടനാ ജൽപനങ്ങൾക്കുമനുസരിച്ച് ഹദീസു സമാഹാരങ്ങളിലെ പച്ചക്കള്ളം ഹദീസുകൾ പൊക്കിക്കൊണ്ടു വന്നു തെളിവുകളായി സമർത്ഥിക്കുന്നതു കാണാം. ആ ഇനത്തിൽ രണ്ടുദാഹരണങ്ങൾ ഇവിടെ നമുക്കു പരിശോധിക്കാം.

**ഒന്ന്:** “ഒരു ഹദീസിൽ റസൂൽ തിരുമേനി (സ) അരുൾ ചെയ്യുന്നു: അല്ലാഹു ആദ്യമായി എന്റെ നൂർ (പ്രകാശം) സൃഷ്ടിച്ചു. ഉദ്ദേശിച്ച സന്ദർഭം വരെ തന്റെ സന്നിധിയിൽ വെച്ചു. അതിനെ നാലു ഭാഗമാക്കി. ഒരു ഭാഗം കൊണ്ടു ആർശ്, രണ്ടാമത്തെ ഭാഗം കൊണ്ട് ലൗഹ്, മൂന്നാമത്തെ ഭാഗം കൊണ്ട് ഖലം, നാലാമത്തെ ഭാഗം കൊണ്ട് പ്രപഞ്ചവും സൃഷ്ടിച്ചു.” (മസ്ഹറുൽ ഇർഫാൻ. ഡിസംബർ 2014. നബി(സ): ചരിത്രവും യാഥാർത്ഥ്യവും പേ:4, ല: 6)

അല്ലാഹുവിന്റെ അടിമയും സച്ചരിതനായ യഥാർത്ഥ ലോകർക്കെല്ലാമുള്ള ദൈവദൂതനും മനുഷ്യരിലെ ഏറ്റവും ഉൽക്കൃഷ്ടനും മഹാനായ അന്ത്യപ്രവാചകനുമാണ് മുഹമ്മദ് നബി(സ). മാനവരിലെ അത്യുത്തമ മാതൃകാ പുരുഷനായ നബിയുടെ മഹത്വങ്ങൾ ചോദ്യം ചെയ്യപ്പെടാത്തവ തന്നെയാണ്. മുസ്ലിം ലോകത്താരും ഇതിനെതിരിലില്ല. മണ്ണിൽ നിന്നു സൃഷ്ടിക്കപ്പെട്ട ഒന്നാമത്തെ മനുഷ്യനായ ആദമിന്റെ (അ) സന്താനപരമ്പരയിലെ ഒരു കണ്ണിയാണ് മുഹമ്മദ് നബി(സ)യും. മനുഷ്യരെ സൃഷ്ടിച്ച സർവ്വ ഘടകങ്ങളുടെയും അടിസ്ഥാനം അനേകം വചനങ്ങളിലൂടെ വിശുദ്ധ ഖുർആൻ ഖണ്ഡിതമായി വിശദമാക്കിയിട്ടുണ്ട്. കളിമൺസത്ത, വെള്ളം, ബീജം തുടങ്ങി മനുഷ്യ ജന്മത്തിനു മുമ്പുള്ള ഗർഭാശയത്തിലെ വിവിധ ഘട്ടങ്ങൾ വരെ എല്ലാം. ഏതൊരു മനുഷ്യന്റെയും സൃഷ്ടിപ്പിലെ ദിശാസന്ധികളിലൂടെ തന്നെയാണ് നബി(സ) യുടെയും ജനനം. മക്കയിലെ അബ്ദുല്ലാഹിബ്നു അബ്ദുൽ മുത്വലിബിന്റെയും ആമിന ബിൻത്തു വഹബിന്റെയും ഏകപുത്രൻ. മാതാപിതാക്കൾക്കുണ്ടായ നൊന്തു

പ്രസവിക്കപ്പെട്ട ഒരു മനുഷ്യൻ. നബിയെക്കൊണ്ട് തന്നെ അല്ലാഹു പറയിപ്പിച്ചു. **“പറയൂ, ഞാൻ നിങ്ങളെപ്പോലെയുള്ള ഒരു മനുഷ്യൻ തന്നെയാകുന്നു. നിങ്ങളുടെ ദൈവം ഏകനായ ഒരൊറ്റ ദൈവം മാത്രമാകുന്നുവെന്ന് എനിക്ക് ദിവ്യബോധനം നൽകപ്പെട്ടിരിക്കുന്നു.” (വി. ഖു: 18:110)**

ഞാൻ, തിന്നുകയും കുടിക്കുകയും ഉണരുകയും ഉറങ്ങുകയും ചെയ്യുന്ന രക്തവും മജ്ജയുമുള്ള ഓർമ്മയും മറവിയുമുള്ള ദുഃഖവും സന്തോഷവുമുള്ള വികാരവിചാരങ്ങളുള്ള ഭാര്യാമക്കളുമുള്ള ഒരു മനുഷ്യൻ മാത്രമാണ്. ഞാൻ പ്രകാശത്താൽ സൃഷ്ടിക്കപ്പെട്ട, അഗ്നിയാൽ സൃഷ്ടിക്കപ്പെട്ട മലക്കല്ല. ജിന്നല്ല. മറ്റേതെങ്കിലും ജന്തുവോ ജീവിയോ അല്ല. പച്ചയായ ഒരു മനുഷ്യൻ. അന്ത്യനാൾ വരെയുള്ള സർവ്വ മനുഷ്യർക്കും അത്യുത്തമനായ മാതൃകാപുരുഷനായ അന്ത്യപ്രവാചകനായ മനുഷ്യൻ. എന്നാൽ സർവ്വ മനുഷ്യരിൽ നിന്നും അത്യുൽക്കൃഷ്ടനാക്കി നിർത്തുന്ന ഏകഘടകമായ അല്ലാഹുവിന്റെ വഹ്‌യ് ലഭിക്കുന്നുവെന്ന അത്യന്നതമായ സവിശേഷതയാൽ മാത്രമാണ് നിങ്ങളിൽ നിന്നും ഞാൻ വ്യത്യസ്ഥനാകുന്നത്. ഇതിനേക്കാൾ വലിയ മഹത്വം വേറെയെന്തുണ്ട്? നാമെല്ലാം ആദമിന്റെ മക്കൾ. ആദമാകട്ടെ മണ്ണിൽ നിന്നും സൃഷ്ടിക്കപ്പെട്ടു. (വി.ഖു: 22:5). ജിന്നു വർഗ്ഗത്തെ അഗ്നിജ്വാലയുടെ 'നാള'ത്തിൽ നിന്നും അല്ലാ ഹു സൃഷ്ടിച്ചു. (വി. ഖു: 55:15). മലക്കുകളെ പ്രകാശത്തിൽ നിന്നും സൃഷ്ടിച്ചു. (ബുഖാരി. മുസ്ലിം. അഹ്മദ്). ഓരോ സൃഷ്ടികൾക്കും അതിന്റേതായ പ്രത്യേകതകളും സവിശേഷതകളുമുണ്ട്. അവകളെക്കൊണ്ടെല്ലാം അനേകമനേകം ദൗത്യങ്ങളുമുണ്ട്. ഇപ്പറഞ്ഞതെല്ലാം അനിഷേധ്യ യാഥാർത്ഥ്യങ്ങളാണ്. ആർക്കും വിയോജിപ്പില്ലാത്ത പരമ സത്യങ്ങൾ. എന്നിട്ടും ഒരു കൂട്ടം സൂഫിയാക്കളും ത്വരീഖത്തുകാരും യാഥാസ്ഥിതികരും പറയുന്നു. 'പ്രവാചകൻ സൃഷ്ടിക്കപ്പെട്ടത് പ്രകാശത്തിൽ നിന്നാണെന്ന്!' അതു സമർത്ഥിക്കാൻ പച്ചക്കള്ളം ഹദീസ് എന്നു മഹാരഥന്മാരായ മുഹദ്ദീസുകൾ തന്നെ രേഖപ്പെടുത്തിയ മേൽപറയപ്പെട്ട ഹദീസുദ്ധരിക്കുന്നു. പോരാത്തതിനു അല്ലാഹുവിന്റെ വചനമായ സൂറത്തുൽ മാഇദയിലെ 5-ാം വചനത്തിന് ഏതോ ഒരു ഖുർആൻ വ്യാഖ്യാതാവ് നൽകി എന്നും പറഞ്ഞ് തനി ദുർവ്യാഖ്യാനം ചമച്ചിരിക്കുന്നു. **“നിങ്ങൾക്കിതാ അല്ലാഹുവിങ്കൽ നിന്ന് ഒരു പ്രകാശവും വ്യക്തമായ ഒരു ഗ്രന്ഥവും വന്നിരിക്കുന്നു. അല്ലാഹു തന്റെ തൃപ്തി കാംക്ഷിച്ചവരെ അത് മുഖേന സമാധാനത്തിന്റെ വഴികളിലേക്ക് നയിക്കുന്നു. തന്റെ ആജ്ഞപ്രകാരം അവരെ അന്ധകാരങ്ങളിൽ നിന്ന് അവൻ പ്രകാശത്തിലേക്ക് കൊണ്ടുവരികയും നേരായ പാതയിലേക്ക് നയിക്കുകയും ചെയ്യുന്നു.” (വി.ഖു: 5:15).**

ഈ സൂക്തത്തിൽ വിശുദ്ധ ഖുർആനിന്റെ ഒരു സവിശേഷതയായിപ്പറഞ്ഞ 'നൂർ' എന്നതിനെ മുഹമ്മദ് നബി(സ)യുടെ ദാത്താക്കി (അസ്തിത്വമാക്കി) ദുർവ്യാഖ്യാനിച്ച് അല്ലാഹുവിന്റെയും നബിയുടെയും ദാത്തുകൾ (അസ്തിത്വങ്ങൾ) പ്രകാശമാണെന്ന് ജൽപിച്ചു അതികഠോരമായ ശിർക്ക് സ്ഥാപിച്ചിരിക്കുകയുമാണ്. ആ വാചകം കാണുക: “ ഈ സൂക്തത്തിൽ നൂറിന്റെ താൽപര്യം മുഹമ്മദ്(സ) യുടെ ദാത്താണെന്ന് വ്യാഖ്യാനിക്കാൻ നാം നിർബന്ധിതരാണ്.”... “അപ്പോൾ ഖുർആൻ കൊണ്ടും പ്രബലമായ ഹദീസു കൊണ്ടും നബി(സ)

**വിശുദ്ധ ഖുർആനിന്റെ ഒരു സവിശേഷതയായിപ്പറഞ്ഞ 'നൂർ' എന്നതിനെ മുഹമ്മദ് നബി(സ)യുടെ ദാത്താക്കി ദുർവ്യാഖ്യാനിച്ച് അല്ലാഹുവിന്റെയും നബിയുടെയും ദാത്തുകൾ (അസ്തിത്വങ്ങൾ) പ്രകാശമാണെന്ന് ജൽപിച്ചു അതികഠോരമായ ശിർക്ക് സ്ഥാപിച്ചിരിക്കുകയുമാണ്. ആ വാചകം കാണുക: “ ഈ സൂക്തത്തിൽ നൂറിന്റെ താൽപര്യം മുഹമ്മദ് (സ) യുടെ ദാത്താണെന്ന് വ്യാഖ്യാനിക്കാൻ നാം നിർബന്ധിതരാണ്.”... “അപ്പോൾ ഖുർആൻ കൊണ്ടും പ്രബലമായ ഹദീസു കൊണ്ടും നബി(സ)യുടെ ദാത്തും അല്ലാഹുവിന്റെ ദാത്തും നൂർ ആകുന്നുവെന്ന് സ്ഥിരപ്പെട്ടിരിക്കുന്നു.” (മസ്ഹറുൽ ഇർഫാൻ മാസിക. ഡിസംബർ 2014, പേ: 7, 8)**

യുടെ ദാത്തും അല്ലാഹുവിന്റെ ദാത്തും നൂർ ആകുന്നുവെന്ന് സ്ഥിരപ്പെട്ടിരിക്കുന്നു.'' (മസ്ഹറുൽ ഇർഫാൻ മാസിക. ഡിസംബർ 2014, പേ: 7, 8)

ള്വഈഫും മുൻകറും മത്റൂ ക്കും മുഫ്തരിയുമായ (വെറുക്കപ്പെട്ട ദുർബലവും ഉപേക്ഷിക്കേണ്ടതുമായ പച്ച ക്കളളം) ഹദീസ് എന്നു അനേകം മുഹദിസുകൾ ഏകകണ്ഠമായിപ്പറഞ്ഞ ഹദീസ് ഇവർക്കു പ്രബലം!. ഏതോ ഒരു വ്യാഖ്യാതാവ് പറഞ്ഞെന്നും പറയപ്പെടുന്ന ദുർവ്യാഖ്യാനം ഖുർആൻ കൊണ്ടു സ്ഥിരപ്പെട്ടുവെന്നും പറഞ്ഞു എഴുന്നള്ളിക്കുന്നു!? ആർക്കാണിങ്ങനെ വ്യാഖ്യാനിക്കാൻ നിർബന്ധബുദ്ധി? ത്വരീഖത്തുകാർക്കു തന്നെ. എന്തിനാണിങ്ങനെ വ്യാഖ്യാനം? കുഞ്ഞാടുകളെ വരുതിയിലാക്കി മസ്തിഷ്ക പ്രക്ഷാളനം നടത്തി തങ്ങളുടെ അടിമ വേല ചെയ്യിപ്പിക്കുന്ന മുരീദന്മാരായിക്കിട്ടാൻ!

മേൽ പറഞ്ഞ മഹാജ്ഞാനം ബോധ്യപ്പെട്ടവർ, വിജ്ഞാനത്തിന്റെ ബാഹ്യതലത്തോടൊപ്പം ആന്തരിക തലവും സമാർജ്ജിച്ച ഒരു ദിവ്യജ്ഞാനി! അത് ത്വരീഖത്തിലെ 'സയ്യിദ് നൂറുൽ മശാഇഖന്മാർ!' ഇതൊന്നും ബോധ്യപ്പെടാത്തവർ ത്വരീഖത്തുകാരല്ലാത്ത ഈ മഹാലോകത്തെ മറ്റുളള മുഴുവൻ 'ആന്തരിക യാഥാർത്ഥ്യങ്ങളെ മനസ്സിലാക്കാത്ത ബാഹ്യപണ്ഡിതന്മാർ'!. അഹങ്കാരത്തിലും പൈശാചിക ബോധനത്തിലും ഭൗതീക താൽപര്യത്തിലും മുഴുകി അന്ധന്മാരായവരുടെ ഇത്തരം ജൽപനങ്ങളിൽ നിന്ന് അല്ലാഹു നമ്മെ കാക്കട്ടെ.

പ്രസ്തുത ലേഖനത്തിൽ ഇപ്പറഞ്ഞ ദുർവ്യാഖ്യാനത്തെ ന്യായീകരിക്കാൻ ലേഖകൻ പെടുന്ന പാട് ചില്ലറയൊന്നുമല്ല. ഈ ജൽപനം ശിർക്കല്ല എന്നു സാഹസികമായി സമർത്ഥിക്കുന്നുണ്ട്. അവസാനം മുഹമ്മദ് നബി(സ)യെ സൃഷ്ടിച്ചതു നൂർ-പ്രകാശം-കൊണ്ടു തന്നെയെന്ന് സ്ഥാപിക്കാൻ വൃഥാ ശ്രമം നടത്തുന്നുമുണ്ട്.

**രണ്ട്:** ''ബഹുമാനപ്പെട്ട ആദം (അ) വെളളത്തിന്റെയും മണ്ണിന്റെയും മദ്ധ്യേ ആയിരുന്നപ്പോൾ ഞാൻ നബിയായിരുന്നു..'' (ഹദീസു ശ്ശരീഫ്). '' മുഹമ്മദ്(സ)യെ സൃഷ്ടിച്ചില്ലായിരുന്നുവെങ്കിൽ ഞാൻ ലോകകത്തെ സൃഷ്ടിക്കുമായിരുന്നില്ല'' എന്നും ഹദീസിൽ വന്നിട്ടുണ്ട്. (അൽ ഇർഫാൻ പേ: 9)

ദുർവ്യാഖ്യാനത്തിനായി കൊണ്ടു വരുന്ന ഖുർആൻ ആയത്തിന്റെയും സൂറത്തിന്റെയും നമ്പറുകൾ കൃത്യമായി നൽകുന്ന ലേഖകൻ, ഇപ്പറഞ്ഞ ഹദീസുകളുടെയൊന്നും ഉൽപ്പത്തിയോ ഗ്രന്ഥങ്ങളുടെ പേരോ ഹദീസുകളുടെ നിലവാരമോ എവിടെയും കുറിക്കുന്നില്ല. ദയവു ചെയ്ത് ലേഖകൻ അതെല്ലാമൊന്ന് ഉദ്ധരിക്കാൻ തയ്യാറാകണം. തനി വാറോലകളായ തറ പ്രസംഗം ലേഖനമാക്കരുത്. കളളഹദീസുകൾ തന്നെയാണിവിടെ സംഘടനകളെ പോറ്റുന്നത്. ശക്തമായിരുന്ന ഇസ്ലാഹീ പ്രസ്ഥാനം പോലും വീണ്ടും പിളർന്നത് ''യാ ഇബാദീ അഈനൂനീ'' എന്ന ഒരൊറ്റ വാറോല ഹദീസിന്റെ അരികുപിടിച്ചാണ് എന്നത് കേരള മുസ്ലിംകൾ കണ്ടനുഭവിച്ചതാണല്ലോ. ത്വരീഖത്തടക്കമുളള അനേകം പ്രസ്ഥാനങ്ങൾ ജനിക്കുകയും വളരുകയും പിളരുകയും അമീബ പോലെ വീണ്ടും വീണ്ടും പെരുകുകയും ചെയ്യുന്നതിലെല്ലാം ഇത്തരം വ്യാജഹദീസുകളുടെ സ്വാധീനം അതിശക്തമാണ്.

മുഹമ്മദ്(സ), നബിയായതു തന്നെ അല്ലാഹു അദ്ദേഹത്തിനു ഹിറാഗുഹയിൽ വഹ്യ് നൽകിയതു മുതലാണെന്ന് പിഞ്ചുകുഞ്ഞുങ്ങളെപ്പോലും പ്രമാണാടിസ്ഥാനത്തിൽ നാം പഠിപ്പിച്ചു കൊടുക്കുന്നു. ഇവിടെ ആദം ജനിക്കും മുമ്പു തന്നെ മുഹമ്മദ്(സ) നബിയായിരുന്നുവെന്ന പച്ചക്കളളം തട്ടിവിടുന്നു. മുഹമ്മദ് നബി(സ)യെ സൃഷ്ടിച്ചില്ലായിരുന്നുവെങ്കിൽ അല്ലാഹു ലോകത്തെ തന്നെ സൃഷ്ടിക്കുകയില്ലായിരുന്നുവെന്ന പെരുംനുണയും പ്രവാചകന്റെ പേരിൽ യാതൊരടിസ്ഥാനവുമില്ലാതെ തട്ടിവിടുന്നു. ലോകത്താർക്കു വേണമെങ്കിലും ഈ അവകാശവാദം ഉന്നയിച്ചു ന്യായീകരിക്കാവുന്ന പ്രതിപാദ്യമാണിത്. നബി(സ) ഒരിക്കലും ആ വിധം ഒരവകാശവാദം ഉന്നയിച്ചതിനു യാതൊരു പ്രമാണവും നിലവിലില്ല. കളളവാറോല ഹദീസുകളല്ലാതെ. ഉളളതു ഉളളതുപോലെ പറഞ്ഞും പഠിച്ചും നബി(സ)ക്ക് അർഹമായ പദവികൾ ലോകം അറിഞ്ഞതും മനസ്സിലാക്കിയതുമാണ്. ഇല്ലാത്തതു പറഞ്ഞ് വലുതാകാൻ മാത്രം ചെറുതല്ല പ്രവാചകൻ(സ) എന്നു ലേഖകൻ മനസ്സിലാക്കുന്നത് നല്ലതാണ്. കളളഹദീസുകൾ കൊണ്ട് കൊളളലാഭം കൊയ്യാൻ മശാഇഖന്മാർ മുതിരുന്നത് തൊണ്ടി സഹിതം പിടിക്കപ്പെടുന്നതാണ്.

പാഠം

# മത, ഭരണ സമന്വയം

**ശൈഖുൽ ഇസ്‌ലാം ഇബ്നുതൈമിയ**

ഇസ്ലാമിക വ്യവസ്ഥ പ്രകാരം മതനേതാവു തന്നെയായിരിക്കണം ഭരണ നേതൃത്വവും വഹിക്കേണ്ടത്. ഇമാമിന്റെ ആസ്ഥാനം തന്നെയാകണം ഭരണ സിരാകേന്ദ്രവും. അതു രണ്ടും മസ്ജിദു തന്നെയായിരിക്കണം. പ്രവാചകൻ ഭക്തിയിന്മേലാണ് പള്ളി പണിതത്. അതിൽ നമസ്കാരവും വേദപാരായണവും ദൈവകീർത്തനങ്ങളും വിജ്ഞാനപ്രസരണവും പ്രസംഗങ്ങളും പ്രബോധനങ്ങളും നടത്തിയിരുന്നു. രാഷ്ട്രനേതൃത്വവും യുദ്ധകാഹളം മുഴക്കലും പതാക ഉയർത്തലും അവിടെ നിന്നായിരുന്നു. ഭരണാധികാരികളെ നിയമിക്കലും ലോകത്തിനു മുമ്പിൽ മതത്തെ ബോധ്യമാക്കിയതും ജയിലും ആതുരാലയവും കോടതിയും വിനോദപ്രകടനവും സമര പരിശീലനവും അവിടെ നടത്തപ്പെട്ടിരുന്നു. അങ്ങനെ മുസ്ലിംകളുടെ പള്ളി ആത്മദാഹവും ഭൗതീക താൽപര്യങ്ങളുമെല്ലാം ഒരു പോലെ പൂർത്തീകരിക്കേണ്ട സിരാകേന്ദ്രമാക്കണമെന്നതാണ് ദൈവ നിർദ്ദേശം.

പ്രവാചകൻ തന്റെ ഗവർണർമാരെ വിവിധ ദേശങ്ങളിലേക്ക് (-മക്ക, ത്വാഇഫ്, യമൻ തുടങ്ങിയ എല്ലാ പ്രവിശ്യകളിലേക്കും- പഞ്ചായത്തുകളിലേക്കു പോലും) നിയമിച്ചിരുന്നു. അവരെല്ലാം ജനങ്ങൾക്ക് നമസ്കാരത്തിനു ഇമാമാവുകയും ഭരണ നേതൃത്വം വഹിക്കുകയും ചെയ്തിരുന്നു. അവിടുന്നു കൽപ്പിച്ചു: "ഇസ്രായീല്യരെ നയിച്ചിരുന്നതെല്ലാം പ്രവാചകന്മാരായിരുന്നു. ഒരു നബി പോയാൽ ശേഷം മറ്റൊരു നബി തന്നെ വന്നിരുന്നു. എന്നാൽ അറിയുവീൻ എനിക്കു ശേഷം ഒരു നബിയും വരാനില്ല. പകരം ഖലീഫമാരുണ്ടാകാം. നിങ്ങളവരെ പരിചയപ്പെട്ടേക്കാം. ചിലപ്പോളവരെ നിരാകരിച്ചേക്കാം. അപ്പോൾ അനുചരന്മാർ ചോദിച്ചു: അപ്പോൾ ഞങ്ങളെന്തു നിലപാടെടുക്കണം? പ്രവാചകൻ പറഞ്ഞു: അവരിൽ ഓരോരുവരെയും വഴിക്കു വഴി അംഗീകരിച്ചു പ്രതിജ്ഞ ചെയ്യുവീൻ. നിങ്ങളുടെ നന്മക്കായി അല്ലാഹുവിനോട് പ്രാർത്ഥിക്കുക. കാരണം, പ്രജകളായ നിങ്ങളെക്കുറിച്ചവരോട് അല്ലാഹു ചോദ്യം ചെയ്യുക തന്നെ ചെയ്യും."

ഖലീഫമാരും നേതാക്കളും അവരുടെ വീടുകളിൽ തന്നെ താമസിച്ചിരുന്നു. സാദാ മുസ്ലിംകൾ അവരുടെ വീടുകളിൽ താമസിച്ചിരുന്ന പോലെ തന്നെ. എന്നാൽ ഇമാമുമാരുടെ ജനസഭ കൂടിയിരുന്നത് അവരുടെ ജുമുഅ മസ്ജിദിൽ വെച്ചായിരുന്നു.

സഅദ്ബ്നു അബീവഖാസ്(റ) കൂഫയിൽ ഖലീഫ ഉമർ(റ)ന്റെ ഗവർണരായി ഭരണമേറ്റെടുത്ത ശേഷം ഭരണ കാര്യാലയമായി ഒരു ബംഗ്ലാവു പണിതു. ജനങ്ങളിൽ നിന്നൽപം അകലം പാലിക്കാൻ തീരുമാനിച്ചു. ഉമർ(റ) ഇതറിഞ്ഞപ്പോൾ മുഹമ്മദ്ബ്നു മസ്‌ലമ (റ)യെ, ആ ബംഗ്ലാവ് തീകൊളുത്തി നശിപ്പിക്കാനായി പറഞ്ഞയച്ചു. അദ്ദേഹം കൂഫയിലെത്തി, ഒരു 'നബ്ത്വി'ക്കാരനോട് ഒരു കെട്ട് വിറകുമായി ബംഗ്ലാവിലെത്താൻ കരാർ ചെയ്തു. ഞാൻ ബംഗ്ലാവിലെത്തിയാൽ വിറക് കെട്ട് കൊണ്ടുവന്ന് അതിനകത്തിട്ട് തീ കൊളുത്താൻ നിർദ്ദേശിച്ചു. അങ്ങനെ ആ ബംഗ്ലാവ് ചുട്ടു കരിച്ചു. ഭരണാധിപന്മാർ ജനങ്ങളിൽ നിന്നകന്നു മറഞ്ഞിരുന്നു ഭരണം കയ്യാളുന്ന സമ്പ്രദായത്തെ ഉമർ(റ) അങ്ങേയറ്റം വെറുത്തു.

പക്ഷെ, അമീറന്മാർക്കായി പിൽക്കാലത്ത് ആസ്ഥാന മന്ദിരങ്ങൾ നിർമ്മിക്കപ്പെട്ടു. മുആവിയ ഭരണമേറ്റപ്പോൾ അദ്ദേഹം ജനങ്ങളിൽ നിന്നുള്ള ബന്ധം മുറിച്ചു അകലം പാലിച്ചു. കാരണം, അലി(റ) വഞ്ചിക്കപ്പെട്ടപോലെ താനും ചതിക്കപ്പെടും എന്നു ഭയന്നതിനാൽ. പള്ളികളിൽ പ്രത്യേക അരമനകൾ സുൽത്താന്മാർക്കും പരിവാരങ്ങൾക്കുമായി ഉണ്ടാക്കപ്പെട്ടു. പ്രത്യേകം വാഹനങ്ങളും സജ്ജമാക്കി. പിൽക്കാല ഖലീഫമാർ രാജാക്കന്മാരെപ്പോലെ അവ സാമ്പ്രദായികമാക്കിയെടുത്തു. അങ്ങനെ അവർ യുദ്ധവും പള്ളിയിലെ നമസ്കാര നേതൃത്വ-ഇമാമത്ത്-വും മറ്റുള്ളവരെ ഏൽപ്പിച്ചു. ജമാഅത്തും ജുമുഅയും സമര നേതൃത്വവും ശിക്ഷ നടപ്പാക്കലുമെല്ലാം അതുപോലെ ഏൽപ്പിച്ചു കൊടുത്തു. അവർക്കു താമസിക്കാൻ അവർ വലിയ കൊട്ടാരങ്ങൾ പണിതു. അവരുടെ മുമ്പിൽ ജനങ്ങൾ തല കുനിക്കണമെന്നും വന്നുചേർന്നു. ബനൂ ഉമയ്യാക്കൾ ജുമുഅ മസ്ജിദിനു മുമ്പിൽ തന്നെ 'ഖള്റാ' കൊട്ടാരം പണിതു. നമസ്കരിക്കാനും പഠിക്കാനും മാത്രം പള്ളിയിൽ ഒരുമിച്ചു കൂടി.

*(മജ്മൂഅ് അൽ ഫതാവാ, വിവ: അബൂനുബ്‌ല)*



# മാസപ്പിറവി:
# വസ്തുതകളും വാസ്തവങ്ങളും

**ടി.അബ്ദുൽ ശുക്കൂർ**

**കേരള നദ്‌വത്തുൽ മുജാഹിദീൻ സംസ്ഥാന കമ്മറ്റി അതിന്റെ മാസപ്പിറവി സംബന്ധിച്ച നിലപാടുകളും സമീപനങ്ങളും വിശദീക രിക്കുന്ന ഒരു സർക്കുലർ 27-09-14 ന്ന് കീഴ്ഘടകങ്ങൾക്ക് അയ യ്ക്കുകയുണ്ടായി. പ്രസ്തുത സർക്കുലറിൽ പരാമർശിച്ച വിഷയ ങ്ങൾക്കുളള വിശദീകരണമെന്നോണം 24-10-2010 ലെ ശബാബ് വാരി കയിൽ അബ്ദുൽ ജബ്ബാർ തൃപ്പനച്ചിയുടെ ഒരു ലേഖനവും പ്രസി ദ്ധീകരിച്ചിരിക്കുന്നു. ഇവ രണ്ടിലും പരാമർശിച്ച എല്ലാ വിഷയ ങ്ങളും വസ്തുതകളുമായി യാതൊരു ബന്ധവുമില്ലാത്തതാണ്. എന്നാൽ എല്ലാ വിഷയങ്ങളും ഇവിടെ വിശദീകരിക്കാൻ ലേഖന ദൈർഘ്യം ഭയന്നു തയ്യാറാവുന്നില്ല. പ്രധാനപ്പെട്ട ചില വിഷയങ്ങൾ താഴെ കൊടുക്കുന്നു.**

### തഖ്‌ലീദി സർക്കുലർ:

സമൂഹത്തിൽ ഐക്യവും സ്നേഹവും നിലനിർത്തുകയായിരുന്നു ഹിലാൽ കമ്മിറ്റി രൂപീകരണം കൊണ്ട് ലക്ഷ്യം വെച്ചതെങ്കിൽ ആയത് പൂർണമായും പരാജയമായിരുന്നു എന്നു പറയേണ്ടി വരും. മഹല്ലുകൾ

തമ്മിലുണ്ടായിരുന്ന വിഭാഗീയത മഹല്ലിനുള്ളിലേക്കും വീട്ടിനുള്ളിലേക്കും വ്യാപിച്ചു എന്നതായിരുന്നു സത്യം. 1976 മുതൽ 2010 വരെയുള്ള കാലഘട്ടത്തിൽ എത്ര പെരുന്നാളുകൾ, എത്ര സംഘട്ടനങ്ങൾ, കൊലപാതകങ്ങൾ വരെ നടന്നു? അന്നൊന്നും ഐക്യത്തെ സംബന്ധിച്ച വിധി മനസ്സിലായില്ലെന്നുണ്ടോ? ഇപ്പോഴിതാ കേരളത്തിലെ ബഹുഭൂരിപക്ഷം വരുന്ന സുന്നികൾക്ക് നമ്മോടൊപ്പം യോജിക്കാവുന്ന ഫോർമുല രൂപപ്പെടുന്നതിന്ന് ശാഫീ ഫിഖ്ഹിനോടു കൂടി യോജിക്കുന്ന സമീപനം സ്വീകരിച്ചിരിക്കുന്നു. (ലേഖനം ശ്രദ്ധിക്കുക). എങ്കിൽപ്പിന്നെ തവസ്സുലും ഇസ്തിഗാസയും ഒഴിച്ച് മറ്റുള്ള എല്ലാ വിഷയങ്ങളിലും ഐക്യമായിക്കൂടേ? ശാഫീ മദ്ഹബ് കൂടി പരിഗണിച്ച് സംഘടനയെ തഖ്ലീദ് ചെയ്യാൻ ഒരു സർക്കുലർ അയച്ചാൽ മതിയല്ലോ.

**സമൂഹമെന്നാൽ കേരളം:**

**"നോമ്പും പെരുന്നാളും സമൂഹത്തോടൊപ്പം ആചരിക്കുന്നതാണ് സുന്നത്ത്''** എന്ന ഹദീസ് ഏതു തരത്തിലാണ് ലേഖകന്റെ വീക്ഷണത്തിന് സാധുവായ തെളിവാകുന്നത്. ഇക്കാലംവരെയില്ലാത്ത ഒരു വ്യാഖ്യാനം ഈ ഹദീസിനു നൽകുന്നത് ഒരിക്കലും ശരിയല്ല. സമൂഹമെന്നത് കേരള മുസ്ലിംകൾ മാത്രമാണോ? ഒരു രാഷ്ട്രമെന്ന നിലക്ക് ഇന്ത്യയിലെ മുസ്ലിംകളെ ഒന്നായി കാണേണ്ടതല്ലെ? 'അഹ്ലെ ഹദീസ്' ഇന്ത്യൻ മുസ്ലിംകളോടൊപ്പം തിങ്കളാഴ്ച പെരുന്നാളാഘോഷിച്ചപ്പോൾ കേരളം മാത്രം

**മിഡ്വേ ദ്വീപുകാരുടെ നോമ്പാണ് ലേഖകന്ന് വലിയ പ്രശ്നമായിരിക്കുന്നത്. 'മാസപ്പിറവി കണ്ടാൽ നോമ്പെടുക്കുക' എന്ന ഹദീസ് വാക്യത്തിന് അർത്ഥം നൽകുന്നവർ ചന്ദ്രനെ തീരെ കാണാൻ കഴിയാത്ത പ്രദേശങ്ങൾ ഭൂമിയിലുണ്ടെന്ന് മനസ്സിലാക്കിയിട്ടുണ്ടോ? ധ്രുവ പ്രദേശങ്ങളിൽ 6 മാസം പകലും രാത്രിയും മാറി വന്നുകൊണ്ടിരിക്കും. പകലുള്ള പ്രദേശങ്ങളിൽ പ്രഥമ ഹിലാലിനെ കാണുകയില്ല. അതിനാൽ പ്രസ്തുത പ്രദേശങ്ങളിൽ 30 ദിവസങ്ങളുള്ള 12 മാസം = 360 ദിവസം ഉണ്ടാവുമോ? ഹിലാൽ ദർശന വെബ്സൈറ്റുകളിൽ കൊടുക്കുന്ന ചാർട്ട് പ്രകാരം 2006ലെ ശവ്വാൽ മക്കയിൽ കാണാം. പക്ഷെ മദീനയിൽ കാണുകയില്ല.**

വിട്ടുനിന്നാൽ അതു സമൂഹത്തോടൊപ്പമാണെന്നു പറയാമോ? ലോകത്ത് ജപ്പാൻ മുതൽ അമേരിക്ക വരെ 60 ലധികം രാജ്യങ്ങളിൽ ശനിയാഴ്ച ഹജ്ജും ഈദും നടത്തിയത് 'സമൂഹമായി' അംഗീകരിക്കില്ലേ? ലോകത്ത് ഏതെങ്കിലും പ്രദേശത്ത് മാസമാറ്റം നടന്നതായി സ്ഥിരീകരിച്ചാൽ അത് ലോകത്തിനാകമാനം ബാധകമാണ് എന്നതാണു പ്രസ്തുത ഹദീസ് മനസ്സിലാക്കിത്തരുന്നത്. അതായത് ഹിജ്റ കമ്മിറ്റി ദുൽഹിജ്ജ് 10 ശനിയാഴ്ചയാണെന്നു വ്യക്തമായ കണക്കിന്റെയും തെളിവന്റെയും അടിസ്ഥാനത്തിൽ അറിയിച്ചതു ലോകജനത ഒന്നടങ്കം അംഗീകരിക്കണമെന്നാണു ഹദീസിൽ നിന്നു ലഭിക്കുന്ന പാഠം.

**നൂതനരീതി വന്നവഴി:**

മാസപ്പിറവി നിശ്ചയിക്കുന്നതു സംബന്ധിച്ച് പല വീക്ഷണങ്ങളും ഉദ്ധരിച്ച് അതെല്ലാം തെറ്റാണെന്നു സ്ഥാപിക്കാൻ ശ്രമിക്കുന്നുണ്ട്. അതിന്റെ യാതൊരാവശ്യവുമില്ല. ഖുർആനും ശാസ്ത്രവും മുന്നിൽ വെച്ച് ഇന്നതാണു ശരി എന്നു പറയുകയാണു ജംഇയ്യത്തുൽ ഉലമകൾ ചെയ്യേണ്ടത്. അതിൽ മക്കയെ ലോകം പിൻപറ്റുക എന്ന ആശയത്തെ തള്ളിക്കളഞ്ഞത് ശരിയല്ല. തെറ്റായ കണക്കുകൾ അവതരിപ്പിച്ചാണ് അതിനെ നിരാകരിക്കുന്നത്. ഖുർആൻ മക്കയെ 'ഉമ്മുൽഖുറ' എന്നും 'ബക്കത്തുൻമുക്കറമ:' എന്നും വിശേഷിപ്പിച്ചിട്ടുണ്ട്. ഖുർആൻ 2:189 –ൽ ചന്ദ്രക്കലകൾ തിയ്യതികൾ കാണിക്കുന്നത് ''ലിന്നാസി വൽഹജ്ജ'' എന്നാണു പറഞ്ഞിട്ടുള്ളത്. അതായത് ഹജ്ജിന്റെ കാലം നിശ്ചയിക്കാൻ മക്കയിലെ ചന്ദ്രക്കലകളുടെ വളർച്ചയും സ്ഥാനവും (അഹില്ലയും മനാസിലും) പരിഗണിക്കണമെന്നും ആയത് സർവ്വ ജനതക്കും ബാധകമാണെന്നുമാണ് ഖുർആൻ പറയുന്നത്.

ഇതിന്നു പകരം 29-ന് പടിഞ്ഞാറെ ചക്രവാളത്തിൽ കാണാൻ കഴിയാത്ത ചന്ദ്രക്കല അന്വേഷിക്കുകയും കണ്ടാൽ അറിയിക്കാൻ ആഹ്വാനം ചെയ്യുകയും ചെയ്യുന്ന ഒരു നൂതനരീതി എങ്ങിനെയോ ഇസ്ലാമിൽ കടന്നു കൂടിയതാണ് എല്ലാ ആശയക്കുഴപ്പത്തിന്റെയും അടിസ്ഥാനം. മക്കയിൽ മഗ്‌രിബിന്നു മുമ്പായി ന്യൂമൂൺ ഉണ്ടാവുക എന്നൊരു തത്വം സഊദി അറേബ്യ സ്വീകരിച്ചിരിക്കുന്നു. ഇത് തെറ്റാണ്. പകരം മക്കയില ഫജറിന്നു മുമ്പ് ന്യൂമൂൺ ഉണ്ടാവുക എന്ന തത്വം സ്വീകരിച്ചാൽ ലോകം മുഴുവൻ ദിവസവും തിയ്യതിയും ഏകീകരിക്കപ്പെടുന്നതാണ്.

**മക്കയും മിഡ്‌വേ ദ്വീപും**

മിഡ്‌വേ ദ്വീപുകാരുടെ നോമ്പാണ് ലേഖകന്ന് വലിയ പ്രശ്നമായിരിക്കുന്നത്. 'മാസപ്പിറവി കണ്ടാൽ നോമ്പെടുക്കുക' എന്ന ഹദീസ് വാക്യത്തിന് അർത്ഥം നൽകുന്നവർ ചന്ദ്രനെ തീരെ കാണാൻ കഴിയാത്ത പ്രദേശങ്ങൾ ഭൂമിയിലുണ്ടെന്ന് മനസ്സിലാക്കിയിട്ടുണ്ടോ? ധ്രുവ പ്രദേശങ്ങളിൽ 6 മാസം പകലും രാത്രിയും മാറി വന്നു കൊണ്ടിരിക്കും. പകലുള്ള പ്രദേശങ്ങളിൽ പ്രഥമ ഹിലാലിനെ കാണുകയില്ല. അതിനാൽ പ്രസ്തുത പ്രദേശങ്ങളിൽ 30 ദിവസങ്ങളുള്ള 12 മാസം = 360 ദിവസം ഉണ്ടാവുമോ? ഹിലാൽ ദർശന വെബ്‌സൈറ്റുകളിൽ കൊടുക്കുന്ന ചാർട്ട് പ്രകാരം 2006ലെ ശവ്വാൽ മക്കയിൽ കാണാം. പക്ഷെ മദീനയിൽ കാണുകയില്ല. മക്കയിൽ തന്നെ രണ്ടു ദിവസങ്ങളിലായിട്ടാണു കാണാൻ കഴിയുക. പ്രസ്തുത കാഴ്ചയെ എന്തു ചെയ്യണം. കാസറഗോഡ് മംഗലാപുരവും ഭിന്നിക്കുന്നതു പോലെ മക്കയും മദീനയും എന്തുകൊണ്ട് ഭിന്നിക്കുന്നില്ല?! വെബ്‌സൈറ്റുകളിൽ കാണുന്ന വിസിബിൾ ചാർട്ടുകൾ പരിശോധിച്ചാൽ ഒരു രാജ്യവും പട്ടണവും രണ്ടും മൂന്നും ദിവസങ്ങളിലായി ദൃശ്യമാവുന്നതു കാണാം. ഇതിനെന്താണു പരിഹാരം.

നമസ്കാരം നിഴൽ നോക്കി അളന്നു നിശ്ചയിക്കാൻ നബി(സ) പഠിപ്പിച്ചു. ഖുർആൻ രാത്രിയിലും പ്രഭാതത്തിലും നമസ്കരിക്കാൻ കൽപിച്ചു. എന്നാൽ ധ്രുവപ്രദേശങ്ങളിലും മറ്റും എങ്ങിനെ നിഴൽ നോക്കും. എന്തിനേറെ അയന പ്രദേശങ്ങളിൽ പോലും കൊല്ലത്തിൽ രണ്ടു ദിവസം മാത്രമേ നിഴലില്ലാത്തതായിട്ടുള്ളൂ. ന്യൂസിലാന്റിൽ 22 മണിക്കൂർ പകലും 2 മണിക്കൂർ രാത്രിയും തിരിച്ചും ഉണ്ടാകുന്നു. അവിടെ ചില കാലങ്ങളിൽ 2 മണിക്കൂർ നോമ്പ്. ചില കാലങ്ങളിൽ 22 മണിക്കൂറും. ഇതിനൊന്നും പരിഹാരം കാണാൻ കഴിയാതെ ഉഴലുകയാണു ലോക മുസ്ലിം പണ്ഡിത സഭകൾ. ഇതിന്നു കാരണം അവർ ഭൂമിശാസ്ത്രവും നാവിഗേഷനും പഠിച്ച് ഖുർആൻ കൽപനകളെ അതിന്റെ കാഴ്ചപ്പാടിൽ നിന്നും മനസ്സിലാക്കാൻ ശ്രമിക്കാത്തതാണ്. സൂക്ഷ്മമായി പഠിച്ചാൽ ഖുർആനിൽ ഇതിനെല്ലാം പരിഹാരമുണ്ട്. ഒരു വൃത്തത്തിന്റെ ചുറ്റളവ് അളക്കുമ്പോൾ അതിന്റെ സ്റ്റാർട്ടിംഗ് പോയിന്റും ഫിനിഷിംഗ് പോയിന്റും ഒരേ ബിന്ദുവായിരിക്കും. ഇവ തമ്മിലുള്ള അകലം മലയാള സാഹിത്യത്തിലെ ഒരു ഡയലോഗിൽ ഉണ്ട്. "ക്രിസ്തുമസ്സ് മുതൽ ന്യൂഇയറിലേക്ക് 6 ദിവസം, എന്നാൽ ന്യൂഇയറിൽ നിന്ന് ക്രിസ്തുമസ്സിലേക്ക് 11 മാസം 25 ദിവസം."

വൈജ്ഞാനിക വിപ്ലവം നടന്ന ഇക്കാലത്തെ മതസഭകൾക്ക് ഇതൊന്നും മനസ്സിലാകുന്നില്ല. പക്ഷെ 'ഖൈറു ഉമ്മത്തിന്റെ' കാലഘട്ടത്തിൽ അവർ മനസ്സിലാക്കിയിരുന്നു. നാം ഇപ്പോൾ ശാഫി മദ്ഹബ് അംഗീകരിച്ചിരിക്കുകയാണല്ലോ. ഇമാം ശാഫി ഉരുണ്ട ഭൂമിയിലെ ഈ പ്രതിഭാസം മനസ്സിലാക്കിയിരുന്നു. അദ്ദേഹം പറഞ്ഞു. "കിഴക്കിന്റെ നിയമം പടിഞ്ഞാറിനു ബാധകമല്ല. ഒരു പട്ടണത്തിൽ രണ്ടു ജുമുഅ പാടില്ല. ആയതിനു കടലിന്റെ വേർതിരിവു വേണം." ദിവസം വേർതിരിയുന്ന മേഖലയിലെ കാര്യമാണ് ശാഫി ഇമാം(റ) പറയുന്നത്. ഈദ് ദിനത്തിൽ ഗ്രഹണം സംഭവിക്കുമെന്ന് ഇമാം(റ) പറഞ്ഞു. ശാസ്ത്ര പണ്ഡിതന്മാർ അതിനെ എതിർത്തു. എന്നാൽ ശാഫി (റ) ശക്തമായിത്തന്നെ പറഞ്ഞു. ഈദും ഗ്രഹണവും ഒന്നിച്ചു വരുമെന്ന്. (ഫതഹുൽബാരി). ദിനമാറ്റ മേഖലയിലാണ് അതു സംഭവിക്കുന്നത്. മിഡ്‌വേ ദ്വീപിൽ വ്യാഴാഴ്ച ളുഹർ നമസ്കരിക്കുമ്പോൾ രണ്ടു മണിക്കൂർ ഉദയവ്യത്യാസമുള്ള ഫിജിയിൽ വെള്ളിയാഴ്ച ജുമുഅയാണു നമസ്കരിക്കുന്നത്. ഇതേ പോലെ ദിനമാറ്റ രേഖയ്ക്ക് കിഴക്കു കിടക്കുന്ന മിഡ്‌വേയിൽ ഗ്രഹണമുണ്ടാവുമ്പോൾ പടിഞ്ഞാറുള്ള ഫിജിയിൽ പെരുന്നാളായിരിക്കും. 1000 വർഷം മുമ്പ് ഇമാം

ശാഫി(റ) ഇതു മനസ്സിലാക്കി. ഇന്നത്തെ യുഗത്തിലെ നേതാക്കന്മാർക്ക് ഖുർആൻ മനസ്സിലാക്കാനുള്ള കഴിവ് എത്രത്തോളമുണ്ടെന്ന് ഇതിൽ നിന്നും മനസ്സിലാക്കാം. മിഡ്‌വേയിലെ കണക്കു പൊതു നിയമമാക്കാൻ പാടില്ലെന്നും പഠിക്കേണ്ടതുണ്ട്. ഖസ്റാക്കി നമസ്കരിക്കുന്ന യാത്രക്കാരന്റെ പ്രത്യേകവകാശം പൊതുനിയമമല്ലാത്തതുപോലെ.


### ന്യൂമൂണിൽ വട്ടം കറങ്ങി:

ഖുർആൻ കൽപന പ്രകാരം അഹില്ല നിരീക്ഷണം നടത്തി, ഓരോ ദിവസവും തിയ്യതി രേഖപ്പെടുത്തി. പൗർണ്ണമിയും ഉർജ്ജൂനുൽ ഖദീമും കണ്ട് മാസമാറ്റം മനസ്സിലാക്കിയാൽ – (നൂഹ് 16–ാം ആയത്തിന് ഇബ്നു കസീർ നൽകിയ വ്യാഖ്യാനം നോക്കുക) – മണിക്ക്ഫാനിനേയും ഹിജ്റ കമ്മിറ്റിയേയും തോല്പിക്കാൻ മെനഞ്ഞുണ്ടാക്കുന്ന ഇത്തരം ചോദ്യങ്ങൾക്ക് പ്രസക്തിയില്ലാതാവും. അതേസമയം യൂനുസ് 5–ാം ആയത്തിൽ കൽപിച്ചിട്ടുള്ള 'ഹിസാബ്' (Calculation) നടത്താൻ ന്യൂമൂൺ സമയം അത്യാവശ്യമാണ്. ന്യൂമൂൺ കണക്കിലെടുക്കാതെ കണക്കു കൂട്ടാൻ കഴിയില്ല. കലണ്ടറുണ്ടാക്കാൻ 'ഹിസാബ്' നടത്തണം, അതിന് ന്യൂമൂൺ വേണം. ഇതു രണ്ടും ഒന്നു തന്നെയാണ്. ന്യൂമൂൺ സംഭവിക്കുന്ന അതേ നിമിഷത്തിൽ ഹിലാൽ പ്രത്യക്ഷമാവുന്നുണ്ട്. ശബാബ് കലണ്ടറിൽ 1–3–14, 27–6–14, 24–9–14, 22–11–14 എന്നീ തിയ്യതികളിൽ ന്യൂമൂൺ ദിവസം തന്നെ ഹിലാൽ കാണുന്നതായി കാണിച്ച് തിയ്യതി മാറ്റിയിട്ടുണ്ട്. ചില സ്ഥലങ്ങളിൽ ന്യൂമൂൺ സംഭവിക്കുന്നതിന് 9 മണിക്കൂർ മുമ്പായി ഹിലാൽ പ്രത്യക്ഷമാവും. ഇക്കഴിഞ്ഞ ജൂലായ് 26ന്ന് ന്യൂമൂൺ 22.42 UT യിലാണ്. എന്നാൽ ചിലിയിൽ (Puntearena) പ്രാദേശിക സമയം 06.42 ഉം സൂര്യാസ്തമയം 05.05 മണിക്കാണ്. ചന്ദ്രൻ അസ്തമിക്കുന്നത് 05.21 മണിക്കും. അതായത് ന്യൂമൂണിന് 1 മണി 36 മിനുട്ട് മുമ്പ് ഹിലാൽ ഉണ്ടായി. സൂര്യനു 15 മിനുട്ടിനു ശേഷം ചന്ദ്രൻ അസ്തമിച്ചു.

### ഹിജ്റ കമ്മിറ്റി വീക്ഷണം:

വിശുദ്ധ ഖുർആനും നബിചര്യയുമാണ് ഹിജ്റ കമ്മിറ്റിയുടെ മാനദണ്ഡം. വി.ഖു. 2:189, 9:36, 10:05, 36:39 എന്നീ വചനങ്ങളാണ് കലണ്ടറിന്റെയും മാസമാറ്റത്തിന്റെയും അടിസ്ഥാനം. "ചന്ദ്രക്കലകളെ സംബന്ധിച്ച് ചോദിക്കുന്നു; പറയുക അത് ജനങ്ങൾക്കു പൊതുവായും ഹജ്ജിന്നും തിയ്യതികൾ കാണിക്കുന്നു" എന്നു ഖുർആനും "അല്ലാഹു ചന്ദ്രക്കലകളെ (അഹില്ല) തിയ്യതികൾക്കായി (മവാഖീത്ത്) നിശ്ചയിച്ചിരിക്കുന്നു, അതിന്റെ (ചന്ദ്രന്റെ) കാഴ്ചയുടെ അടിസ്ഥാനത്തിൽ നോമ്പു തുടങ്ങുകയും അവസാനിപ്പിക്കുകയും ചെയ്യുക" എന്നു നബി(സ)യും പഠിപ്പിച്ചിരിക്കുന്നു. ഇതാണ് ഹിജ്റ കമ്മറ്റിയുടെ മാനദണ്ഡം. ഓരോ ദിവസവും ചന്ദ്രൻ അതതു ദിവസത്തെ തിയ്യതി കാണിക്കുന്നു. ഒന്നാം തിയ്യതി സന്ധ്യക്ക് ഒന്നാമത്തെ ഹിലാൽ കാണുന്നു. തുടർന്നുള്ള ദിവസങ്ങളിൽ ചന്ദ്രന്റെ അഹില്ലയും മനാസിലും മാറിക്കൊണ്ടിരിക്കുന്നു. 15–ാം ദിവസം പൂർണ്ണചന്ദ്രനാവുന്നു. തുടർന്നു കല ചെറുതാവുന്നു. യാസീൻ 39–ാം ആയത്തിൽ പറഞ്ഞ ഉർജ്ജൂനുൽ ഖദീം (അവസാനകല) കാണുന്നു. അടുത്ത ദിവസം ലോകത്തൊരിടത്തും ചന്ദ്രനെ കാണുകയില്ല. യാസീൻ 40 ൽ പറഞ്ഞ പ്രകാരം ചന്ദ്രൻ സൂര്യനെ മറികടക്കുന്നു. നൂഹ് 16–ാം ആയത്തിന് 'ഇബ്നു കസീർ' നൽകിയ വ്യാഖ്യാന പ്രകാരം മാസം മാറുന്നു. സാധാരണ ജനങ്ങൾക്ക് ആകാശത്ത് നോക്കി തിയ്യതി പറയാൻ കഴിയുന്ന ഈ സംവിധാനം അല്ലാഹു ഖുർആനിൽ വിശദീകരിക്കുന്നു. ഇതാണു ഹിജ്റ കമ്മിറ്റിയുടെ മാനദണ്ഡം. നബി(സ) പറഞ്ഞതു പോലെ മനുഷ്യർ ഗോളശാസ്ത്രം പഠിക്കുകയും ഹിസാബ് നടത്താൻ (യൂനുസ് 05) സാധിക്കുകയും ചെയ്താൽ കണക്കു കൂട്ടി മുൻകൂറായി കലണ്ടറുണ്ടാക്കാം. ഇങ്ങനെ ഹിസാബ് നടത്താൻ മാസത്തിലൊരിക്കൽ മാത്രം നടക്കുന്ന സൂര്യനും ഭൂമിയും ചന്ദ്രനും ഒരേ നേർരേഖയിൽ വരുന്ന നിമിഷത്തെ മാനദണ്ഡമാക്കുന്നു. ഈ നിമിഷത്തിനു പറയുന്ന ഇംഗ്ലീഷിലുള്ള പേരാണു ന്യൂമൂൺ. കൺജക്ഷൻ, ഗ്രഹണം, അമാവാസി എന്നെല്ലാം പറയുന്നതും ഇതു തന്നെ. ഹിലാൽ കമ്മറ്റിയുടെ സ്ഥാപക സെക്രട്ടറി പ്രൊഫ. കെ. അഹമ്മദ് കുട്ടി സാഹിബ് മരിക്കുന്നതു വരെ ഈ വസ്തുത പഠിപ്പിച്ചിട്ടും മുജാഹിദുകൾ പഠിച്ചില്ല എന്നത് അത്ഭുതകരമാണ്. അൽമനാർ 1988 സെപ്തംബർ, 1989

ഒക്ടോബർ ലക്കങ്ങളിലും 1982 ലെ ഫറോക്ക് സമ്മേളന സോവനീറിലും അഹമ്മദ് കുട്ടി സാഹിബ് എഴുതിയ ലേഖനം വായിച്ചു പഠിക്കേണ്ടതാണ്. പാവം നവോത്ഥാനം ഈ വിഷയത്തിൽ മുജാഹിദുകളിൽ കാണാതെ നിസ്സഹായനായി അദ്ദേഹം മരിച്ചു പോയി. അല്ലാഹു അദ്ദേഹത്തെ അനുഗ്രഹിക്കട്ടെ.




### നീതിരഹിത അധിക്ഷേപം

ഹിജ്റ കമ്മിറ്റിയെ അധിക്ഷേപിക്കാൻ വേണ്ടി പരാമർശങ്ങൾ നടത്തുമ്പോൾ അതിൽ സത്യസന്ധത പുലർത്തേണ്ടിയിരുന്നു. "ഇസ്ലാമിക പ്രമാണത്തിൽ മാസമാറ്റത്തിന്റെ സ്റ്റാർട്ടിംഗ് പോയിന്റ് ഹിലാൽ ആണ്. ഹിജ്റ കമ്മിറ്റിയുടെത് ന്യൂമൂൺ ആണ്" എന്നും ഈ വാദങ്ങൾ ലോകത്തുള്ള ഏതെങ്കിലും ഫിഖ്ഹ് കൗൺസിൽ അംഗീകരിച്ചിട്ടില്ല" എന്നുമാണ് ലേഖനത്തിൽ പറയുന്നത്. ഫിഖ്ഹ് കൗൺസിൽ അംഗീകരിക്കലാണോ സത്യമാർഗം. കേരള ഹിലാൽ, കെ.ജെ.യു കമ്മിറ്റികളുടെ നിലപാടിനെ ഏതു ഫിഖ്ഹ് കൗൺസിലാണു അംഗീകരിച്ചിട്ടുള്ളത്.? ലോകത്ത് നിലവിലുള്ള 150 ൽ പരം രാജ്യങ്ങളിൽ ഒന്നു പോലും 'കേരളമോഡൽ' മാസപ്പിറവി അംഗീകരിച്ചിട്ടില്ല. ഇക്കഴിഞ്ഞ ബലിപെരുന്നാളിൽ പോലും കേരളത്തിൽ മാത്രമാണു ഞായറാഴ്ച പ്പെരുന്നാൾ നടത്തിയത്. ബാക്കി ഇന്ത്യ മുഴുവനും പാക്കിസ്ഥാൻ, ബംഗ്ലാദേശ്, അഫ്ഗാനിസ്ഥാൻ, ശ്രീലങ്ക എന്നിവിടങ്ങളിൽ തിങ്കളാഴ്ചയായിരുന്നു പെരുന്നാൾ. 60 ലധികം രാജ്യങ്ങൾ സഊദി അറേബ്യയുടെ കൂടെ ശനിയാഴ്ചയാണ് നടത്തിയത്. ഹിലാൽ/ കെ.ജെ.യു കാഴ്ചപ്പാടിനു മുസ്ലിം ലോകത്തിന്റെ പിന്തുണയില്ല എന്നർത്ഥം.

ഹിജ്റ കമ്മിറ്റിയുടെ വാദത്തിന് പ്രമാണത്തിൽ നിന്ന് നേരിട്ട് തെളിവ് ഹാജരാക്കാൻ സാധിച്ചിട്ടില്ലെന്ന് പറഞ്ഞ് സർക്കുലർ അയയ്ക്കുമ്പോൾ കേരളമോഡൽ മാസപ്പിറവിക്ക് ഏതു പ്രമാണത്തിന്റെ പിന്തുണയാണുള്ളതെന്നു വ്യക്തമാക്കണമായിരുന്നു. വാറോല ഹദീസിൽ നിന്നു പോലും തെളിവുദ്ധരിക്കാൻ കഴിയാത്ത വിക്ഷണമുള്ളവർ വിശുദ്ധ ഖുർആനിൽ നിന്നു മാത്രം നേരിട്ട് അർത്ഥം ലഭിക്കുന്ന വ്യാഖ്യാനം ആവശ്യമില്ലാത്ത വചനങ്ങളുദ്ധരിച്ചുള്ള ഹിജ്റ കമ്മിറ്റിയുടെ കാഴ്ചപ്പാടിനെ വിമർശിക്കുകയാണ്! "ന്യൂമൂണാണ് ഹിജ്റ കമ്മിറ്റിയുടെ മാസമാറ്റത്തിനുള്ള സ്റ്റാർട്ടിംഗ് പോയിന്റെന്നും ഹിലാൽ അല്ലെന്നും ലേഖനത്തിലും സർക്കുലറിലും എഴുതി വിട്ട് മുജാഹിദ് പ്രവർത്തകരെ വഴി തെറ്റിക്കാനാണു ശ്രമിച്ചിരിക്കുന്നത്. പലവട്ടം പറയുകയും എഴുതുകയും ചെയ്തിട്ടുള്ളതാണ് വിഷയം. ഹിജ്റ കമ്മിറ്റി കേരളത്തിലെ മതസംഘടനകൾക്ക് നൽകിയിട്ടുള്ള കത്തുകളിൽ അവരുടെ വീക്ഷണം വ്യക്തമാക്കിയിട്ടുണ്ട്. അതൊന്നും ഗൗനിക്കാതെ തെറ്റായ പരാമർശം ആവർത്തിച്ചു കൊണ്ടിരിക്കുകയാണ്.

# യഥാർത്ഥ ക്രൈസ്തവ ഗ്രിഗ്വരി ഇസ്ലാമിക കലണ്ടർ!

കോയക്കുട്ടി ഫാറൂഖി

**സുല്ലമുസ്സലാം, അൽമനാർ, ശബാബ് എന്നിവരൊക്കെ പണമുണ്ടാക്കാൻ മാത്രമായി സർവ്വ ഇസ്ലാമിക ഗണിത ഗോള ശാസ്ത്ര പ്രമാണങ്ങളെയും ലംഘിച്ച് സാധാരണ ഇറക്കി വരാറുള്ള പ്രപഞ്ചവ്യവസ്ഥയെ ചോദ്യം ചെയ്ത്, തിയ്യതികൾ തെറ്റിച്ചു കാണിക്കാറുള്ള സ്ഥിരം കലണ്ടറു തന്നെ. ഒരു മാസികയുടെ (അൽ ഇസ്വലാഹ്) ബേക് ഇൻ പേജിൽ മൾട്ടി പേപ്പറിൽ ഈ കലണ്ടറിന്റെ പരസ്യം കൊടുത്തു. ഇസ്ലാമിൽ ജനുവരി മുതൽ തുടങ്ങി 31 ഉം 30 ഉം 29 ഉം 28 ഉം ദിവസങ്ങൾ പ്രകാരമുള്ള ഡിസംബറിൽ അവസാനിക്കുന്ന കലണ്ടർ വ്യവസ്ഥയുണ്ടോ?**

വണ്ടൊരു നമ്പൂതിരി ചാണകത്തിൽ ചാടാതിരിക്കാൻ സാഹസപ്പെട്ട് മറുകണ്ടം ചാടിയപ്പോൾ ചാണകത്തിന്റെ ഒത്ത നടുവിൽ മൂടുകുത്തി വീണ കഥ കേട്ടിട്ടുണ്ട്. അഹ്ലുസ്സുന്ന ബുക്സ് യഥാർത്ഥ ഇസ്ലാമിക കലണ്ടർ തയ്യാറാക്കാനാഗ്രഹിച്ച് ഊരുചുറ്റി ഹിജ്റ കമ്മിറ്റി പ്രവർത്തകരിൽ ചിലരെ സമീപിച്ചിരുന്നു. മുഹറമിൽ തുടങ്ങി ദുൽഹിജ്ജയിൽ അവസാനിക്കുന്ന ഇസ്ലാമിക പ്രമാണ നിബദ്ധമായ കലണ്ടറാണവർ തേടിയത്. അതിനെക്കുറിച്ചുള്ള കൃത്യമായ മാർഗ്ഗദർശനം നൽകപ്പെടുകയും ചെയ്തു. പിന്നീടതാ അവർ ഒരു കലണ്ടർ ഇറക്കിയിരിക്കുന്നു. (കലണ്ടറുകളുടെ ചരിത്രം തിരുത്തിക്കുറിച്ചു കൊണ്ട്, അഹ്ലുസ്സുന്ന ബുക്സ് അവതരിപ്പിക്കുന്ന യഥാർത്ഥ ഇസ്ലാമിക കലണ്ടർ എന്ന ബഡാ പരസ്യം നൽകി, വില 15 രൂപ മാത്രം നിശ്ചയിച്ച് പള്ളികൾക്കും ഇസ്ലാമിക സ്ഥാപനങ്ങൾക്കും സൗജന്യ വിതരണം പ്രഖ്യാപിച്ച്, വിശ്വാസികൾക്ക് ദിനചര്യകൾ രൂപപ്പെടുത്താൻ ഒരുത്തമ വഴി കാട്ടിയാണെന്നും പറഞ്ഞ് എല്ലാ വിധ അന്ധവിശ്വാസങ്ങളിൽ നിന്നും അനാചാരങ്ങളിൽ നിന്നും മുക്തമായ ഇസ്ലാമിക കലണ്ടർ എന്നാണവകാശവാദം.) ഇതെല്ലാം കൂടി കണ്ടപ്പോൾ വർദ്ധിച്ച സന്തോഷത്തോടെ കലണ്ടറൊന്നു വാങ്ങി. പരിശോധിച്ചപ്പോഴാണ് നമ്പൂതിരിയുടെ ചാണകച്ചാട്ടം ഓർമ്മയിൽ വന്നത്. വലതു കാലിലെ മന്തു മാറ്റാൻ ഏറെ ചികിത്സിച്ചപ്പോൾ സുഖമായി. പക്ഷെ, അതു മുഴുവൻ ഇടതു കാലിലേക്കു മാറി എന്നപോലെ യഥാർത്ഥ ക്രൈസ്തവ ഗ്രിഗേറിയൻ കലണ്ടറിന്റെ ഈച്ചക്കോപ്പിയിൽ റോമൻ/ഇംഗ്ലീഷ് അക്കലിപിക്കു പകരം അറബി അക്കങ്ങൾ കാണിച്ചിരിക്കുന്നുവെന്ന ഏകവ്യത്യാസം!

സുല്ലമുസ്സലാം, അൽമനാർ, ശബാബ് എന്നിവരൊക്കെ പണമുണ്ടാക്കാൻ മാത്രമായി സർവ്വ ഇസ്ലാമിക ഗണിത ഗോള ശാസ്ത്ര പ്രമാണങ്ങളെയും ലംഘിച്ച് സാധാ




**വിശ്വാസികൾക്ക് ദിനചര്യകൾ രൂപപ്പെടുത്താൻ ഒരുത്തമ വഴികാട്ടിയാണെന്നും പറഞ്ഞ് എല്ലാ വിധ അന്ധവിശ്വാസങ്ങളിൽ നിന്നും അനാചാരങ്ങളിൽ നിന്നും മുക്തമായ ഇസ്ലാമിക കലണ്ടർ എന്നാണവകാശവാദം.) ഇതെല്ലാം കൂടി കണ്ടപ്പോൾ വർദ്ധിച്ച സന്തോഷത്തോടെ കലണ്ടറൊന്നു വാങ്ങി. പരിശോധിച്ചപ്പോഴാണ് നമ്പൂതിരിയുടെ ചാണ കച്ചാട്ടം ഓർമ്മയിൽ വന്നത്. വലതു കാലിലെ മന്തു മാറ്റാൻ ഏറെ ചികിത്സിച്ചപ്പോൾ സുഖമായി. പക്ഷെ, അതു മുഴുവൻ ഇടതു കാലിലേക്കു മാറി എന്നപോലെ യഥാർത്ഥ ക്രൈസ്തവ ഗ്രിഗോറിയൻ കലണ്ടറിന്റെ ഈച്ചക്കോപ്പിയിൽ റോമൻ/ഇംഗ്ലീഷ് അക്കലിപിക്കു പകരം അറബി അക്കങ്ങൾ കാണിച്ചിരിക്കുന്നു.**

രണ ഇറക്കി വരാറുള്ള പ്രപഞ്ചവ്യവസ്ഥയെ ചോദ്യം ചെയ്ത്, തിയ്യതികൾ തെറ്റിച്ചു കാണിക്കാറുള്ള സ്ഥിരം കലണ്ടറു തന്നെ. ഒരു മാസികയുടെ (അൽഇസ്വലാഹ്) ബേക് ഇൻ പേജിൽ മൾട്ടി പേപ്പറിൽ ഈ കലണ്ടറിന്റെ പരസ്യം കൊടുത്തു. ഇസ്ലാമിൽ ജനുവരി മുതൽ തുടങ്ങി 31 ഉം 30 ഉം 29 ഉം 28 ഉം ദിവസങ്ങൾ പ്രകാരമുള്ള ഡിസംബറിൽ അവസാനിക്കുന്ന കലണ്ടർ വ്യവസ്ഥയുണ്ടോ? അല്ലാഹു വിശുദ്ധ ഖുർആനിൽ സൂറ: തൗബയിൽ നാലു പവിത്ര മാസങ്ങളുള്ള ചന്ദ്രമാസക്കലണ്ടറിനു പകരം ചന്ദ്രന്റെ മനാസിലും അഹില്ലയും കൃത്യതയോടെ മനസ്സിലാക്കിക്കൊണ്ടുള്ള മുഹററത്തിൽ തുടങ്ങി മുപ്പതോ ഇരുപത്തൊമ്പതോ ദിവസങ്ങൾ മാത്രം മാസങ്ങൾക്കുള്ള ഹിജ്റ കലണ്ടറിനു പകരം തയ്യാറാക്കി ബഡായി വിട്ട് വിറ്റു കച്ചവടം ചെയ്യാനൊരുക്കിയ കലണ്ടറിനു അലങ്കാരമായി ചേർത്തിരിക്കുന്ന പേരാണ് "യഥാർത്ഥ ഇസ്ലാമിക കലണ്ടർ!!". ഇത് പ്രസിദ്ധീകരിച്ച സഹോദരങ്ങൾ പുതുതായി ഒന്നും പഠിക്കുന്നില്ല. പഠിച്ച പഴയതൊന്നും മറക്കുന്നില്ല. അവർ ചെയ്യുന്നതെന്തെന്നവർ തന്നെ അറിയുന്നില്ല. വിജ്ഞാനത്തിന്റെ തലക്കനം എന്നല്ലാതെന്തു പറയാൻ?!. ഹിജ്റ കമ്മിറ്റി ഓഫ് ഇന്ത്യ ഇറക്കുന്നതു പോലെ കലണ്ടർ ഇറക്കിയാൽ മണിക്ഫാൻ കലണ്ടർ തന്നെ എന്ന് ജനങ്ങൾ പറഞ്ഞാലോ എന്ന 'ഫോബിയ' അല്ലാതെന്താണിത്?

# ഇബ്‌ലീസുമായി ഒരു കൂടിക്കാഴ്ച

**ആറു പേജ് ലേഖനത്തിനു സത്യസന്ധവും പ്രമാണികവും ശാസ്ത്രീയവും മതപരവും ബുദ്ധിപരവുമായ പക്ഷപാദിത്വമില്ലാത്ത തികച്ചും പഠനാർഹമായ, സമഗ്രമായ, ആദ്യന്ത്യം ഖുർആനും സുന്നത്തും എടുത്തുദ്ധരിച്ച ഒരു ലേഖനം ഹിജ്റ കമ്മറ്റി ഓഫ് ഇന്ത്യാ ഭാരവാഹി എ.അബ്ദുൽ ശുക്കൂർ ശബാബിലേക്കയച്ചു കൊടുത്തു. ശബാബിനു അൽപമെങ്കിലും നീതിബോധവും സമുദായ പ്രതിബദ്ധതയുമുണ്ടെങ്കിൽ ധൈര്യപൂർവ്വം അതു പ്രസിദ്ധീകരിക്കണമായിരുന്നു. ഈ നിമിഷം വരെ അത് വെളിച്ചം കണ്ടില്ല. ഇത് സ്ഥിരം പതിവായതിനാൽ പുതുമ തോന്നിയില്ല.**

**പ്രസ്തുത കഥയെപ്പറ്റി ശൈഖുൽ ഇസ്ലാം ഇബ്നുതൈമിയയോട് ഇങ്ങനെ ചോദിച്ചു: 'നബി(സ) സ്വഹാബിമാരോടു കൂടി പള്ളിയിലിരിക്കുമ്പോൾ ഇബ്‌ലീസ് ജനങ്ങൾ കാണത്തക്ക വിധത്തിൽ വരുകയും അവന്റെ സംസാരം കേൾക്കുന്ന അവസ്ഥയിൽ നബി(സ) അവനോട് പലതും ചോദിക്കുകയും അവൻ ഉത്തരം നൽകുകയും ചെയ്തു എന്ന ഹദീസ് സ്വഹീഹാണോ? അതോ നിർമ്മിതമാണോ? സ്വഹീഹായ വല്ല ഹദീസ് ഗ്രന്ഥങ്ങളിലും പ്രസ്തുത കഥ വന്നിട്ടുണ്ടോ? ഇതെല്ലാം സത്യമാണെന്ന നിലക്ക് ജനങ്ങളോടു പറയാമോ?**

**ശൈഖുൽ ഇസ്ലാം ഉത്തരം പറഞ്ഞു: ഇത് വ്യാജ ഹദീസും കെട്ടിയുണ്ടാക്കിയതുമാണ്. മുസ്ലിംകൾ അംഗീകരിക്കുന്ന ഒരൊറ്റ ഗ്രന്ഥത്തിലും ഈ നിർമ്മിത ഹദീസ് വന്നിട്ടില്ല. ഇതു കളവാണെന്നു മനസ്സിലായാൽ പിന്നെ ഉദ്ധരിക്കാൻ പാടില്ല. (മജ്മഉൽഫത്താവാ 18:350/ശബാബ് വാരിക. 5/12/2014)**

ശബാബ് വാരിക സാമാന്യം നിലവാരവും അനേകം പ്രഗത്ഭന്മാരും മഹാന്മാരുമായ പണ്ഡിത ശ്രേഷ്ടന്മാർ ത്യാഗത്തോടെ വളർത്തിയെടുത്തൊരു പാക്ഷികമാണ്. പഠനാർഹവും ചിന്താബന്ധുരവുമായ ലേഖനങ്ങളും മാറ്ററുകളും കൊണ്ടത് സമ്പന്നവുമായിരുന്നു. എന്നാൽ അടുത്ത കാലത്തായി അതിന്റെ നിലവാരം കുത്തനെ താഴ്ന്നതായി തോന്നുന്നു. സദുദ്ദേശ്യം കൊണ്ടു മാത്രം പറയുകയാണ്. ഇക്കഴിഞ്ഞ 2014 ഒക്ടോബർ 24 നമ്പർ 38/12 ലക്കം ശബാബിൽ അബ്ദുൽ ജബ്ബാർ തൃപ്പനച്ചിയുടെ 'മാസപ്പിറവി: വസ്തുതകളും വസ്വാസുകളും' എന്ന ലേഖനം ഉദാഹരണം. ഇക്കാലമത്രയായി പല പല പുസ്തകങ്ങളിലും ലേഖനങ്ങളിലുമായി പ്രസിദ്ധീകൃതമായ (ഉമർ ഫാറൂഖിന്റെയും മദീനിയുടെയും കെ.പി. സക്കരിയ്യയുടെയും പുസ്തകങ്ങൾ,

എൻ.വി. സക്കരിയ്യ, സുൽഫി ക്കറലി ചെമ്മാട് തുടങ്ങിയവ രുടെ ലേഖനങ്ങൾ) അവിടെ നിന്നും ഇവിടെ നിന്നുമായി കോപ്പിയെടുത്ത് കോർവ യാക്കി നൂറ്റൊന്നാവർത്തിച്ച ക്ഷീര ബലാരിഷ്ടം പോലൊരു ആറു പേജ് ലേഖ നം. നിറയെ അവാസ്തവ ങ്ങൾ. അശാസ്ത്രീയ പ്രതി പാദ്യങ്ങൾ. ദുർബല വാദ ങ്ങൾ. അനിസ്ലാമിക പരാമർശ ങ്ങൾ. തെറ്റായ പ്രസ്താവന കൾ. ഇവയ്ക്കെല്ലാം പല തവണ വിശദീകരണങ്ങളും മറുപടികളും നൽകപ്പെട്ടവയാ ണ്. അവസാനം ബഹുമാന്യ നായ അലി മണിക്ഫാനിന്നെ തിരിൽ കടന്നാക്രമണം. അദ്ദേഹം സമർപ്പിച്ച പ്രമാണ നിബദ്ധവും ശാസ്ത്രീയവു മായ ഇസ്ലാമിലെ ഹിജ്റാ കല ണ്ടറിന്റെ പ്രസക്തിയെക്കുറിച്ച് ഗുരുതരമായ ആരോപണ ങ്ങൾ നടത്തിയുള്ള സമാപന വും. ശരി. സ്വന്തം അണികളെ തൽക്കാലം ഒത്തിരി കാലം കൂടി പിടിച്ചു നിർത്താൻ എല്ലാ വർഷവും നോമ്പു പെരുന്നാളുകൾ കഴിയുമ്പോ ഴുള്ള വൈക്ലബ്യങ്ങളും അങ്ക ലാപ്പും ഉത്തരം മുട്ടലുകൾക്കു ള്ള മുട്ടുശാന്തിയായി വഴിപാടു ലേഖനം സംഘടനാ മുഖ പത്രത്തിന്നനിവാര്യമായിരി ക്കും. അക്കടമ നിർവഹി ക്കാൻ പഴയ വീഞ്ഞു ജബ്ബാർ മൗലവിയെന്ന (ഈ വിഷയ ങ്ങളുമായി വലിയ പിടിപാടൊ ന്നുമില്ലാത്ത) പുതിയ കുപ്പി യിൽ നിറച്ച് ശബാബ് ഒഴുക്കി യതു മനസ്സിലായി.

എന്നാൽ മനസ്സിലാകാത്ത വിഷയം അതല്ല. ആ ആറു പേജ് ലേഖനത്തിനു സത്യസ ന്ധവും പ്രമാണികവും ശാസ്ത്രീയവും മതപരവും ബുദ്ധിപരവുമായ പക്ഷപാദി ത്വമില്ലാത്ത തികച്ചും പഠ നാർഹമായ, സമഗ്രമായ, ആദ്യന്ത്യം ഖുർആനും സുന്ന ത്തും എടുത്തുദ്ധരിച്ച ഒരു ലേഖനം ഹിജ്റ കമ്മറ്റി ഓഫ് ഇന്ത്യാ ഭാരവാഹി എ.അ ബ്ദുൽ ശുക്കൂർ ശബാബിലേ ക്കയച്ചു കൊടുത്തു. ശബാ ബിനു അൽപമെങ്കിലും നീതി ബോധവും സമുദായ പ്രതിബ ദ്ധതയുമുണ്ടെങ്കിൽ ധൈര്യ പൂർവ്വം അതു പ്രസിദ്ധീകരി ക്കണമായിരുന്നു. ഈ നിമി ഷം വരെ അത് വെളിച്ചം ക ണ്ടില്ല. ഇത് സ്ഥിരം പതിവാ യതിനാൽ പുതുമ തോന്നിയി ല്ല. എന്നാൽ പുതുമ അതില ല്ല. ഇക്കഴിഞ്ഞ ലക്കം (38/18 ൽ 5/12/2014) ശബാബിൽ 4 ഫുൾപേജുകളിലായി പച്ചക്ക ള്ളം കഥയായി (ഇബ്ലീസു മായി ഒരു കൂടിക്കാഴ്ച- കഥയും പൊരുളും) ചില വാറോലകളിൽ ഉദ്ധരിച്ചിട്ടു ള്ള ഹദീസെന്നും പറഞ്ഞ് പ്രസിദ്ധീകരിച്ച ലേഖനം കണ്ട് അതിശയപ്പെട്ടു പോയി. ലേഖനാവസാനം ശൈഖുൽ ഇസ്ലാം ഇബ്നുതൈമിയ യുടെ ഫത്വയിലെ വാചകം "മുസ്ലിംകൾ അംഗീകരിക്കുന്ന ഒരൊറ്റ ഗ്രന്ഥത്തിലും ഈ നിർമ്മിത ഹദീസ് വന്നിട്ടില്ല. ഇത് കളവാണെന്ന് മനസ്സിലാ യാൽ പിന്നെ ഉദ്ധരിക്കാൻ പാടില്ല' (മജ്മഉൽഫത്താവാ 18/350) കൊടുത്തിട്ടുമുണ്ട്. ഇക്കഥ പിന്നെ ആർക്കു വേണ്ടിയാണ് ശബാബ് പ്രസി ദ്ധീകരിച്ചത്. ഇബ്നു തൈമി യയെ പച്ചയിൽ അപമാനിക്കു കയാണോ? ഇത് കളവാ ണെന്നു മനസ്സിലായില്ലയോ?

ലോകം മുഴുവൻ ഇന്നു സജീവ ചർച്ചയും ഗൗരവതര മായി പഠനം നടത്തുകയും പരിഹാരത്തിനായി പണ്ഡിത ന്മാരും ഇസ്ലാമിക രാഷ്ട്രത്ത ലവന്മാരും വരെ തല പുണ്ണാ ക്കുകയും ചെയ്തു കൊണ്ടി രിക്കുന്ന പ്രത്യേകിച്ച് കേരള ത്തിൽ അതിലും പ്രത്യേകിച്ച് നവോത്ഥാന പ്രസ്ഥാനത്തിൽ അത്യന്തം പ്രസക്തമായ 'ചന്ദ്രമാസക്കലണ്ടർ' പ്രശ്നം ചർച്ചക്കു വിധേയമാക്കാൻ – വിവിധ വീക്ഷണങ്ങൾ സമു ദായത്തിനു സമർപ്പിച്ച് പഠിപ്പി ക്കാൻ എല്ലാവർക്കും അവ സരം നൽകുവാനും ഒരു കോളം പോലും ശബാബ് അനുവദിക്കുന്നില്ല. എന്നാൽ കള്ളക്കഥയാണെന്നു മനസ്സി ലായാൽ പിന്നെ ഉദ്ധരിക്കാൻ പോലും പാടില്ലെന്ന മഹാ നായ ഇബ്നു തൈമിയയുടെ അഭിപ്രായം ഉദ്ധരിച്ചു കൊ ണ്ടു തന്നെ ആ കള്ളക്കഥക്കു വേണ്ടി 'പരിശുദ്ധമായിരുന്ന' ശബാബ് വാരിക നാലു ഫുൾപേജ് സ്ഥലം അനുവദി ച്ചിതിലെ പിന്നാമ്പുറ സമ്മ ർദ്ദം ആർക്കു വേണ്ടി എന്നാ ലോചിച്ചിട്ട് ഒരെത്തും പിടിയു മില്ല. കെ.എസ്.കെ.തങ്ങൾ, കെ.കെ. മുഹമ്മദ് സുല്ലമി, പി. പി.അബ്ദുൽ ഗഫൂർ മൗലവി, കെ.പി. മുഹമ്മദ് മൗലവി, ചെറിയമുണ്ടം അബ്ദുൽ ഹമീദ് മൗലവി, എ.അബ്ദു സ്സലാം സുല്ലമി, കുട്ടശ്ശേരി, ചെറിയമുണ്ടം അബ്ദുൽ റസാഖ് മൗലവി, കെ.പി.എം. പന്നൂർ, അബ്ദുറഹിമാൻ ഇരി വേറ്റി മുതൽ അനേകമനേകം മഹാതൂലികക്കാർ കൈകാ ര്യം ചെയ്ത് സമ്പന്നമാക്കിയ ശബാബിന്റെ മഹോന്നതമായ സ്ഥാനം പാതാളത്തിലേക്കാ ക്കുന്നത് കൊടും പാതകമാ ണെന്നു 29 വർഷക്കാലം ശബാബിൽ നിരന്തരം എഴു തിയിരുന്ന ഈ വിനീതൻ വിനീതമായി അറിയിച്ചു കൊള്ളട്ടെ.

*(കോയക്കുട്ടി ഫാറൂഖി)*

നിരീക്ഷണം

നാഖിദ് അഖ്ബാർ

# ശാഫി ഫിഖ്ഹിലൂടെ മുജാഹിദ് അടിത്തറ മാന്തുന്നവർ

**ചന്ദ്രമാസ നിർണയ വിഷയവുമായി എല്ലാ മുജാഹിദ് ചേരികളും ഒരു നയം തന്നെയാണ് തുടർന്നു വരുന്നതെങ്കിലും ഒരു മൃദുല സമീപനം മടവൂർ വിഭാത്തിൽ നിന്നുണ്ട് എന്നത് സുവിദിതമാണ്. കാരണം അൽപമെങ്കിലും മത, ശാസ്ത്ര ചിന്താബോധം മറ്റുള്ളവരെ അപേക്ഷിച്ച് അവരിൽ കൂടുതലാണ്. പക്ഷെ, പ്രത്യക്ഷത്തിൽ ഔദ്യോഗിക പുസ്തകങ്ങളിലും ലേഖനങ്ങളിലും പ്രസംഗങ്ങളിലും യാഥാർത്ഥ്യത്തിനെതിരിൽ എഴുതുകയും പറയുകയും ചെയ്യുന്നുമുണ്ട്. അവർക്കു കുറച്ചു കാലം കൂടി പിടിച്ചു നിൽക്കേണ്ടതുളളതിനാൽ ആ 'ഒരട്ട' നയം ആവശ്യമാണല്ലോ.**

മുജാഹിദ് പ്രസ്ഥാനം വിശുദ്ധ ഖുർആനും കുറ്റമറ്റ നബിവചനങ്ങളുമാണ് പ്രമാണമായി ഇക്കാലമത്രയും അംഗീകരിച്ചു പോന്നിട്ടുള്ളത്. ഇജ്മാഉം ഖിയാസും പോലും ഖുർആനിനോടും സുന്നത്തിനോടും യോജിച്ചു വന്നാൽ മാത്രം മൂന്നും നാലും പ്രമാണങ്ങളായും അംഗീകരിച്ചു വന്നു. ഈ മാനദണ്ഡ പ്രകാരം മദ്ഹബുകളെയെല്ലാം മാറ്റിവെച്ചു. അനുഷ്ഠാനങ്ങളിലെ സർവ്വ മദ്ഹബീ തഖ്‌ലീദും നിരാകരിച്ചു. അതിനനുസൃതമായി ശക്തമായ ബോധവൽക്കരണവും സംസ്കരണ പ്രവർത്തനങ്ങളും നടത്തി വന്നു. അതോടെ ലോകത്തെവിടെയുമില്ലാത്ത പ്രത്യേകമായ ഒരു ഉൽബുദ്ധ പ്രസ്ഥാന വിഭാഗമായി കേരള മുജാഹിദുകൾ വളർന്നു പന്തലിച്ചു. ലോകസലഫി ചലനങ്ങളിലെ വിശ്വാസാദർശ (അഖീദ) കാര്യങ്ങളിൽ യോജിക്കുന്നുവെങ്കിലും ആചാരാനുഷ്ഠാനകർമ്മ കാര്യങ്ങളിൽ അനേകം വിയോജിപ്പുകൾ പുലർത്തുന്നു. ഇക്കാര്യത്തിൽ വളരെ നിഷ്ഠ പുലർത്തിയവരാണ് മുജാഹിദ് മടവൂർ വിഭാഗം. സംഘടനയിൽ പരസ്പരം പിരിച്ചു വിടലുകൾ അരങ്ങേറിയപ്പോൾ ഒർജിനൽ ഞങ്ങളാണെന്ന സമർത്ഥനത്തിൽ മടവൂർ വിഭാഗം പറഞ്ഞത്, 'കാലങ്ങളായി തുടർന്നു വരുന്ന മുജാഹിദ് പാരമ്പര്യത്തിൽ യാതൊരു മാറ്റവും വരുത്താത്തവർ ഞങ്ങൾ' എന്നായിരുന്നു. മറ്റെ വിഭാഗത്തെ നവയാഥാസ്ഥിതികർ എന്നു മുദ്രയും കുത്തി. ഉദാഹരണത്തിനവർ അവതരിപ്പിച്ചത് തറാവീഹിലെ 11 റക്അത്തിന്റെ പാരമ്പര്യം ; ദുർബല ഹദീസുകൾ പ്രമാണമാക്കാതിരിക്കൽ; സിഹ്ർ സ്വാധീനിക്കില്ല എന്ന വിശ്വാസം, ജിന്നുകളോടുള്ള പ്രാർത്ഥന ശിർക്കു തന്നെ തുടങ്ങിയ അനേക കാര്യങ്ങളായിരുന്നു.

ചന്ദ്രമാസ നിർണയ വിഷയവുമായി എല്ലാ മുജാഹിദ് ചേരികളും ഒരു നയം തന്നെയാണ് തുടർന്നു വരുന്നതെങ്കിലും ഒരു മൃദുല സമീപനം മടവൂർ വിഭാത്തിൽ നിന്നുണ്ട് എന്നത് സുവിദിതമാണ്. കാരണം അൽപമെങ്കിലും മത, ശാസ്ത്ര ചിന്താബോധം മറ്റുള്ളവരെ അപേക്ഷിച്ച് അവരിൽ കൂടുതലാണ്.

പക്ഷെ, പ്രത്യക്ഷത്തിൽ ഔദ്യോഗിക പുസ്തകങ്ങളിലും ലേഖനങ്ങളിലും പ്രസംഗങ്ങളിലും യാഥാർത്ഥ്യത്തിനെതിരിൽ എഴുതുകയും പറയുകയും ചെയ്യുന്നുമുണ്ട്. അവർക്കു കുറച്ചു കാലം കൂടി പിടിച്ചു നിൽക്കേണ്ടതുള്ളതിനാൽ ആ 'ഒരട്ട' നയം ആവശ്യമാണല്ലോ. അണികൾ വളരെ വളരെ ഉൽബുദ്ധരാണ്. സംഘടനാ തീരുമാനം ഉണ്ടാകുന്നതു വരെ പഴയതിൽ തുടരുകയേ നിർവ്വാഹമുളളൂ. അതുവരെ പിടിച്ചു നിൽക്കാൻ 'വാർഷിക ലേഖനങ്ങൾ' ശബാബിലും മറ്റും എഴുതേണ്ടി വരുന്നു. വീണതു വിദ്യയാക്കാൻ മിടുക്കുളള എഴുത്തുകാരെ കൊണ്ട് ചർവ്വിത ചർവ്വണമാണെങ്കിലും എന്തെങ്കിലുമൊക്കെ കുത്തിക്കുറിപ്പിക്കുന്ന സ്പോൺസർമാർ പിന്നിലുണ്ടായിരിക്കും. അങ്ങനെയാണിപ്പോൾ ശാഫിഈ മദ്ഹബിന്മേൽ കയറിപ്പിടിച്ച് മൗലവി അബ്ദുൽ ജബ്ബാർ തൃപ്പനച്ചിയുടെ ലേഖനം പുറത്തു വന്നിരിക്കുന്നത്. എല്ലാ പ്രമാണങ്ങളും ശാഫിഈ മദ്ഹബിനു മുമ്പിൽ സമർപ്പിക്കുകയാണ് ലേഖകൻ. ഖുർആനിലെ ഒരു ഡസനിലധികം ആയത്തുകളും അനേകമനേകം നബിവചനങ്ങളും ഒരുപാട് സലഫീ കർമ്മരീതികളും കിറുകൃത്യമായ ശാസ്ത്രജ്ഞാന രേഖകളും ബുദ്ധിപരവും ചിന്താബന്ധുരവുമായ സത്യസന്ധന്യായീകരണങ്ങളെയുമൊക്കെ നിഷ്പ്രഭമാക്കാനെന്ന വണ്ണം അവതാരമെടുത്തിരിക്കുന്നത് ശാഫിഈ മദ്ഹബിലെ വീക്ഷണത്തെയാണ്... കാണുക: "ഖുർആനിനോടും ഹദീസിനോടും ശാഫിഫിഖ്ഹിനോടും യോജിക്കുന്നതും ഗോളശാസ്ത്രപരമായ വസ്തുതകൾ കൂട്ടിയിണക്കിക്കൊണ്ടുളളതുമായ സമീപനം സ്വീകരിച്ചത് ഈ ഉദ്ദേശ്യത്തോടെയാണ്." (ശബാബ് വാരിക. വാ: 38. ല: 12 – 24.10.2014) മൂന്നു പ്രമാണങ്ങളുണ്ടാക്കി മൂന്നിനും തുല്യസ്ഥാനം നൽകിയിരിക്കുകയാണിവിടെ. മുജാഹിദ് പ്രസ്ഥാനത്തിന്റെ അടിത്തറ തന്നെ മാന്തുകയാണീ വചനത്തിലൂടെ എന്നതും വ്യക്തം. ഖുർആനിലോ സുന്നത്തിലോ വ്യക്തമാക്കപ്പെട്ട കാര്യത്തിൽ ശാഫി ഫിഖ്ഹ് പിന്നെന്തിന്? എന്നതായിരുന്നു മുജാഹിദ് പ്രസ്ഥാനത്തിന്റെ ഇതപര്യന്ത ആദർശം. ഇപ്പോഴത് എന്തായി? ഖുർആനിൽ, കാണേണ്ടതായ 'അഹില്ല' യെക്കുറിച്ചാണ് പരാമർശമുളളത്. അതിന്റെ വിശദീകരണമായ പ്രബലപ്പെട്ട മുഴുവൻ ഹദീസുകളിലും അറബികൾ ചോദിച്ച അഹില്ലയെക്കുറിച്ചു തന്നെയാണ് അല്ലാഹു മറുപടി കൊടുത്തത്. അപ്രമാണിക ഹദീസുകളിൽ വന്നപോലെ അത് ഏകവചനമായ ഹിലാലിലേക്കായതോടെ ഖുർആനിനെയും പ്രബല ഹദീസുകളെയും അട്ടിമറിക്കുകയല്ലേ ചെയ്തത്. അഹില്ലക്കു പകരം ഹിലാലിനെ പരിഗണിച്ച ശാഫി ഫിഖ്ഹ് ഭീമമായ അബദ്ധമെന്നിപ്പോൾ ബോധ്യമായില്ലേ? മുസ്ലിം ഐക്യത്തിനു വേണ്ടി ഇതോടെ മറ്റു വിഷയങ്ങളിലും മുജാഹിദ് പ്രസ്ഥാനത്തിനു ശാഫി ഫിഖ്ഹിലേക്കു മടങ്ങാവുന്നതാണ്. തറാവീഹ് 20+3 ആക്കണം. ജുമുഅക്കു രണ്ട് ബാങ്കുവിളികൾ തുടങ്ങാം. സുബ്ഹിനു ഖുനൂത്ത ഓതണം. നമസ്കാരത്തിൽ കൈ വയറ്റത്തു വെക്കണം. നമസ്കാരാനന്തര കൂട്ടു പ്രാർത്ഥന തുടങ്ങണം. മുത്വലാഖ് മൂന്നായി ഗണിക്കണം. ചടങ്ങിരിക്കൽ ഉടനെ തുടങ്ങണം. അങ്ങനെ എല്ലാം പുനഃരാരംഭിക്കുക. കേരള മുസ്ലിം ഐക്യം അങ്ങനെ പുലരട്ടെ.

യഥാർത്ഥ ശാഫി മദ്ഹബിൽ 'ലോകത്തെവിടെ മാസപ്പിറവി സംഭവിച്ചെന്നറിവു കിട്ടിയാലും അത് ഉദയാസ്തമയ മേഖല പരിഗണിക്കാതെ എല്ലാ മേഖലകളും അംഗീകരിക്കണ'മെന്നാണ്. നാലു മദ്ഹബുകാരുടെയും ഇജ്മാഉം–ഏകകണ്ഠാഭിപ്രായം–അതുതന്നെ. പിന്നീട് ഹിജ്റ അഞ്ചാം നൂറ്റാണ്ടോടെ ഇമാം മാവറദി എന്ന ശാഫി മദ്ഹബ് പണ്ഡിതന്റെ ഒറ്റപ്പെട്ട വീക്ഷണമാണ് ശാഫി മദ്ഹബായി വന്നത്. കാരണം, ഖിലാഫത്ത് ദുർബലമാവുകയും ഓരോ പ്രദേശങ്ങളും രാജ്യങ്ങളും ഭിന്നിച്ച് വ്യത്യസ്ത ഭരണാധിപന്മാരും ഉണ്ടായപ്പോൾ അതാതു നാട്ടിൽ മാസം കണ്ടാൽ അന്നാട്ടിൽ മാസമാവുകയുളളൂ എന്ന ഖാസിമാരുടെ നിലപാടിനനുസൃത ഫിഖ്ഹീ വിധി ഉണ്ടായതാണ് ഷാഫിയാക്കൾ ഈ നിലപാടിലെത്താൻ കാരണം. ഇതൊന്നും മനസ്സിലാക്കാതെ വിശുദ്ധ ഖുർആനിന്റെയും സുന്നത്തിന്റെയും നസ്വുകൾക്കു പോലും എതിരായ ശാഫി മദ്ഹബ് പ്രമാണമാക്കാൻ മുജാഹിദ് പ്രസ്ഥാനം രംഗത്തു വന്നിരിക്കുന്നത് അടിത്തറ മാന്തി പ്രസ്ഥാനത്തെ അട്ടിമറിക്കാനാണെന്നു ബലമായി സംശയിക്കേണ്ടിയിരിക്കുന്നു.

സംസ്കാരം

നബീൽ ഷരീഫ് മുക്കം

# ഗിന്നസിലേക്ക് ഉയരുന്ന കേരളധൂർത്തുകൾ

1978 ലാണ് കേരളാ നദ്‌വത്തുൽ മുജാഹിദീൻ "സ്ത്രീധനം അനിസ്ലാമികം, വാങ്ങരുത് പ്രോത്സാഹിപ്പിക്കരുത്" എന്ന മുദ്രാവാക്യം ഉയർത്തി 'ബിസ്മി' (ബ്യൂറോ ഓഫ് ഇസ്ലാമിക് ആന്റ് സോഷ്യൽ മിഷ്യനറി ഇൻഫർമേഷൻ) എന്ന സംഘടന രൂപീകരിച്ചത്. പണ്ഡിതരും ഉമറാക്കളുമായിരുന്ന കെ.പി.മുഹമ്മദ് ബിൻ അഹമ്മദ് മൗലവി, കെ.എസ്.കെ.തങ്ങൾ, പി.കെ. അലിഅബ്ദുൽ റസാഖ് മൗലവി, ഇട്ടോളി അഹ്മദ് കോയഹാജി, കുഞ്ഞിമുഹമ്മദ് സാഹിബ്-ബേപ്പൂർ, മെസ്കോ അബൂബക്കർ ഹാജി തുടങ്ങിയ മഹാന്മാരുടെ ലാളനയിൽ അത് വളർന്നു. കോളിളക്കം സൃഷ്ടിച്ചു കൊണ്ടുള്ള അതിന്റെ പ്രയാണത്തിൽ വിവാഹരംഗത്തെ ദുരാചാരങ്ങൾ, ആഢംബരം, ധൂർത്ത്, അനിസ്ലാമികമായ മറ്റു പ്രവണതകൾ, ആഭരണഭ്രമം, സ്ത്രീധനം തുടങ്ങിയ വിഷയങ്ങളെല്ലാം ചർച്ചയായി. ഇവയിൽ ഉപജീവിച്ച് ആർഭാട തുലികിതരായി സുഖിച്ചിരുന്ന യാഥാസ്ഥിതിക വിഭാഗം ബിസ്മിക്കെതിരിൽ പതിവു പോലെ എതിർപ്പുമായി ശക്തരായി നിലകൊണ്ടു. എന്നിട്ടും സ്ത്രീധന രഹിതസമൂഹ വിവാഹങ്ങൾ നാടുനീളെ ബിസ്മിയുടെ നേതൃത്വത്തിൽ 1980 മുതൽ അരങ്ങേറി. എന്നാൽ സ്ത്രീധനത്തെ ശക്തമായി പിന്തുണച്ചും അനുകൂലിച്ചും പ്രമാണങ്ങളെ ദുർവ്യാഖ്യാനിച്ചും പുരോഹിത വിഭാഗം അരങ്ങു തകർത്തു കൊണ്ടിരുന്നു.

ബിസ്മി അതിന്റെ പ്രയാണം ആരെയും കൂസാതെ മുന്നോട്ടു കൊണ്ടു പോയി. ഏതാണ്ട് 1994 ൽ എം.എസ്.എസ്. ഈ ആദർശം നെഞ്ചിലേറ്റാൻ തയ്യാറായി സജീവരംഗത്തു വന്നു. നയപരമായും തന്ത്രപരമായും പ്രൊഫ. വി.മുഹമ്മദ് സാഹിബിന്റെയും മെസ്കോ അബൂബക്കർ ഹാജിയുടെയും നേതൃത്വത്തിൽ കേരളത്തിലെ എല്ലാ മുസ്ലിം വിഭാഗം പണ്ഡിതന്മാരെയും നേതാക്കളെയും അവരുടെ താവളങ്ങളിൽ ചെന്ന് കണ്ട് ശക്തമായി പ്രേരിപ്പിച്ചും ഉൽബോധിപ്പിച്ചും കൊണ്ടിരുന്നു. ഖുർആനും നബിചര്യയും അരിച്ചു പെറുക്കി ആവശ്യമായ തെളിവുകൾ കണ്ടെത്തി അവർ ശാന്തമായി എല്ലാവരുമായും സംവദിച്ചു. സംഘടനാപരമായി തന്നെ തീരുമാനിച്ചു നടപ്പിലാക്കി. വർഷം തോറും വിവാഹസീസണിൽ ആർഭാട വിവാഹത്തിൽ നിന്ന് വിട്ടുനിൽക്കാൻ ജനങ്ങളെ ആഹ്വാനം ചെയ്തു. സമൂഹത്തിലത് ശക്തമായ ചലനങ്ങൾ സൃഷ്ടിച്ചു. ഇന്നിതാ സമുദായത്തിലെ ബഹുഭൂരിഭാഗത്തെയും നിയന്ത്രിച്ചു കൊണ്ടിരിക്കുന്ന മത, രാഷ്ട്രീയ സംഘടനകളായ സമസ്തയും മുസ്ലിംലീഗും സടകുടഞ്ഞെത്തിയിരിക്കുന്നു. ആയിരമായിരം അഭിനന്ദനങ്ങൾ. നവോത്ഥാന പ്രസ്ഥാനം വിതച്ച വിത്ത് മുളച്ചു വളർന്ന് പന്തലിച്ചു കായ്കനികൾ തരാൻ തുടങ്ങിയിരിക്കുന്നു. അല്ലാഹുവിനു സ്തുതി.

കേരളത്തിൽ മുസ്ലിംകൾ പ്രസിദ്ധീകരിക്കുന്ന എല്ലാ പത്രങ്ങളിലും വിവാഹാനുബന്ധ ധൂർത്തും ആഢംബരവും വിഷയമാക്കി അനേകമനേകം ലേഖനങ്ങളും എഴുത്തു കുത്തുകളും നിറഞ്ഞൊഴുകുകയാണ്. ചന്ദ്രികയും മാധ്യമവും വർത്തമാനവുമൊക്കെ വളരെ പ്രാധാന്യത്തോടെ ഇക്കാര്യം കൈകാര്യം ചെയ്തു. ധൂർത്തിന്റെ മെഗ്നാകാർട്ടയാക്കി അത്യുത്തര കേരളം(കാസർകോട്, കണ്ണൂർ ജില്ലകൾ) മാറിയിരിക്കുന്നുവെന്ന് മാധ്യമം എഴുതി. മംഗല്യം അഥവാ ധൂർത്തിന്റെ മാമാങ്കം എന്ന തലവാചകത്തിൽ വന്ന വാചകം വായിക്കുക. "വിവാഹധൂർത്തിന്റെ

തലസ്ഥാനമെന്ന വിശേഷണം കാസർകോടിനു സ്വന്തമാവുന്നു. ആർഭാടത്തിന്റെയും ധൂർത്തിന്റെയും കാര്യത്തിൽ പുതിയ പരീക്ഷണങ്ങളുടെ ഇടമായി അത്യുത്തര കേരളം. വിവാഹത്തിന് വധുവിന്റെ വീട്ടിലെ മൈലാഞ്ചിക്കല്ല്യാണത്തിന് മാത്രം ലക്ഷങ്ങൾ ചെലവഴിച്ചവരുണ്ട്. മൈലാഞ്ചിയിടാൻ ബാംഗ്ളൂർ, മുംബൈ എന്നിവിടങ്ങളിൽ നിന്നാണ് ബ്യൂട്ടീഷനെ കൊണ്ടു വരുന്നത്. 20 ലക്ഷം രൂപയോളം ചെലവിട്ടാണ് വിവാഹപ്പന്തലുകളൊരുക്കുന്നത്.

*(വേണു കള്ളാർ, എം.ഷിബു)*

വിട്ടുനിൽക്കേണ്ടവർ പോലും ഒത്താശ ചെയ്യുന്നു. അടുത്തു നടന്ന ഒരു ജനപ്രതിനിധിയുടെ മക്കളുടെ വിവാഹ സൽക്കാരത്തിന് പന്തലൊരുക്കിയത് രാഹുൽഗാന്ധി, നരേന്ദ്രമോദി എന്നിവരുടെ സമ്മേളനങ്ങൾക്കും മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിക്കും വേദിയായ നഗരസഭാ സ്റ്റേഡിയത്തിലാണ്. ആറായിരത്തോളം പേർ പങ്കെടുത്ത വിരുന്നിൽ എല്ലാ വിഭാഗത്തിലെയും മന്ത്രിമാരും രാഷ്ട്രീയ പ്രമുഖരും മുഖ്യാതിഥികളായിരുന്നു.

പല വിവാഹ സദ്യകൾക്കും 'ഫുഡ്സ്ട്രീറ്റ്' തന്നെ ഒരുക്കുന്നു. കാറ്ററിംഗ് ഗ്രൂപ്പുകാരുടെ പ്ലെയിറ്റ് ഒന്നിന് 2500/- വെച്ച് ആയിരകണക്കിനാളുകൾക്ക് വിളമ്പുന്നു. വമ്പൻ വിവാഹ സദ്യാനന്തരം ബാക്കി വന്ന ഭക്ഷണം കുഴിച്ചു മൂടുന്നത് കല്യാണത്തിന്റെ പകിട്ട് കൂട്ടുമെന്നാണത്രെ പുതിയ തത്വശാസ്ത്രം. മകളുടെ വിവാഹത്തിന് വിമാനം ചാർട്ടു ചെയ്ത് ടിക്കറ്റും രണ്ടാഴ്ചത്തേക്കുള്ള വിസയും സ്റ്റാർഹോട്ടൽ സൗകര്യവും നൂറുകണക്കിനാളുകൾക്ക് നൽകി ദുബൈയിൽ നടത്തിയ കാഞ്ഞങ്ങാട്ടുകാരൻ എന്തുകൊണ്ടും സുന്ദര ധൂർത്തൻ മാതൃകാപുരുഷൻ തന്നെ! പറഞ്ഞാൽ തീരാത്ത്രയുണ്ടീ വിഷയത്തിലെ ഉദാഹരണങ്ങൾ. ആനുകാലികങ്ങളെല്ലാം ചർച്ച ചെയ്തതിന്റെ ചർവ്വിത ചർവണം നടത്തുന്നില്ല.

**ധൂർത്ത് വിവാഹത്തിൽ മാത്രമോ?**

അല്ല എന്നാണ് ഇന്നത്തെ സമുദായം വിളിച്ചോതുന്നത്. വിവാഹധൂർത്തിനും ആഢംബരത്തിനും സ്വർണ്ണ ഭ്രമത്തിനും എതിരിൽ ഘോരമായി നാവിട്ടടിക്കുന്ന ഒരുപാട് 'ആത്മാർത്ഥ'പ്രാസംഗികരുണ്ടിപ്പോൾ എല്ലാ വിഭാഗത്തിലും. പക്ഷെ, അവരുടെ ദശലക്ഷങ്ങളോ കോടിയോ വിലയുള്ള കാറുകളും കോടികൾ ചെലവഴിച്ച് നിർമ്മിക്കുന്ന പടുകൂറ്റൻ 'കൊട്ടാര' വീടുകളും ആ വീടുകളെ മ്യൂസിയം പോലെ അലങ്കരിച്ചൊരുക്കുന്നതും അത് പ്രദർശിപ്പിക്കാനൊരുക്കുന്ന 'സൗഹൃദസദ്യകളും' സദ്യാനന്തരം ആ ധൂർത്തിനെയെല്ലാം ന്യായീകരിച്ചു പൊങ്ങച്ചം നടിക്കുന്നതും ഏതു ഗണത്തിൽ പെടുമെന്ന് ചിന്തിച്ചിട്ട് പിടികിട്ടുന്നില്ല.

മതസംഘടനകൾ ഈ അടുത്ത കാലത്ത് നടത്തിക്കൊണ്ടിരിക്കുന്ന ഹൈടെക് സമ്മേളനങ്ങൾക്ക് ശതകോടികളാണ് ചെലവഴിച്ചു കൊണ്ടിരിക്കുന്നത്.

സമുദായത്തിലെ നല്ലൊരു ശതമാനത്തിന്റെയും അടിസ്ഥാനാവശ്യങ്ങൾക്കു പോലും പരിഹാരം കാണാതെ വട്ടം കറങ്ങുന്ന ദരിദ്ര നാരായണന്മാരുടെ ഇടയിലാണീ ധൂർത്തന്മാർ മാമാങ്കങ്ങൾ കാഴ്ച വെക്കുന്നത്. സംഘടനാഹ്വാനം കേട്ട് സ്ത്രീധനവും ആഭരണവും കൊടുക്കാതെ ആ പണം കൊണ്ട് മേൽ പറഞ്ഞ ആഢംബരം നടത്തുകയാണോ പലരും.

ധനികരായ പലരും ഇപ്പോൾ കണ്ടു പിടിച്ചിട്ടുള്ള മറ്റൊരു വഴി വർഷത്തിൽ അഞ്ചും ആറും തവണകളിൽ ടൂർ പ്രോഗ്രാമുകളിൽ പണം തുലയ്ക്കുകയാണ്. ഓണാവധിക്കും ക്രിസ്തുമസ്സ് അവധിക്കും രണ്ടു പെരുന്നാളുകൾക്കും മധ്യവേനലവധിക്കുമെല്ലാം ടൂറുകൾ നടത്തുകയാണ്. ഓരോ തവണ പുതിയ പുതിയ സ്ഥലങ്ങൾ ചാർട്ട് ചെയ്ത് കുടുംബസമേതം ദിനങ്ങളോളം ടൂർ നടത്തി 'മാനസിക ഫ്രഷ്'നേടി വരികയാണിവർ. പുതിയ ഇടങ്ങളിൽ പോയിടത്തേക്കു തന്നെ വീണ്ടും വീണ്ടും പോയിക്കൊണ്ടേയിരിക്കുന്നു. ഇപ്പോൾ മതാവേശഭരിതരായ പുത്തൻ ഭക്തർ കണ്ടുപിടിച്ചതാകട്ടെ ഉംറ, സിയാറത്ത് ടൂറുകൾ നിരവധി തവണ നടത്തിക്കൊണ്ടിരിക്കുക. ലക്ഷങ്ങൾ അതിന്നായി തുലയ്ക്കുക. ജീവിതത്തിലൊരിക്കൽ മാത്രം നിർബന്ധമുള്ള ഹജ്ജും ഉംറയും ആവർത്തിച്ചാവർത്തിച്ചു ചെയ്തുകൊണ്ടിരിക്കുന്ന ഇവർ ഈ ദരിദ്ര സമുദായത്തിന്റെ നീറുന്ന പ്രശ്നങ്ങൾ കാണുന്നില്ലേ. എന്തു ന്യായീകരണങ്ങൾ അല്ലാഹുവിന്റെ മുമ്പിൽ അവർക്കു സമർപ്പിക്കാനുണ്ടെന്നത് കൗതുകകരമായ ചോദ്യമാണ്.

# ദ്വിദിന ലൂണാർ കലണ്ടർ എക്സിബിഷനും പഠനവേദിയും

ഫാറൂഖ് കോളേജ് മേലെവാരം സാംസ്കാരിക കേന്ദ്രത്തിൽ 1435 ദുൽഹിജ്ജ: 20,21 ചൊവ്വ, ബുധൻ (2014 ഒക്ടോബർ 14,15) ദിവസങ്ങളിൽ ചന്ദ്രമാസ കലണ്ടറി (ലൂണാർ സിസ്റ്റം കലണ്ടർ) ന്റെ പ്രാധാന്യവും പ്രസക്തിയും മത,ശാസ്ത്രീയ പഠനത്തിലൂടെ പ്രദർശിപ്പിച്ച കലണ്ടർ എക്സിബിഷനും വമ്പിച്ച സ്വാധീനമുണ്ടാക്കി. വിശുദ്ധ ഖുർ-ആനിന്റെയും തിരുസുന്നത്തിന്റെയും ശാസ്ത്ര വിജ്ഞാനത്തിന്റെയും അടിസ്ഥാനത്തിൽ നൂറു കണക്കായ ഫ്ളെക്സുകളിലും ചിത്രങ്ങളിലും വിശദീകരണങ്ങളിലും തയ്യാറാക്കപ്പെട്ട പ്രദർശനം നൂറുകണക്കിന് വിദ്യാർത്ഥികളെയും നാട്ടുകാരെയും ഹഠാദാകർഷിച്ചു. 14ന് രാവിലെ 10.00 മണിക്ക് എക്സിബിഷൻ പ്രൊഫസർ (ഡോ) മുഹമ്മദ് ഹസ്സൻ ഉദ്ഘാടനം ചെയ്തു. പ്രശസ്ത ചിന്തകനും വാഗ്മിയും പണ്ഡിതനും ട്രിച്ചി ഗ്ലോബൽ സെൽ തെറാപ്പി ക്ലിനിക് ഡയറക്ടറും മലേഷ്യ യൂനിവേഴ്സ്റ്റി പ്രൊഫസറുമായ (ഡോ) എ. മുഹമ്മദലി ട്രിച്ചിയും എം. അലി മണിക്ഫാനും വൈകിട്ട് 5 മുതൽ നടന്ന പഠന ശിബിരത്തിൽ പ്രൗഢമായ ക്ലാസ്സുകൾക്കും ചർച്ചകൾക്കും നേതൃത്വം വഹിച്ചു. ഹിജ്റ കമ്മിറ്റി ഓഫ് ഇന്ത്യ മുൻപ്രസിഡണ്ട് ഇർഷാദ് സേട്ടു സാഹിബ് (തിരുനെൽവേലി) ക്യാമ്പ് ഡയറക്ടറായിരുന്നു. രാത്രി 7 മണിക് ഹിജ്റ കമ്മിറ്റി ഓഫ് ഇന്ത്യ ജനറൽ സെക്രട്ടറിയും എക്സിബിഷൻ ഡയറക്ടറുമായ വി.എ.അബ്ദുറഹീം സാഹിബ് (എറണാകുളം) പഠനാർഹമായ വിഷ്വൽ പ്രസന്റേഷൻ അവതരിപ്പിച്ചു.

15-ാം തിയ്യതി ബുധനാഴ്ച വൈകിട്ട് 5 മുതൽ നടന്ന സമാപന സമ്മേളനത്തിൽ ഡോ.മുഹമ്മദലി ട്രിച്ചി മുഖ്യ പ്രഭാഷണത്തിൽ 'ആസ്ട്രോണമി ഇൻ നോബ്ൾ ഖുർആൻ ആന്റ് ഹദീസ് എന്ന വിഷയം സമർപ്പിച്ചു. പ്രൊഫസർ കോയക്കുട്ടി ഫാറൂഖി അദ്ധ്യക്ഷത വഹിച്ച സമാപന സമ്മേളനന്തര പഠന/സംശയ/ചർച്ചാ വേദിയിൽ മൗലവി ജാബിർ കുട്ട്യാനി (ശ്രീമൂലനഗരം), മുസ്തഫാ മുഹമ്മദ് (എക്സ്പ്രസ്). അലി മണിക് ഫാൻ, ഇർഷാദ് സേട്ടു സാഹിബ് തുടങ്ങിയവർ വിവിധ വിഷയങ്ങൾ അവതരിപ്പിക്കുകയും സദസ്സിൽ നിന്നുള്ള അനേകം സംശയങ്ങൾക്കും ചോദ്യങ്ങൾക്കും വിശദീകരണങ്ങളും മറുപടികളും നൽകി. ഹിജ്റ കമ്മിറ്റി ഓഫ് ഇന്ത്യ കോഴിക്കോട് ജനറൽ സെക്രട്ടറി എ.അബ്ദുൽ ശുക്കൂർ ക്യാമ്പ് അവലോകനം നടത്തി. ഏറെ വിവാദപരമാക്കി സങ്കീർണ്ണത സൃഷ്ടിച്ചിട്ടുള്ള ചന്ദ്രമാസ നിർണയത്തിന്റെ മതകീയവും ശാസ്ത്രീയവും പ്രായോഗികവുമായ വശങ്ങൾ ഏവർക്കും ലളിതമായി മനസ്സിലാക്കാനുതകിയ എക്സിബിഷനും പഠനക്യാമ്പും ചർച്ചകളും സംശയ നിവാരണാവസരവും എല്ലാവരെയും സംതൃപ്തമാക്കി എന്നത് എടുത്തു പറയേണ്ട വസ്തുതയായിരുന്നു. തുടർപഠനവും ചർച്ചകളും ഇനിയും സംഘടിപ്പിക്കുമെന്ന തീരുമാനത്തോടെ ക്യാമ്പ് സമാപിച്ചു.

*(സ്റ്റാഫ് റിപ്പോർട്ടർ)*